# ആത്മവിവശത

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
ഫീലിയോ ബുക്ക്സ്
കോലഞ്ചേരി – 683 562

# ആത്മവിവശത


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Binu Varghese, Dentcare, Muvattupuzha

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

പരിശുദ്ധമായ സ്നേഹത്തിൽ നിറയുന്നതാണ് ആത്മവിവശതയിലേക്ക് എത്തിക്കുന്നത്. പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിക്കുക എന്നത് ഒരു മഹാഭാഗ്യമാണ്. ഞാൻ എന്ന 'സ്വയം' (self) ഇല്ലാതായി ക്രിസ്തു മാത്രമായി ജീവിതം മാറുമ്പോഴാണ് ആത്മവിവശത ഉണ്ടാകുന്നത്. അപ്പോൾ ഭൗതികമായത് എല്ലാം മറക്കുന്നു. ക്രിസ്തുകേന്ദ്രീകൃതമായ ചിന്തകൾ മാത്രം പുലരുന്നു. ക്രിസ്തുവിനെ എങ്ങനെയെല്ലാം പ്രസാദിപ്പിക്കാൻ സാധിക്കും എന്ന ഏക ലക്ഷ്യം കൈവരിക്കുമ്പോഴാണ് ആത്മവിവശത ലഭിക്കുന്നത്.

തോമസ് ആൽവാ എഡിസൻ സകലവും മറന്ന് നിരീക്ഷണ ഗവേഷണ പഠനങ്ങൾ നടത്തിയാണ് 500-ലേറെ കണ്ടുപിടിത്തങ്ങൾ നേടിയത്. കഠിനാദ്ധ്വാനത്തിന്റെ മൂർത്തിമദ് ഭാവമായിരുന്നു അദ്ദേഹം. ഒരിക്കൽ ഒരു മഹതി തന്റെ മകനുവേണ്ടി ഒരു കൊച്ചു വാചകം എഴുതിക്കൊടുക്കുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം കൊടുത്ത വാചകം: "Never look at a clock" (ഒരിക്കലും ഒരു ഘടികാരത്തെ നോക്കരുത്.) അദ്ദേഹം അർത്ഥമാക്കിയത് സമയം നോക്കാതെ നിരന്തരം കഠിനാദ്ധ്വാനം ചെയ്യുക എന്നായിരുന്നു.

എഡിസന്റെ അനേകം കണ്ടുപിടിത്തങ്ങളുടെ ഈറ്റില്ലമായ ലാബറട്ടറി കത്തിക്കൊണ്ടിരുന്നത് അദ്ദേഹം മനംപതറാതെ നോക്കിക്കൊണ്ടുനിന്നു. ഉയർന്നുയർന്ന് പൊങ്ങുന്ന തീനാളങ്ങൾ കണ്ടിട്ട് അദ്ദേഹം മകനോട് പറഞ്ഞു: "നീ വേഗം

നിന്റെ അമ്മയെ വിളിച്ചുകൊണ്ട് വരിക. ഇതുപോലൊരു കാഴ്ച മേലാൽ കാണുമെന്ന് പ്രതീക്ഷിക്കണ്ട." ഏതൊരു നഷ്ടത്തിലും മനമുരുകാതെ, ചാഞ്ചല്യമേശാതെ നിൽക്കാൻ സാധിച്ചത് പരിശുദ്ധാത്മ നിറവുള്ളതുകൊണ്ടാണ്.

ഇരുപത്തിനാലാമത്തെ വയസ്സിൽ 'Law of gravity' കണ്ടുപിടിച്ച സർ ഐസക് ന്യൂട്ടൻ ഒരിക്കൽ പറഞ്ഞു: "ഞാൻ വിവാഹം കഴിക്കുന്ന കാര്യം മറന്നുപോയി'' എന്ന്. ശാസ്ത്രീയ ഗവേഷണങ്ങളുടെ ബദ്ധപ്പാടിൽ സ്വന്തം ജീവിതം പോലും മറന്ന് പ്രവർത്തന നിരതനായ ഐസക് ന്യൂട്ടന്റെ ജീവിതം കഠിനാദ്ധ്വാനത്തിന്റെ നിദർശനമായിരുന്നു.

തോമസ് കാർലൈൽ എഴുതിയ 'French Revolution,' ഇംഗ്ലീഷ് ഗദ്യസാഹിത്യത്തിലെ ഒരു പ്രൗഢോജ്ജ്വല കൃതിയാണ്. ഏറെക്കാലത്തെ നിസ്തന്ദ്രയത്നമാണ് ആ ഗ്രന്ഥരചനയുടെ പിന്നിൽ. ആ ഗ്രന്ഥരചനയ്ക്കുവേണ്ടി അനേകം സ്ഥലങ്ങൾ സന്ദർശിക്കുകയും കഷ്ടപ്പെടുകയും ചെയ്തു. ആ പുസ്തക ത്തിന് ഒരവതാരിക എഴുതിക്കിട്ടുവാൻ വേണ്ടി പ്രശസ്ത പണ്ഡിതനും മഹാനുമായ ജെയിംസ് സ്റ്റുവാർട്ട് മില്ലിനെ കൈയെഴുത്ത് പ്രതി ഭരമേല്പിച്ചു. മുറി അടിച്ച് തൂത്തുവാരിയ വേലക്കാരി ചപ്പുചവറുകളുടെ കൂട്ടത്തിലൊന്നാണെന്ന് കരുതി അത് കത്തിച്ച് കളഞ്ഞു.

ഇതറിഞ്ഞപ്പോൾ തോമസ് കാർലൈൽ അതിദു:ഖിത നായി, നിരാശയ്ക്കടിമപ്പെട്ട്, ഒന്നും ചെയ്യാനാകാതെ വിഷാ ദവിവശനായി ഇരുന്നു. അപ്പോഴാണ് ഒരു ഉയർന്ന കെട്ടിടം പണിയുന്നത് അദ്ദേഹം ജനലിൽ കൂടെ കണ്ടത്. ഇഷ്ടികകൾ ഓരോന്നോരോന്നായി അടുക്കിവച്ച് പണിയുന്നത് അദ്ദേഹം കണ്ടു. നിരാശപ്പെടാതെ ഓരോ പേജും എഴുതി ആ ഗ്രന്ഥം പൂർത്തീകരിക്കാൻ അദ്ദേഹം വീണ്ടും പരിശ്രമം ആരംഭിച്ചു. അങ്ങനെയാണ് ആ മഹത്തായ സാഹിതീയ സൗധം വിശ്വസാ ഹിത്യത്തിന് സംപ്രാപ്തമായത്.

സർ റൊണാൾഡ് റോസ്, മലേറിയായുടെ മൂലകാരണം

കണ്ടുപിടിച്ച ശാസ്ത്രജ്ഞനാണ്. അഹോരാത്രം കഠിനാദ്ധ്വാനം ചെയ്താണ് ആ മഹത്തായ കണ്ടുപിടിത്തം അദ്ദേഹം സാധിച്ചെടുത്തത്. രണ്ടായിരത്തോളം കൊതുകുകളെ പലയിടങ്ങളിൽ നിന്നായി ശേഖരിച്ച് മൈക്രോസ്കോപ്പിലൂടെ അദ്ദേഹം പരീക്ഷണം നടത്തി. എന്നാൽ അദ്ദേഹം സൂക്ഷിച്ചിരുന്ന കൊതുകുകൾ പലതും ചത്തുപോയി. പക്ഷേ അദ്ദേഹം നിരാശപ്പെട്ടില്ല. മലേറിയ പരത്തുന്ന അനോഫിലിസ് കൊതുകുകളെ അദ്ദേഹം കണ്ടെത്തി. മനംപതറാതെ, ഉള്ളം തളരാതെ കഠിനയത്നം ചെയ്താണ് ശാസ്ത്രലോകത്തിന് എക്കാലത്തും മികവുറ്റ സംഭാവനയായ കണ്ടുപിടിത്തം സർ ഡൊണാൾഡ് റോസ് നേടിയത്.

ആദികവിയായ വാല്മീകി മഹർഷിയെക്കുറിച്ച് രസകരവും അതേസമയം വിജ്ഞേയവുമായ ഒരു കഥയുണ്ട്. ഒരു സമയത്ത് അദ്ദേഹം കൊള്ളക്കാരനായ ഒരു കാട്ടാളനായിരുന്നു. യാത്രക്കാരെ പിടിച്ചുപറിച്ചും പാവപ്പെട്ട കർഷകരെ കൊള്ളയടിച്ചും അയാൾ ജീവിച്ചുപോന്നു. ഒരിക്കൽ സപ്തർഷികളെ അദ്ദേഹം കണ്ടുമുട്ടി. അവരെയും ആക്രമിക്കാനടുത്ത ആ കാട്ടാളനോട് സപ്തർഷികൾ ചോദിച്ചു: "നീ ഈ കഠോരകൃത്യങ്ങൾ ചെയ്ത് നേടുന്ന ശിക്ഷയ്ക്ക് നിന്റെ ഭാര്യയോ മക്കളോ പങ്കാളികളാകുമോ?" ആ കവർച്ചക്കാരന് ഒരു പുതിയ തിരിച്ചറിവായിരുന്നു അത്. അദ്ദേഹം ഭാര്യയോടും മക്കളോടും ചോദിച്ചു: ക്രൂരകൃത്യമെല്ലാം ഞാൻ ചെയ്യുന്നു. ഈ ഘോരപാതകങ്ങളുടെ ഫലം നിങ്ങൾ ഏറ്റെടുക്കുമോ? ഭാര്യ ഉടൻ തന്നെ മറുപടി പറഞ്ഞു: "ഓരോരുത്തരും ചെയ്യുന്ന പാപത്തിന്റെ പരിണിതഫലം അയാൾ തന്നെ അനുഭവിക്കേണ്ടി വരും. അതിൽ ആർക്കും പങ്കുചേരാൻ സാധിക്കയില്ല."

ഇത് അവന്റെ മനസ്സിൽ പുതിയ ചിന്തയ്ക്ക് വഴികാട്ടിയായി. ഒരു വലിയ മനംമാറ്റം അവനുണ്ടായി. അങ്ങനെയാണ് കാട്ടാളൻ തപസ്സിന് ഒരുങ്ങിയത്. തപോനിരതനായി വർഷ

ങ്ങൾ ഇരുന്ന് അദ്ദേഹത്തിന്റെ ചുറ്റും ചിതൽപ്പുറ്റ് ഉണ്ടായി എന്നാണ് ഐതിഹ്യം. ചിതൽപ്പുറ്റ് പൊട്ടിച്ച് ചെന്നപ്പോൾ കണ്ട കാടനും വേടനുമായ ആ മനുഷ്യൻ ജഗദീശ്വരചൈതന്യം ലഭിച്ച ഒരു താപസശ്രേഷ്ഠനായിത്തീർന്നു. വല്മീകത്തിൽ നിന്ന് (ചിതൽപ്പുറ്റിൽ നിന്ന്) ഉളവായതുകൊണ്ട് അദ്ദേഹം വാല്മീകിയായി. ശോകം ശ്ലോകമായി ആദികാവ്യമായ 'രാമായണം' ലഭിച്ചു.

മാനസാന്തരം ഒരു ആരംഭം മാത്രമാണ്. എന്നാൽ പിറന്ന ശിശുവിന് പാൽ കൊടുത്ത് വളർത്തുന്നതുപോലെ വീണ്ടും ജനിച്ച വ്യക്തി വചനം എന്ന മായമില്ലാത്ത പാൽ കുടിച്ച് വളരണം. തളരാത്ത മനസ്സും മടുത്തുപോകാത്ത യത്നവും വളർച്ചയുടെ പടവുകളിൽ എത്തിയാണ് ഒരാൾ കരുത്തുറ്റ വ്യക്തിയായിത്തീരുന്നത്. നിരന്തരം പ്രാർത്ഥനയും ധ്യാനവും മൂലം തന്നെത്തന്നെ കണ്ടെത്തി ശൂന്യവത്ക്കരിക്കുമ്പോഴാണ് ആത്മനിറവിൽ എത്തുന്നത്. ആ അനുഭവമാണ് ആത്മവിവശതയിലേക്ക് നയിക്കുന്നത്.

ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്ന ഏവരും മാനസാന്തരം എന്ന ആദ്യഅനുഭവത്തിൽ നില്ക്കാതെ അനുദിനം വിശുദ്ധീകരണം അനുഭവിച്ച് ആത്മവിവശതയിൽ എത്തണമെന്നാണ് എന്റെ ആഗ്രഹം. ആ അമൂല്യ സൗഭാഗ്യം ഇത് വായിക്കുന്ന ഏവർക്കും ലഭിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഞാൻ ഈ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

നിങ്ങളുടെ വിനീത വിധേയൻ,
**എം.വൈ. യോഹന്നാൻ**

# ഒന്ന്

*“വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയുമായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.”* *വെളിപ്പാട് 1 : 5*

വേദപുസ്തകത്തിലെ അറുപത്തിയാറു പുസ്തകങ്ങളുടേയും ഒടുവിലത്തെ പുസ്തകമായ വെളിപ്പാടുപുസ്തകം, ഒരു പ്രവചനഗ്രന്ഥമാണ്. വേദപുസ്തകത്തിൽ കഥാഗ്രന്ഥങ്ങളുണ്ട്, കീർത്തനഗ്രന്ഥങ്ങളുണ്ട്, ചരിത്രഗ്രന്ഥങ്ങളുണ്ട്, പ്രവചനഗ്രന്ഥങ്ങളുമുണ്ട്.

പ്രവചനഗ്രന്ഥങ്ങൾ വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പ്രവചിക്കുന്ന ഗ്രന്ഥങ്ങളാണ്; സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അറിയിപ്പുകളാണ്.

പുതിയനിയമത്തിലെ 27-പുസ്തകങ്ങളിൽ ഒടുവിലത്തെ പുസ്തകമാണ് വെളിപ്പാടുപുസ്തകം. പഴയനിയമത്തിലുള്ള പുസ്തകങ്ങളിൽ 27-ാമത്തെ പുസ്തകം ദാനിയേൽ പ്രവചനമാണ്. ദാനിയേൽ പ്രവാചകന്റെ പുസ്തകവും വെളിപ്പാടുപുസ്തകവും വരാനിരിക്കുന്ന കാര്യങ്ങളെ തുറന്നു കാണിക്കുന്നു. ഈ പ്രവചനങ്ങളെല്ലാം വിശ്വാസികൾക്ക് ആത്മീയ വർദ്ധന വരുത്തുവാനും, പരിശുദ്ധാത്മാവിന്റെ അനുഗ്രഹം പ്രാപിപ്പാനും പരിശുദ്ധാത്മാവിന്റെ നൽവരം അനുഭവിച്ച് യേശുക്രിസ്തുവിന്റെ വരവിനുവേണ്ടി ഒരുങ്ങുവാനുമുള്ള പ്രത്യാശാകരമായ അരുളപ്പാടുകളാണ്.

പഴയനിയമത്തിലുള്ള 39 പുസ്തകങ്ങളും കർത്താവായ യേശുക്രിസ്തുവിന്റെ തിരുഅവതാരത്തിന് മുന്നോടിയായിട്ടുള്ള ഗ്രന്ഥങ്ങളാണ്.

പുതിയ നിയമത്തിലെ 27 ഗ്രന്ഥങ്ങൾ, കർത്താവായ യേശുക്രിസ്തുവിന്റെ ജനനം, മരണം, ഉയിർത്തെഴുന്നേൽപ്പ് എന്നീ കാര്യങ്ങളോടുള്ള ബന്ധത്തിൽ അപ്പൊസ്തലന്മാരുടെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളാണ്.

അപ്പൊസ്തലനായ പൗലോസ് പതിനാല് ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അപ്പൊസ്തലനായ യോഹന്നാൻ, ഒരു സുവിശേഷഗ്രന്ഥം, മൂന്ന് ലേഖനഗ്രന്ഥങ്ങൾ, ഒരു വെളിപ്പാടു പുസ്തകം അങ്ങനെ അഞ്ച് പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

അപ്പൊസ്തലനായ യോഹന്നാൻ എഴുതിയ സുവിശേഷം, 'വിശ്വാസം' എന്ന പ്രധാനപ്പെട്ട ആശയത്തെയാണ് വളരെ പ്രബലമായി ചിത്രീകരിക്കുന്നത്. ലേഖനങ്ങളിൽ 'സ്നേഹ' ത്തെയാണ് ഊന്നിപ്പറഞ്ഞിരിക്കുന്നത്. വെളിപ്പാടുപുസ്തകം, 'പ്രത്യാശ' എന്ന വിഷയത്തെയാണ് സൂചിപ്പിക്കുന്നത്. വിശ്വാസം! സ്നേഹം! പ്രത്യാശ!

ഈ മൂന്നു വാക്കുകൾ അപ്പൊസ്തലനായ പൗലോസ് എടുത്തു പറയുന്നുണ്ട്:

> *"ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു; ഇവയിൽ വലിയതോ, സ്നേഹം തന്നെ."* *1 കൊരിന്ത്യർ 13 :13*

വാസ്തവത്തിൽ വേദപുസ്തകത്തിന്റെ ആകെത്തുക, വിശ്വാസം, പ്രത്യാശ, സ്നേഹം, ഇവയിൽ വലിയതോ സ്നേഹം തന്നെ എന്നുള്ളതിൽ സംഗ്രഹിച്ചിരിക്കുന്നു.

സ്നേഹത്തിന്റെ വ്യക്തമായ, അനുഗൃഹീതമായ ചിത്രീകരണമാണ് വേദപുസ്തകം. സ്നേഹത്തിന്റെ മകുടം ചാർത്തുന്ന അനുഭവമാണ് ഗോഗുൽത്തായിലെ യേശുക്രി

സ്തുവിന്റെ ക്രൂശിൽ നാം കാണുന്നത്. ആരോടും വിദ്വേഷമില്ലാതെ, ആരോടും പകയില്ലാതെ, ആരോടും പ്രതികാരചിന്തയില്ലാതെ എല്ലാവരേയും സ്നേഹിക്കയും എല്ലാവരോടും ക്ഷമിക്കയും ചെയ്യുന്ന സ്വർഗ്ഗീയ സ്നേഹം!

പിതാവായ ദൈവത്തിന്റെ സ്നേഹമാണ് കുരിശിൽ വെളിപ്പെടുത്തിക്കാണുന്നത്. ഈ സ്നേഹത്തെയാണ് വാസ്തവത്തിൽ വേദപുസ്തകം മുഴുവനും പ്രതിനിധാനം ചെയ്യുന്നത്. അതുതന്നെയാണ് വെളിപ്പാടു പുസ്തകത്തിലും പ്രധാനമായും കാണുന്നത്. ഇനിയും സംഭവിപ്പാനിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തിത്തരുന്ന ദൈവത്തിന്റെ സ്നേഹം! അതുമൂലം നമുക്കു ലഭിക്കുന്നതോ, വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രത്യാശയാണ്. നമ്മുടെ പ്രത്യാശ വർദ്ധിക്കുന്നു. വിശ്വാസം വർദ്ധിക്കുന്നു. ക്രിസ്തുവിനോടുള്ള സ്നേഹവും വർദ്ധിക്കുന്നു.

വെളിപ്പാടുപുസ്തകം വായിച്ചാൽ പലതും പെട്ടെന്നു മനസ്സിലായി എന്നു വരികയില്ല. പക്ഷേ, മനസ്സിരുത്തി വായിച്ചുകഴിയുമ്പോൾ നിങ്ങൾ അമ്പരപ്പോടെ ഓർക്കും, എന്തൊരഗാധമായ സ്നേഹത്തിന്റെ പ്രകടനമാണ് നാം ഈ ഗ്രന്ഥത്തിൽ കാണുന്നത്. Manifestation of God's love! ദൈവസ്നേഹത്തിന്റെ Manifestation!

വെളിപ്പാട് എന്നതിന് ഇംഗ്ലീഷിൽ പറയുന്ന വാക്ക് ‘Apocalypse’ എന്നാണ്. എന്നുപറഞ്ഞാൽ, ‘മറച്ചുവച്ചിരിക്കുന്നത് വെളിപ്പെടുത്തുക’ എന്നർത്ഥം. ഒരു കാലത്ത് മറഞ്ഞിരുന്ന കാര്യങ്ങൾ ഇപ്പോൾ വെളിപ്പെടുത്തിത്തരുന്നു.

> *“അവൻ പിന്നെയും എന്നോട് പറഞ്ഞത്: സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്.”* *വെളിപ്പാട് 22 : 10*

ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്. അടച്ചുവയ്ക്കരുത്. ഇതു തുറന്നിരിക്കട്ടെ. വിശ്വാസവും പ്രത്യാശയും

സ്നേഹവും തുറന്നു തരികയാണ്. വരാനിരിക്കുന്ന കാര്യങ്ങൾ തുറന്നു തരികയാണ്.

എന്നാൽ ദാനിയേൽപ്രവാചകന്റെ പുസ്തകം, പന്ത്രണ്ടാം അദ്ധ്യായത്തിന്റെ നാലാം വാക്യത്തിൽ കാണാം:

> *"നീയോ ദാനിയേലേ, അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ചു പുസ്തകത്തിനു മുദ്രയിടുക."*
>
> *ദാനിയേൽ 12 : 4*

പഴയനിയമത്തിലെ പ്രവചനഗ്രന്ഥമായ ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ ദൈവം കല്പിച്ച് ദാനിയേലിനോട് പറയുന്നു: "അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ച് പുസ്തകത്തിനു മുദ്രയിടുക." ഇപ്പോൾ തുറക്കണ്ട. അന്ത്യകാലം വരെ അടച്ചുവയ്ക്കുക.

എന്നാൽ വെളിപ്പാടു പുസ്തകത്തിൽ പ്രവചനം തുറന്നു കാണിച്ചു തരികയാണ്. എന്തെല്ലാമാണിനി സംഭവിക്കാൻ പോകുന്നത്? ചിലതെല്ലാം വായിക്കുമ്പോൾ നാം പരിഭ്രമിച്ചു പോകും!

ഈ ഭൂമിയിൽ വരുന്ന വളരെ ഭയാനകമായ അത്യാഹിതങ്ങൾ വായിക്കുമ്പോൾ നാം ഭയന്നുപോകും. വരാനിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് നാം തിരിച്ചറിയാൻ തുടങ്ങുമ്പോഴേക്കും നമുക്ക് അമ്പരപ്പു വരും. എന്നാൽ ആ അമ്പരപ്പിനപ്പുറം വലിയൊരു പ്രത്യാശ നമ്മെ കാത്തു നിൽക്കുന്നു. ഈ ഭൂമിയിലെ യാതനകൾ തീരും. ഈ ഭൂമിയിലെ വേദനകൾ തീരും. ഇവിടെയുള്ള കഷ്ടപ്പാടുകൾ തീരും. ഇവിടെയുള്ള വഴക്കുകളും പിണക്കങ്ങളും തീരും.

ഏകയോഗക്ഷേമമായി, സ്നേഹമായി മനുഷ്യൻ ജീവിക്കുന്ന ഒരു കാലം വരും. സകലവും പുതുതാക്കുന്ന ഒരു കാലം വരും. പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. ഇന്നത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. അന്ന്

പുതിയ യെരൂശലേം എന്ന ആ സ്വർഗ്ഗീയ നഗരം ഭൂമിയിൽ പ്രത്യക്ഷമാകും. രാജാധിരാജനായി കർത്താവായ യേശു ക്രിസ്തു വാഴും.

ഇതെല്ലാം വായിക്കുമ്പോൾ നമുക്ക് പെട്ടെന്ന് മനസ്സിലാവുകയില്ല. പക്ഷേ, അതെല്ലാം സംഭവിക്കാൻ പോകുന്ന കാര്യങ്ങളാണ്. ഈ ഭൂമിയിൽ നാം കുറേക്കാലം ജീവിച്ചു. ദൈവത്തിന്റെ വേലക്കാരനായി വേല ചെയ്തു. കർത്താവിന്റെ സുവിശേഷം പ്രസംഗിച്ചു. കർത്താവിന്റെ സുവിശേഷം കേട്ടു. ജീവിതം കർത്താവിനു സമർപ്പിച്ചു. പലതും പലതും നടന്നു. ഒരു പക്ഷേ നാം ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്തു തന്നെയാകാം, അല്ലെങ്കിൽ നാം ഈ ഭൂമിയിൽ നിന്നു മാറ്റപ്പെട്ടതിനുശേഷമാകാം കർത്താവായ യേശുക്രിസ്തു വീണ്ടും വരും.

യേശുക്രിസ്തു വീണ്ടും വരുമ്പോൾ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? 'ആന്റിക്രൈസ്റ്റ്' എന്നു പറയുന്ന എതിർക്രിസ്തുവിന്റെ അല്ലെങ്കിൽ അന്തിക്രിസ്തുവിന്റെ ഒരു ഭരണമുണ്ടാകും. ഏഴുവർഷത്തെ അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് എന്തെല്ലാമാണ് സംഭവിക്കാൻ പോകുന്നത്?

മോശ യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും പുറപ്പെടുവിച്ച് കനാനിലേക്ക് കൊണ്ടുപോകുകയായിരുന്നു. ദൈവം വലിയ പ്രതീക്ഷയോടെ മോശയെ ആ കാര്യം ഭരമേൽപ്പിച്ചു. അറുന്നൂറായിരത്തോളം വരുന്ന ജനത്തെ മോശ സീനായ് മരുഭൂമിയിൽക്കൂടി നയിച്ചുകൊണ്ടുപോയി. ആ മരുഭൂജീവിതം ക്ലേശപൂർണ്ണമായിരുന്നു, ദുരിതപൂർണ്ണമായിരുന്നു. എന്നാൽ ജനത്തെ യോർദ്ദാനിന്റെ അപ്പുറം കനാനിലേക്ക് കടത്തുന്നതിനുമുമ്പ്, മോശ ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടാൻ പോകുകയാണ്.

ദൈവം മോശയെ വിളിച്ചു നെബോപർവ്വതത്തിന്റെ മുക

ളിലേക്ക് കൊണ്ടുപോയി. നെബോപർവ്വതത്തിന്റെ മുകളിൽ പിസ്ഗായുടെ ചരിവിൽ മോശയെ നിർത്തിയിട്ട് ദൈവം പറഞ്ഞു: "നീ മരിക്കാൻ പോകുകയാണ്. നിന്റെ ഈ ഭൂമിയിലെ വാസം തീരാൻ പോകുകയാണ്." മോശ കെഞ്ചിപ്പറഞ്ഞു: കർത്താവേ, ഇത്രയും വർഷം ഞാൻ ഈ ജനത്തെ നടത്തിക്കൊണ്ട് പോന്നതാണല്ലോ. എനിക്ക് കനാൻനാട് കണ്ടാൽ കൊള്ളാമെന്നുണ്ട്. അതുകൂടിക്കഴിഞ്ഞിട്ട് മരിച്ചാൽ മതിയായിരുന്നു.

കർത്താവ് പറഞ്ഞു: "ഇല്ല, നീ കനാൻ ദേശത്ത് കാലുകുത്തുകയില്ല. നീ ഇവിടെ വച്ചുതന്നെ ഈ ഭൂമിയിൽ നിന്ന് കടന്നുപോകും." മോശ പിന്നെയും കെഞ്ചി: "കർത്താവേ, കരുണ തോന്നണമേ. എനിക്ക് കനാൻനാട്ടിൽ കാല് കുത്തി ആ ദേശത്തുകൂടി ഒന്ന് നടക്കണമെന്നുണ്ട്. അതിനുവേണ്ടിയാണല്ലോ ഞാൻ ഈ ജനത്തെ നടത്തിക്കൊണ്ടുവന്നത്. "

ദൈവം പറഞ്ഞു: "ഇനി, നീ എന്നോട് അക്കാര്യം സംസാരിക്കരുത്. നിനക്കു വേണമെങ്കിൽ ഇവിടെ നിന്നുകൊണ്ടു യോർദ്ദാനിന്റെ അപ്പുറത്തുള്ള കനാൻ നാട് കാണാം." മോശ ആ ആഗ്രഹം അവിടെ അടക്കിവച്ചു. പക്ഷേ, മോശ പറഞ്ഞത് ദൈവം അന്ന് കേട്ടിരുന്നു! ആ നാട്ടിൽ കാലുകുത്തി ഒന്ന് സഞ്ചരിക്കണം എന്നുള്ള മോശയുടെ ആഗ്രഹം!

വെളിപ്പാടു പുസ്തകം 11-ാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ മോശ മുകളിൽ നിന്ന് ഇറങ്ങിവന്ന് ആ കനാൻ നാട്ടിൽക്കൂടി നടക്കുന്നു. യെരൂശലേം തെരുവിൽക്കൂടി മോശ നടക്കുന്നു. എന്തൊരത്ഭുതം! നിത്യനായ ദൈവം, പാവപ്പെട്ട മനുഷ്യൻ പറയുന്ന ചെറിയ ആഗ്രഹംപോലും കുറിച്ചുവയ്ക്കുന്നു. മോശ അന്നൊന്നു പറഞ്ഞതേയുള്ളൂ: കർത്താവേ, എനിക്കവിടെ ഒന്ന് കാലുകുത്തണമെന്ന് ആഗ്രഹമുണ്ടല്ലോ.

നാം പറയുന്ന ചെറിയ ചെറിയ കാര്യങ്ങൾ, ചെറിയ ചെറിയ ആഗ്രഹങ്ങൾ കുറിച്ചുവയ്ക്കുന്ന ഒരു ദൈവം!

നമ്മുടെ ആവശ്യങ്ങൾ കണ്ട് തക്കസമയത്ത് നമുക്ക് മറുപടി തരുന്ന ദൈവം!

നിങ്ങൾ ഏതെങ്കിലും കാര്യം ദൈവത്തോട് ചോദിച്ചിട്ടുണ്ടോ? നിങ്ങൾ ഏങ്ങലടികളോടെ കൈ നീട്ടിയിട്ടുണ്ടോ? കർത്താവേ, ഇതെനിക്കു തരണമേ എന്നു പറഞ്ഞ് കർത്താവിനോട് യാചിച്ചിട്ടുണ്ടോ? പ്രിയപ്പെട്ടവരേ, നിങ്ങൾ നിരാശപ്പെടേണ്ട. നിത്യനായ ദൈവം തന്റെ പ്രിയമക്കൾക്ക് അവരുടെ ആഗ്രഹം നിവർത്തിച്ചു കൊടുക്കുന്നവനാണ്.

ഒരു ദിവസം നാം കടന്നുപോകും. എന്നാൽ ക്രിസ്തുവിലാണ് മരിച്ച് കടന്നുപോകുന്നതെങ്കിൽ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നാം ഉയിർത്തെഴുന്നേൽക്കും. കർത്താവായ യേശുക്രിസ്തു വരുമ്പോൾ വിശ്വാസികളായി ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർ രൂപാന്തരപ്പെടും.

മരിച്ചവരുടെ പ്രതിനിധിയായി മോശയും ജീവനുള്ളവരുടെ പ്രതിനിധിയായി ഏലിയാവും അവിടെ എഴുന്നള്ളി വരും. അവർ രണ്ടുപേരുംകൂടി ആ തെരുവീഥിയിൽക്കൂടി നടക്കും. അവർ പ്രവചിക്കും. എതിർക്രിസ്തു അവരെ വധിച്ചുകളയും. അവരുടെ ശവം മൂന്നര ദിവസം യെരൂശലേമിന്റെ തെരുവിൽ കിടക്കും. സകല ഗോത്രക്കാരും സകല വംശക്കാരും സകല ദേശക്കാരും സകല ഭാഷക്കാരും ആ ശവം മൂന്നര ദിവസം കാണും.

ടെലിവിഷനും മറ്റുമുള്ള ആധുനിക ശാസ്ത്രീയ സാങ്കേതിക മാർഗ്ഗങ്ങൾ മൂലം ലോകത്തെവിടെയും നടക്കുന്ന കാര്യങ്ങൾ നമുക്കു കാണാം. യെരൂശലേമിന്റെ തെരുവിൽ മൂന്നര ദിവസം മോശയുടെയും ഏലിയാവിന്റെയും ശവശരീരം കിടക്കും. സകല ദേശക്കാരും ഭാഷക്കാരും ഗോത്രക്കാരും വംശക്കാരും അത് കാണുമെന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞിരിക്കുന്നു. അന്ന് ടെലിവിഷനില്ല, ഇന്റർനെറ്റില്ല. റേഡിയോ

പോലുമില്ല. അങ്ങനെയുള്ള സാങ്കേതിക മാർഗ്ഗങ്ങൾ ഒന്നുമില്ല. അന്നേ വെളിപ്പാടുപുസ്തകം പതിനൊന്നാം അദ്ധ്യായത്തിൽ അക്കാര്യം വ്യക്തമായി ദൈവം രേഖപ്പെടുത്തി വച്ചിരിക്കുന്നു.

*"വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ."* *വെളിപ്പാട് 1 : 5*

വെളിപ്പാട് പുസ്തകം എഴുതിത്തുടങ്ങുമ്പോൾ തന്നെ ആദ്യം ഒരു ആശീർവ്വാദമാണ്. "നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ." വചനം എപ്പോഴും സമാധാനം തരുന്നതാണ്. യേശുക്രിസ്തു എവിടെ എഴുന്നള്ളി വരുന്നോ അവിടെ കർത്താവ് സമാധാനം പകരുകയാണ്.

നിത്യനായ, രാജാധിരാജനായ ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് വന്നാൽ അവിടെ സമാധാനമാകും. ഇന്ന് ആകുലങ്ങളിൽ ആടിയുലഞ്ഞുപോകുന്ന ജീവിതമല്ലേ? മനസ്സു പതറിയിരിക്കുന്ന ജീവിതമല്ലേ? നാളെ എന്ത് എന്നോർത്ത് അമ്പരപ്പിലായിരിക്കുന്ന ജീവിതമല്ലേ? സംഭീതരായി സംഭ്രാന്തരായിരിക്കുന്ന മനുഷ്യർ! നിങ്ങൾക്ക് സമാധാനം തരാൻ യേശുവിനു മനസ്സാണ്. നിങ്ങളൊന്നു മനസ്സുവയ്ക്കണമെന്നേയുള്ളൂ.

*"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്."* *യോഹന്നാൻ 14 : 27*

വീണ്ടും കർത്താവ് പറഞ്ഞു:

*"ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു."* *യോഹന്നാൻ 16 : 33*

കഷ്ടതകളും പ്രയാസങ്ങളുമുള്ള ഈ ലോകത്ത്

കൃപയും സമാധാനവുമുണ്ടാകട്ടെ എന്നു കർത്താവ് ആശീർവ്വദിക്കുന്നു. ഈ സമാധാനം നിങ്ങൾ ഏറ്റു വാങ്ങുമോ? ഈ സമാധാനം ഏറ്റുവാങ്ങാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? ഉണ്ട്, നമുക്കെല്ലാവർക്കും സമാധാനം വേണം.

ഓരോരോ പ്രയാസങ്ങളിൽപ്പെട്ടുഴലുന്ന മനുഷ്യന് സമാധാനം വേണമല്ലോ. ആ സമാധാനം സ്വീകരിക്കുവാൻ നിങ്ങൾ എന്തു ചെയ്യണം? ഒറ്റയ്ക്കൊരു കാര്യം മാത്രം. നിങ്ങളുടെ ഹൃദയത്തിലേക്ക് കർത്താവിനു വരുവാനുള്ള വഴി തുറന്നു കൊടുക്കണം. പോരാ, നിങ്ങൾ വഴി ഒരുക്കി കൊടുക്കണം.

"കർത്താവിന് വഴി ഒരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ." എന്താണതിന്റെ അർത്ഥം? നിങ്ങളുടെ വീട്ടിൽ വളരെ ശ്രേഷ്ഠനായ ഒരാൾ വരുന്നു എന്നിരിക്കട്ടെ; ഇൻഡ്യൻ പ്രസിഡന്റ് നിങ്ങളുടെ വീട്ടിലേക്ക് വരുന്നു എന്ന് നിങ്ങൾക്ക് അറിയിപ്പ് കിട്ടുന്നു. എന്തൊരത്ഭുതം! ഉച്ചഭക്ഷണം നിങ്ങളുടെ വീട്ടിൽ നിന്നാണെന്ന്! അയ്യോ! പിന്നെ എന്തെല്ലാം ഒരുക്കമായിരിക്കും? നമുക്ക് സ്നേഹമുള്ളവരെ എല്ലാവരേയും നാം വിളിച്ചറിയിക്കും. നാട്ടിലാകെ അതൊരു സംസാരവിഷയമാകും. ഇന്ന ആളുടെ വീട്ടിലേക്ക് ഇൻഡ്യൻ പ്രസിഡന്റ് വരുന്നു. ഓ! എന്തൊരു പദവിയാണ്!

നമ്മുടെ വീട്ടിലേക്കുള്ള വഴി നാം നന്നാക്കും. വല്ല കല്ലോ, മുള്ളോ മറ്റോ ഉണ്ടെങ്കിൽ എല്ലാം എടുത്തു മാറ്റും. തൂത്തു വെടിപ്പാക്കും. വീടൊന്നു വൃത്തിയാക്കും. വീട് ആസകലം ഒന്നു പെയിന്റു ചെയ്യും. കഴിവുള്ളിടത്തോളം ഭംഗിയാക്കും. നമ്മുടെ കിടപ്പുമുറി ഭംഗിയാക്കും, വൃത്തിയാക്കും. ഇൻഡ്യൻ പ്രസിഡന്റിനു കിടക്കാൻ ഒരു നല്ല ബെഡ്ഷീറ്റ് വാങ്ങി വിരിക്കും. എന്തെല്ലാം ക്രമീകരണങ്ങൾ ചെയ്യും! എങ്ങനെയെല്ലാം മനോഹരമാക്കാൻ പറ്റും? നാം അതെല്ലാം ചെയ്യും;

എന്നാൽ നിത്യനായ ദൈവം, നിത്യപരിശുദ്ധനായ ദൈവം, ഈ അഖിലാണ്ഡങ്ങളുടെ ഉടയവനായ കർത്താവായ യേശു

ക്രിസ്തു, അണ്ഡകടാഹത്തെ മെനഞ്ഞവൻ, നക്ഷത്രഗോളങ്ങളെ സൃഷ്ടിച്ചവൻ, സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും മാത്രമല്ല ഈ ഗാലക്സി മുഴുവൻ നിർമ്മിച്ചവൻ, കരുണയുള്ള കർത്താവ് നമ്മുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരുവാൻ നാം എങ്ങനെയെല്ലാം ഒരുങ്ങണം? ശുദ്ധമുള്ള റൂഹായുടെ ശുദ്ധമുള്ള കുടിയിരുപ്പിന് ഭവനമാക്കി നമ്മുടെ ഹൃദയത്തെ നാം തീർക്കണം. നമ്മുടെ ഹൃദയം നാം തുറക്കണം.

എല്ലാ പാപവും ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. ഏതെല്ലാം തെറ്റുകൾ സംഭവിച്ചിട്ടുണ്ടോ, എല്ലാം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. വൈരാഗ്യമുണ്ടോ? മാറ്റണം. ആരോടെങ്കിലും ഏതെങ്കിലും തരത്തിൽ മുഷിച്ചിലോ, ഇഷ്ടക്കുറവോ, സ്പർദ്ധയോ, മുൻവിധിയോ ഉണ്ടോ? എല്ലാം മാറ്റണം. ആരെയെങ്കിലും വിധിച്ച് പരദൂഷണം പറഞ്ഞിട്ടുണ്ടോ? അതെല്ലാം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം.

അശുദ്ധി സംഭവിച്ചിട്ടുണ്ടോ? കർത്താവേ, തെറ്റുപറ്റിപ്പോയി എന്ന് അലമുറയിട്ടു കരഞ്ഞ് നിങ്ങൾ അതെല്ലാം ഉപേക്ഷിക്കണം. ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. അങ്ങനെ നമ്മുടെ ഹൃദയത്തെ നാം വെടിപ്പാക്കണം. നിത്യനായ ക്രിസ്തുവിനു കടന്നുവരുവാൻ നമ്മുടെ ഹൃദയത്തെ നാം ഒരുക്കണം. അങ്ങനെ നമ്മുടെ ഹൃദയത്തെ ഒരുക്കിയിട്ട് നാം പ്രാർത്ഥിക്കുമ്പോൾ ക്രിസ്തു അവിടെ കടന്നുവരും. അപ്പോൾ കൃപയും സമാധാനവും നമ്മുടെ ഹൃദയത്തിലേക്കു വരും.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഹൃദയത്തിലെ ഇരുട്ട് മാറണമോ? അന്ധകാരം മാറണമോ? പാപം മാറണമോ? നിങ്ങൾക്ക് തന്നെത്താൻ മാറ്റാൻ സാധിക്കയില്ല. മാറ്റാൻ കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്തിനു മാത്രം സാധിക്കും. ഗോഗുൽത്തായിലെ കുരിശിൽ ചിന്തിയ ആ തിരുരക്തം നിങ്ങളുടെ പാപങ്ങൾ മാറ്റിത്തരും. ഏതെല്ലാം കെടുതികളിൽ നിങ്ങൾ വീണുപോയിട്ടുണ്ടോ, ഏതെല്ലാം അന്ധകാര

വിഷയങ്ങൾക്ക് നിങ്ങൾ വിധേയപ്പെട്ടു പോയിട്ടുണ്ടോ നിങ്ങൾ തളരേണ്ട, നിരാശപ്പെടേണ്ട. എല്ലാം ക്ഷമിക്കാൻ യേശുവിന് മനസ്സാണ്.

എല്ലാം പൊറുക്കാൻ യേശുവിന് മനസ്സാണ്. യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കൂ. ഇപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനോടു പറയാം. കർത്താവേ, പാപിയായ, മഹാപാപിയായ ഒരുവനിതാ ഇവിടെ ഇരിക്കുന്നു. പാപത്തിന്റെമേൽ ജയമില്ലാത്ത ഒരുവൾ ഇവിടിരിക്കുന്നു.

കോപം മാറിയിട്ടില്ല, ക്രോധം മാറിയിട്ടില്ല. വഴക്കും പിണക്കവും മാറിയിട്ടില്ല. അശുദ്ധി മാറിയിട്ടില്ല, അത്യാഗ്രഹം മാറിയിട്ടില്ല, തിന്മകൾ മാറിയിട്ടില്ല. കർത്താവേ, എന്റെ ഹൃദയത്തെ നീ നവീകരിക്കണമേ; രൂപാന്തരപ്പെടുത്തണമേ. നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. എന്റെമേൽ നിന്റെ കരം വയ്ക്കേണമേ. എന്നെ അനുഗ്രഹിക്കണമേ.

## രണ്ട്

*“യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്: ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽ നിന്നും അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളുടെ പക്കൽ നിന്നും വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.” വെളിപ്പാട് 1 : 4, 5*

യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഒരു നല്ല വിവരണമാണ് നാം ഇവിടെ കാണുന്നത്. ആരാണ് യേശുക്രിസ്തു? അവൻ വിശ്വസ്ത സാക്ഷിയാണ്, മരിച്ചവരിൽ ആദ്യജാതനാണ്, ഭൂരാജാക്കന്മാർക്ക് അധിപതിയുമാണ്.

ഒന്ന് - യേശുക്രിസ്തു വിശ്വസ്ത സാക്ഷിയാണ്. യേശുക്രിസ്തു ഒരു പ്രവാചകനാണ്.

രണ്ട് - യേശുക്രിസ്തു മരിച്ചവരിൽ ആദ്യജാതനാണ്.

മൂന്ന് - യേശുക്രിസ്തു ഭൂരാജാക്കന്മാർക്ക് അധിപതിയാണ്. യേശുക്രിസ്തു രാജാവുമാണ്.

യേശുക്രിസ്തു പ്രവാചകനാണ്, പുരോഹിതനാണ്, രാജാവുമാണ്. പ്രവാചകൻ - നല്ല ഇടയൻ, പുരോഹിതൻ - വലിയ ഇടയൻ, രാജാവ് - ശ്രേഷ്ഠ ഇടയൻ.

യേശുക്രിസ്തു നല്ല ഇടയനായി തന്റെ ജീവനെ കൊടുത്തു. യേശുക്രിസ്തു വലിയ ഇടയനായി ഉയിർത്തെഴു

ന്നേറ്റ് ജീവിക്കുന്നു. യേശുക്രിസ്തു ശ്രേഷ്ഠ ഇടയനായി പ്രത്യക്ഷപ്പെടും.

യേശു പ്രത്യക്ഷനായി, പ്രത്യക്ഷനാകുന്നു, പ്രത്യക്ഷ നാകും.

യേശുക്രിസ്തു കാലങ്ങൾക്കതീതനാണ്. യേശുക്രിസ്തു ഈ ഭൂമിയിൽ ജനിച്ച മറ്റാരേയും പോലെയല്ല, ആദിയില്ലാത്ത ആദിയാണ്, അന്തമില്ലാത്ത അന്തമാണ്.

The beginningless beginning and the endless end! യേശു ക്രിസ്തു അനശ്വരനാണ്. യേശുക്രിസ്തു നിസ്തുലനാണ്. അവനൊപ്പം പറയാനൊരാളുമില്ല. അവനെപ്പോലാരാധ്യനാരു മില്ല. ആയിരങ്ങളിലും പതിനായിരങ്ങളിലും സുന്ദരനാണ്.

യേശുക്രിസ്തു പാപം തൊട്ടിട്ടില്ലാത്തവനാണ്; പാപം തീണ്ടിട്ടില്ലാത്തവനാണ്. “നിങ്ങളിൽ ആരെന്നെ പാപത്തെക്കു റിച്ച് ബോധം വരുത്തും” എന്നാണ് യേശു ഒരിക്കൽ പറഞ്ഞത്.

യേശുക്രിസ്തുവിനെ ക്രൂശിക്കാൻ ഒറ്റിക്കൊടുത്ത യൂദാ: “ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തു” എന്നാണ് പറഞ്ഞത്.

യേശുക്രിസ്തുവിനെ ശിക്ഷയ്ക്കു വിധിച്ച പീലാത്തോസ് മൂന്നുപ്രാവശ്യവും വിസ്താരം കഴിഞ്ഞപ്പോൾ പറഞ്ഞു: “ഇവ നിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല” എന്ന്.

യേശുക്രിസ്തുവിനെ ക്രൂശിച്ച ശതാധിപൻ പറഞ്ഞു: “ഇവൻ നീതിമാനായിരുന്നു സത്യം.”

വിശ്വസ്ത സാക്ഷി! മരിച്ചവരിൽ ആദ്യജാതൻ! ഭൂരാജാ ക്കന്മാർക്ക് അധിപതി!

വെളിപ്പാടു പുസ്തകം വായിക്കുമ്പോൾ യേശുക്രിസ്തു വിനെ കുഞ്ഞാട് എന്ന് ചിത്രീകരിക്കുന്നതു കാണാം. അറുക്ക പ്പെട്ട കുഞ്ഞാട്! കൊല്ലപ്പെട്ടിട്ടും നിൽക്കും കുഞ്ഞാട്!

കുഞ്ഞാട് കൊല്ലപ്പെട്ടു. പക്ഷേ, നിൽക്കുകയാണ്. 26 പ്രാവശ്യം കുഞ്ഞാട് എന്ന പദം വെളിപ്പാടു പുസ്തകത്തിൽ കാണാം.

'Sea', 'കടൽ' എന്ന വാക്ക് 26 പ്രാവശ്യം വെളിപ്പാടു പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. കടലെന്നുള്ളത്, സകല ഭൂജാതികളേയും കാണിക്കുന്നു. ഭൂരാജാക്കന്മാർക്ക് അധിപതിയാണ് കർത്താവായ യേശുക്രിസ്തു.

രാജാധിരാജാവായി അവൻ വീണ്ടും വരും. കർത്താവായ യേശുക്രിസ്തു ഇന്ന് നമുക്കുവേണ്ടി പിതാവായ ദൈവത്തിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുന്നു. കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനെ കൊടുത്തു.

നല്ല ഇടയൻ! വലിയ ഇടയൻ! ശ്രേഷ്ഠ ഇടയൻ!

കുർബ്ബാനയുടെ ഏറ്റവും ഗൗരവമേറിയ സമയത്ത് പട്ടക്കാരൻ തിരുശരീരരക്തങ്ങൾ വാഴ്ത്തിക്കഴിയുമ്പോൾ താഴെ പ്രാകാരത്തിൽ നിന്നുകൊണ്ട് നാം ഗദ്യത്തിൽ പറയും:

"ഞങ്ങളുടെ കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റു പറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കി പാർക്കുകയും ചെയ്യുന്നു."

മരണത്തെ ഏറ്റുപറയുന്നു - നല്ല ഇടയൻ, ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റുപറയുന്നു - വലിയ ഇടയൻ, രണ്ടാമത്തെ എഴുന്നള്ളത്തിനെ ഏറ്റു പറയുന്നു - ശ്രേഷ്ഠ ഇടയൻ.

ഈ യേശുവിനെ അറിയുന്നതാണ് സുവിശേഷം. ഈ യേശുവിനെ ലഭിക്കുന്നതാണ് മഹാഭാഗ്യം. പരമമായ നിധി, പരമമായ സ്വത്ത്.

നിങ്ങളുടെ ജീവിതത്തിൽ യേശുവിനെ നിങ്ങൾക്ക് അടുത്തറിയാൻ തക്കവണ്ണം കിട്ടിയിട്ടുണ്ടോ? യേശു ചേർന്ന് വരു

ന്നത്, ചേർന്നു നടക്കുന്നത് നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? ഉറങ്ങാൻ കിടക്കുമ്പോൾ നിങ്ങളെ ആശ്വസിപ്പിച്ചുകൊണ്ട് തലോടുന്ന ക്രിസ്തുവിനെ നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? മനസ്സ് ഉഷ്ണിക്കുമ്പോൾ, ഭാരപ്പെടുമ്പോൾ, ആകുലപ്പെട്ട് വലയുമ്പോൾ നിങ്ങളുടെ നെറ്റിയിൽ കരംവച്ച് നിങ്ങളെ തലോടിത്തരുന്ന സ്നേഹം നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ?

ഇതെല്ലാം കേൾക്കുമ്പോൾ തോന്നും, എല്ലാം വെറും തോന്നലുകളല്ലേ, ചില ധാരണകളല്ലേ എന്ന്. എന്നാൽ നാം വ്യക്തിപരമായി അനുഭവിക്കുമ്പോൾ അറിയാം അതിന്റെ മാധുര്യം!

നിങ്ങൾ ഓരോരുത്തരും അതനുഭവിക്കണം, യേശു നിങ്ങളെ തൊടുന്നത്, യേശു നിങ്ങളുടെ കണ്ണീർ തുടയ്ക്കുന്നത്. നിങ്ങൾ ഏങ്ങലടിക്കുമ്പോൾ നിങ്ങളുടെ അരികത്തു വന്ന് ചേർത്തണയ്ക്കുന്ന അവന്റെ തൃക്കരങ്ങൾ നിങ്ങൾ മുത്തണം. എന്തുവേണ്ടൂ കർത്താവേ എന്നു ചോദിച്ച് വിഷമിച്ചു വലയുമ്പോൾ നിങ്ങളെ ചേർത്തണച്ചു പിടിച്ചുകൊണ്ട് "മകനേ, ഞാൻ നിന്റെ കൂടെയുണ്ടല്ലോ" എന്നു പറയുന്ന ആ സ്നേഹം നിങ്ങൾ അനുഭവിക്കണം. രോഗശയ്യയിൽ വേദന കൊണ്ട് പുളഞ്ഞ് വിഷമിച്ചു കിടക്കുമ്പോൾ അരികത്തു വന്ന് ആശ്വാസം തരുന്ന ക്രിസ്തുവിനെ നിങ്ങൾ അറിയണം.

ദിവസങ്ങളായി ഉറങ്ങാൻ കഴിയാത്ത ഒരു ഭാര്യയും ഭർത്താവും, കഴിഞ്ഞ ദിവസം എന്റെ അടുക്കൽ വന്നു; ഞാൻ അവരുമായി സംസാരിച്ചു, പറഞ്ഞുവിട്ടു. അന്ന് സുഖമായി ഉറങ്ങുമെന്ന് പറഞ്ഞാണ് ഞാൻ അവരെ വിട്ടത്. ഇത്ര ദിവസമായിട്ടും ഒരു കുഴപ്പവുമില്ല സുഖമായി ഉറങ്ങുന്നു. ഞാൻ അവരോട് പറഞ്ഞു: ഇന്നു ഞാൻ പറയുന്ന ദൈവവചനം നിങ്ങൾ അനുസരിച്ചാൽ മരണത്തോളം ഈ സൗഖ്യവും സുഖവും കിട്ടും. എനിക്കറിയാം, ഞാനല്ല പറഞ്ഞത്, ഉയരത്തിൽ നിന്നും കിട്ടിയ ദിവ്യമായ അരുളപ്പാടാണ് ഞാൻ അവരോട് പറഞ്ഞത്. സ്വർഗ്ഗത്തിൽ നിന്നും കിട്ടിയ സ്വർഗ്ഗീയമായ അരുളപ്പാട്!

നിങ്ങൾ വിശ്വസിക്കൂ, നല്ലവനായ യേശു നിങ്ങളുടെ അരികത്തേക്കു വന്നിട്ടുണ്ട്. നിങ്ങൾക്ക് തൊടുവാൻ പാകത്തിന് അടുത്തു നിൽക്കുന്നുണ്ട്. ആ തിരുവസ്ത്രത്തിന്റെ പൊന്നുതൊങ്ങൽ നിങ്ങളൊന്ന് തൊടുമോ? രോഗമുള്ള നിങ്ങളുടെ ശരീരം കർത്താവിന്റെ തിരുവസ്ത്രത്തിലൊന്നു തൊടുവാൻ നിങ്ങൾ വിട്ടു കൊടുക്കുമോ? നിങ്ങളുടെ നീറിപ്പുകയുന്ന ഹൃദയം അവന്റെ മുമ്പിലൊന്നു തുറന്നു കാണിക്കുമോ? കർത്താവേ, എന്തുവേണ്ടൂ? എങ്ങനെ മുമ്പോട്ടു പോകേണ്ടൂ? നാളെ എന്ത്? വിഷമിക്കുന്ന, വലിയ കഷ്ടതയിൽ കൂടി കടന്നു പോകുന്ന, കുടുംബത്തിലെ അലോഹ്യവും സൈ്വര്യക്കേടും കൊണ്ട് പുളഞ്ഞുകൊണ്ടിരിക്കുന്ന നിങ്ങളുടെ ജീവിതം, നിങ്ങൾ യേശുവിന്റെ മുമ്പിലൊന്ന് തുറന്നു വച്ചു കൊടുക്കുമോ?

യേശുവേ, ആ തിരുവസ്ത്രത്തിന്റെ തൊങ്ങലിൽ തൊടാനെനിക്കു യോഗ്യതയില്ല. എന്റെ കൈകൾ അഴുക്കുള്ളതാണ്. ഈ കൈകൾ തെറ്റുള്ള കൈകളാണ്. എനിക്കവകാശപ്പെടാൻ ഒന്നുമില്ല. എന്നാൽ ഞാൻ നിന്നോടൊന്നു പറയുന്നു. നീ നടന്നു പോകുമ്പോൾ എന്നോട് കരുണതോന്നി ആ തിരുവസ്ത്രത്തിന്റെ തൊങ്ങൽ കാറ്റത്ത് ഇളകിയാടി ചാഞ്ഞുവന്ന് എന്റെ മേലൊന്നു തൊടണമേ. എനിക്കു തൊടാൻ യോഗ്യതയില്ലാത്തതുകൊണ്ടാണ് ഞാനിതു പറയുന്നത്. കർത്താവേ, എന്റെമേൽ നിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൽ ഒന്ന് തൊട്ടിട്ടു പോകണമേ.

രണ്ടായിരം വർഷം മുമ്പ് കർത്താവ് നടന്നുപോകുമ്പോൾ ഒരു പാവപ്പെട്ട സ്ത്രീ കർത്താവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൽ ഒന്നു തൊട്ടു. പുരുഷാരം തിക്കിത്തിരക്കുന്നതുകൊണ്ട് കർത്താവിന്റെ മുമ്പിൽ ചെന്നു മുട്ടുകുത്തുവാൻ നിർവ്വാഹമില്ല. വഴി നിറയെ ആളുകൾ. പാവം സ്ത്രീ! പന്ത്രണ്ടു കൊല്ലമായി അവൾ യാതന അനുഭവിക്കുകയാണ്. പന്ത്രണ്ടു കൊല്ലമായി രക്തവാർച്ച. പന്ത്രണ്ടു കൊല്ലമായി

ബ്ലീഡിംഗ്! ഇതുവരെ ചെയ്ത ചികിത്സകൾകൊണ്ടൊന്നും ഫലമുണ്ടായില്ല.

ഉള്ള സ്വത്തെല്ലാം ചെലവഴിച്ചു. എന്നിട്ടും ഭേദമായിട്ടില്ല. പന്ത്രണ്ടു കൊല്ലംകൊണ്ട് സ്വത്ത് തീർന്നു, ആരോഗ്യം തീർന്നു. ഇനി പ്രതീക്ഷയ്ക്കു വകയില്ല. അപ്പോഴാണ് യേശു പോകുന്നുണ്ടെന്നറിഞ്ഞത്. ഒന്ന്, യേശുവിനെ വിളിച്ച് കാൽക്കൽ വീണ് അപേക്ഷിക്കാം. യേശു നടന്നു നീങ്ങുന്നു. പുരുഷാരം ഒപ്പം നീങ്ങുന്നു. അവൾ പിറകിൽ കൂടി ആളുക ളുടെ ഇടയിൽക്കൂടി ഊളിയിട്ട് ചെന്ന്, വിറയ്ക്കുന്ന കൈ യേശുവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൽ തൊടാനായി നീട്ടി. ആ തൊങ്ങലിലൊന്നു തൊട്ടു. പെട്ടെന്നവൾക്കു മനസ്സി ലായി, രോഗം മാറി. ശരീരത്തിലെ രക്തവാർച്ച നിന്നു.

നിങ്ങൾക്ക് ചില ആഗ്രഹങ്ങളില്ലേ? ഒരുപക്ഷേ രോഗശമ നമായിരിക്കാം. കുടുംബത്തിലെ ചില ശാപങ്ങൾ മാറുക, ബാധകൾ നീങ്ങുക എന്നതായിരിക്കാം. കുടുംബത്തിൽ ചില ബന്ധനങ്ങളഴിയുക എന്നതായിരിക്കാം. ഭർത്താവിന്റെ ചില ദുഷിച്ച സ്വഭാവം മാറുക, ഭാര്യയുടെ കോപം ഒന്ന് മാറിക്കിട്ടുക എന്നതായിരിക്കാം. മക്കൾ പഠിക്കുന്നില്ല എന്നുള്ളതായി രിക്കാം. നിങ്ങൾക്കൊരു വീടു വയ്ക്കണം എന്നതായിരിക്കാം. കടം തീരണമെന്ന ആഗ്രഹമായിരിക്കാം. വിവാഹം നടക്കാത്ത വർക്ക് വിവാഹം നടക്കണമെന്നുള്ളതായിരിക്കാം. വിവാഹം നടന്നിട്ട് ഒരു കുഞ്ഞില്ലാത്തവർക്ക് ഒരു കുഞ്ഞ് വേണമെന്നു ള്ളതായിരിക്കാം. അല്ല, പരീക്ഷ പാസ്സാകാത്തവർക്ക് പരീക്ഷ പാസ്സാകണമെന്നുള്ളതായിരിക്കാം. ഒരു ജോലി വേണമെന്നു ള്ളതായിരിക്കാം. എന്താണ് നിങ്ങൾക്കു വേണ്ടത്? ഇപ്പോൾ നിങ്ങൾക്ക് ആ തൊങ്ങലിൽ ഒന്നു തൊടാം.

കർത്താവിനോട് പറയാം: കർത്താവേ, ഞാനിതാ ആശ്വാസം തേടിവരികയാണ്. നീറി പുകയുന്ന ഹൃദയവു മായി, പൊള്ളുന്ന മനസ്സുമായി ഞാനിതാ വരികയാണ്. എനിക്ക് വേറെങ്ങും പോകാനിടമില്ല. വേറെ ആരോടും പറ

യാൻ നിർവ്വാഹമില്ല.ആശയറ്റവനായി ഞാൻ വന്നിരിക്കുന്നു. ആശ്വാസമില്ലാത്തവളായി ഞാൻ വന്നിരിക്കുന്നു. ആരോരും തുണയില്ലാത്തവളായി വന്നിരിക്കുന്നു.

നാഥാ, ഞാനൊരനാഥനാണ്. യേശുവേ, ഞാനൊരഗതിയാണ്. ഞാനൊരു വിധവയായ സ്ത്രീയാണ്. എനിക്ക് സഹായികളാരുമില്ല. ഞാൻ ഒറ്റപ്പെട്ടുപോയി. എല്ലാവരും എന്നെ കുത്തിത്തിരിക്കുന്നു. ഞാൻ വിഷമിക്കുന്നു. യേശുവേ, എന്റെ നേരെ ഒന്ന് നോക്കിയിട്ടു പോകണമേ. കർത്താവേ, നിന്റെ നോട്ടം എന്നിൽ പതിഞ്ഞാൽ മതി. വേറെ എനിക്കൊന്നും വേണ്ട, എന്നെ ഒന്നു നോക്കിയാൽ മതി.

നിങ്ങൾക്കു പ്രാർത്ഥിക്കാം. ദൈവകരങ്ങളിലേക്കു നിങ്ങളെ കൊടുക്കാം. യേശുവിനോടു നിങ്ങൾക്കു യാചിക്കാം. യേശു അരികത്തുകൂടി കടന്നുപോകുന്നു. നിങ്ങൾക്ക് യേശുവിന്റെ പാദം തൊട്ടുകൊണ്ടു പറയാം: കർത്താവേ, എന്നെ കടന്നു പോകല്ലേ. ഒരിറ്റുനേരം, ഒരല്പസമയം നീ നിൽക്കണമേ. എന്റെ അരികത്തൊന്നു നിൽക്കണമേ. വിളിച്ചാൽ വിളികേൾക്കുന്ന, അപ്പാ, എന്നു വിളിക്കുമ്പോൾ മകനേ, എന്നു വിളിച്ച് ഓടി വരുന്ന ഒരപ്പൻ നമുക്കുണ്ട്.

അവന് നമ്മുടെ പേരറിയാം. നമ്മുടെ ഊരറിയാം. അവന് നമ്മുടെ പശ്ചാത്തലമറിയാം. നാളെ നിന്നെ എന്താക്കിത്തീർക്കാൻ കഴിയുമെന്നവനറിയാം. രൂപാന്തരപ്പെടുത്താമെന്ന് അവനറിയാം. ഇതാ, അവൻ വിശ്വസ്ത സാക്ഷിയായി നിൽക്കുന്നു. അവനിതാ പുരോഹിതന്മാരിൽ ശ്രേഷ്ഠനായി നിൽക്കുന്നു. വലിയ പുരോഹിതനായി, വലിയ പ്രവാചകനായി നിൽക്കുന്നു. അവൻ രാജാവായി വീണ്ടും വരുന്നവനാണ്. അവനെ ഇപ്പോൾതന്നെ നിങ്ങൾക്ക് സ്വീകരിക്കാം.

*“വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയുമായ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും*

*നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ."*
*വെളിപ്പാട് 1 : 5*

Benediction! നമുക്ക് അനുഗ്രഹം തരികയാണ്. ആശീർവ്വാദം തരികയാണ്. കൃപയും സമാധാനവും ഉണ്ടാകട്ടെ! യേശുക്രിസ്തു വന്നാൽ കൃപയും സമാധാനവും ലഭിക്കും. യേശുക്രിസ്തു ഹൃദയത്തിൽ വന്നാൽ ഹൃദയത്തിലെ കോളിളക്കങ്ങൾ മാറും. ഹൃദയത്തിലെ കൊടുങ്കാറ്റുകൾ, ചുഴലിക്കാറ്റുകൾ മാറും. എല്ലാം ശാന്തമാകും.

ആഞ്ഞു തിമിർത്താടുന്ന ചുഴലിക്കാറ്റായിരുന്നു. ഭയങ്കരമായ കൊടുങ്കാറ്റായിരുന്നു. കൊടുങ്കാറ്റു വീശി പടക് ആടി ഉലയുന്നു. വെള്ളം തെറുത്തു തെറുത്തു കയറുന്നു. തിരമാലകൾ അടിച്ചു കയറുന്നു. പാവപ്പെട്ട ശിഷ്യന്മാർ കുനിഞ്ഞിരുന്ന് കൈകൊണ്ട് വെള്ളം തേകി കളയുകയാണ്. വെള്ളം തീരുമോ? അതിലേറെ വെള്ളം പിന്നെയും കയറുന്നു. നടുക്കടലിൽ എന്തു ചെയ്യും? മുങ്ങും, ഉറപ്പാണ്. അക്കരെയെത്തും എന്നു വിചാരിച്ചാണ് പുറപ്പെട്ടത്. ഇല്ല, ഇവിടെ ഈ നടുക്കടലിൽ തീരും. ഗലീലക്കടലിന്റെ നടുക്ക് ആയുസ്സ് തീരാൻ പോകുകയാണ്.

നിങ്ങൾക്കങ്ങനെ തോന്നിയിട്ടില്ലേ? ഇവിടെ എന്റെ ഭാവി തീരാൻ പോകുകയാണെന്ന്. ഞാനുണ്ടോ ഇനി എഴുന്നേൽക്കാൻ പോകുന്നു? എന്റെ കടമുണ്ടോ തീരാൻ പോകുന്നു? എന്റെ പ്രശ്നമുണ്ടോ മാറാൻ പോകുന്നു? എന്റെ കുടുംബത്തിനുണ്ടോ സമാധാനം വരാൻ പോകുന്നു? എനിക്കൊരു നല്ല കാലം കിട്ടുമോ? ഇല്ല, അതെല്ലാം തീർന്നു. എല്ലാം ചുരുട്ടിക്കെട്ടിവച്ചിരിക്കയാണ്. നിരാശകൊണ്ട് എല്ലാം പൂട്ടിക്കെട്ടി വച്ചിരിക്കുന്നു.

ദൈവപൈതലേ, നിരാശപ്പെടേണ്ട. കൊടുങ്കാറ്റിൽ ആടിയുലയുന്ന പടകിന്നരികിലേക്ക് യേശു വെള്ളത്തിൻമീതെ നടന്നുവന്നു. പെരുവെള്ളം യേശുവിനു തടസ്സമല്ല. പെരുങ്കടൽ

യേശുവിനു തടസ്സമല്ല. കൊടുങ്കാറ്റ് യേശുവിന് തടസ്സമല്ല. നിത്യനായ രാജാധിരാജൻ, രക്ഷകനായ മിശിഹാതമ്പുരാൻ ആ കടലിലൂടെ തിരമാലകളുടെമേൽ ചവിട്ടി നടന്ന് പടകിനരി ലേയ്ക്ക് വന്നു. യേശു പടകിൽ കയറി: "അടങ്ങുക, ശാന്തമാകുക." യേശു ഇരുകരവും ഉയർത്തി. പെട്ടെന്ന് കടൽ ശാന്തമായി, തിരമാലകൾ അടങ്ങി. ഭയങ്കരമായിട്ട് കുതിച്ചുചാടി ബഹളം വയ്ക്കുന്ന കുതിര, അതിന്റെ ഉടമസ്ഥൻ വന്ന് കൈ ഉയർത്തിയപ്പോൾ ശാന്തമായതുപോലെ പെട്ടെന്ന് കടൽ ശാന്തമായി, തിരമാല അടങ്ങി. യേശു വന്നു, തിരമാല അടങ്ങി!

തിരമാലകളിൽപ്പെട്ടുഴലുന്നവർ ആരെല്ലാമുണ്ട്? ജീവിതത്തിന്റെ അലമാലകളിൽപ്പെട്ട് വലയുന്നവർ ആരെല്ലാമുണ്ട്? ചുഴലിക്കാറ്റേറ്റ് ആടി ഉലയുന്നവർ ആരെല്ലാമുണ്ട്? കർത്താവേ, എങ്ങനെ ഞാൻ മുന്നോട്ടു പോകും എന്നു ചോദിച്ചു വിഷമിക്കുന്നവർ ആരെല്ലാമുണ്ട്? മകനേ, നിന്നോട് പറയട്ടെ, യേശു ഇതാ നിന്റെ പടകിലേക്ക് വരുന്നുണ്ട്. നിന്റെ ജീവിതത്തിലേക്ക് വരുന്നുണ്ട്. അവനുവേണ്ടി നിന്റെ ഹൃദയം തുറക്കൂ. അവൻ നിന്റെ പടകിൽ കയറട്ടെ.

അവൻ കയറി നിന്നാൽ ശാന്തത വരും. കൊടുങ്കാറ്റ് ശാന്തമാകും. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകും. എല്ലാറ്റിനും ഒരു നീക്കുപോക്കുണ്ടാകും. നീ വിശ്വസിക്കൂ, യേശുക്രിസ്തുവിന്റെ കൃപ നിന്റെ അരികിലേക്ക് വന്നിരിക്കുന്നു. മകളേ, നിന്നെ സ്നേഹിക്കുന്ന, നിന്നെ കരുതുന്ന, നിനക്കുവേണ്ടി എല്ലാം സ്വരൂപിക്കുന്ന ക്രിസ്തു, ഇപ്പോൾ നിന്റെ അരികിലേക്ക് വന്ന് നിന്റെനേരെ അവന്റെ കരം നീട്ടുന്നു. എക്കാലത്തും ശാന്തത തരുന്ന ക്രിസ്തു, എക്കാലത്തും പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള കൃപ തരുന്ന ക്രിസ്തു, ഇന്നു നിങ്ങളുടെ അരികിലേക്കു വന്നിരിക്കുന്നു.

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു:

*"ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതി*

*കൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കു വേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്ന് എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിപ്പാൻ കഴിയില്ല എന്ന് ഞാൻ ഉറച്ചിരിക്കുന്നു."*

*റോമർ 8 : 31 – 39*

ഞാൻ ഉറച്ചിരിക്കുന്നു. പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ഉറയ്ക്കാം. കരുത്തനാണ് പിടിച്ചിരിക്കുന്നത്.

പാട്ടുകാരൻ പാടും:

"കരുത്തനാമവൻ കരത്തിനാൽ പിടിച്ചിരിക്കയാൽ
ഒരുത്തനും പിടിച്ചു വേർപെടുത്തുവാൻ കഴിഞ്ഞിടാ"

കരുത്തനായ ഒരുത്തൻ നിന്റെ കരത്തിൽ പിടിച്ചതിനാൽ നീ ഭയപ്പെടേണ്ട. അവൻ നിന്റെ കരത്തിൽ പിടിച്ചിട്ടുണ്ട്. മോളേ, വിട്ടുകൊടുക്കാമോ. നിന്നെ പിടിച്ചിരിക്കുന്ന പല പിടികളും നീ വിടണം. നിന്നെ ബന്ധിച്ചിരിക്കുന്ന പല കെട്ടുകളും നീ അഴിക്കണം; നിന്നെ ബാധിച്ചിരിക്കുന്ന ചില പാപത്തിന്റെ കെട്ടുകളുണ്ട്. ചില പൈശാചിക ബന്ധനങ്ങളുണ്ട്. എല്ലാം അഴിയട്ടെ. എല്ലാ കെട്ടുകളും പൊട്ടിച്ച്, എല്ലാ ബന്ധനക്കയറുകളും കീറിമുറിച്ച് നിനക്കു സ്വാതന്ത്ര്യം തരുവാൻ യേശു ഇതാ, വന്നിരിക്കുന്നു. നിന്റെ കുടുംബത്തിനു സമാധാനം തരുവാൻ യേശു വന്നിരിക്കുന്നു.

അവന്റെ അരികിലേക്ക് നീ ചേർന്നിരിക്കൂ. അവനോട് ചേർന്നു നിൽക്കൂ. കർത്താവേ, നീ എന്നെത്തേടി വന്നല്ലോ. അഗതിയായിരിക്കുന്ന ഞാൻ ഇവിടെ ഉണ്ടെന്നറിഞ്ഞ്, രോഗിയും അവശനുമായ ഒരാൾ ഇവിടെ ഉണ്ടെന്നറിഞ്ഞ്, വേദനകൊണ്ട് പുളയുന്ന ഒരാൾ ഇവിടെ ഉണ്ടെന്നറിഞ്ഞ് നീ എന്നെത്തേടിയാണല്ലോ വന്നത്. എന്നെ ഒന്ന് തൊട്ടിട്ട് പോകണമേ.

കർത്താവേ, മദ്യത്തിന്റെ ആസക്തിയിൽ ജീവിതം തകർത്തുകളഞ്ഞ ഒരു പാപി ഇവിടെയിരിപ്പുണ്ട്. യേശുവേ, എനിക്കിനി മദ്യം വേണ്ട. കർത്താവേ, ദ്രവ്യാഗ്രഹം കൊണ്ട് മുടിഞ്ഞ ഒരു മനുഷ്യൻ ഇവിടെ ഇരിപ്പുണ്ട്. എന്നെ നീ ഒന്ന് തൊട്ടിട്ടു പോകണമേ. ഈ ലോകധനങ്ങളെല്ലാം മാറിപ്പോകുന്നതാണ്. എനിക്ക് നിത്യധനമായ ക്രിസ്തു മതി. യേശുവേ, നിന്നെ എന്റെ ഹൃദയത്തിൽ കിട്ടിയാൽ മതി. എന്റെ ഹൃദയത്തിലേയ്ക്കൊന്ന് വരണമേ.

അവൻ വിശ്വസ്ത സാക്ഷിയാണ്. മരിച്ചവരിൽ ആദ്യജാതനാണ്. ഭൂരാജാക്കന്മാർക്ക് അധിപതിയാണ്. അവൻ ആദ്യജാതനായി ഉയിർത്തെഴുന്നേറ്റു. നാമോ? പിന്നാലെ ഉയിർത്തെഴുന്നേൽക്കും. ക്രിസ്തു നമ്മിൽ ഉണ്ടെങ്കിൽ നാം ഈ ഭൂമിയിൽ നിന്നും മരിച്ചുപോയാലും ഒരുനാൾ ക്രിസ്തുവിൽ ഉയിർത്തെ

ഴുന്നേൽക്കും. ക്രിസ്തുവിൽ മരിച്ചാൽ, ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽക്കാം.

ഇപ്പോൾ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിന്റെ കല്ലറയിൽ യേശുവിനെ വയ്ക്കുക. അവൻ അവിടെ കിടക്കുകയില്ല, ഉയിർത്തെഴുന്നേൽക്കും. പതിനായിരങ്ങൾക്കല്ല, ലക്ഷോപല ക്ഷങ്ങൾക്ക് ആശ്വാസം തരാൻ, സമാധാനം പകരാൻ അവൻ ഉയിർത്തെഴുന്നേൽക്കും. നിന്നിൽ നിന്നുകൊണ്ടവൻ സഞ്ചരി ക്കാൻ തുടങ്ങും. നിന്നിൽ നിന്നുകൊണ്ടവൻ പ്രവർത്തിക്കാൻ തുടങ്ങും. നിന്നിൽ നിന്നുകൊണ്ടവൻ സംസാരിക്കാൻ തുട ങ്ങും. അവന്റെ ജീവൻ നിന്നിലേക്ക് പകർന്നിട്ട് നിന്നിൽ നിന്ന വൻ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ തുടങ്ങും. അതിശയങ്ങ ളുടെ നാഥൻ നിന്നിൽ നിന്നുകൊണ്ട് ചില അത്ഭുതങ്ങൾ പ്രവർത്തിക്കും. മകനേ, നിന്നെ അവൻ ഉപയോഗിക്കാൻ പോകുന്നു. മകളേ, നിന്നെ അവൻ ഉപയോഗിക്കാൻ പോകുന്നു. നിന്റെ തകർന്ന ജീവിതം ക്രിസ്തുവിന്റെ ക്രൂശിൻചുവട്ടിൽ സമർപ്പിക്കുക.

# മൂന്ന്

*“ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമ്മേൻ.”*

*വെളിപ്പാട് 1 : 7*

മേഘത്തിൽ ആരൂഢനായി യേശു വരുന്നു. ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും. ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കും.

കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് വേദപുസ്തകത്തിലെ ഒടുവിലത്തെ പുസ്തകമായ വെളിപ്പാടു പുസ്തകത്തിൽ, ആദ്യത്തെ അദ്ധ്യായത്തിൽ വ്യക്തമായ ഒരു ചിത്രം നമുക്കു തരികയാണ്.

യേശുക്രിസ്തുവിന്റെ കുരിശുമരണം, യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്, യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്; ഈ മൂന്നു കാര്യങ്ങളാണ് വാസ്തവത്തിൽ സുവിശേഷത്തിന്റെ മർമ്മം.

എന്താണ് സുവിശേഷം?

*“ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അത് ആകുന്നു എന്റെ സുവിശേഷം.”* *2 തിമൊഥെയൊസ് 2 : 8*

ക്രിസ്തുവാണ് സുവിശേഷം.

അതുകൊണ്ടാണ് ചരിത്രത്തിലെ ആദ്യത്തെ സുവിശേഷ പ്രസംഗത്തിൽ മാലാഖ പറഞ്ഞത്: "സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽനിങ്ങൾക്കായി ജനിച്ചിരിക്കുന്നു."

ക്രിസ്തു എന്ന രക്ഷിതാവ്! അതാണ് സുവിശേഷം, അതാണ് സദ്വർത്തമാനം, അതാണ് 'Good news'. കർത്താവായ യേശുക്രിസ്തു തന്നെയാണ് സുവിശേഷം. യേശുക്രിസ്തു ജനിച്ചിരിക്കുന്നു. യേശുക്രിസ്തു ജീവിക്കുന്നു. യേശുക്രിസ്തുവിനെ പ്രതിപാദിക്കുന്നതാണ് സുവിശേഷം. യേശുക്രിസ്തുവിനെ അറിയുന്നതാണ് സുവിശേഷം. ക്രിസ്തുവാണ് സുവിശേഷത്തിന്റെ മർമ്മം.

വെളിപ്പാടുപുസ്തകത്തിൽ ക്രിസ്തുവിലുള്ള പ്രത്യാശയെക്കുറിച്ച്, ക്രിസ്തു വീണ്ടും വരും എന്ന പ്രത്യാശാകരമായ ദൂത് പ്രതിപാദിച്ചിരിക്കുന്നു. ഈ ഭൂമിയിൽ കഷ്ടപ്പാടുണ്ട്, ദുരിതങ്ങളുണ്ട്, യാതനകളും വേദനകളുമുണ്ട്; എങ്കിലും ഇതിനെല്ലാം ഒരവസാനമുണ്ട്. എല്ലാ ദുരിതങ്ങളും തീർക്കുവാൻ കർത്താവായ യേശുക്രിസ്തു വീണ്ടും വരുന്നു.

യോഹന്നാൻശ്ലീഹാ എഴുതിയ സുവിശേഷത്തിൽ വിസ്തരിച്ചു പറയുന്നത്, 'life received' – 'ജീവൻ ലഭിച്ചു' എന്നതിനെക്കുറിച്ചാണ്.

യോഹന്നാൻശ്ലീഹാ എഴുതിയ ലേഖനങ്ങളിൽ 'life revealed' – 'ജീവൻ വെളിപ്പെട്ടു' എന്നതാണ് വിസ്തരിച്ചു പറയുന്നത്.

എന്നാൽ യോഹന്നാൻശ്ലീഹാ എഴുതിയ വെളിപ്പാടുപുസ്തകത്തിൽ നാം കാണുന്നത്. 'life rewarded'–

'ജീവന് പ്രതിഫലം ലഭിച്ചു' എന്നതാണ്.

യോഹന്നാൻശ്ലീഹാ എഴുതിയ സുവിശേഷങ്ങളിൽ പ്രധാന പ്രതിപാദന വിഷയം 'Salvation' – 'രക്ഷ' എന്നുള്ളതാണ്.

ലേഖനങ്ങളിലുള്ള വിഷയം 'Sanctification' – 'വിശുദ്ധീകരണം' എന്നുള്ളതാണ്.

എന്നാൽ വെളിപ്പാടു പുസ്തകത്തിൽ പ്രധാന ചിന്താവിഷയം 'sovereignty' – 'പരമാധികാരം' എന്നുള്ളതാണ്.

> *"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ച് തന്റെ പിതാവായ ദൈവത്തിന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന് എന്നെന്നേക്കും മഹത്വവും ബലവും; ആമ്മേൻ."*
>
> *വെളിപ്പാട് 1 : 6*

സുവിശേഷത്തിൽ യോഹന്നാൻശ്ലീഹ പ്രവാചകനായ ക്രിസ്തുവിനെ കാണിക്കുന്നു. എന്നാൽ ലേഖനങ്ങളിൽ മഹാപുരോഹിതനായ ക്രിസ്തുവിനെ കാണിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ രാജാവായ ക്രിസ്തുവിനെ കാണിക്കുന്നു.

ക്രിസ്തു എന്ന കേന്ദ്രവിഷയം. അത് നാം മറക്കരുത്. നമ്മുടെ ജീവിതത്തിലും യേശുക്രിസ്തുവാണ് കേന്ദ്രവിഷയം. ക്രിസ്തുവിൽ കേന്ദ്രീകരിച്ചുള്ള ജീവിതം. ഒരു വ്യക്തിയുടെ പിന്നാലെ പോകുന്ന ജീവിതമല്ല. ഒരു കൂട്ടായ്മയുടെ പിന്നാലെ പോകുന്ന ജീവിതമല്ല. ക്രിസ്തു എന്ന ഒരേയൊരു നാഥന്റെ, ഒരേയൊരു നായകന്റെ, ഒരേയൊരു രക്ഷകന്റെ, ഒരേയൊരു വിശ്വസ്ത മഹാപുരോഹിതന്റെ, ഒരേയൊരു പ്രവാചകന്റെ, ക്രിസ്തു എന്ന ഒരേയൊരു രാജാവിന്റെ പിന്നാലെ പോകുന്ന ജീവിതം.

പ്രിയപ്പെട്ടവരേ, കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചു പറയുമ്പോൾ, ഇന്ന് യേശു ക്രിസ്തു വന്നു എന്നും, ഞാൻ കർത്താവാണെന്നും പറയുന്ന ആളുകളുണ്ട്; ഞാൻ ക്രിസ്തുവാണെന്നു പറയുന്ന ആളുക ളുണ്ട്. അത് ഭോഷ്ക്കാണ്. ഞാൻ ക്രിസ്തുവാണെന്ന് ഒരു മനു ഷ്യൻ പറയുക! യേശുക്രിസ്തു ആരാണ്? ഭൂമിയിൽ ഒരു മനു ഷ്യന് തോന്നുകയാണ് ഞാൻ ക്രിസ്തു ആണെന്ന്! എന്തൊരു വലിയ അബദ്ധമാണത്!

ഭൂമിയിലെ ഒരു സ്ത്രീക്കു തോന്നുകയാണ് ഞാൻ ക്രിസ്തു ആണെന്ന്! എത്രയോ വലിയ ഭയാനകമായ അബ ദ്ധം! ഞാൻ ക്രിസ്തുവാണ്, ക്രിസ്തുവിന്റെ പുനരവതാര മാണ്, ക്രിസ്തു തന്നെയാണെന്ന് അവകാശപ്പെടുന്നു. അതുകൊണ്ട് ക്രിസ്തു അങ്ങോട്ടു പോയി, ഇങ്ങോട്ടു പോയി എന്നെല്ലാം പറയുന്നു. ആ സ്ത്രീ പോകുന്നതിനെക്കുറിച്ചാണ് ഇതെല്ലാം പറയുന്നത്. ക്രിസ്തു ഉത്തരേന്ത്യയിൽപ്പോയി, ക്രിസ്തു അമേരിക്കയിൽപ്പോയി എന്നൊക്കെപ്പറയും. അതെല്ലാം യേശുക്രിസ്തു ആണെന്നുള്ള സങ്കൽപ്പത്തിൽ നിന്നാണ്. Brain washing – ‘മസ്തിഷ്ക്ക പ്രക്ഷാളനം’ എന്നു പറയും. അനേകരിന്ന് ഈ ചിന്തയ്ക്ക് അടിമപ്പെട്ടുകഴിയുന്നു.

ഏതെങ്കിലും മനുഷ്യനെ ആരാധിക്കരുത്. മോശ യിസ്രാ യേൽ ജനത്തെ നടത്തിക്കൊണ്ടുപോയപ്പോൾ അന്ന് മരുഭൂമി യിൽ മോശയെ ദൈവം സീനായ്മലയുടെ മുകളിലേക്ക് വിളിച്ചു. സീനായ്മലയുടെ മുകളിലേക്ക് മോശ കയറിപ്പോയി. നാല്പതു രാവും നാല്പതു പകലും മോശ ഭക്ഷണം കഴി ക്കാതെ, ജലപാനമില്ലാതെ സീനായ്മലയുടെ മുകളിൽ ദൈവ ത്തോടുകൂടെ ആയിരുന്നു. ദൈവം മോശയ്ക്ക് ന്യായപ്രമാണ കല്പനകൾ കൊടുത്തത് അപ്പോഴാണ്. കല്പലകകളിൽ ന്യായപ്രമാണകല്പനകൾ ദൈവം തന്റെ സ്വന്തവിരൽകൊണ്ട്

എഴുതിക്കൊടുത്തു.

മോശ പോയിക്കഴിഞ്ഞ് കുറെ ദിവസമായപ്പോൾ ജനം അമ്പരപ്പിലായി. ഞങ്ങളെ നടത്തിക്കൊണ്ടു വന്ന ഞങ്ങളുടെ മോശ എവിടെപ്പോയി? ഞങ്ങളെ നടത്തിക്കൊണ്ടുവന്ന ഞങ്ങളുടെ നായകൻ എവിടെപ്പോയി? മോശയെ ആ പാവപ്പെട്ട ജനം അവരുടെ ആരാധനാവിഗ്രഹമായി കണ്ടു: പക്ഷേ, ആ മോശയെ ഇപ്പോൾ കാണാനില്ല. ഉടനെ അവർ അഹരോനോട് പറഞ്ഞു: ഞങ്ങൾക്ക് ഒരു ദൈവത്തെയുണ്ടാക്കിത്തരിക. അഹരോൻ അവരുടെ പ്രലോഭനത്തിനു വഴിപ്പെട്ടുപോയി.

അഹരോൻ അവരുടെ പൊൻകടുക്കനും പൊൻകുണുക്കുകളും ആഭരണങ്ങളുമെല്ലാം കൊണ്ടുവരാൻ പറഞ്ഞു. അത് ഉരുക്കി ഒരു പൊൻകാളക്കുട്ടിയെ വാർത്തു. പൊൻകാളക്കുട്ടിയെ വാർത്ത് ജനം ആ കാളക്കുട്ടിയുടെ ചുറ്റും നൃത്തം ചെയ്യാൻ തുടങ്ങി. മോശ പർവ്വതത്തിൽനിന്ന് ഇറങ്ങി വരുമ്പോൾ കാണുന്ന കാഴ്ച ഭയാനകമായിരുന്നു. ജനം പൊൻകാളക്കുട്ടിയെ ആരാധിക്കുന്നു! ജനം ദൈവത്തിന്റെ വഴിയിൽ നിന്നു മാറി, മനുഷ്യരെ ആരാധിക്കുന്ന ഭയാനകമായ അബദ്ധത്തിലേക്കു പോയി.

മോശ, ജനത്തിന്റെ നേരെ കോപിച്ചു. ഏറ്റവും ഘോരമായ, ഏറ്റവും ഹീനമായ പാതകമാണ് അവർ ചെയ്തതെന്ന് മോശ അവർക്കു മനസ്സിലാക്കിക്കൊടുത്തു.

ജീവനുള്ള ദൈവത്തെയല്ലാതെ ആരേയും ആരാധിക്കരുത്.

ആരാധനാപുരുഷൻ ഒരാൾ മാത്രമേയുള്ളൂ.പരിശുദ്ധന്മാരെ ആദരിക്കാം; പക്ഷേ, പരിശുദ്ധന്മാരെ ആരാധിക്കരുത്. പരിശുദ്ധന്മാർ നമ്മെക്കാൾ ശ്രേഷ്ഠന്മാരായതുകൊണ്ട് അവരെ നമുക്കു മാനിക്കാം. പക്ഷേ, ഒരിക്കലും അവരെ ആരാധിക്ക

രുത്. അവർ ആരാധനാ പാത്രങ്ങളാകരുത്. അവർ പൂജാവിഗ്ര ഹങ്ങൾ ആകരുത്.

ഒരേയൊരു ആരാധനാകേന്ദ്രമായ ക്രിസ്തു; അവിടുന്ന് വീണ്ടും വരുന്നതിനെക്കുറിച്ച് യോഹന്നാൻശ്ലീഹാ പ്രത്യേ കിച്ച് പറയുകയാണ്. യേശുക്രിസ്തു വീണ്ടും വരും.

ആശ്വാസം സ്മൃതിയൊടുമൃതതാത
ഭ്രാതാക്കൾക്കേകീടണമേ
നിർത്തണമേ–താവക പൂജകരെ
പരിശുദ്ധന്മാരുടെ നിരയിൽ
സിംഹാസന സംസ്ഥിതനായ് നീ
സത്തമരെത്തിരിയുന്നേരം
വിധിനിലയേ ദയ കണ്ടെത്തി–
ത്താവക മഹിമോദയ ദിവസേ
നിൻവലമായവർ നിൽക്കണമെ.

യേശുക്രിസ്തുവിന്റെ മഹിമ ഉദിക്കുന്ന ഒരു ദിവസമുണ്ട്. കർത്താവ് വീണ്ടും വരും. സാക്ഷാൽ നായകനായവൻ, സാക്ഷാൽ ദൈവമായവൻ, സാക്ഷാൽ കർത്താവായവൻ വീണ്ടും വരും. ഭൂമിയിലെ ആരാധനാവിഗ്രഹങ്ങളെ തകർക്കു വാൻ, ഭൂമിയിലെ മനുഷ്യവിഗ്രഹങ്ങളെ തകർക്കുവാൻ അവൻ വീണ്ടും വരും. എതിർ ക്രിസ്തുവിന്റെ ഭരണത്തെ തച്ചുട യ്ക്കാൻ യേശു വീണ്ടും വരും.

Anti Christ – എതിർക്രിസ്തുവിന്റെ ഭരണത്തെ തകർക്കു വാനും എതിർക്രിസ്തുവിനെ ബന്ധിച്ച് തകർത്ത് അഗാധത്തി ലേക്ക് തള്ളിക്കളയുവാനും ബന്ധിച്ചിടുവാനും കർത്താവായ യേശുക്രിസ്തു വീണ്ടും വരും.

ഇതിനെക്കുറിച്ച് പഴയനിയമത്തിൽ സെഖര്യാപ്രവാച കൻ പറയുന്നത്: “അവർ കുത്തിയിട്ടുള്ളവങ്കലേക്ക് നോക്കും എന്നാണ്.”

*"ഞാൻ ദാവീദ്ഗൃഹത്തിന്മേലും യെരൂശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തീട്ടുള്ളവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വ്യസനിക്കും. അന്നാളിൽ മെഗിദ്ദോ താഴ്‌വരയിലുള്ള ഹദദ്-രിമ്മോനിലെ വിലാപംപോലെ യെരൂശലേമിൽ ഒരു മഹാവിലാപം ഉണ്ടാകും. ദേശം കുലംകുലമായി വെവ്വേറെ വിലപിക്കും; ദാവീദ്ഗൃഹത്തിന്റെ കുലം പ്രത്യേകവും അവരുടെ സ്ത്രീജനം പ്രത്യേകവും; നാഥാൻ ഗൃഹത്തിന്റെ കുലം പ്രത്യേകവും അവരുടെ സ്ത്രീജനം പ്രത്യേകവും; ലേവിഗൃഹത്തിന്റെ കുലം പ്രത്യേകവും അവരുടെ സ്ത്രീജനം പ്രത്യേകവും; ശിമെയികുലം പ്രത്യേകവും; അവരുടെ സ്ത്രീജനം പ്രത്യേകവും; ശേഷിച്ചിരിക്കുന്ന കുലങ്ങളൊക്കെയും അതതു കുലം പ്രത്യേകവും അവരുടെ സ്ത്രീജനം പ്രത്യേകവും വിലപിക്കും."*

*സെഖര്യാവ് 12 : 10 – 14*

വിലാപത്തിന്റെ ഒരു കാലം വരും. അയ്യോ, നഷ്ടപ്പെട്ടുപോയല്ലോ എന്നുള്ള നിലവിളിയുടെ കാലം വരും. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നഷ്ടപ്പെട്ടുപോയവരുടെ ഒരു വലിയ വിലാപമുണ്ടാകും; വലിയൊരു പ്രലപനമുണ്ടാകും. വലിയ കരച്ചിലുണ്ടാകും. കുടുംബം കുടുംബമായി വിലപിക്കും. ഗോത്രം ഗോത്രമായി വിലപിക്കും. എത്രയോ പേർ നഷ്ടപ്പെട്ടിരിക്കുന്നു. അപൂർവ്വം പേർ, വളരെ കുറച്ചുപേർ മാത്രമേ രക്ഷപ്പെടുന്നുള്ളു.

*"നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു എങ്കിൽ അഭക്തന്റെയും പാപിയുടെയും ഗതി എന്താകും?"* *1 പത്രോസ് 4 : 18*

*"ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ."* *1 പത്രോസ് 4 : 17*

ന്യായവിധി ദൈവഗൃഹത്തിലാരംഭിക്കാൻ സമയമായല്ലോ. എന്താണ് ഈ വാക്കുകളുടെ ഒക്കെയും അർത്ഥം? വളരെ ഗൗരവമേറിയ വചനം കർത്താവ് നമുക്കു തരികയാണ്. നാം ആരും വിലപിക്കുന്നവരുടെ കൂടെയാകാൻ ഇടവരരുത്. ഇന്ന് നമുക്ക് നമ്മുടെ പാപങ്ങളെ ഓർത്ത് വിലപിക്കാം. ഇന്ന് നമുക്ക് ഓർമ്മയുണ്ട്. നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ ഓരോന്നോരോന്ന് ഓർത്ത് വിലപിക്കാൻ നമുക്കിന്നു സുബോധമുണ്ട്.

ഇന്ന് പാപത്തെ ഓർത്തനുതപിക്കാൻ, കുറ്റബോധം തരുവാൻ പരിശുദ്ധാത്മാവുണ്ട്. പരിശുദ്ധാത്മാവ് നമുക്ക് കുറ്റബോധം തരുന്നുണ്ട്. നമ്മുടെ ഹൃദയത്തിന്റെ വാതിൽ നാം അടയ്ക്കാതിരുന്നാൽ പരിശുദ്ധാത്മാവ് ഉള്ളിലേക്ക് കടന്നുവന്ന് നമുക്ക് കുറ്റബോധം തരും. നിങ്ങളുടെ ഹൃദയത്തിൽ മുൻവിധിയില്ലാതെ നിങ്ങൾ വചനം കേട്ടാൽ നിങ്ങളുടെ ഹൃദയത്തിൽ കുറ്റബോധം വരും. നിങ്ങൾക്ക് പാപബോധം കിട്ടും. അയ്യോ! കാലങ്ങൾ നഷ്ടപ്പെട്ടുപോയല്ലോ, നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ എന്നോർത്ത് നിങ്ങൾ കരയുവാൻ ഇടയാകും.

മരിക്കാൻ നേരത്ത് ഒരു നിരീശ്വരനായ മനുഷ്യൻ, കൈ മുകളിലേക്കുയർത്തിയിട്ട് പറഞ്ഞു: "എനിക്ക് പിടി കിട്ടുന്നില്ല. ഞാൻ താണുതാണ് പോകുന്നു. എനിക്ക് പിടി കിട്ടുന്നില്ല." കൈ മുകളിലോട്ടുയർത്തുകയാണ്.

കൈകൊണ്ടു പിടിക്കാവുന്നതല്ലല്ലോ ജീവിതം. അങ്ങ്

അഗാധതയിലേക്ക് താണുതാണു പോകുന്നു. പാതാള ഗഹ്വര ങ്ങളിലേക്ക് താണുതാണു പോകുന്നു. യാതനയുടേയും വേദ നയുടേയും ഭീകരതയിലേക്ക് താണുതാണു പോകുന്നു. അയ്യോ, എനിക്ക് പിടിത്തം കിട്ടുന്നില്ലല്ലോ എന്നുപറഞ്ഞ് അവൻ കരഞ്ഞു.

ഒരു പെൺകുട്ടി മരിക്കാൻ തുടങ്ങുകയായിരുന്നു. മരി ക്കാൻ തുടങ്ങുന്ന പെൺകുട്ടിയോട് അവൾ കരഞ്ഞപ്പോൾ അപ്പൻ ചോദിച്ചു: മോളേ, നീ എന്താണ് കരയുന്നത്? വേദന അസഹ്യമാണോ? അതെ അപ്പാ, വേദന അസഹ്യമാണ്. ശരീര ത്തിലല്ല, മനസ്സിൽ. എന്തുപറ്റി മോളേ, എന്താ വേണ്ടത്?

അപ്പാ, അപ്പനെന്നെ സയൻസ് പഠിപ്പിച്ചു, അപ്പനെന്നെ ചരിത്രം പഠിപ്പിച്ചു, അപ്പനെനിക്കു വിദ്യാഭ്യാസം തന്നു. അപ്പാ, എങ്ങനെ മരിക്കണമെന്ന് എന്നെ പഠിപ്പിച്ചില്ലല്ലോ. ഇപ്പോൾ എനിക്ക് പിടുത്തം കിട്ടുന്നില്ല. ഇപ്പോൾ ഞാൻ താണുതാണ് പോകുന്നു. അപ്പാ, ഞാൻ എന്തുചെയ്യും? ആ പെൺകുട്ടി കര ഞ്ഞു.

പ്രിയപ്പെട്ടവരേ, ഇന്ന് നമുക്ക് കരയാം. ഇന്ന് പാപത്തെ ഓർത്ത് അനുതപിച്ചാൽ അന്ന് കരയേണ്ടി വരികയില്ല. ഇന്ന് നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ എണ്ണിയെണ്ണി കണ്ടുപിടിച്ച് നമുക്കനുതപിക്കാം.

Words, deeds and thoughts! നമ്മുടെ വാക്കുകളിൽ വന്നു പോയ പാപങ്ങൾ, പ്രവൃത്തിയിൽ വന്നുപോയ പാപങ്ങൾ, ചിന്തയിൽ വന്നുപോയ പാപങ്ങൾ! ഓരോന്നോരോന്ന് നമുക്ക് ചികഞ്ഞെടുക്കാം. ഓരോന്നോരോന്ന് ദൈവത്തോട് ഏറ്റുപറയാം.

ചിലർ തങ്ങളുടെ ജീവിതത്തിൽവന്നുപോയ പാപങ്ങൾ ഡയറിയിൽ എഴുതിവച്ച് ഓരോന്നോരോന്ന് ദൈവസന്നിധിയിൽ ഏറ്റുപറയും. ഞാനങ്ങനെ ചെയ്തിട്ടുണ്ട്. എന്റെ ജീവിത

ത്തിൽ വന്നുപോയ പാപങ്ങൾ, എന്റെ ചിന്തയിൽ വന്നുപോയ പാപങ്ങൾ, എന്റെ വിചാരവികാരങ്ങളിൽ വന്നുപോയ പാപങ്ങൾ, എന്റെ വാക്കുകളിൽ വന്നുപോയ പാപങ്ങൾ, ഞാൻ കോപിച്ചത്, ഞാൻ ഇഷ്ടക്കേടായി സംസാരിച്ചത്, മനസ്സിൽ വൈരാഗ്യവും പകയും വച്ചുകൊണ്ടിരുന്നത്, നീരസവും മുഷിച്ചിലും എന്റെ ഹൃദയത്തിൽ പുകഞ്ഞുകൊണ്ടിരുന്നത്. എല്ലാം ഞാനെഴുതിവച്ചു. മാത്രമല്ല ഞാനതെടുത്ത്, ദൈവസന്നിധിയിൽ തനിയെ ഇരുന്ന് പ്രാർത്ഥിക്കാൻ തുടങ്ങി.

ജീവിതത്തിൽ വന്നുപോയ പാപങ്ങൾ ഓരോന്നോരോന്നോർത്ത് പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോഴാണ് തെളിഞ്ഞുവന്നത്, ചിലരോട് പോയി മാപ്പു ചോദിക്കണമെന്ന്. മാപ്പ് ചോദിച്ചാൽ മാത്രം പോരാ, ചിലത് കൊടുത്ത് തീർക്കണമെന്ന്. ചില പുസ്തകങ്ങൾ എന്റെ കൈയിൽ അനാവശ്യമായി വന്നുചേർന്നതാണ്, അത് കൊടുത്തിട്ടില്ല. ചിലർക്ക് രൂപ കൊടുക്കാനുണ്ട്, അത് തിരിച്ചു കൊടുക്കണമെന്ന്. ഓരോന്നോരോന്നായി ഓർമ്മയിലേക്കു വന്നത് എത്രയും വേഗം ചെയ്തുതീർക്കുവാനായിട്ട് ഞാൻ തീരുമാനിച്ചു.

സഹോദരങ്ങളേ, നിങ്ങളുടെ ജീവിതത്തിൽ തിരുത്താനെന്തെങ്കിലുമുണ്ടോ? പാപത്തെ ഓർത്ത് കരയാനെന്തെങ്കിലുമുണ്ടോ? ഒരുകാലത്ത് വന്നുപോയ അനേകം പാപങ്ങൾ ഓർത്ത് നിങ്ങൾക്ക് കരയുവാനില്ലേ? പല അവയവങ്ങളിലും അഴുക്കു പറ്റിയിട്ടുണ്ട്; അശുദ്ധി പറ്റിയിട്ടുണ്ട്.

ഈ വായിക്കുന്നത് സുഖകരമായ, ഇമ്പമായ വാക്കുകളല്ല. പക്ഷേ, സത്യമതാണ്. നിങ്ങളുടെ ജീവിതത്തിൽ വന്നുപോയ അഴുക്ക് കഴുകിക്കളയാനുള്ള സമയമാണിത്. നാം ശരീരത്തിൽ ഇരിക്കുമ്പോൾ, ശരീരത്തിൽ ജീവൻ തുടിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം കഴുകിക്കൊള്ളണം. കഴുകാൻ കുഞ്ഞാടിന്റെ രക്തമുണ്ട്. കഴുകാൻ

യേശുക്രിസ്തുവിന്റെ തിരുരക്തമുണ്ട്.

പ്രിയപ്പെട്ടവരേ, ആ തിരുരക്തം നിങ്ങളെ കഴുകാൻ തയ്യാറാണ്. ആ തിരുരക്തം നിങ്ങളെ വിശുദ്ധീകരിക്കും. എല്ലാം കഴുകി വെടിപ്പാക്കിത്തരും. വിശ്വസിക്ക മാത്രം ചെയ്യുക.

*"യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."* *1 യോഹന്നാൻ 1 : 7*

ഏത് ഭീകരനായ പാപിയെപ്പോലും ശുദ്ധീകരിക്കുന്ന യേശുക്രിസ്തുവിന്റെ തിരുരക്തം! ഏതു മ്ലേച്ഛപാപിയെപ്പോലും ശുദ്ധീകരിക്കുന്ന യേശുക്രിസ്തുവിന്റെ തിരുരക്തം! ഏത് അശുദ്ധനേയും വിശുദ്ധനാക്കുന്ന യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങളെ കഴുകി വെടിപ്പാക്കും.

നിങ്ങൾ കോപിച്ചത്, നിങ്ങൾ വിറഞ്ഞു കോപിച്ചത്, നിങ്ങൾ പല്ലിറുമ്മിയത്, നിങ്ങൾ ശപിച്ചത്, നിങ്ങൾ പ്രാകിയത്, അല്ല നിങ്ങളുടെ ചിന്തയിൽക്കൂടി കടന്നുപോയ വികാരങ്ങൾ, മോഹങ്ങൾ, മോഹപാരവശ്യങ്ങൾ, കാമാസക്തികൾ! പ്രിയപ്പെട്ടവരേ, ഏതെല്ലാം എന്തെല്ലാം! കോപഭ്രാന്ത്, കാമഭ്രാന്ത്, പലതരത്തിലുള്ള ഭ്രാന്തുകൾ! ഓരോന്നോരോന്ന് നിങ്ങൾക്കേറ്റു പറയാം. ഏറ്റുപറഞ്ഞ് ഏങ്ങലടിച്ചു കരയാം. ഇപ്പോൾ കരയാനുള്ള കാലമാണ്. ഇന്നനുതപിച്ചാൽ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നാം നിരാശരാകേണ്ടി വരികയില്ല. അന്ന് ദു:ഖിക്കേണ്ടി വരികയില്ല.

യേശുക്രിസ്തുവിന്റെ തിരുരക്തത്താലുള്ള കഴുകൽ കിട്ടിക്കഴിയുമ്പോൾ സന്തോഷം അണമുറിയാതെ നിങ്ങളുടെ ജീവിതത്തിലേക്ക് ഒഴുകിവരും. പാപമോചനം കിട്ടിക്കഴിയുമ്പോൾ എന്തൊരു മഹാസന്തോഷമാണെന്നോ! എന്തൊരു സംതൃപ്തിയാണെന്നോ! എന്തൊരു ധൈര്യമാണെന്നോ! എന്തൊരു പ്രാഗത്ഭ്യമാണെന്നോ! പാപം മോചിച്ചു കിട്ടു

മ്പോൾ എന്തൊരു സമാധാനമാണെന്നോ!

പ്രിയപ്പെട്ടവരേ, പാപം മോചിച്ചു കിട്ടുക. പാപം ക്ഷമിച്ചു കിട്ടുക.

*“ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ; യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.” സങ്കീർത്തനങ്ങൾ 32 : 1, 2*

ഇപ്പോൾ നിങ്ങൾ ഉത്സാഹപൂർവ്വം ദൈവത്തോട് പറയണം: കർത്താവേ, ഇനി മേലിൽ ഞാൻ പാപം ചെയ്യുകയില്ല. പാപത്തിന് ഞാൻ ഇടം കൊടുക്കുകയില്ല. എന്റെ ദേഹമോ, ദേഹിയോ, എന്റെ മനസ്സോ പാപത്തിന് ഞാൻ വിട്ടുകൊടുക്കുകയില്ല. കർത്താവേ, ഇന്നു മുതൽ ഞാൻ ഒരു വിശുദ്ധനായി ജീവിക്കും. ഞാനൊരു ശുദ്ധിമതിയായി ജീവിക്കും. നിങ്ങൾക്കു തീരുമാനിക്കാം.

## നാല്

*"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമ്മേൻ."*

*വെളിപ്പാട് 1 : 7*

കർത്താവായ യേശുക്രിസ്തു വീണ്ടും വരും. യേശുക്രിസ്തു മേഘാരൂഢനായി വരും.

യേശുക്രിസ്തു വരുമ്പോൾ മൂന്നു കാര്യങ്ങൾ സംഭവിക്കും.

1. കർത്താവിന്റെ ഗംഭീരനാദം.
2. പ്രധാന ദൂതനായ മീഖായേലിന്റെ ശബ്ദം.
3. ദൈവത്തിന്റെ കാഹളം.

*"കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങ*

*ളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ.” 1 തെസ്സലൊനീക്യർ 4 : 16 – 18*

ഈ ലോകത്തിൽ നമുക്ക് ആശ്വസിക്കാൻ വേറൊന്നുമില്ല. ഇവിടെ ദുരിതമുണ്ട്. ഇവിടെ വേദനയുണ്ട്, കഷ്ടപ്പാടുണ്ട്, എതിർപ്പുകളുണ്ട്, തെറ്റിദ്ധാരണയുണ്ട്, ഒറ്റപ്പെടുത്തലുകളുണ്ട്. ഇവിടെ യാതനകളുണ്ട്, വേദനകളുണ്ട്. ഇവിടെ ഞെരുക്കങ്ങളുണ്ട്. ഈ ഭൂമിയിൽ സമാധാനമില്ല.

കർത്താവിന്റെ ശിഷ്യന്മാരിൽ യോഹന്നാൻ ശ്ലീഹാ ഒഴികെ മറ്റ് പതിനൊന്നു ശിഷ്യന്മാരും രക്തസാക്ഷികളായിട്ടാണ് മരിച്ചത്. യൂദായുടെ സ്ഥാനത്തേക്ക് മത്ഥിയാസിനെ തിരഞ്ഞെടുത്തിരുന്നല്ലോ. യോഹന്നാൻശ്ലീഹായെ അന്നത്തെ ചക്രവർത്തിയായിരുന്ന ഡൊമീഷ്യൻ കൈസർ തിളച്ച എണ്ണയിലേക്കെടുത്തിട്ടു. അവിടെക്കിടന്ന് വെന്തുനശിക്കട്ടെ എന്നാണ് ചക്രവർത്തി വിചാരിച്ചത്. ഡൊമീഷ്യൻ കൈസർ ചക്രവർത്തി ഒരു നീചനും ദുഷ്ടനും വളരെ നിഷ്ഠൂരനുമായിരുന്നു. ഡൊമീഷ്യൻചക്രവർത്തി ചക്രവർത്തിയുടെ ഒരു ബിംബം വച്ച് ആ ബിംബത്തെ നമസ്ക്കരിക്കണമെന്നു പറഞ്ഞു. ഞാനാണ് ദൈവമെന്ന് ചക്രവർത്തി പറഞ്ഞു. വിശ്വാസികൾ, ദൈവമക്കൾ ആരും അതംഗീകരിച്ചില്ല. അംഗീകരിക്കാത്തവരെ ചക്രവർത്തി കൊന്നു.

യോഹന്നാൻ ശ്ലീഹായെ ചക്രവർത്തി പിടിച്ചു. യോഹന്നാൻശ്ലീഹാ പറഞ്ഞു: സാക്ഷാൽ ക്രിസ്തുവാണ് ദൈവം. ഞാൻ ബിംബത്തെ നമസ്ക്കരിക്കില്ല. ഞാൻ രാജാവിനെ ദൈവമായിട്ട് കാണുന്നില്ല. രാജാവിന് ദേഷ്യം വർദ്ധിച്ചു. രാജാവ് തിളച്ച എണ്ണയിലേയ്ക്ക് യോഹന്നാൻശ്ലീഹായെ എടുത്തിടുവാൻ കല്പിച്ചു. യോഹന്നാൻശ്ലീഹായ്ക്ക് ഒരു കേടും ഒരു ദോഷവും സംഭവിക്കുന്നില്ല. കുറെനേരം തിളച്ച എണ്ണയിലിട്ടു. എണ്ണ തിളപ്പിച്ചു. പക്ഷേ, അല്പംപോലും കേടു

വരുന്നില്ല. ഒരു രോമം പോലും പിഴുതുപോയില്ല.

ചക്രവർത്തിക്ക് അമ്പരപ്പായി. ഇവനെ ഇനി എന്തുചെയ്യും? ഇവനെ കൊല്ലാൻ പറ്റുന്നില്ലല്ലോ. ചക്രവർത്തി യോഹന്നാൻശ്ലീഹായെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തി. പത്മോസിലെ ഒരു ഗുഹയിൽ അപ്പൊസ്തലൻ ഏകാകിയായിക്കഴിയുകയാണ്. അത്യാവശ്യം ജീവൻ നിലനിർത്താനുള്ള ഭക്ഷണം കൊടുക്കും. പത്മോസ്ദ്വീപ് പത്ത് മൈൽ നീളവും അഞ്ച് മൈൽ വീതിയുമുള്ള ഒരു ചെറിയ ദ്വീപാണ്. ആ ദ്വീപിൽ യോഹന്നാൻശ്ലീഹാ ഏകാകിയായി കഴിയുകയാണ്.

യോഹന്നാൻശ്ലീഹാ അവിടെ ഇരുന്നപ്പോഴോർത്തു: എന്തോരു യാതന നിറഞ്ഞ ജീവിതം! എന്തൊരു കഷ്ടപ്പാടുള്ള ജീവിതം! അപ്പോൾ അപ്പൊസ്തലന് ഒരു കാര്യം ഓർമ്മ വന്നു, എനിക്ക് മാത്രമല്ലല്ലോ; എനിക്ക് മരണം വന്നില്ല. കർത്താവ് തരുന്നിടത്തോളം ആയുസ്സ് ജീവിക്കാം. പക്ഷേ, എത്രയോ ദൈവമക്കൾ മരിക്കുന്നു, എത്രയോ ദൈവമക്കളെ നിഷ്ക്കരുണം വധിക്കുന്നു. കൈകൾ വെട്ടുന്നു, കാലുകൾ വെട്ടുന്നു, ശരീരം തുണി ചുറ്റി തൂണിനോട് ചേർത്ത് കെട്ടിയിട്ട് ശരീരത്തിൽ എണ്ണയൊഴിച്ച് തീ കത്തിക്കുന്നു. ജീവനുള്ള ശരീരം പന്തമായി കത്തി നിൽക്കുന്നു. നീറോചക്രവർത്തി അതുകണ്ട് രസിച്ചു. തന്റെ അരമനയുടെ മട്ടുപ്പാവിൽ നിന്നുകൊണ്ട് എന്തു മനോഹരമായ കാഴ്ച എന്നുപറഞ്ഞ് ചക്രവർത്തി രസിച്ചു. പാവപ്പെട്ട ദൈവമക്കൾ പന്തംപോലെ കത്തിക്കത്തി തീർന്നു.

എന്നാൽ യോഹന്നാൻശ്ലീഹായ്ക്ക് ഇങ്ങനെയുള്ള ഭീകരമായ മരണത്തിന്റെ യാതനകൾ വന്നെങ്കിലും അതൊന്നും അദ്ദേഹത്തെ ബാധിച്ചില്ല. ദൈവം കൃപചെയ്തു, യോഹന്നാൻശ്ലീഹാ പിന്നെയും ദീർഘായുസ്സോടിരുന്നു.

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ വഴികൾ ആർക്കറിയാം!

മനുഷ്യന് വേണമെങ്കിൽ ചിന്തിക്കാം; ദൈവത്തിന് തക്കസമയത്ത് ഇടപെടാമായിരുന്നല്ലോ, ദൈവത്തിന് അത്ഭുതം പ്രവർത്തിക്കാമായിരുന്നല്ലോ, യോഹന്നാൻശ്ലീഹായെ രക്ഷിക്കാമായിരുന്നല്ലോ, ദൈവമക്കളെ രക്ഷിക്കാമായിരുന്നല്ലോ എന്ന്. എന്നാൽ ദൈവത്തിന്റെ വഴികൾ ആരറിഞ്ഞു! ക്രിസ്തീയമാർഗ്ഗം സന്തോഷത്തിന്റെ മാർഗ്ഗമല്ല, ക്രൂശിന്റെ വഴിയാണ്. ഇത് യാതനയിൽ പിടയുന്ന വഴിയാണ്.

യോഹന്നാൻശ്ലീഹാ അവിടെ കിടക്കുമ്പോൾ സ്വർഗ്ഗീയ ദർശനങ്ങളെ കണ്ടു. സ്വർഗ്ഗീയദർശനങ്ങൾ! അപ്പോഴാണ് ഒരു വചനം കിട്ടിയത്:

> *"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമ്മേൻ."*
>
> *വെളിപ്പാട് 1 : 7*

വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്, കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന് രണ്ടു പതനങ്ങളുണ്ട്, രണ്ടുഘട്ടങ്ങളുണ്ട് എന്നാണ്.

ഒന്നാമത്തെ ഘട്ടം കർത്താവ് മേഘത്തിൽ വരുന്നതാണ്. രണ്ടാമത്തെ ഘട്ടം കർത്താവ് മഹത്വത്തിൽ പ്രത്യക്ഷനാകുന്നതാണ്. ആരും നിരൂപിക്കാത്ത സമയത്ത്, ആരും പ്രതീക്ഷിക്കാത്ത സമയത്ത് കർത്താവ് മേഘത്തിൽ വരും. കർത്താവിന്റെ ഗംഭീരനാദം മുഴങ്ങും. പ്രധാന ദൂതനായ മീഖായേലിന്റെ ശബ്ദം മുഴങ്ങും. ദൈവത്തിന്റെ കാഹളം മുഴങ്ങും. അപ്പോൾ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവരിൽ ക്രിസ്തുവിനോടുകൂടിയുള്ളവർ മാത്രം പറന്നുയരും. അപ്പോൾ ഈ ഭൂമിയിൽ നിന്ന് വാങ്ങിപ്പോയവരിൽ, ക്രിസ്തുവിൽ മരിച്ചവർ മാത്രം പറന്നുയരും.

ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. ക്രിസ്തുവിനോടു കൂടെയുള്ളവർ രൂപാന്തരപ്പെടും. അങ്ങനെ ക്രിസ്തുവിന്റെ സന്നിധിയിലേക്ക്, മദ്ധ്യാകാശത്തിലേക്ക് പറന്നുയരും. അതിനെക്കുറിച്ചാണ് നമ്മുടെ പിതാക്കന്മാർ പാടുന്നത്:

“മൃതരേ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.”

നയവാന്മാർ മാത്രമേ പോവുകയുള്ളു. നീതിമാന്മാർ, വിശുദ്ധന്മാർ മാത്രമേ പറന്നുയരുകയുള്ളു.

പ്രിയപ്പെട്ടവരേ, ഭയപ്പെടേണ്ട കാര്യമാണ്. എല്ലാവരും പറന്നുയരുകയില്ല. എല്ലാവരും രൂപാന്തരപ്പെടുകയില്ല. കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ വിശുദ്ധന്മാർ മാത്രം പറന്നുയരും. അന്ന് അവനെ കുത്തിത്തുളച്ചവരും എല്ലാവരും വിലപിക്കും, അയ്യോ! നഷ്ടപ്പെട്ടുപോയല്ലോ. ക്രിസ്തുവിനെ ഞാൻ ക്രൂശിച്ചല്ലോ, ക്രിസ്തുവിനെ ഞാൻ കുത്തിത്തുളച്ചുപോയല്ലോ. ക്രിസ്തുവിന്റെ ചങ്കിലേക്ക് ഞാനാണല്ലോ കുന്തംകൊണ്ട് കുത്തിയത്. എന്റെ ഹൃദയത്തിൽ നിന്നാണല്ലോ ചീത്ത ചിന്തകൾ വന്നത്. എന്റെ ഹൃദയത്തിലാണല്ലോ അശുദ്ധ മോഹങ്ങളുണ്ടായത്.

എന്റെ കണ്ണിലേക്കാണല്ലോ തുപ്പേണ്ടിയിരുന്നത്. എന്റെ കണ്ണിൽ അശുദ്ധമായ മോഹങ്ങളുണ്ടായിരുന്നല്ലോ.അശുദ്ധിയോടെ ഞാൻ നോക്കിപ്പോയല്ലോ. എന്റെ കർത്താവേ, കണ്ണിൽക്കൂടി വ്യഭിചാരം എന്റെ ഹൃദയത്തിൽ വന്നുപോയല്ലോ. എന്റെ ജീവനുള്ള ദൈവമേ, അശുദ്ധ പടങ്ങൾ കണ്ടുപോയല്ലോ.

തെറ്റുകൾ ഓർമ്മവരും. പക്ഷേ, ഫലമില്ല, സമയം കഴി

ഞ്ഞു. അവനെ കുത്തിത്തുളച്ചവരും എല്ലാവരും അവനെ ചൊല്ലി വിലപിക്കും. എല്ലാവരും കൂട്ടത്തോടെ വിലപിക്കും, നഷ്ടപ്പെട്ടുപോയല്ലോ!

ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും. രണ്ടും ചേർത്തു പറഞ്ഞിരിക്കയാണ്. രണ്ടാമത്തെ വരവിന്റെ ആദ്യഘട്ടവും രണ്ടാമത്തെ വരവിന്റെ രണ്ടാം ഘട്ടവും ചേർത്ത് പറഞ്ഞിരിക്കയാണ്. ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണുമെന്നു പറയുന്നത് എല്ലാവരും കാണുന്ന ഒരു സമയമുണ്ട്. അത് കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ, പുനരാഗമനത്തിന്റെ രണ്ടാം ഘട്ടമാണ്. അതിനെക്കുറിച്ചാണ് സെഖര്യാ പ്രവാചകൻ പറയുന്നത്.

> *"അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും; ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയോരു താഴ്വര ഉളവായ്‌വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും. എന്നാൽ മലകളുടെ താഴ്‌വര ആസൽ വരെ എത്തുന്നതുകൊണ്ടു നിങ്ങൾ എന്റെ മലകളുടെ താഴ്‌വരയിലേക്കു ഓടിപ്പോകും; യഹൂദാരാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപ്പോകും; എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകലവിശുദ്ധന്മാരും വരും." സെഖര്യാവ് 14 : 4, 5*

അന്നാളിൽ യേശുക്രിസ്തുവിന്റെ കാൽ യെരൂശലേമിനു കിഴക്ക് ഒലിവ്മലയിൽ നിൽക്കും. എല്ലാവരും കാൺകെ ഒലിവുമലയിലേക്ക് അക്ഷരികമായി കർത്താവിറങ്ങിവരും. ഒലിവുമലയിൽ നിന്നാണ് കർത്താവ് സ്വർഗ്ഗാരോഹണം

ചെയ്തത്. ഒലിവുമലയിലേക്കു തന്നെ കർത്താവ് വീണ്ടും എഴുന്നള്ളിവരും. യെരൂശലേമിനെതിരെയുള്ള ഒലിവുമല യിൽ കർത്താവ് എഴുന്നള്ളി വന്നു നിൽക്കും. അന്ന് ഈ ഭൂമി യിൽ അന്തിക്രിസ്തു ഭരിക്കുകയായിരിക്കും.

ആ ഏഴുവർഷം അന്തിക്രിസ്തുവിന്റെ ഭരണത്തിന്റെ കാലമായിരിക്കും. കർത്താവായ യേശുക്രിസ്തുവിന്റെ സന്നി ധിയിലേയ്ക്ക് വിശുദ്ധന്മാർ ചേർക്കപ്പെട്ടതിനുശേഷം അന്തി ക്രിസ്തുവിന്റെ ഭരണമായിരിക്കും. ആ ഭയാനകമായ ഭരണം മഹോപദ്രവകാലമായിരിക്കും. The great tribulation! ആ മഹോ പദ്രവകാലത്ത് എല്ലാവരും പീഡിപ്പിക്കപ്പെടും. വലിയ കഷ്ടത കൾ ഉണ്ടാകും; വലിയ യാതനകൾ ഉണ്ടാകും.

ആ യാതനയുടെ കാലംകഴിഞ്ഞ് കർത്താവായ യേശു വീണ്ടും വരുമ്പോൾ അന്തിക്രിസ്തുവിനെ അവൻ ബന്ധി ക്കും. വലിയൊരു യുദ്ധമുണ്ടാകും. അതാണ് ഒടുവിലത്തെ യുദ്ധം. അതാണ് ഹർമ്മഗെദ്ദോൻ യുദ്ധം! മെഗീദ്ദോ താഴ്വര യിലുള്ള ആ ഭയങ്കരമായ യുദ്ധത്തിൽ അന്തിക്രിസ്തുവിനെ കർത്താവ് ബന്ധിക്കും. അന്തിക്രിസ്തുവിനേയും കള്ളപ്രവാ ചകനേയും ബന്ധിച്ച് അവരെ പാതാളത്തിന്റെ ഗഹ്വരങ്ങളിലേ ക്കയക്കും. അവരെ തീപ്പൊയ്കയിലേക്ക് തള്ളിയിടും.

അവിടെ അവർ നിത്യതയോളം ദണ്ഡനമനുഭവിക്കേ ണ്ടിവരും. എന്നാലോ യേശുക്രിസ്തുവിലുള്ളവർ മാത്രം കർത്താവിന്റെ സന്നിധിയിലേക്ക് എടുക്കപ്പെട്ടിരിക്കും. അവർ യേശുവിനോടുകൂടെ സ്വർഗ്ഗോന്നതികളിലേക്ക് കയറിപ്പോകും. മദ്ധ്യാകാശത്തിൽ വച്ച് സന്ധിച്ചതിനുശേഷം സ്വർഗ്ഗത്തിലേക്ക് യേശുക്രിസ്തുവിന്റെ മണവാട്ടിസഭയോടുകൂടി കയറിപ്പോകും.

അതിനുശേഷം അന്തിക്രിസ്തുവിന്റെ ഭരണത്തിന്റെ ഏഴുകൊല്ലം കഴിയുമ്പോൾ കർത്താവ് സർവ്വസൈന്യങ്ങളോ ടുകൂടെ ഈ ഭൂമിയിലേക്ക് എഴുന്നള്ളിവരും.

*"കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ."*

*2 തെസ്സലോനിക്യർ 1 : 6, 7*

ദൈവസന്നിധിയിൽ നമുക്ക് നീതി ലഭിക്കും. എന്നാലോ അനേകമനേകം ആളുകൾ കർത്താവായ യേശുക്രിസ്തുവിന്റെ അഗ്നിജ്വാലയിൽ തകർന്നു പോകും, കത്തിപ്പോകും.

മേഘപ്രത്യക്ഷതയിൽ നാം സ്വീകരിക്കപ്പെടണം. ഇത് കെട്ടുകഥപോലെയോ, കടങ്കഥ പോലെയോ കണക്കാക്കരുത്. ഇതെല്ലാം സംഭവിക്കാൻ പോകുകയാണ്. എന്നെന്നറിഞ്ഞുകൂടാ, എപ്പോൾ എന്നറിഞ്ഞുകൂടാ ഒരു ദിവസം, നാമാരും തീരുമാനിക്കാത്ത സമയത്ത്, നാമാരും ആഗ്രഹിക്കാത്ത സമയത്ത്, നാമാരും പ്രതീക്ഷിക്കാത്ത സമയത്ത് യേശുക്രിസ്തു മദ്ധ്യാകാശത്തിൽ വരും. വലിയ ഇടിമുഴക്കം കേൾക്കും. ഏതോ ഇടി മുഴങ്ങുകയാണെന്നേ തോന്നുകയുള്ളൂ. ഭയങ്കരമായി ഭൂമി കുലുങ്ങുകയാണ്, ഭൂമി പൊട്ടിത്തെറിക്കുകയാണെന്ന് തോന്നും. വലിയ ശബ്ദകോലാഹലമുണ്ടാകും. വിശുദ്ധന്മാർ മാത്രം എടുക്കപ്പെടും.

*"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു."*

*വെളിപ്പാട് 20 : 6*

അതാണ് പിതാക്കന്മാർ പാടുന്നത്:

"കരുണനിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ
നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ"

ഞങ്ങളുടെ വാങ്ങിപ്പോയവരിൽ കനിയണമേ. അവർ നിന്നിൽ ശരണത്തോടെ കടന്നു പോയവരാണല്ലോ. അവർ ജീവിതം കർത്താവിനു സമർപ്പിച്ച് കടന്നുപോയവരാണല്ലോ. അവർ ജീവിതവിശുദ്ധി എന്തെന്നനുഭവിച്ച് കടന്നുപോയവരാണല്ലോ. നിന്നിൽ ശരണത്താൽ നിദ്രയിലായി, നിന്റെ വരവിനു കാത്തീടും മൃതർ ഇന്ന് പാതാളത്തിൽ ഉറങ്ങുന്നു. അവരെ ഉണർത്തി, അവരെ ഉദ്ധരിച്ച് അവർക്ക് ഉയിർത്തെഴുന്നേൽപ്പു കൊടുത്ത്, അവരെ കൈക്കൊള്ളണമേ.

നാം ഇന്ന് യേശുക്രിസ്തുവിന്റെ ശരണത്തിലാകണം. ക്രിസ്തുവും നാമും തമ്മിൽ ഒന്നായിത്തീരണം. ക്രിസ്തുവിന്റെ ആത്മാവാകുന്ന പരിശുദ്ധ റൂഹായും നാമും ഒന്നായിത്തീരുന്ന ഒരനുഭവമുണ്ട്. നമ്മുടെ ജീവിതത്തിൽ അഴുക്കിനിടമില്ലാത്ത ഒരവസ്ഥയുണ്ട്. നമ്മുടെ ഹൃദയത്തിൽ നിന്ന് കർത്താവായ യേശുക്രിസ്തു തന്റെ രക്തത്താൽ പാപങ്ങളെല്ലാം കഴുകിത്തരുന്ന ഒരവസ്ഥയുണ്ട്. നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകിത്തരും.

കൊലപാതകം നടന്നോ? വാടകക്കൊലയ്ക്കു പോയോ? കൂലിത്തല്ലിനു പോയോ? മോനേ, നീ കവർച്ചയ്ക്കു കൂട്ടുകൂടിയോ? കുഞ്ഞേ, നിന്റെ ജീവിതത്തിൽ അരുതാത്തതൊക്കെ സംഭവിച്ചോ? മ്ലേച്ഛമായ, ഏറ്റവും ഹീനമായ, നികൃഷ്ടമായ കാര്യങ്ങളിൽ നീ ഇടപെട്ടു പോയോ? ദൈവപൈതലേ, ഭയപ്പെടേണ്ട, ദൈവം നിന്നെ സ്നേഹിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു.

മകളേ, നിന്റെ ജീവിതത്തിൽ അനർത്ഥങ്ങൾ സംഭവിച്ചുവോ? നിന്റെ ശരീരത്തിന്റെ അവയവങ്ങൾ അശുദ്ധിയ്ക്ക് വിട്ടുകൊടുത്തുവോ? അരുതാത്ത ബന്ധങ്ങളിലേക്കു നീ പോയോ? നീ കോപിച്ചു വിറഞ്ഞ്, പരിഭവിച്ച്, വഴക്കടിച്ച് ഭർത്താവിനെ പിരിഞ്ഞു പോയോ? നിന്റെ ജീവിതത്തിൽ നീ കുടുംബകലഹം ഉണ്ടാക്കിയോ? നിന്റെ വീട്ടിൽ അമ്മായി അമ്മയും മരുമകളും തമ്മിലുള്ള വഴക്കിന് നീ ഒരു കാരണക്കാരിയായോ? നിന്റെ ഭർത്താവ് നിന്നെ ഓർത്തു വിലപിച്ചു കരയുന്നുണ്ടോ? കുടുംബത്തിൽ നീ സമാധാനപുത്രി ആയിരുന്നുവോ? കുഞ്ഞേ, നീ താമസിച്ച ഹോസ്റ്റലിൽ നീ ദൈവപൈതലായിരുന്നുവോ? നീ ഒരു വിളക്കായിരുന്നുവോ?

പ്രിയപ്പെട്ടവരേ, അങ്ങനെ നിങ്ങൾ കർത്താവായ യേശുവിന്റെ നാമത്തിൽ വിശുദ്ധരായി നിന്നവരാണെങ്കിൽ, യേശുക്രിസ്തു വീണ്ടും വരുമ്പോൾ നിങ്ങൾ ഉദ്ധാരണം ചെയ്യപ്പെടും. നിങ്ങൾ ഉദ്ധരിക്കപ്പെടും. നിങ്ങൾ ഉയിർത്തെഴുന്നേൽക്കും.

അല്ലെങ്കിൽ നിങ്ങൾ കരയേണ്ടിവരും. മഹാപീഡനകാലത്ത് ദുരിതം അനുഭവിക്കേണ്ടിവരും. മഹോപദ്രവകാലത്ത് യാതന അനുഭവിക്കേണ്ടിവരും. കരഞ്ഞ് വിലപിച്ച്, അറുതിയില്ലാത്ത കരച്ചിലിൽ നിങ്ങളുടെ ജീവിതം തീർക്കേണ്ടിവരും. ഈ ഭൂമിയിലും നരകയാതനയായിരിക്കും പോരാ, കടന്നുചെല്ലുമ്പോഴും നിത്യാഗ്നിയായിരിക്കും.

പ്രിയപ്പെട്ടവരേ, നിങ്ങളെ ഭയപ്പെടുത്താൻ പറയുകയല്ല, വേദപുസ്തകം പറയുന്നതാണ്. വേദപുസ്തകത്തിൽ പറയുന്ന നിത്യാഗ്നി എന്നൊന്നുണ്ട്. ചിലർ പറയും നിത്യാഗ്നിയെന്നൊന്നില്ല, പേടിക്കാനില്ല, ദൈവം സ്നേഹമല്ലേ എന്ന് അതെല്ലാം വിശ്വാസവിപരീതമാണ്. അതെല്ലാം പിശാചിന്റെ തന്ത്രങ്ങളാണ്, സാത്താന്റെ വചനങ്ങളാണ്. നിത്യാഗ്നിയെക്കുറിച്ച്, അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകുമെന്ന്

കർത്താവ് പറഞ്ഞിട്ടുണ്ട്. ഇവർ നിത്യജീവങ്കലേക്കും അവർ നിത്യശിക്ഷാവിധിയിലേക്കും പോകുമെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. നിത്യത, നിത്യമാണത്. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.

ആകയാൽ പ്രിയപ്പെട്ടവരേ, ഇന്ന് ഈ വചനം വായിക്കുമ്പോൾ നിങ്ങൾക്ക് മനം തിരിയാം. ക്രിസ്തുവിന്റെ വരവിനുവേണ്ടി ഒരുങ്ങാം. നിങ്ങളുടെ ജീവിതത്തെ ക്രിസ്തുവിന്റെ പാദപീഠത്തിങ്കൽ സമർപ്പിക്കാം. യേശുക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിലേക്ക് നിങ്ങൾക്ക് വിശ്വാസത്താൽ അണഞ്ഞുവരാം. ഏത് ഘോരപാതകിക്കും അടുത്തു ചെല്ലാം. ഏത് നിഷ്ഠൂരമനുഷ്യനും അടുത്തുചെല്ലാം. യേശുക്രിസ്തു എല്ലാവർക്കും അടുക്കാൻ തക്കവണ്ണം ഇന്ന് സമീപസ്ഥനാണ്.

ഇന്നിതാ നിങ്ങളുടെ അരികിലേക്ക് യേശുക്രിസ്തു നടന്നുവരുന്നുണ്ട്. ക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നുണ്ട്. നിങ്ങൾ യേശുവിനെ വിളിക്കുക: കർത്താവേ, എന്റെ ഹൃദയത്തിലേക്ക് നടന്നു കയറണമേ. എന്റെ ഈ പാപം നിറഞ്ഞ ഹൃദയത്തിലേക്കു വരണമേ. എന്റെ നിഷ്ഠൂരത നിറഞ്ഞ, ദുഷ്ടത നിറഞ്ഞ ഹൃദയത്തിലേയ്ക്ക് എഴുന്നള്ളി വരണമേ. സ്വാർത്ഥത നിറഞ്ഞ, ദ്രവ്യാഗ്രഹം നിറഞ്ഞ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ അഹങ്കാരം നിറഞ്ഞ ഹൃദയത്തിലേക്ക് എഴുന്നള്ളി വരേണമേ. അശുദ്ധി നിറഞ്ഞ, അലസത മുറ്റിയ, അവിവേകവും അഭക്തിയും നിറഞ്ഞ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. നിങ്ങളുടെ വിളി കേട്ട് അവൻ അകത്തേക്കു വരും. അകത്തു വന്നാലോ അവൻ വിരുന്നുകാരനായിട്ടല്ല ഇരിക്കുന്നത്, വീട്ടുകാരനായി മാറും.

സ്നേഹിതരേ, വരുവിൻ യേശുവിന്റെ അരികിലേക്ക്. വിളിക്കുവിൻ യേശുവിന്റെ സ്നേഹത്തെ. ആർദ്രതയോടെ, കണ്ണുനീരോടെ വന്ന് അവന്റെ പാദത്തെ കെട്ടിപ്പിടിപ്പിൻ.

കർത്താവേ, നിന്റെ രണ്ടാമത്തെ വരവിൽ എന്നെക്കൂടെ ചേർത്തുകൊള്ളേണമേ. മശിഹാ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെക്കൂടെ നീ ഓർത്തുകൊള്ളേണമേ.

വീഴുവിൻ അവന്റെ പാദപീഠത്തിങ്കൽ. അവൻ നിങ്ങൾക്ക് ആശ്വാസം തരും. അവൻ നിങ്ങളെ അനുഗ്രഹിക്കും. തൃക്കരം നിങ്ങളുടെമേൽ വച്ച് അവൻ നിങ്ങളെ അനുഗ്രഹിക്കുകയും അവന്റെ പേര് നിങ്ങളുടെ നെറ്റിയിൽ എഴുതി വയ്ക്കുകയും ചെയ്യും. അവന്റെ വചനം നിന്റെ നെറ്റിയിൽ എഴുതി വയ്ക്കും. ഇവൻ യഹോവയ്ക്ക് വിശുദ്ധം എന്നെഴുതി വയ്ക്കും. ജീവനുള്ള ക്രിസ്തുവിന്റെ മുദ്ര നിങ്ങൾക്കു തരും.

## അഞ്ച്

*“നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിൽ ആയിരുന്നു. കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി.”*

*വെളിപ്പാട് 1 : 9, 10*

അപ്പൊസ്തലനായ വിശുദ്ധ യോഹന്നാൻ അനുഭവസാക്ഷ്യം പറയുകയാണ്: നിങ്ങളുടെ സഹോദരൻ! ആത്മീയമായി നിങ്ങളുടെ എല്ലാവരുടേയും സഹോദരനാണ് താനെന്ന് അപ്പൊസ്തലൻ ഇവിടെ പറയുകയാണ്. ഞാൻ യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമാണ്. അതൊരു സവിശേഷയോഗ്യത (special qualification) ആയിട്ടാണ് യോഹന്നാൻ ശ്ലീഹാ കാണുന്നത്. യേശുവിന്റെ കഷ്ടതയിൽ കൂട്ടാളിയാണ്. യേശുവിന്റെ രാജ്യത്തിൽ കൂട്ടാളിയാണ്. യേശുവിന്റെ സഹിഷ്ണുതയിൽ കൂട്ടാളിയാണ്. ഒരു വലിയ പദവിയാണത്. യേശുക്രിസ്തു അനുഭവിച്ച കഷ്ടതയിൽ ഞാനും കൂട്ടാളിയാണ്.

എന്താണ് ക്രിസ്തീയജീവിതം? ക്രിസ്തീയജീവിതം പൂമെത്തയല്ല. ക്രിസ്തീയജീവിതം സുഖപ്രദമായ ഒരു കുസുമശയ്യ അല്ല. ക്രിസ്തീയജീവിതം മുള്ളുനിറഞ്ഞതാണ്. ദുരിതവും യാതനയും നിറഞ്ഞത്, ആക്ഷേപവും പരിഹാ

സവും തിങ്ങുന്നത്. ഹൃദയം പിളർന്ന് പോകത്തക്കവിധമുള്ള കുത്തുവാക്കുകളും മുള്ളുവാക്കുകളും കേട്ട് ഒരുപക്ഷേ നാം വാടിപ്പോകാവുന്ന സാഹചര്യം വരാവുന്നതാണ്.

ക്രിസ്തീയജീവിതത്തിൽ ഒട്ടേറെ യാതനകളുണ്ട്. കഷ്ടതകളുണ്ട്. കാരണം, ക്രിസ്തു കഷ്ടതയുടെ പ്രതീകമായിരുന്നു. ക്രിസ്തു യാതനയും കഷ്ടതയുമേറ്റ് ക്രൂശിൽപിടഞ്ഞവനാണ്. ക്രൂശിലെ വേദന മാത്രമല്ല, എല്ലായിടത്തും അപമാനമല്ലേ ഉണ്ടായിരുന്നത്? എവിടെയും അവഗണനയും അപമാനവും ഒറ്റപ്പെടുത്തലും മാത്രം. യേശുക്രിസ്തു നന്മ മാത്രമേ ചെയ്തുള്ളു. എവിടെ വേദനയുണ്ടോ, വേദന ശമിപ്പിച്ചിട്ടേയുള്ളു: എവിടെ ദു:ഖമുണ്ടോ, ദു:ഖം മാറ്റിയിട്ടേയുള്ളു. എവിടെ രോഗമുണ്ടോ, രോഗസൗഖ്യം കൊടുത്തിട്ടേയുള്ളു.

എല്ലായ്പ്പോഴും യേശുക്രിസ്തു നന്മ മാത്രം ചെയ്തു. പക്ഷേ, അന്നത്തെ മനുഷ്യസമൂഹം യേശുക്രിസ്തുവിനെ ഒരു എതിരാളിയായി കണ്ടു. സഭയ്ക്കെതിരാളിയാണെന്നു കണ്ടു. സമൂഹത്തിനെതിരാളിയാണെന്നു കരുതി. യെരൂശലേം ദേവാലയത്തിനെതിരാളിയാണെന്നു ചിന്തിച്ചു. യെരൂശലേം ദേവാലയത്തിന്റെ പാരമ്പര്യത്തിന് എതിരാണെന്നു കണ്ടു. യെരൂശലേം ദേവാലയത്തിലെ മഹാപുരോഹിതന്മാർക്കെതിരാണെന്നു വിശ്വസിച്ചു. അതൊന്നും സത്യമായിരുന്നില്ലതാനും.

മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി എഴുന്നള്ളി വന്ന കർത്താവായ യേശുക്രിസ്തു തന്റെ ജീവൻ ബലി അർപ്പിച്ചത് ഓരോ മനുഷ്യന്റേയും പാപത്തിനു പരിഹാരമായിട്ടാണ്. അതിന് അവഗണന നേരിടണമായിരുന്നു. പരിഹാസം നേരിടണമായിരുന്നു. ശരീരത്തിൽ വേദന നേരിടണമായിരുന്നു. മനസ്സിൽ വേദന ഏൽക്കേണ്ടതുണ്ടായിരുന്നു. കർത്താവ് അതിദു:ഖത്തോടെ ഞരങ്ങിക്കരയുന്ന യേശുവിന്റെ ഉള്ളം നൊന്തുവിങ്ങിയ അനുഭവങ്ങൾ ധാരാളമുണ്ട്.

ഈ ജനം എന്നെ തിരിച്ചറിയുന്നില്ലല്ലോ, ഞാൻ എന്തു നന്മ ചെയ്തിട്ടും ഇവർ ഇതു മനസ്സിലാക്കുന്നില്ലല്ലോ എന്ന് കർത്താവ് ദു:ഖിച്ചു. കർത്താവ് മൂന്നര കൊല്ലമാണ് പരസ്യശുശ്രൂഷ ചെയ്തത്. ആ പരസ്യ ശുശ്രൂഷയുടെ നാളുകളെല്ലാം ദു:ഖത്തിന്റെ നാളുകളായിരുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തു സമാധാനം കണ്ടെത്തി. തന്റെ പിതാവിനോടുള്ള സഖിത്വത്തിൽ, പിതാവിനോടുള്ള സംസർഗ്ഗത്തിൽ, പിതാവിന്റെ സാന്നിദ്ധ്യം അനുഭവിക്കുന്നതിൽക്കൂടെ മാത്രം യേശു സന്തോഷം കണ്ടെത്തി.

പ്രിയപ്പെട്ടവരേ, നമുക്കും ജീവിതത്തിൽ ഒറ്റപ്പെടുത്തലുകൾ ഉണ്ടാകും. നമ്മുടെ കുടുംബത്തിൽത്തന്നെ പ്രശ്നങ്ങളുണ്ടാകും. മക്കളിൽ നിന്നോ, മാതാപിതാക്കളിൽനിന്നോ നമുക്ക് ദുരിതം ഏൽക്കേണ്ടിവരും. താങ്ങാൻ വയ്യാത്ത ചില പ്രശ്നങ്ങളോ, പ്രയാസങ്ങളോ കുടുംബത്തിൽ ഉണ്ടായി എന്നു വരും. കുടുംബത്തിൽ മാത്രമല്ല നാം ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ചില പ്രശ്നങ്ങൾ ഉണ്ടായി എന്നു വരും. പലരും നമ്മെ ഒറ്റപ്പെടുത്തി എന്നു വരും. നമ്മെ കുത്തിമുറിവേൽപ്പിക്കുന്ന രീതിയിലുള്ള കഠോരവാക്കുകൾ അവർ ഉച്ചരിച്ചു എന്നു വരും. മാത്രമല്ല, എല്ലാറ്റിനും പുറമെ സഭയും സമൂഹവും നമ്മെ കൈവിട്ടു എന്നു വരും.

എന്നാൽ യേശുക്രിസ്തു എല്ലാം നേരിട്ടത് പിതാവിനോടുള്ള സഖിത്വത്തിന്റെ സന്തോഷം അനുഭവിച്ചുകൊണ്ടാണ്. നമുക്കും പ്രയാസങ്ങളും രോഗങ്ങളും പ്രശ്നങ്ങളും ദുരിതങ്ങളുമുള്ള ഈ ലോകജീവിതത്തിൽ കർത്താവായ യേശുക്രിസ്തുവിന്റെ സഖിത്വത്തിൽ ഇരുന്നുകൊണ്ട്, ക്രിസ്തുവിനോടുള്ള സംസർഗ്ഗത്തിൽ ഇരുന്നുകൊണ്ട് ഇതിനെയെല്ലാം അഭിമുഖീകരിക്കാൻ സാധിക്കും.

ശരീരത്തിൽ വേദനയുള്ള സമയങ്ങളുണ്ട്. മനസ്സ്

നൊന്തുവിങ്ങുന്ന, ഹൃദയം തകർന്ന് പൊടിഞ്ഞ് വിഷമിക്കുന്ന സമയങ്ങളുണ്ട്. മുന്നോട്ടൊരു ഗതി കാണാതെ, എന്തുവേണ്ടൂ എന്നറിയാതെ വിഷമിച്ചു നിരാശയിലാണ്ടുപോകുന്ന സമയങ്ങളുണ്ട്; അപ്പോഴെല്ലാം കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം കിട്ടിയാൽ മതി. ക്രിസ്തുവിന്റെ സാന്നിദ്ധ്യം കിട്ടുന്നത് കൃപയാണ്! അതൊരു മഹാഭാഗ്യവുമാണ്! എപ്പോഴും ക്രിസ്തു നമ്മുടെ കൂടെയുണ്ട് എന്നുള്ള ഉറപ്പുകിട്ടുക. നിങ്ങൾക്കും ആ ഉറപ്പ് കിട്ടും, നമ്മുടെ ജീവിതത്തിൽ പാപം വരാതെ നോക്കിയാൽ മാത്രം മതി.

പാപത്തിന്റെ സ്വാധീനം ജീവിതത്തിൽ നിന്ന് മാറിക്കഴിയുമ്പോൾ നാം സന്തോഷമുള്ളവരായിത്തീരും. നമ്മുടെ ഹൃദയം എപ്പോഴും പ്രസന്നമായിരിക്കും. ഒരുപക്ഷേ നമ്മുടെ മുഖം വാടിക്കാണുമ്പോഴോ, നമ്മുടെ ശരീരം മെലിഞ്ഞ് ക്ഷീണിക്കുമ്പോഴോ, ശരീരത്തിൽ രോഗം വരുമ്പോഴോ, അപ്പോഴെല്ലാം ഉള്ളം പ്രസന്നമായിരിക്കും. ഹൃദയം സന്തോഷഭരിതമായിരിക്കും. കാരണം, യേശുക്രിസ്തു നമ്മുടെ ഉള്ളത്തിലുണ്ട്.

യേശുക്രിസ്തു ഹൃദയത്തിൽ വസിക്കുന്നവനാണ് ഭാഗ്യവാൻ. ക്രിസ്തു ഉള്ളത്തിൽ വരുമ്പോൾ നമ്മുടെ ഹൃദയം തന്നെ മാറുകയാണ്. നമ്മുടെ സ്വഭാവം മാറും. മനോഭാവം മാറും. ചിന്താഗതികൾ മാറും. സ്വഭാവത്തിലുള്ള മാലിന്യങ്ങൾ മാത്രമല്ല, സ്വഭാവത്തിൽ മാറ്റേണ്ട, തിരുത്തേണ്ട പല കാര്യങ്ങളും നാം അറിയാതെ തന്നെ നമ്മിൽനിന്ന് മാറിപ്പോകും.

പ്രകാശം വരുമ്പോൾ അവിടെനിന്ന് ഇരുട്ടകലുന്നതുപോലെ യേശുക്രിസ്തു വരുമ്പോൾ ഹൃദയത്തിൽ നിന്ന് എല്ലാ അന്ധകാരാംശങ്ങളും മാറിപ്പോകും. പാപത്തിന്റെ എല്ലാ തിന്മകളും നമ്മിൽ നിന്ന് വിട്ടുപോകും.

ക്രിസ്തുവിന്റെ കഷ്ടതകളിൽകൂട്ടാളിയാവുക!

അപ്പൊസ്തലനായ പൗലോസ് പറയും:

*"നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു."*

*കൊലൊസ്യർ 1 : 24*

ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് ജഡത്തിൽ ഞാൻ പൂരിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ് അപ്പൊസ്തലൻ പറയുന്നത്. ഞാൻ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കഷ്ടതയ്ക്കുവേണ്ടി മനുഷ്യൻ നിയമിക്കപ്പെട്ടിരിക്കുന്നു. കഷ്ടത ജീവിതത്തിന്റെ ഭാഗമാണ്. ഒരു കാരണവശാലും നാം തളരരുത്.

ചിലർ നിരാശപ്പെട്ട് ആത്മഹത്യക്കു ശ്രമിക്കുന്നു. കടത്തിന്റെ ആധിക്യം മൂലം നിരാശപ്പെട്ട്, എങ്ങനെ മനുഷ്യരുടെ മുഖത്ത് നോക്കും, മരിക്കയല്ലേ നല്ലത് എന്നു ചിന്തിക്കുന്നു. ചിലപ്പോൾ സ്വന്തകുടുംബത്തിൽ തന്നെയുള്ള എതിർപ്പുകളോ, പ്രശ്നങ്ങളോ, ഭാര്യയും ഭർത്താവും തമ്മിലുള്ള ചില ഭിന്നതകളോ മൂലം ഞാനങ്ങു മരിച്ചേക്കാം, ഞാനങ്ങു വഴിമാറിക്കൊടുത്തേക്കാം എന്നു വിചാരിക്കുന്ന അനേകം ആളുകളുണ്ട്.

ഒരിക്കലും നാം ആത്മഹത്യക്ക് ഇടം കൊടുക്കരുത്. നമ്മുടെ ആത്മാവ് നിത്യനാശത്തിലേക്ക് പോകും. ആത്മഹത്യാപ്രവണതകൾ പൈശാചികമാണ്. സാത്താൻ ഉണ്ടാക്കുന്നതാണ്. ആത്മഹത്യയുടെ പിന്നിൽ വെറും നിരാശ മാത്രമല്ല, ആരോടോ ഉള്ള ചില വൈരാഗ്യങ്ങൾ തീർക്കലാണ്. ചില പകപോക്കലുകളാണ്. ആരോടെങ്കിലും ഉള്ള അസൂയയാകാം കോപാവേശമാകാം. ഏതു വിധത്തിലാണെങ്കിലും പിശാച് കയറി വരുന്നതുകൊണ്ടാണ് ആത്മഹത്യാപ്രവണതകൾ വരു

ന്നത്.

ജീവിതത്തിൽ നിരാശാജനകമായ സാഹചര്യങ്ങൾ വരുമ്പോൾ യേശുക്രിസ്തുവിന്റെ കഷ്ടങ്ങളിലേക്കു മാത്രം നോക്കുക.

> *"വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ." എബ്രായർ 12 : 2, 3*

നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു പോയി എന്നു വരാം. മടുത്തുപോയി എന്നു വരാം. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ, പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ നിങ്ങൾ ഓർത്തുകൊൾവിൻ. യേശുക്രിസ്തുവിനെ ധ്യാനിച്ചാൽ മതി. ഏറ്റവും അധികം വിരോധം സഹിച്ചവനായ യേശു. നന്മയ്ക്കു പകരം തിന്മ ലഭിച്ചിട്ടും ഒരു കൂസലുമില്ലാതെ, പരിഭവമില്ലാതെ, പരാതിയില്ലാതെ, പുഞ്ചിരിയോടെ അതിനെയെല്ലാം നേരിട്ട കർത്താവായ യേശുക്രിസ്തുവിനെ ഓർത്തുകൊൾവിൻ.

വലിയൊരു സന്തോഷം മുന്നിൽ വച്ചിരിക്കുന്നു. അതുകൊണ്ടാണ് ഈ നിന്ദ സഹിച്ചത്. എന്നന്നേക്കും നരകത്തിന്റെ ഭീകരദണ്ഡനത്തിലാണ്ടുപോകുമായിരുന്ന എത്രയോ പേരെയാണ് കർത്താവ് സ്വർഗ്ഗത്തിലാക്കിയത്? അങ്ങനെ അനേകം പേർക്ക് നിത്യജീവന്റെ മഹാസൗഭാഗ്യം ലഭിക്കുമെന്നുള്ള ഒരു വലിയ പ്രത്യാശകൊണ്ട്, പ്രതീക്ഷകൊണ്ട് "തന്റെ മുമ്പിൽ

വച്ചിരുന്ന സന്തോഷം അവനോർത്തു, അപമാനം അലക്ഷ്യ മാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുകയും ചെയ്തു.”

നമുക്കും കഷ്ടങ്ങളുണ്ട്. സന്തോഷത്തോടെ നാം അതിനെ അഭിമുഖീകരിക്കുക. നമുക്കും ഞെരുക്കങ്ങളുണ്ട്, സന്തോഷത്തോടെ അതിനെ സ്വീകരിക്കുക. നമ്മെക്കുറിച്ചും തെറ്റിദ്ധാരണകൾ പരക്കും, സന്തോഷത്തോടെ അഭിമുഖീകരിക്കുക.

*“നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ.” മത്തായി 5 :11, 12*

എല്ലാ തിന്മയും ആളുകൾ പറഞ്ഞു എന്നു വരും. ഒരു പക്ഷേ, ഇപ്പോൾ നമ്മെക്കുറിച്ച് എല്ലാ തിന്മയും പറയുന്നുണ്ടാവില്ല. എല്ലാ വൃത്തികേടും നമ്മെക്കുറിച്ച് പറയുന്നുണ്ടാവില്ല. എന്നാൽ നിങ്ങളെക്കുറിച്ച് എല്ലാ തിന്മയും കളവായി പറയും.

ഒരു നിമിഷംപോലും സ്വസ്ഥതയില്ലാതെ, വേദനയനുഭ വിക്കുന്ന ആളുകളുണ്ട്. മനസ്സ് വിങ്ങി വിഷമിക്കുന്ന ആളുക ളുണ്ട്. സന്തോഷം നഷ്ടപ്പെട്ടുപോകുന്നു. കുടുംബത്തിൽത്തന്നെ ചില ക്ലേശങ്ങൾ വരുന്നു. ഒട്ടും പ്രതീക്ഷിക്കാത്ത ചില അത്യാ ഹിതങ്ങളാണ് കുടുംബത്തിൽ വരുന്നത്. എങ്ങനെ അതിനെ അഭിമുഖീകരിക്കും?

പ്രയാസങ്ങളും പ്രശ്നങ്ങളുമുള്ള ഈ ലോകജീവിത ത്തിൽ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. നിങ്ങൾ വിശ്വസിക്കൂ. യേശുക്രിസ്തുവിന്റെ തിരുരക്തമൊഴുകുന്ന തിരുമാറിലേക്കു തല ചായ്ച്ചാൽ ആശ്വാസം ലഭിക്കും. യേശുക്രിസ്തുവിന്റെ പാദപീഠം കെട്ടിപ്പിടിക്കുക. ആണിപ്പാടുള്ള പാദം ചുംബിച്ചു

കൊണ്ട് യേശുവിനെ സ്തുതിക്കുക. യേശുവിനെ നമസ്ക്കരിക്കുക. യേശുവിനെ വാഴ്ത്തിപ്പാടുക. അപ്പോൾ ആശ്വാസം ലഭിക്കും.

കർത്താവേ, നീ എല്ലാ വേദനയും സഹിച്ചുവല്ലോ. നീ എല്ലാ തിന്മയും സഹിച്ചുവല്ലോ. നീ എല്ലാ ആക്ഷേപവും സഹിച്ചുവല്ലോ. ആരോടും പരാതിയില്ലാതെ, ഒന്നിനെക്കുറിച്ചും പ്രയാസമില്ലാതെ എല്ലാം നീ സഹിച്ചുവല്ലോ. കർത്താവേ, ഞാനിതാ എന്റെ ജീവിതത്തിലെ യാതനകളോടുകൂടെ എന്നെ നിനക്ക് സമർപ്പിക്കുന്നു.

യോഹന്നാൻ അപ്പൊസ്തലൻ പറയുകയാണ്: യേശുവിന്റെ കഷ്ടതയിൽ ഞാൻ പങ്കാളിയാണ്. ക്രിസ്തുവിന്റെ രാജ്യത്തിൽ പങ്കാളിയാണ്. ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളിയാണോ, ക്രിസ്തുവിന്റെ രാജ്യത്തിൽ പങ്കാളിയാകാം. മനസ്സ് ഉരുകിപ്പോകുന്നു. ഉള്ള് പൊള്ളിപ്പോകുന്നു. ചില യാതനകളേറ്റ് മനസ്സ് വാടുമ്പോൾ പ്രിയപ്പെട്ടവരേ നിങ്ങൾ ഓർത്തുകൊള്ളണം: കർത്താവേ, യേശുക്രിസ്തുവിന്റെ നാമത്തിൽ ഇതെല്ലാം ഞാൻ പുഞ്ചിരിയോടെ സഹിക്കുന്നു. നാഥാ! ഞാനിതെല്ലാം ഏറ്റുവാങ്ങുന്നു. നല്ലൊരു നാളെ സ്വർഗ്ഗത്തിൽ എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്നു. എനിക്കുവേണ്ടി മാത്രമല്ല, ഞാൻ ക്രിസ്തുവിനെ കൈക്കൊള്ളുന്നതുമൂലം എന്റെ മക്കൾക്ക്, എന്റെ മക്കളുടെ മക്കൾക്ക് തലമുറതലമുറയായി അനുഗ്രഹം.

കർത്താവേ, ഞാനൊരു ഭാഗ്യശാലിയായി തീർന്നല്ലോ. എന്നെ നീ തിരഞ്ഞെടുത്തല്ലോ. എന്നെ നിന്റെ മകനാക്കിത്തീർത്തല്ലോ. എന്റെമേൽ നിന്റെ നാമം നീ നിക്ഷേപിച്ചല്ലോ. നിന്റെ പേര് എന്റെമേൽ എഴുതിയല്ലോ. നിന്റെ ആണിപ്പാടുള്ള കരം എന്റെമേൽ വച്ചല്ലോ. നിന്റെ കൈകൊണ്ട് തൊട്ട് അനുഗ്രഹിച്ചല്ലോ. നിന്റെ തിരുരക്തത്താൽ നീ കഴുകിയല്ലോ. എന്റെ

യേശുവേ, ഇതിൽപ്പരം ഭാഗ്യം മറ്റെന്തുള്ളൂ എന്നുപറഞ്ഞ് നിങ്ങൾക്ക് ദൈവത്തെ സ്തുതിക്കാം.

ഇവിടെയുള്ള കഷ്ടതകൾ എല്ലാം താത്ക്കാലികമാണ്. ഇവിടെയുള്ള സന്തോഷങ്ങൾ താത്ക്കാലികമാണ്. കൂടിവന്നാൽ മരണത്തിന്റെ അന്ത്യവിനാഴികവരെയും, അതോടുകൂടി എല്ലാം തീർന്നു. നിത്യതയിലേക്ക് പ്രവേശിക്കുമ്പോൾ, നാം ഈ ഭൂമിയിൽ ക്രിസ്തു ഉള്ളവരാണെങ്കിൽ സന്തോഷത്തിന്റെ പറുദീസയിലിരുന്ന്, വിശുദ്ധന്മാരുടെ നിരയിലിരുന്നുകൊണ്ട് ദൈവത്തെ സ്തുതിക്കും. സമാധാനത്തിന്റെ ദേശത്തു നിന്നുകൊണ്ട് ദൈവത്തെ സ്തുതിക്കും. സ്വർഗ്ഗീയ കനാനിലെത്തി, സ്വർഗ്ഗീയ സീയോനിലെത്തി നാം ദൈവത്തെ സ്തുതിക്കും.

*"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു."* *റോമർ 8 : 18*

വലിയോരു തേജസ്സ് നമുക്കുവേണ്ടി ഒരുക്കിവച്ചിരിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങളിന്ന് വ്യക്തമായ ഒരു കാര്യം കണ്ടെത്തണം: കർത്താവേ എന്റെ ആത്മാവ് യേശുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ട ഏറ്റവും അനുഗൃഹീതമായ ഒരനുഭവത്തിലേക്കായിത്തീരണം. യേശുവിന്റെ രാജ്യത്തിന്റെ അവകാശമെനിക്കു വേണം. എന്റെ പാപങ്ങളെല്ലാം നീ ക്ഷമിച്ചു തരണം. ഞാൻ അറിഞ്ഞോ, അറിയാതെയോ, എന്റെ ജീവിതത്തിൽ വന്നുപോയ എല്ലാ പാപവും നിന്റെ തിരുരക്തത്താൽ ഇപ്പോൾ കഴുകിത്തരണം, എനിക്കൊരു പാപമോചനം തരണം.

ഇപ്പോൾ നാഥാ, നീ എന്നോടു മനസ്സലിഞ്ഞ് പിശാചിന്റെ തടവറയിൽ നിന്നെനിക്കു മോചനം തരണമേ. സാത്താന്റെ

ജയിൽപുള്ളിയായിക്കഴിയുന്ന എന്നെ നീ മോചിപ്പിക്കണമേ. എന്റെമേലുള്ള ബന്ധനങ്ങളെല്ലാം അറുത്തു കളയണമേ. എന്റെ മേലുള്ള ബാധകൾ എല്ലാം നീക്കിക്കളയണമേ. കർത്താവേ, എന്റെ ഹൃദയത്തിൽ പൈശാചികൻ വാഴുന്നു. പിശാചെന്നെ പൂട്ടിയിട്ടിരിക്കുന്നു.

കർത്താവേ, ബന്ധനങ്ങൾ അഴിഞ്ഞ് സ്വതന്ത്രനായി നിന്നെ സ്തുതിപ്പാൻ എനിക്കു നീ ഭാഗ്യം തരണമേ. ഒരു പൂർണ്ണസ്വാതന്ത്ര്യം തരണമേ.

നിങ്ങൾ ഈ സ്വാതന്ത്ര്യം അനുഭവിക്കുമ്പോൾ എന്തൊരു സന്തോഷമാണെന്നോ! പാപം മോചിച്ചു കിട്ടി! സമാധാനം കിട്ടി! എന്തൊരു വലിയ ആശ്വാസം! സന്തോഷം നമ്മിൽ നിന്ന് മറ്റൊരാളിലേക്ക് പകരാൻ തുടങ്ങും. നമ്മുടെ കുടുംബത്തിലുള്ളവർക്ക് സമാധാനം ലഭിക്കും. മറ്റുള്ളവർക്കും ഈ ആശ്വാസം ലഭിക്കും.

കഷ്ടങ്ങളിൽ മാത്രമല്ല, രാജ്യത്തിന് മാത്രമല്ല, സഹിഷ്ണുതയിലും കൂട്ടാളി.

എന്താണ് സഹിഷ്ണുത എന്നുപറയുന്നത്? Tolerance. നമുക്കു വരുന്ന പ്രയാസങ്ങളും പ്രശ്നങ്ങളുമെല്ലാം ഒരു പ്രയാസവും കൂടാതെതന്നെ നമുക്ക് നേരിടാൻ സാധിക്കുക.

ജീവിതത്തിൽ പ്രയാസങ്ങൾ വരുമ്പോൾ നമുക്ക് അസഹിഷ്ണുത വരും. കർത്താവേ, എന്നു തുടങ്ങിയതാണ് ഈ ദുരിതം? ഇതൊന്നു മാറില്ലേ കർത്താവേ? എന്റെ ജീവിതത്തിൽ എന്നാണ് എനിക്കൊരു വിശ്രമമുണ്ടായിട്ടുള്ളത്? എന്നാണ് എനിക്കൊരു സമാധാനമുണ്ടായിട്ടുള്ളത്? കർത്താവേ, എന്റെ വഴിയെല്ലാം അടഞ്ഞു പോയല്ലോ. എന്റെ വഴിയൊന്ന് തുറന്നുതരില്ലേ? ഒരു പുതുവഴി തുറന്നുതരില്ലേ?

നമുക്ക് അസഹിഷ്ണുത വരും, സ്വാഭാവികമാണ്.

പക്ഷേ, അസഹിഷ്ണുത വരരുത്. സഹിഷ്ണുതയോടെ ഒട്ടും പതറാതെ, ഒട്ടും തളരാതെ, മുഖം മ്ലാനമാകാതെ, അകം വാടാതെ അവയെ നാം പുഞ്ചിരിയോടെ നേരിടുന്നു.

അപ്പൊസ്തലനായ യോഹന്നാൻ അഭിമാനത്തോടെ തന്നെയാണതു പറയുന്നത്:

"നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിലായിരുന്നു.

ഞാൻ ഈ ദ്വീപിൽ ആയത് തെറ്റുചെയ്തിട്ടല്ല. ദൈവവചനം പറഞ്ഞതുകൊണ്ടാണ് ഈ കഷ്ടത ഏൽക്കേണ്ടിവന്നത്. വചനം നിമിത്തമാണ് ഞാൻ കഷ്ടതയിലായത്. വചനം നിമിത്തമാണ് ഞാൻ പത്മോസിൽ ആയത്. വചനം നിമിത്തം മാത്രമല്ല, യേശുവിന്റെ സാക്ഷ്യം ഞാൻ പറഞ്ഞു. ഞാൻ ക്രിസ്തുവിന്റെ സാക്ഷിയായിരുന്നു. എനിക്ക് യേശുവിനെ സാക്ഷിക്കാതിരിക്കാൻ വയ്യ. എന്റെ യേശുവിനെ എനിക്ക് ഉയർത്താതിരിക്കാൻ വയ്യ. യേശുതന്ന അനുഭവങ്ങൾ വിളിച്ചു പറയാതിരിക്കാൻ വയ്യ. യേശു എനിക്ക് സമാധാനത്തിന്റെ വഴികൾ തുറന്നു തന്നു. അതെനിക്ക് പറയാതിരിക്കാൻ വയ്യ. എനിക്ക് അസാദ്ധ്യമായ ചില കാര്യങ്ങൾ സാധിപ്പിച്ചു തന്നു.

എന്റെ ഈ കോപം മാറില്ലെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. യേശു അത് മാറ്റിത്തന്നു. എന്റെ അശുദ്ധ വികാരങ്ങൾ മാറില്ലെന്നാണ് ഞാൻ വിചാരിച്ചത്. യേശു മാറ്റിത്തന്നു. പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ ഒരിക്കലും മാറില്ലെന്നു വിചാരിച്ച ദു:സ്വഭാവങ്ങൾ മാറ്റിത്തന്നപ്പോൾ യേശുക്രിസ്തുവിന്റെ കരമാണ് പ്രവർത്തിച്ചതെന്ന് നമുക്കറിയാം. അതുകൊണ്ട് യേശുവിനെ നാം സാക്ഷിക്കയാണ്.

യേശുവിന്റെ വചനം നിമിത്തവും യേശുവിന്റെ സാക്ഷ്യം നിമിത്തവും യോഹന്നാൻ അപ്പൊസ്തലൻ പത്മോസിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നു. അപ്പൊസ്തലനു പ്രാഗത്ഭ്യമുണ്ട്. നിങ്ങൾക്കും വേണം ഈ പ്രാഗത്ഭ്യം. യേശുക്രിസ്തുവിന്റെ വചനം നിമിത്തവും യേശുക്രിസ്തുവിന്റെ സാക്ഷ്യം നിമിത്തവും ഏതു സാഹചര്യവും പുഞ്ചിരിയോടെ നേരിടാനുള്ള പ്രാഗത്ഭ്യം.

അതുമൂലം ചില കഷ്ടതകൾ വന്നാലും സാരമില്ല. ചില പ്രയാസങ്ങൾ വന്നാലും സാരമില്ല. നിങ്ങൾ ദൈവത്തെ സന്തോഷത്തോടെ സ്തുതിക്കുക.

യേശുവിന്റെ സാക്ഷികളാകാൻ നിങ്ങളൊരുങ്ങുക. നിങ്ങളുടെ കഷ്ടതയിൽ നിങ്ങൾ പതറാതിരിക്കുക. ദുരിതങ്ങളിൽ നിങ്ങൾ വാടാതിരിക്കുക. നിങ്ങൾ ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളികളാകുക. സൗമ്യതയോടെ, സന്തോഷത്തോടെ അവയെ നേരിടുക.

# ആറ്

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി."*

*വെളിപ്പാട് 1 : 10*

അപ്പൊസ്തലനായ യോഹന്നാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിൽ നാടുകടത്തപ്പെട്ടവനായി കഴിയുമ്പോൾ തന്റെ ജീവിതത്തിൽ ലഭിച്ച ഒരനുഭവം പറയുകയാണ്. "കർത്തൃദിവസത്തിൽ, കർത്താവ് ഉയിർത്തെഴുന്നേറ്റ ദിവസത്തിൽ ഞാൻ ആത്മവിവശനായി."

കർത്തൃദിവസത്തിലെ പല അനുഭവങ്ങളും യോഹന്നാന്റെ മനസ്സിലുണ്ട്. കർത്താവ് ഉയിർത്തെഴുന്നേറ്റ ആദ്യത്തെ കർത്തൃദിവസം, പേടിച്ചരണ്ട് സെഹിയോൻ മാളികയിൽ വാതിലും ജനലുമെല്ലാം അടച്ചിരിക്കുമ്പോൾ അന്ന് സംഭീതരായിരുന്ന ശിഷ്യന്മാരുടെ മുമ്പിൽ കർത്താവ് പ്രത്യക്ഷപ്പെട്ട് ഇരുകരവും ഉയർത്തി നിങ്ങൾക്കു സമാധാനമെന്നു പറഞ്ഞത് യോഹന്നാൻശ്ലീഹായുടെ മനസ്സിലുണ്ട്. മനസ്സു പതറിയിരുന്നപ്പോൾ, മരണഭീതിയോടെ ഇരുന്നപ്പോൾ, കർത്താവിനെ ക്രൂശിച്ച യെരൂശലേമിൽ തങ്ങൾക്ക് ഒരു വിധത്തിലും രക്ഷയുണ്ടാവുകയില്ല എന്നു ചിന്തിച്ച് വിഷമിച്ചിരുന്നപ്പോഴാണ് കർത്താവ് വന്ന്, "നിങ്ങൾക്ക് സമാധാന''മെന്നു പറഞ്ഞത്.

വീണ്ടും കർത്തൃദിവസത്തിലെ ഓരോരോ കാര്യങ്ങൾ അപ്പൊസ്തലന്റെ ഓർമ്മയിൽ വരികയാണ്. ആദ്യത്തെ കർത്തൃദിവസത്തിൽ ഉയിർത്തെഴുന്നേറ്റ മശിഹാതമ്പുരാൻ വന്ന് അവരുടെമേൽ ഊതി, "നിങ്ങൾ പരിശുദ്ധാത്മാവിനെ

കൈക്കൊൾവിൻ" എന്ന് പറഞ്ഞത്. അന്ന് ആ പറഞ്ഞതിന്റെ പൊരുളൊന്നും വേണ്ടത്ര മനസ്സിലായില്ല. ഏതോ ഒരു സമാധാനം കിട്ടിയെന്നറിയാം.

നാമും അങ്ങനെയാണ്. പ്രസംഗം കേൾക്കുമ്പോൾ പലതും മനസ്സിലായില്ല എന്നു വരും. പക്ഷേ ഏതോ ഒരു ശാന്തി നമ്മുടെ ഹൃദയത്തിലേക്ക് ഒഴുകി വരുന്നതു കാണാം. ആകമാനം ഒരു ശാന്തി. ആകമാനം ഒരു സ്വസ്ഥത. മനസ്സിൽ ഒരു സമാധാനം. കർത്താവിന്റെ വചനത്തിനങ്ങനെയൊരു പ്രത്യേകതയുണ്ട്. വചനം സന്ധിമജ്ജകളെ വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതാണ്. വചനത്തിന് തീനാമ്പുകളുണ്ട്. വചനത്തിന് മൂർച്ചയുണ്ട്. വചനത്തിന് മുനയുണ്ട്, വചനത്തിന് കരുത്തുണ്ട്. വചനം ഹൃദയത്തെ പിളർക്കും, വചനം ഉള്ളത്തെ കുളിർപ്പിക്കും.

പതറിയിരിക്കുന്ന ഹൃദയത്തിന് കുളിർമ തരും. നീറിപ്പുകഞ്ഞിരിക്കുന്ന ഹൃദയത്തിന് ആശ്വാസം തരും. വാടിയിരിക്കുന്ന ഹൃദയത്തിന് ഉന്മേഷം തരും. പതറിയിരിക്കുന്നവർക്ക് വചനം സമാധാനം തരും.

യോഹന്നാൻശ്ലീഹാ പത്മൊസ് ദ്വീപിൽ ഏകാകിയായിട്ടിരിക്കയാണ്. മനസ്സിൽകൂടെ എന്തെല്ലാം ചിന്തകളാണ് പോകുന്നത്! ഏതാനും നാളുകൾ കഴിഞ്ഞാൽ മതി, തീർച്ചയായിട്ടും ഈ ശരീരമിവിടെ മണ്ണടിയും; ഇവിടെ മരിച്ചു വീഴും. മുകളിലേക്കു നോക്കിയാൽ വട്ടമിട്ടു പറക്കുന്ന കഴുകന്മാരെ കാണാം. ഈ മനുഷ്യനൊന്ന് കിടന്നു കിട്ടിയാൽ മതി അവനെ കൊത്തിത്തിന്നാം എന്നാണ് കഴുകന്മാരുടെ വിചാരം. ആർത്തിയോടെ തന്റെ ശരീരം ഭക്ഷിക്കാൻ പറക്കുന്ന കഴുകന്മാർ!

യോഹന്നാൻശ്ലീഹാ നോക്കി, ചുറ്റും പാറക്കെട്ടുകൾ! അതിനിടയിലാണ് അപ്പൊസ്തലൻ ഇരിക്കുന്നത്. അപ്പുറത്ത് അലച്ച് ഉയർന്നുവരുന്ന തിരമാലകൾ പാറക്കെട്ടിൽ തട്ടി

വെള്ളം ചിതറി തെറിക്കുന്നതു കാണാം. ഭയങ്കര ശബ്ദത്തോടുകൂടിയാണ് തിരമാലകൾ വന്നടിക്കുന്നത്.

അപ്പൊസ്തലൻ ചിന്തിക്കുകയാണ്: സംഭവബഹുലമായ ഒരു ജീവിതം! ഇപ്പോൾ വാർദ്ധക്യത്തിലേക്കായിരിക്കുന്നു. തിരിഞ്ഞു നോക്കുമ്പോൾ ഏതെല്ലാം വഴികളിൽക്കൂടെയാണ് നടന്നുപോന്നത്! ഏതെല്ലാം പ്രശ്നങ്ങളിലാണ് കുരുങ്ങിപ്പോയത്! ദൈവമേ, നീ എല്ലായിടത്തും എന്നെ താങ്ങി. കർത്താവ് ഇടിമക്കളെന്നു വിളിക്കത്തക്കവണ്ണം അത്രമാത്രം കോപിഷ്ഠന്മാരും വാശിക്കാരുമായിരുന്നു, സഹോദരന്മാരായ യാക്കോബും യോഹന്നാനും. ബൊവെനെർഗ്ഗസ് - ഇടിമക്കൾ! അവർ വഴക്കാളികളായിരുന്നു. ദുശ്ശാഠ്യക്കാരായിരുന്നു. ജീവിതത്തിൽ യേശു വന്നില്ലായിരുന്നു എങ്കിൽ എന്താകുമായിരുന്നു ഞങ്ങളുടെ കുടുംബത്തിന്റെ അവസ്ഥ! യേശു വന്നതുകൊണ്ട് ഇന്ന് സമാധാനമുണ്ട്. ഓരോന്നോരോന്നിങ്ങനെ ചിന്തിക്കുകയാണ്.

യേശുവിന്റെകൂടെ നടന്ന കാലങ്ങൾ! മരിച്ച ലാസറിനെ ഉയർപ്പിച്ചതു മുതൽ കർത്താവ് എന്തെല്ലാം അത്ഭുതങ്ങൾ ചെയ്തു! അതിനെല്ലാം കൂടെ നിൽക്കാൻ എനിക്കു സാധിച്ചു. കർത്താവ് എവിടെപ്പോയാലും എന്നെക്കൂടെ കൂട്ടുമായിരുന്നു.

അപ്പൊസ്തലന്റെ ഓർമ്മകൾ ചിറകു വിരിക്കുകയാണ്. യായിറോസിന്റെ മകളെ ഉയിർത്തെഴുന്നേൽപ്പിക്കുമ്പോൾ കർത്താവ് കൂടെ കൂട്ടി. ഒരു പ്രത്യേക കൃപ (special grace) തന്നു. എന്തൊരു ഭാഗ്യം!

പ്രിയപ്പെട്ടവരേ, നിങ്ങൾക്കും ഇങ്ങനെ ഓരോന്നോരോന്ന് ചികഞ്ഞെടുത്ത് ചിന്തിക്കാം. പഴയ കാലങ്ങൾ! ദൈവം നടത്തിയ വിധങ്ങൾ! അതെല്ലാമോർക്കുമ്പോൾ കണ്ണീരണിയും. ദൈവം നടത്തിയ വഴികളോർക്കുമ്പോൾ, ആപത്തുകളിൽ നിന്ന് ദൈവം കരേറ്റിയത്, അത്യാഹിതങ്ങൾ ഒഴിവാക്കി തന്നത്. മരണത്തിന്റെ വായിൽ നിന്ന് വിടുവിച്ചത്. വലിയ കെടുതികളും കേടുകളും വരാൻ തുടങ്ങിയപ്പോൾ നിങ്ങൾക്ക് ഒരു

മോചനം തന്നത്, എന്തെല്ലാം എന്തെല്ലാം ഓർക്കാനുണ്ട്?

എന്റെ കർത്താവേ ഇവിടെ തിരമാലകളുണ്ടല്ലോ, ഈ സമുദ്രത്തിൽ നിന്ന് ആഞ്ഞടിക്കുന്ന തിരമാലകൾ. ഈ തിരമാലകളുടേയും മീതെ, തിരമാലകളെ ചവിട്ടി മെതിച്ച് നാഥാ, നീ ഇപ്പോൾ ഒന്ന് വന്നിരുന്നെങ്കിൽ! ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തു ഇന്നും ജീവിക്കുന്നുണ്ടല്ലോ. കർത്താവേ, നിന്റെ സുവിശേഷത്തിന്റെ പേരിലാണല്ലോ ഞാൻ ഈ ബന്ധനത്തിൽ ആയത്. നിന്റെ സുവിശേഷം പറഞ്ഞതിന്റെ പേരിലാണല്ലോ എനിക്കീ കഷ്ടത വന്നത്.

വർഷങ്ങൾക്കുമുമ്പ് നീ ഗലീലക്കടലിൽ ഓളങ്ങൾക്കു മീതെ നടന്നു വന്ന് ഞങ്ങളുടെ പടകിൽ കയറിയതുപോലെ, ഇന്ന് എന്റെ നാഥാ! നീ ഒന്നു വന്നിരുന്നെങ്കിൽ! നിന്റെ തിരുസാന്നിദ്ധ്യം ഒന്നു കിട്ടിയിരുന്നെങ്കിൽ! നിന്റെ തൃക്കരം ഒന്ന് കണ്ടിരുന്നെങ്കിൽ! നാഥാ! നിന്റെ തിരുമുഖം ഒന്ന് കണ്ടിരുന്നെങ്കിൽ! നിന്റെ ആ തിരുശബ്ദം ഒന്നു കേട്ടിരുന്നെങ്കിൽ, എനിക്ക് പൂർണ്ണസന്തോഷമാകുമായിരുന്നു. യോഹന്നാൻശ്ലീഹാ ഓർക്കുകയാണ്: മതി, ആരും കൂടെയില്ലെങ്കിലും നീ ഒന്നു വന്നാൽ മതിയായിരുന്നു. യേശുവേ, നീ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടല്ലോ. ഈ ഏകാകിയായിരിക്കുന്നവന്റെ അരികിലേക്ക് നീ ഒന്നു വരണമേ.

സഹോദരങ്ങളേ, നിങ്ങളുടെ ജീവിതത്തിൽ ഏകാന്തത ചിലപ്പോൾ വരും. ഒറ്റപ്പെട്ട അനുഭവം വരും. ഏകാന്തതയുടെ വിരസത നിങ്ങളുടെ ജീവിതത്തിൽ വരും. എന്നെ സ്നേഹിക്കാൻ എനിക്കാരുമില്ല, എന്റെ കാര്യം നോക്കാൻ എനിക്കാരുമില്ല എന്ന ഒരു തോന്നൽ. ഞാൻ അനാഥനായിപ്പോയല്ലോ എന്ന തോന്നൽ. മനസ്സ് ഉലഞ്ഞുപോയ അനുഭവങ്ങൾ. പ്രിയപ്പെട്ടവരേ, ഇതെല്ലാം സംഭവിക്കാം.

ചിലപ്പോൾ ഏകാന്തത തോന്നാം. വിരസത തോന്നാം. മടുപ്പു തോന്നാം, മനസ്സ് വിഷാദം പൂണ്ട് പ്രയാസപ്പെടുന്ന

അനുഭവങ്ങൾ നിങ്ങൾക്കുണ്ടായി എന്നു വരാം. പക്ഷേ, പതറരുത്. അപ്പോഴെല്ലാം യേശുവിനെ ഓർത്തുകൊള്ളണം. പഴയകാല അനുഭവങ്ങൾ ഓർത്തുകൊള്ളണം. യേശു നിങ്ങളെ താങ്ങിയ സംഭവങ്ങൾ ഓർത്തുകൊള്ളണം. യേശു നിങ്ങളെ നടത്തിയ കാര്യങ്ങൾ, യേശു നിങ്ങളെ തലോടിയ കാര്യങ്ങളോർത്തുകൊള്ളണം. യേശു നിങ്ങളുടെ കണ്ണുനീർ തുടച്ചു തന്ന കാര്യങ്ങളോർത്തുകൊള്ളണം.

പണ്ടു പരീക്ഷ എഴുതിയപ്പോൾ കർത്താവിന്റെ കൃപ നിങ്ങൾക്കു ലഭിച്ചതും ചില ഊരാക്കുരുക്കിൽപ്പെട്ടപ്പോൾ ആ കുരുക്കഴിച്ചു കർത്താവ് നിങ്ങളെ രക്ഷപ്പെടുത്തിയതും ഓരോന്നോരോന്നു നിങ്ങൾക്കോർക്കാം. എല്ലാറ്റിന്റേയും പിന്നിൽ യേശുവേ നിന്റെ കരമായിരുന്നുവല്ലോ. എന്നെ സ്നേഹിക്കുന്ന, എന്നെ കരുതുന്ന എനിക്ക് ഓരോരോ അവസരങ്ങളിൽ സമാധാനം തന്ന എന്റെ യേശുവേ, നീ ഇപ്പോൾ ഒന്നു വന്നിരുന്നെങ്കിൽ!

യേശുക്രിസ്തുവിന്റെ തിരുസാന്നിദ്ധ്യം കിട്ടുക എന്നുപറഞ്ഞാൽ അതൊരത്ഭുതകരമായ അനുഭവമാണ്. നിങ്ങൾ തീർച്ചയായും കൊതിക്കണം. തിരുസാന്നിദ്ധ്യം തരണമേ, കർത്താവേ നീ എന്റെ കൂടെ നിൽക്കണമേ, നീ എന്നിൽനിന്ന് മാറിപ്പോകല്ലേ എന്നുള്ള പ്രാർത്ഥന നമുക്ക് വേണം. കർത്താവേ നീ മാറരുതേ. നിന്റെ മുഖം മറയ്ക്കരുതേ, യേശുവേ, നീ എന്റെ കൂടെ ഇല്ലെങ്കിൽ ഞാൻ എന്തു ചെയ്യും, നീ കൂടെയില്ലെങ്കിൽ ഞാൻ നിസ്സഹായനാണല്ലോ എന്നു പറയണം.

വിളിച്ചാൽ വിളി കേൾക്കുന്ന യേശു ഉണ്ട്. അപ്പാ, എന്ന് വിളിക്കാൻ പദവി തന്ന ഒരേശുവുണ്ട്. നിത്യനായ ദൈവത്തെ അപ്പനായി കിട്ടുക. അപ്പനില്ലാത്തവർക്ക് അവൻ അപ്പനാണ്. ഭർത്താവില്ലാത്തവർക്ക് യേശു നാഥനാണ്. മക്കളില്ലാത്തവർക്ക് സ്നേഹനിധിയാണ്. സഹായികളില്ലാത്തവർക്ക് അവൻ നിത്യസഹായിയാണ്. സഹോദരന്മാരില്ലാത്തവർക്ക് അവൻ നിത്യ സഹോദരനാണ്. ഗുരുക്കന്മാരില്ലാത്തവർക്ക്

അവൻ നിത്യഗുരുനാഥനാണ്.

യേശുക്രിസ്തു സകലത്തിനും മതിയായവനാണ്. ഈ നല്ലവനായ യേശുവിനെ നിങ്ങൾക്ക് വിളിക്കാം, വിളിക്കണം. നിങ്ങൾക്ക് ഇതുവരെയും വിളിക്കാൻതോന്നിയിട്ടില്ലേ? ഇതുവരേയും ഈ അനുഭവം നിങ്ങൾക്കു കിട്ടിയിട്ടില്ലേ? യേശുവിന്റെ സാന്നിദ്ധ്യം കിട്ടിയിട്ടില്ലേ? നിങ്ങൾപറയണം: കർത്താവേ, യേശുവിന്റെ സാന്നിദ്ധ്യം ഇന്നുതന്നെ എനിക്കു തരണമേ. തിരുസാന്നിദ്ധ്യം ലഭിച്ചിട്ട് നിന്നെ സ്തുതിപ്പാൻ എനിക്ക് കൃപ തരണമേ.

ഹൃദയം പുകഞ്ഞിരിക്കുന്നല്ലോ, യേശുവേ, എന്റെ ഹൃദയം വാടിക്കരിഞ്ഞിരിക്കുന്നല്ലോ. കർത്താവേ, ചില ദു:ഖവിഷയങ്ങൾ എന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടല്ലോ. കരഞ്ഞിട്ടും കരഞ്ഞിട്ടും തീരാത്തത്ര അനേക ദുരിതങ്ങൾ എന്റെ ജീവിതത്തിൽവന്ന് ഞാൻ വാടിത്തളർന്നിരിക്കുന്നല്ലോ. കർത്താവേ, നിന്റെ ഒരു സാന്നിദ്ധ്യം തന്നാൽ മതി. പത്മോസിന്റെ ഏകാന്തതയിൽ, തന്റെ പ്രിയപ്പെട്ട അപ്പൊസ്തലനു സാന്നിദ്ധ്യം നൽകിയ നിത്യപരിശുദ്ധനായ യേശുവേ, നീ ഇപ്പോൾ എഴുന്നള്ളി വന്ന്, എന്റെ ജീവിതത്തിലേക്ക് കടന്നുവന്ന് എന്നെ സഹായിക്കേണമേ, എന്നെ അനുഗ്രഹിക്കണമേ.

“കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി.” ആത്മാവിൽ വിവശനായിത്തീരുക എന്നുപറഞ്ഞാൽ ആത്മാവിൽ നിറയുക. ആത്മവിവശത വന്നപ്പോൾ സ്വന്തം ബോധമങ്ങുപോയി. വേറൊരു ഹൃദയമായി, വേറൊരു ആളത്വമായി. അപ്പോൾ ഈ ഭൂമിയിൽ നിന്നങ്ങു പൊങ്ങിപ്പോകുന്ന അനുഭവമാണ്. പഞ്ഞി പറക്കുന്നതുപോലങ്ങു പറക്കുന്നു. ഭാരമില്ല, ഘനമില്ല, ഒരാകുലവുമില്ല. യാതൊരു ഭാരവുമില്ല. ആകുലങ്ങളും ഭാരങ്ങളും ചുമടുകളുമെല്ലാം പെട്ടെന്നങ്ങു മാറിപ്പോയി. ദു:ഖങ്ങളെല്ലാം പാടെ മാറിപ്പോകുന്നു. ഏകാന്തത മാറിപ്പോകുന്നു. യേശു വരുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾ യേശുവിനോട് പ്രാർത്ഥിക്കൂ: നീ എനിക്ക് പണ്ടത്തെപ്പോലൊരു നല്ലകാലം തരികയില്ലയോ? മതിമറന്നു സ്തുതിച്ചതുപോലെയൊരു നല്ലകാലം തരികയില്ലയോ? ലഹരി പിടിച്ചു സ്തുതിച്ച ഒരു നല്ലകാലം തരികയില്ലയോ? ആത്മാവിന്റെ ലഹരി. ആത്മാവിന്റെ വിവശത. ആത്മാവിന്റെ തീജ്ജ്വാല. അത് നീ ഞങ്ങൾക്ക് തരികയില്ലയോ?

പ്രവാചകൻ പറഞ്ഞു:

*"യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ നിങ്കലേക്കു മടക്കിവരുത്തേണമേ; ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ."*

*വിലാപങ്ങൾ 5 : 21*

പണ്ട് ദൈവത്തോടുകൂടി നടന്നതുപോലെയൊരു നല്ല കാലം. കർത്താവിന്റെ മാറിൽച്ചാരിയതുപോലെയൊരു നല്ല കാലം. ആ മാറിൽ ചാരിയപ്പോൾ ഹൃദയത്തിന്റെ ഉൾസ്പന്ദനങ്ങൾ എല്ലാം ശ്ലീഹാ ഏറ്റുവാങ്ങിയതോർമ്മയുണ്ട്. ആദ്യത്തെ വിശുദ്ധ കുർബ്ബാനയുടെ ദിവസം, ആ പെസഹാദിവസം അന്ന് കർത്താവിന്റെ മാറിലേയ്ക്ക് യോഹന്നാൻശ്ലീഹ ചാരി. അപ്പോൾ ആ ഹൃദയസ്പന്ദനങ്ങൾ മുഴുവനും ഏറ്റുവാങ്ങിയെടുത്തു. എന്തെല്ലാമാണ് അപ്പൊസ്തലൻ ചിന്തിക്കുന്നത്. ഓരോന്നോരോന്ന് ഇങ്ങനെ തികട്ടി, തികട്ടി വരുന്നു. ദൈവത്തെ സ്തുതിക്കുന്നു.

പ്രിയസഹോദരങ്ങളേ, ഇന്നു നിങ്ങൾക്ക് ആത്മാവിന്റെ വിവശത വേണമോ? ആത്മാവിന്റെ വിവശത എനിക്കു കിട്ടാൻ പോകുന്നില്ല എന്ന് നിങ്ങൾ വിചാരിക്കണ്ട. ഏതൊരു മനുഷ്യനും ലഭിക്കും. എന്നെപ്പോലെ ഒരാൾക്ക് കിട്ടുമോ? പാപം ചെയ്തു ജീവിച്ച എന്നെപ്പോലൊരാൾക്ക് കിട്ടുമോ?

കോപാക്രാന്തനായി അലറിയ എന്നെപ്പോലെ ഒരാൾക്ക് കിട്ടുമോ? എപ്പോഴും വഴക്കു പിടിച്ചും ശാഠ്യം പിടിച്ചും ജീവിച്ച എന്നെപ്പോലെ ഒരാൾക്കു കിട്ടുമോ? മാതാപിതാക്കളോട്

കോപിക്കുകയും മാതാപിതാക്കളോട് ശാഠ്യം പിടിക്കുകയും ചെയ്ത എന്നെപ്പോലെ ഒരാൾക്ക് കിട്ടുമോ? എന്റെ ഭാര്യയെ ഉപദ്രവിക്കുകയും അല്ല, എന്റെ ഭർത്താവിനെ വേദനിപ്പിക്കുകയും ചെയ്ത എന്നെപ്പോലെ ഒരാൾക്ക് ഈ ആത്മവിവശത കിട്ടുമോ?

പൈസ അപഹരിച്ച എന്നെപ്പോലൊരാൾക്ക് ഈ ആത്മീയവിവശത കിട്ടുമോ? നുണപറഞ്ഞും വഞ്ചിച്ചും മറ്റുള്ളവരെ കളിയാക്കിയും മറ്റുള്ളവരെ പരിഹസിച്ചും ജീവിച്ച എന്നെപ്പോലെ ഒരാൾക്ക് കിട്ടുമോ? എന്റെ ജീവിതത്തിലെ പാപങ്ങൾ മറ്റാരും കണ്ടില്ലെങ്കിലും യേശുവേ നീ കണ്ടല്ലോ. അങ്ങനെയുള്ള എനിക്ക് ആത്മാവിന്റെ വിവശത കിട്ടുമോ?

മകനേ നീ ഭയപ്പെടണ്ട, മകളേ നീ പേടിക്കണ്ട. നിനക്ക് കിട്ടും. കാരണം, യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു. കഴിഞ്ഞതെല്ലാം പോക്കി ശുദ്ധീകരിക്കുന്ന തിരുരക്തം. എന്തെല്ലാം തെറ്റുകൾ നിനക്കു വന്നെങ്കിലും എല്ലാം ശുദ്ധീകരിച്ചു തരുന്ന ദൈവത്തിന്റെ സ്നേഹം. കാൽവറിക്രൂശിലെ സ്നേഹം, ഗോഗുൽത്തായിലെ മരക്കുരിശിൽ മൂന്നാണികളിൽ തൂങ്ങിയ നിത്യോജ്ജ്വല സ്നേഹം. ത്യാഗനിർഭരമായ സ്നേഹം, ത്യാഗോജ്ജ്വലമായ സ്നേഹം, കർത്താവേ, ആ നിത്യസ്നേഹത്താൽ നീ എന്റെ ഹൃദയത്തിലേക്ക് തീജ്ജ്വാലയായി കടന്നു വരേണമേ. യേശുവേ, നീ എന്റെ ഉള്ളത്തിലേക്കു വരണമേ. എന്റെ ഹൃദയത്തിലേക്ക് നീ പ്രവേശിക്കണമേ. എന്നെ നീ രൂപാന്തരപ്പെടുത്തണമേ. എന്നെ ഞാനല്ലാതാക്കി മാറ്റണമേ. എന്നെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റണമേ.

പ്രിയപ്പെട്ടവരേ, നിങ്ങൾ ദൈവത്തോടൊരു വാക്കു പറയുമോ? കർത്താവേ, നിന്റെ ആണിപ്പാടുള്ള കരം ഇപ്പോൾ എന്റെ തലമേൽ വച്ചാൽ എന്റെ പാപക്കറകൾ കഴുകപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ കരങ്ങ

ളിൽ രക്തമുണ്ട്. യേശുക്രിസ്തുവിന്റെ തിരുരക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു. ആ തിരുരക്തം പുരണ്ട കരം ഇപ്പോൾ നാഥാ മനസ്സലിഞ്ഞ് ഈ മഹാപാപി യായ എന്റെ തലമേൽ ഒന്ന് വയ്ക്കണമേ. അപ്പോൾ കർത്താവേ, ഞാൻ വിശുദ്ധനാകുമല്ലോ. ഞാൻ രൂപാന്തരപ്പെ ടുമല്ലോ. എന്റെ ഹൃദയം മാറുമല്ലോ. യേശുവേ, നീ എന്റെ ഉള്ളത്തിലേക്ക് വരുമല്ലോ. എനിക്ക് നിന്റെ സാന്നിദ്ധ്യം ലഭി ക്കുമല്ലോ. വിശുദ്ധാരാധനയ്ക്കുള്ള സൗഭാഗ്യം എനിക്ക് നീ തരുമല്ലോ.

സ്നേഹിതരേ, കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കുക. പുതിയൊരു ജീവിതം തുടങ്ങുമെന്ന് യേശുവി നോട് നിങ്ങൾ വാക്ക് പറയുക. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റേത്, നിന്റേതു മാത്രം.

# ഏഴ്

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി."*
*വെളിപ്പാട് 1 : 10*

വേദപുസ്തകം വായിക്കുമ്പോൾ അനേകസ്ഥലങ്ങളിൽ ആത്മാവിന്റെ വിവശത വന്നതിനെക്കുറിച്ച്, ആത്മാവിന്റെ ശക്തി പകർന്നതിനെക്കുറിച്ച് നാം വായിക്കുന്നുണ്ട്.

1. യിഫ്താഹിന്റെ മേൽ ആത്മാവ് ശക്തിയോടെ വന്നു.
2. ശിംശോന്റെ മേൽ ആത്മാവ് ശക്തിയോടെ വന്നു.
3. ദാവീദിന്റെ മേൽ ആത്മാവ് ശക്തിയോടെ വന്നു.
4. യെഹസ്ക്കിയേലിന്റെ മേൽ ആത്മാവ് ശക്തിയോടെ വന്നു.
5. സെരുബ്ബാബേലിന്റെ മേൽ ആത്മാവ് ശക്തിയോടെ വന്നു.

ആത്മാവ് ശക്തിയോടെ വരുമ്പോൾ ചില അത്ഭുതങ്ങൾ നടക്കും. ആത്മാവ് ശക്തിയോടെ വന്നാൽ നിങ്ങളിൽ ചില അത്ഭുതങ്ങൾ നടക്കും.

*"സിപ്പോരിന്റെ മകനായ ബാലാക് എന്ന മോവാബ് രാജാവിനെക്കാളും നീ യോഗ്യനോ? അവൻ യിസ്രായേലിനോട് എപ്പോഴെങ്കിലും വാഗ്വാദം ചെയ്തിട്ടുണ്ടോ? എപ്പോഴെങ്കിലും അവരോടു യുദ്ധം ചെയ്തിട്ടുണ്ടോ? യിസ്രായേൽ ഹെശ്ബോനിലും അതിന്റെ പട്ടണങ്ങളിലും അരോവേരിലും*

*അതിന്റെ പട്ടണങ്ങളിലും അർന്നോൻ തീരത്തുള്ള എല്ലാ പട്ടണങ്ങളിലും മുന്നൂറു സംവത്സര ത്തോളം പാർത്തിരിക്കെ ആ കാലത്തിനിടയിൽ നിങ്ങൾ അവയെ ഒഴിപ്പിക്കാതിരുന്നത് എന്ത്? ആകയാൽ ഞാൻ നിന്നോട് അന്യായം ചെയ്തി ട്ടില്ല; എന്നോടു യുദ്ധം ചെയ്യുന്നതിനാൽ നീ എന്നോടാകുന്നു അന്യായം ചെയ്യുന്നത്; ന്യായാ ധിപനായ യഹോവ ഇന്ന് യിസ്രായേൽമക്കളു ടെയും അമ്മോന്യരുടെയും മദ്ധ്യേ ന്യായം വിധി ക്കട്ടെ. എന്നാൽ യിഫ്താഹ് പറഞ്ഞയച്ച വാക്ക് അമ്മോന്യരുടെ രാജാവ് കൂട്ടാക്കിയില്ല. അപ്പോൾ യഹോവയുടെ ആത്മാവ് യിഫ്താഹിന്മേൽ വന്നു; അവൻ ഗിലെയാദിലും മനശ്ശെയിലും കൂടി കടന്ന് ഗിലെയാദിലെ മിസ്പയിൽ എത്തി. ഗിലെയാദിലെ മിസ്പയിൽ നിന്ന് അമ്മോന്യരുടെ നേരെ ചെന്നു. യിഫ്താഹ് യഹോവയ്ക്ക് ഒരു നേർച്ച നേർന്നു."*

*ന്യായാധിപന്മാർ 11 : 25 – 30*

യിഫ്താഹിന്റെ മേൽ ദൈവത്തിന്റെ ആത്മാവ് വന്നു. യിഫ്താഹ് വലിയൊരു യുദ്ധത്തിന്റെ മുൻനിരയിൽ വന്നുപെ ട്ടിരിക്കയാണ്. ദൈവജനത്തിന്റെ നേരെ ശത്രുസൈന്യം, മുതിർന്നു വന്നപ്പോൾ അവരെ നേരിടുവാൻ യിഫ്താഹ് ദൈവനാമത്തിൽ കടന്നു ചെന്നു. യിഫ്താഹിന്റെ മേൽ ദൈവ ത്തിന്റെ ആത്മാവ് ശക്തിയോടെ വന്നു.

ആത്മാവ് ശക്തിയോടെ വരുമ്പോൾ ശത്രുവിന്റെമേൽ ജയം കിട്ടും. ഇന്ന് ശത്രുവിന്റെ ആക്രമണത്തിൽ തളർന്നും തകർന്നുമിരിക്കുന്ന പലരുമുണ്ട്. പിശാചിന്റെ ആക്രമണം വരു ന്നത് പലപ്പോഴും മനുഷ്യരിൽ കൂടിയാണ്. മനുഷ്യരിൽക്കൂടി ദൈവം പ്രവർത്തിക്കും, പിശാചും പ്രവർത്തിക്കും. മനുഷ്യരെ ആയുധമാക്കിക്കൊണ്ട് മനുഷ്യരിൽ ഇറങ്ങി നിന്നുകൊണ്ടാണ് പിശാച് പ്രവർത്തിക്കുന്നത്.

ചില മനുഷ്യരിൽക്കൂടി നമ്മെ എതിർക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നത് പിശാചാണ്. സാത്താൻ ചിലരുടെ ഉള്ളിൽ കടന്നുകൂടുന്നു. അങ്ങനെയാണ് കുടുംബങ്ങളിൽ വഴക്കുണ്ടാകുന്നത്. കുടുംബങ്ങളിൽ ഭിന്നതയുണ്ടാകുന്നത്. അങ്ങനെയാണ് divorce ഉണ്ടാകുന്നത്. പിശാച് കയറി ആവസിച്ചാണ് ഗർഭച്ഛിദ്രങ്ങൾ നടക്കുന്നത്. പിശാച് കയറി ആവസിച്ചാണ് വെറും അൻപതു പൈസയ്ക്ക് വഴക്കുണ്ടാക്കി കൊലപാതകത്തിൽ കലാശിക്കുന്നത്.

പിശാച് പ്രവർത്തിച്ചാണ് പലരേയും ആത്മഹത്യയിലേക്ക് കൊണ്ടുപോയി വീഴിക്കുന്നത്. എനിക്ക് മരിക്കണം എന്ന തോന്നൽ വരികയാണ്. വെറും നിരാശ മാത്രമല്ല വൈരാഗ്യമാണ് അതിന്റെ പിന്നിൽ. ആത്മഹത്യയുടെ പിന്നിൽ കോപവും വൈരാഗ്യവുമുണ്ട്. ചിലരോടുള്ള വൈരാഗ്യം തീർക്കാനാണ് ആത്മഹത്യ ചെയ്യുന്നത്. പിശാചാണ് പാവം മനുഷ്യനെ കൊല്ലാൻ കൊണ്ടുപോകുന്നത്.

ദുരാത്മാക്കളാണ് വഴക്കുണ്ടാക്കുന്നത്. ദുരാത്മാക്കളാണ് ഭിന്നതയുണ്ടാക്കുന്നത്. നമ്മുടെ ചെറുപ്പക്കാരെ മദ്യത്തിൽ കെട്ടിയിടുന്നത്, മയക്കുമരുന്നിലും കഞ്ചാവിലും കൊണ്ടുപോയി പൂട്ടിയിടുന്നത് പിശാചാണ്. ചെറുപ്പക്കാരെ ദു:ശീലങ്ങൾ അഭ്യസിപ്പിക്കുന്നതും ഇന്റർനെറ്റിലെ ചീത്തപ്പടങ്ങളിലേക്ക് കുഞ്ഞുങ്ങളെ ആകർഷിക്കുന്നതും പിശാചാണ്. ദുരാത്മാക്കൾ അശുദ്ധജീവിതത്തിലേക്കാകർഷിക്കുന്നു. ദുരാത്മാക്കൾ മനുഷ്യനെ തകർക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു.

അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനുമത്രേ പിശാച് വരുന്നത്.

എവിടെ കുടുംബത്തിൽ കലഹമുണ്ടോ, എവിടെ ഭിന്നതയുണ്ടോ, എവിടെ ജീവിതത്തിൽ ഉഴപ്പു വരുന്നോ അവിടെ പിശാച് ജയിക്കുകയാണ്. നല്ല മിടുമിടുക്കന്മാരായ കുട്ടികൾ, നല്ല ബുദ്ധിയുള്ള പെൺകുട്ടികൾ അവർ പഠിക്കുന്നതിനി

ടയ്ക്ക് ഉഴപ്പിപ്പോയി. നല്ല മാർക്കോടെ പഠിച്ചു വന്നതായിരുന്നു. പെട്ടെന്നിതാ എല്ലാം തകർന്നു. മാർക്കെല്ലാം കുറഞ്ഞു. എന്താണു കാരണം? പിശാച് അവരെ വഞ്ചിച്ചു. അവർ പിശാചിന് ഇടം കൊടുത്തുപോയി.

പ്രബലന്മാരായ ശത്രുക്കളാണ് പിശാചുക്കൾ. ഓരോ ദേശത്തിനും ദുരാത്മാക്കളുണ്ട് - Territorial commanders! അതാത് ദേശത്തിനുള്ള പിശാചിന്റെ തലവന്മാരുണ്ട്. ഓരോ കുടുംബത്തിനും അപകടം വരുത്താൻ പിശാചുക്കളുണ്ട്. ഓരോ വ്യക്തിക്കും അപകടം വരുത്താൻ പിശാചുക്കളുണ്ട്.

ദുരാത്മാക്കൾ ഓരോരുത്തരേയും വീഴിക്കാൻ പുറകെ നടക്കുകയാണ്. ശത്രുവിന്റെ നേരെ ജയം കിട്ടണമെങ്കിൽ പരിശുദ്ധാത്മാവ് ശക്തിയോടെ വരണം. പിശാചിനെ തോൽപ്പിക്കണമെങ്കിൽ ഒരേയൊരു പോംവഴിയേയുള്ളു, പരിശുദ്ധാത്മാവിന്റെ തീ അകത്തു കത്തണം. പരിശുദ്ധാത്മാവ് ശക്തിയോടെ വരുമ്പോൾ മാത്രമേ പിശാചുക്കളെ ജയിക്കാൻ പറ്റുകയുള്ളു. പരിശുദ്ധാത്മാവിന്റെ ശക്തി വരുമ്പോൾ പിശാച് മാറിപ്പോകും. ഭൂതാത്മാക്കൾ വിട്ടുപോകും.

മനുഷ്യരെല്ലാവരും ബലഹീനരാണ്, ദുർബ്ബലരാണ്. ഒരു മനുഷ്യന്റേയും ശക്തികൊണ്ട് പിശാചുക്കൾ വിട്ടുപോകയില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ട് പിശാചുക്കൾ മാറിപ്പോകും. യിഫ്താഹിന്റെ മേൽ പരിശുദ്ധാത്മാവ് ശക്തിയോടെ വന്നപ്പോൾ യിഫ്താഹിന് ശത്രുവിന്റെ മേൽ ജയം കിട്ടി.

ശിംശോന്റെമേൽ പരിശുദ്ധാത്മാവ് ശക്തിയോടെ വന്നു.

> *“അവൻ ലേഹിയിൽ എത്തിയപ്പോൾ ഫെലിസ്ത്യർ അവനെ കണ്ടിട്ട് ആർത്തു. അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെമേൽ വന്ന് അവന്റെ കൈ കെട്ടിയിരുന്ന കയർ തീ കൊണ്ട് കരിഞ്ഞ ചണനൂൽപോലെ ആയി; അവന്റെ ബന്ധനങ്ങൾ*

*കൈമേൽ നിന്ന് ദ്രവിച്ചുപോയി.”*

*ന്യായാധിപന്മാർ 15 : 14*

പരിശുദ്ധാത്മാവ് വന്നപ്പോൾ ബന്ധനങ്ങൾ ദ്രവിച്ചുപോയി. പരിശുദ്ധാത്മാവ് വരുമ്പോൾ ബന്ധനങ്ങൾ അഴിയും. ഇന്ന് അനേകരുടെ കൈകളിൽ പിശാചിന്റെ ബന്ധനമുണ്ട്. അതു കൊണ്ടാണ് അരുതാത്ത പ്രവൃത്തികൾ ചെയ്യുന്നത്. നാവു കൊണ്ട് അരുതാത്ത വാക്കുകൾ പറയുന്നത് നാവിൽ പിശാചിന്റെ ബന്ധനമുള്ളതുകൊണ്ടാണ്. അഴുക്കായ വാക്കുകൾ പറയുന്നു, കോപിപ്പിക്കുന്ന വാക്കുകൾ പറയുന്നു, മറ്റുള്ളവരുടെ ഹൃദയത്തെ മുറിവേൽപ്പിക്കുന്ന വാക്കുകൾ പറയുന്നു. പിശാച് നാവിൽക്കൂടി പ്രവർത്തിക്കുന്നതുകൊണ്ടാണ്.

കണ്ണിൽ പിശാച് പ്രവർത്തിക്കുന്നതുകൊണ്ടാണ് അരുതാത്തത് നോക്കുന്നത്, അശുദ്ധി കാണുന്നത്. അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് കാവൽക്കാരെ നിയമിച്ചില്ല. അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് കാവൽക്കാരെ നിയമിക്കണമേയെന്ന് പ്രാർത്ഥിക്കണം. അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് കാവൽക്കാരുണ്ടായിരിക്കണം.

ഇല്ലെങ്കിൽ കണ്ണ് പിശാച് ഉപയോഗിക്കും. ഈ കണ്ണ് അരുതാത്ത പടം കാണും. മ്ലേച്ഛചിത്രങ്ങൾ കാണും. മ്ലേച്ഛചിത്രങ്ങൾ കാണാൻ കൊതിക്കും. നിങ്ങൾ ഇത് വായിക്കുമ്പോൾ തീർച്ചയായിട്ടും ലജ്ജിക്കണം. എത്രയോ കാലം ഈ കണ്ണ് ഞാൻ അശുദ്ധിക്കു വിട്ടുകൊടുത്തു, ഓർക്കണം. എന്റെ ദൈവമേ, ഈ കണ്ണ് അശുദ്ധികണ്ടു രസിച്ച കണ്ണല്ലേ? കർത്താവേ, അതു മൂലം എന്റെ ഹൃദയത്തിനെന്തു മാത്രം ക്ഷീണം പറ്റിപ്പോയി?

ചീത്തപ്പടങ്ങളിലേക്ക് ആകർഷിക്കപ്പെട്ട്, blue film എന്നൊക്കെപ്പറയുന്ന അശുദ്ധ ചിത്രങ്ങൾ ഇന്റർനെറ്റിൽ കടന്ന് കണ്ട് അനേകം ചെറുപ്പക്കാരുടെ ബുദ്ധി മന്ദിച്ചു പോയി. അവരുടെ കഴിവ് നഷ്ടപ്പെട്ടുപോയി. അവർക്ക് പഠിക്കാൻ പറ്റാ

തായി. പഠിക്കാനിരിക്കുമ്പോഴും അവരുടെ മനസ്സിൽ ആ ചിത്രങ്ങളാണ് വന്ന് നിൽക്കുന്നത്. പുസ്തകം തുറക്കും. വേണമെങ്കിൽ ഫിസിക്സ് വായിക്കും അല്ലെങ്കിൽ കെമിസ്ട്രി വായിക്കും അല്ലെങ്കിൽ കണക്കു ചെയ്യാൻ തുടങ്ങും അല്ലെങ്കിൽ ഇംഗ്ലീഷ് വായിക്കും.  വായന മുമ്പോട്ട് പോയ്ക്കൊണ്ടിരിക്കും, പേജുകൾ മറിച്ചുകൊണ്ടിരിക്കും പക്ഷേ, മുമ്പിലെപ്പോഴും അഴുക്കു ചിത്രങ്ങൾ വന്നു നിൽക്കും.

അതു മായാത്ത ചിത്രങ്ങളാണ്. ഇങ്ങനെയുള്ളതൊന്നും കാണാതിരിക്കുന്നതാണ് നല്ലത്. കണ്ടാൽ നിങ്ങളുടെ നല്ല ബുദ്ധി ക്ഷയിച്ചു പോകും. കർത്താവ് തന്ന മൂർച്ചയുള്ള ബുദ്ധി, കൂർമ്മബുദ്ധി, sharp intellect നശിപ്പിക്കണമോ? ബുദ്ധിക്കൊരു മൂർച്ച കർത്താവ് നിങ്ങൾക്കു തന്നിട്ടുണ്ട്. അത് പാപത്തിന് വിറ്റുകളയരുത്. അശുദ്ധിയ്ക്ക് വിറ്റുകളയരുത്.

പരിശുദ്ധാത്മാവ് ശക്തിയോടെ വരാൻ നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിച്ചു കഴിയുമ്പോൾ നിങ്ങളുടെ ബന്ധനങ്ങളഴിയും. ഓരോ അവയവത്തിലും ശാപത്തിന്റെ ബന്ധനങ്ങളുണ്ട്. നാം ചെയ്തുകൂട്ടിയ ചില കാര്യങ്ങൾ ശാപകരമായിപ്പോയി. മാതാപിതാക്കളോട് ധിക്കാരപരമായി പെരുമാറിയത്, അപ്പനെയോ അമ്മയെയോ വേദനിപ്പിക്കുന്ന തരത്തിൽ സംസാരിച്ചത് ശാപകരമായിപ്പോയി. അപ്പനെ തല്ലുകയോ, അമ്മയെ ഉപദ്രവിക്കുകയോ ചെയ്തെങ്കിൽ ശാപകരമായിപ്പോയി.

ഭാര്യയെ തല്ലിച്ചതക്കുന്ന ഭർത്താക്കന്മാരുണ്ട്. അത് ശാപകരമാണ്. രണ്ടാഴ്ച മുമ്പ് ഒരു സ്ത്രീ പറഞ്ഞതാണ്: ഭർത്താവ് തലമുടിയ്ക്ക് കുത്തിപ്പിടിച്ചുകൊണ്ട് മുറിയിൽക്കൂടി വലിച്ചിഴച്ചുകൊണ്ടുനടന്നു. ആ സ്ത്രീയ്ക്ക് ഭർത്താവിനെ അപ്പോഴും സ്നേഹമാണു താനും. ഒരുകാര്യവുമില്ല, മദ്യപിച്ച് ലക്കില്ലാതെ വന്നിട്ട് കഠിനമായി മർദ്ദിക്കുന്നു, ആ സാധു ഉച്ചത്തിൽ നിലവിളിക്കുന്നു. കുട്ടികൾക്ക് പഠിക്കാൻ പറ്റുന്നില്ല. പാവങ്ങൾ അപ്പന്റെ ഈ കോപാവേശംകണ്ട് ഒരുപക്ഷേ, ഭ്രാന്തുപിടിച്ച് വരുന്നതു കണ്ടിട്ട് അപകടം വല്ലതും വരും

എന്നു വിചാരിച്ച് കട്ടിൽ കീഴെ കയറി ഒളിക്കുന്നു. അല്ലെങ്കിൽ വാതിൽ തുറന്ന് ഇറങ്ങി ഓടുന്നു. വല്ല കുറ്റിക്കാട്ടിലും മറഞ്ഞിരിക്കുന്നു. എത്രയോ കുടുംബങ്ങൾ നരകമായിക്കിടക്കുന്നു! എല്ലാം തകർന്ന് തരിപ്പണമായിക്കിടക്കുന്നു. സമാധാനം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ജീവിതത്തിന്റെ സന്തോഷം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

ആത്മാവ് ശക്തിയോടെ വരുമ്പോൾ മാത്രമേ സമാധാനം മടങ്ങി വരികയുള്ളു. പാട്ടുകാരൻ പാടി:

"കുടുംബങ്ങൾ തകരുന്നു ജീവിതമുലയുന്നൂ
മനുജനോ പാരിൽ ശാപഗ്രസ്തനായ് ഉഴലുന്നൂ
മദ്യത്തിൻ വിഷക്കാറ്റിൽ കൂട്ടമായ് നശിക്കുന്നൂ
അക്രമപേക്കൂത്തു നാടെങ്ങും നടക്കുന്നൂ.
ഉണരുക പ്രിയരേ സോദരരേ
കാലം തീരാറായല്ലോ വാനവിതാനമൊരുങ്ങുന്നൂ
രക്ഷകനേശു വരാറായി, രക്ഷകനേശു വരാറായി."

അനേകം കുടുംബങ്ങൾ തകർന്ന് കിടക്കുന്നു. നാട് മുടിഞ്ഞുകൊണ്ടിരിക്കുകയാണ്. കുടുംബങ്ങൾ ഇന്ന് നിരാശയിലും ദു:ഖത്തിലും ആണ്ടുകിടക്കുകയാണ്.

ഹൃദയത്തിൽ സമാധാനമില്ലാതിരിക്കുകയാണ്. എങ്ങും സമാധാനമില്ല. സമാധാനം പിന്നെയും പിന്നെയും നശിച്ചുകൊണ്ടിരിക്കുന്നു. ഭീകരാക്രമണങ്ങൾ! നിരപരാധികൾ വധിക്കപ്പെടുന്നു. ഇന്ന് സമൂഹം മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യജാതി നശിച്ചുകൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ ദിവസം പത്രത്തിൽ വായിച്ചു, ഭൂമി ഉരുകി ഉരുകി സൂര്യനിൽ ചെന്ന് ലയിക്കുന്ന സമയം വരുമെന്ന്. മനസ്സിലാകുന്ന കാര്യമല്ല. വേദപുസ്തകം പറയുന്നുണ്ട്: "ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തി അഴികയും ഭൂമിയും അതിലുള്ള പണികളും വെന്തു

പോകയും ചെയ്യും." പത്രത്തിൽ കണ്ടത് ഒരു പുതിയ വാർത്ത യായി എന്റെ മനസ്സിൽതങ്ങി നിന്നു. ഇന്നത്തെ ഈ ഭൂമി, നാം വസിക്കുന്ന ഭൂമി അത് ഇല്ലാതാകും. സൂര്യന്റെ ചൂടിലേക്കങ്ങു ലയിച്ചു കഴിയുമ്പോഴേക്കും പിന്നെ ഭൂമിയില്ല. ഉരുകിത്തീരും. വേദപുസ്തകവും അതുതന്നെപറഞ്ഞു. ഇതെല്ലാം കത്തി നശി ക്കാൻ പോകുകയാണ്. എല്ലാം കത്തി അമരാൻ പോകുക യാണ്.

എന്തെല്ലാമാണിന്നു നടക്കുന്നത്? ലോകത്തിൽ എവിടെ യാണ് ഒരു സ്വസ്ഥതയുള്ളത്? ഒരു സമയത്ത് ഏറ്റവും സംസ്ക്കാരസമ്പന്നമായ രാജ്യമെന്നറിയപ്പെട്ടിരുന്ന ഫ്രാൻസിൽ കൂട്ടക്കൊലകൾ നടക്കുന്നു. മനഃപൂർവ്വം നിരപരാധികളെ കൊല്ലുന്നു. കൊല്ലുന്നതെന്തിനെന്ന് കൊല്ലുന്നവർക്കും അറി ഞ്ഞുകൂടാ. തകരുന്ന സമൂഹം! അനേകർ പിശാചിന്റെ വലയ ത്തിനുള്ളിലാണ്. പിശാച് കെട്ടിയിട്ടിരിക്കുകയാണ്.

അശുദ്ധിയുടെ പുറകെ ലോകം പരക്കം പായുന്നു. ഹൃദയം പൊട്ടുന്ന രീതിയിലുള്ള അശുദ്ധിയുടെ വാർത്തകൾ നാം കേൾക്കുന്നു. ബലാൽസംഗങ്ങൾ പെരുകുന്നു. സ്ത്രീകൾ അപമാനിക്കപ്പെടുന്നു. കന്യാസ്ത്രീകൾ വലിച്ചിഴയ്ക്കപ്പെടുന്നു. ജീവിതത്തിൽ വിവാഹം വേണ്ട എന്ന തീരുമാനത്തോടെ കർത്താവിന്റെ മണവാട്ടി എന്നുള്ള നല്ല ബോദ്ധ്യത്തോടെ ജീവിക്കുന്ന സ്ത്രീകൾ സ്വന്തം മാനം കാക്കാനാകാതെ വഴി യോരങ്ങളിൽ പിച്ചിചീന്തപ്പെടുന്നു. എന്താണു കാരണം? മനു ഷ്യൻ ബന്ധനത്തിലാണ്.

എന്നാൽ പരിശുദ്ധാത്മാവ് ശക്തിയോടെ വന്നാൽ ബന്ധനമഴിയും. ആത്മാവ് ശക്തിയോടെ വന്നാൽ എല്ലാ കെട്ടു കളും പൊട്ടും. ശിംശോന്റെ കൈയിലുണ്ടായിരുന്ന കെട്ടുകൾ പരിശുദ്ധാത്മാവ് വന്നപ്പോൾ അഴിഞ്ഞുപോയി. അതെല്ലാം കരിഞ്ഞുപോയി.

മാന്യസഹോദരങ്ങളേ, നിങ്ങൾക്ക് ബന്ധനമുണ്ടെന്നു

മനസ്സിലാകുന്നുണ്ടോ? ചില മുൻവിധികൾ, ചില ഇഷ്ടക്കുറവുകൾ. ഏതു കുടുംബത്തിലാണ് ഐക്യമുള്ളത്? പലരും സ്വപ്നം കാണും ഞങ്ങളുടെ കുടുംബത്തിൽ ഒരൈക്യം കിട്ടിയിരുന്നെങ്കിൽ, ഒരു സ്നേഹം കിട്ടിയിരുന്നെങ്കിൽ എന്ന്. ഭർത്താവിന്റെ ഒരു നല്ല പുഞ്ചിരി കാണാൻ കൊതിക്കുന്ന ഭാര്യമാരുണ്ട്. ഭാര്യയുടെ സ്നേഹത്തിന്റെ മൃദുലമായ ശബ്ദം കേൾക്കാൻ കൊതിക്കുന്ന ഭർത്താക്കന്മാരുണ്ട്. മാതാപിതാക്കന്മാരുടെ വാത്സല്യമസൃണമായ ഒരു സ്വരം കേൾക്കാൻ കൊതിക്കുന്ന മക്കളുണ്ട്. എവിടെയാണ് സമാധാനം!

പ്രിയപ്പെട്ടവരേ, യേശു അകത്തു വന്നാൽ, പരിശുദ്ധാത്മാവ് അകത്തു വന്നാൽ അവിടെ സമാധാനമുണ്ട്.

നീറിപ്പുകയുന്ന മനസ്സുമായി കഴിഞ്ഞ മനുഷ്യനാണ് ഞാൻ. മനസ്സ് നൊന്തുവിങ്ങിയ ഒരു മനുഷ്യനാണ് ഞാൻ. ഒരു വയസ്സ് പ്രായമുള്ളപ്പോൾ എന്റെ അപ്പൻ മരിച്ചുപോയതുകൊണ്ട് കരഞ്ഞുകരഞ്ഞ് തളർന്ന മനുഷ്യനാണ് ഞാൻ. മനസ്സ് ഉഷ്ണിച്ചുപോയ ഒരു മനുഷ്യൻ. ജീവിതം നിരാശയിൽ ആണ്ടുപോയ ഒരു മനുഷ്യൻ. അപ്പൻ മരിച്ചു, ചേട്ടൻ മരിച്ചു, ഞാനെന്തിനു ജീവിക്കുന്നു എന്നു ചിന്തിച്ച മനുഷ്യൻ.

ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചിട്ടില്ല. പക്ഷേ, ഞാൻ മരിക്കാത്തതെന്താണെന്ന്, ആൺപ്രജ ഒക്കെയും മരിക്കുന്ന വീട്ടിൽ ഞാനങ്ങു മരിക്കാതിരുന്നത് എന്തുകൊണ്ടെന്ന് ഞാൻ നിരാശയോടെ ചിന്തിച്ചിട്ടുണ്ട്. ശാപമായിരുന്നു ഞങ്ങളുടെ കുടുംബത്തെ വേട്ടയാടിയത് എന്നൊന്നും എനിക്കറിയാൻ പാടില്ലായിരുന്നു. എന്തുകൊണ്ടാണ് ശാപം വന്നതെന്നും എനിക്കറിയാൻ പാടില്ല. ആർക്കും അറിയാൻ പാടില്ല. കുടുംബത്തിന്റെ മേൽ ശാപമുണ്ടായിരുന്നു.

ഇന്ന് അനേകം കുടുംബങ്ങളിൽ ശാപം നിൽക്കുന്നു. ശാപത്തിന്റെ കെട്ടുകൾ പൊട്ടിപ്പോകണം. ശാപത്തിന്റെ കയറുകൾ അഴിഞ്ഞുപോകണം; യേശുക്രിസ്തുവിനെ നിങ്ങൾ

വിളിച്ചപേക്ഷിച്ചാൽ, കർത്താവായ യേശുവിന്റെ ആത്മാവ് വന്നാൽ കെട്ടുകൾ കരിഞ്ഞുപോകും, കെട്ടുകൾ പൊട്ടിപ്പോകും, ബന്ധനങ്ങൾ അഴിഞ്ഞു പോകും.

"സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചു നിൽപ്പിൻ. അടിമനുകത്തിൽ പിന്നേയും കുടുങ്ങിപ്പോകരുത്." നമുക്ക് സ്വാതന്ത്ര്യം തരുവാൻ, നമ്മുടെ കെട്ടുകൾ പൊട്ടിച്ചു തരുവാൻ കർത്താവായ യേശു കുരിശിൽ മരിച്ചു. കുരിശിൽ കെട്ടപ്പെട്ടു. കർത്താവിനെ കയറുകൊണ്ടല്ല കെട്ടിയത്. മൂന്ന് കാരിരുമ്പാണികൾകൊണ്ട് കർത്താവിനെ ബന്ധിച്ചു. മൂന്നാണികളിൽ യേശു ക്രൂശിന്മേൽ ബന്ധനസ്ഥനായി കിടന്നു.

സ്നേഹിതരേ, യേശു, അന്നുമുതൽ ഇന്നയോളം, കർത്താവിനു നടക്കാൻ കാലുകളെവിടെ എന്നന്വേഷിച്ചുകൊണ്ട്, ആശയോടെ നോക്കുന്നു. കർത്താവിനു പ്രവർത്തിക്കാൻ കരമെവിടെ എന്ന് ചോദിച്ചുകൊണ്ട് കർത്താവ് മനുഷ്യരുടെ കരങ്ങളിലേക്കു നോക്കുന്നു.

മോനേ, നിന്റെ കരമെനിക്കു തരുമോ? നിന്റെ കരത്തിൽക്കൂടി ഞാൻ പ്രവർത്തിക്കാം. മോളേ, നിന്റെ ജീവിതം എനിക്കു തരുമോ? നിന്റെ ജീവിതത്തിൽക്കൂടി ഞാൻ അത്യത്ഭുതം പ്രവർത്തിക്കാം. നിന്റെ കുടുംബത്തെ ഞാൻ സ്വർഗ്ഗമാക്കിത്തരാം. നിന്റെ കുടുംബത്തിൽ ഐക്യം തരാം. നിന്റെ കുടുംബത്തിൽ സ്നേഹം തരാം. അമ്മായിയമ്മപ്പോരു മാറ്റിത്തരാം. കരുണയുള്ള കർത്താവിന്റെ തിരുരക്തത്താൽ അത്ഭുതങ്ങൾ നടക്കും. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ ബന്ധനങ്ങളഴിയും. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ മനുഷ്യഹൃദയത്തിൽ വ്യത്യാസം വരും.

ഇപ്പോൾത്തന്നെ നിങ്ങൾക്ക് രൂപാന്തരം തരുവാൻ, നിങ്ങളുടെ ജീവിതം മാറ്റാൻ കർത്താവ് ആഗ്രഹിക്കുന്നു. ഇപ്പോൾത്തന്നെ നിങ്ങളുടെ ഉള്ളിലേക്ക് ആത്മാവിനെ ഊതു

വാൻ കർത്താവ് ആഗ്രഹിക്കുന്നു. കർത്താവേ, എന്റെമേൽ ഊതണമേ എന്ന് നിങ്ങൾക്ക് പറയാം. പരിശുദ്ധാത്മാവിന്റെ കാറ്റ് എന്റെമേൽ ഊതി എന്റെ ഹൃദയത്തെ തണുപ്പിക്കണമേ. എന്റെ ഹൃദയത്തിലെ ഉഷ്ണം മാറ്റണമേ. എന്റെ മനസ്സിലെ ചൂടു മാറ്റണമേ. കർത്താവേ, എന്റെ മനസ്സ് ഇന്ന് ദുരിതത്തിൽ വലഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ ദുരിതം മാറ്റിത്തരണമേ.

ബന്ധനം അഴിയുവാൻ പരിശുദ്ധാത്മാവ് ശക്തിയോടെ വരണം. ബന്ധനങ്ങൾ മാറി സ്വാതന്ത്ര്യം തരുവാൻ പരിശുദ്ധാത്മാവ് ശക്തിയോടെ വരണം.

യിഫ്താഹിന്റെ മേൽ ആത്മാവ് ശക്തിയോടെ വന്നു. ശത്രുവിനെ ജയിക്കുവാനുള്ള കൃപ കിട്ടി.

ശിംശോന്റെ മേൽ ആത്മാവ് ശക്തിയോടെ വന്നു, ശിംശോന്റെ ബന്ധനങ്ങൾ അഴിഞ്ഞുപോയി.

ഇപ്പോൾ യേശുക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കൂ. പാപമെല്ലാം കഴുകുന്ന ക്രിസ്തുവിന്റെ കരങ്ങളിൽ നിങ്ങളെത്തന്നെ കൊടുത്തുകൊണ്ട് നിങ്ങൾ സമർപ്പിക്കൂ. കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ, ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

# എട്ട്

സർ റോണാൾഡ് റോസ് വളരെ പ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞനായിരുന്നു. 1902-ൽ ശാസ്ത്രത്തിൽ അദ്ദേഹ ത്തിന് നോബൽ സമ്മാനം കിട്ടി. സർ റോണാൾഡ് റോസ്, മല മ്പനി വരുന്നതിന്റെ മൂലകാരണം എന്താണെന്ന് കണ്ടുപിടി ക്കാൻ ശ്രമിച്ചു. അതിനുവേണ്ടി അദ്ദേഹം പരീക്ഷണ നിരീ ക്ഷണ ഗവേഷണങ്ങൾ നടത്തി. രണ്ടായിരത്തിലേറെ അനോ ഫിലിസ് കൊതുകുകളെ അദ്ദേഹം ശേഖരിച്ചു. അവയെ ക്കൊണ്ട് അദ്ദേഹം പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുക യായിരുന്നു.

ഏതാണ്ട് കണ്ടുപിടിത്തത്തിന്റെ അടുത്തെത്തിയപ്പോ ഴാണ് അതിൽ കുറെ കൊതുകുകൾ ചത്തുപോയി. അയ്യോ! കഷ്ടം, ആ ഗവേഷണം പൂർത്തീകരിക്കാൻ പറ്റില്ലേ എന്ന ദ്ദേഹം വിഷമിച്ചു. എന്നാൽ അദ്ദേഹം മടുത്തില്ല, നിരാശനാ യില്ല. അത്യുത്സാഹത്തോടെ പരിശ്രമിച്ചു. മലമ്പനിയുടെ മൂല കാരണം എന്തെന്ന് കണ്ടുപിടിച്ചു. കൊതുകുകൾ പരത്തുന്ന ഈ രോഗത്തിന്റെ രോഗാണുക്കൾ എങ്ങനെയാണ്, ഏതു രീതിയിലാണ് പ്രവർത്തിക്കുന്നത് എന്നദ്ദേഹം കണ്ടുപിടിച്ചു. അങ്ങനെ മലമ്പനിയെ ഈ ഭൂമുഖത്തുനിന്ന് ആട്ടിയകറ്റാനുള്ള വിദ്യ അദ്ദേഹം ലോകത്തിന് സംഭാവന ചെയ്തു.

രണ്ടായിരത്തിലേറെ കൊതുകുകൾ ചത്തുപോയത് അദ്ദേഹത്തെ നിരാശയിലേക്ക് കൊണ്ടുപോയില്ല. അദ്ദേഹം നിരാശനാകാതെ, തളരാതെ പരിശ്രമിച്ചു.

തളരാതെ പരിശ്രമിക്കുക. ഒരിക്കലും തളരരുത്. നിങ്ങ

ളുടെ ജീവിതത്തിൽ തളർച്ചയ്ക്ക് നിങ്ങൾ ഇടം കൊടുക്കരുത്. എപ്പോഴും പോസിറ്റീവ് ആകുക. Optimistic – ശുഭാപ്തി വിശ്വാസമുള്ളവരാകുക. ചിലർ അങ്ങനെയല്ല Pessimistic – അശുഭ ചിന്തയുള്ളവരായിപ്പോകുന്നു. എന്റെ കാര്യം ശരിയാവില്ല, എനിക്കാരാണുള്ളത്? എന്നെ സഹായിക്കാൻ, എനിക്കു വേണ്ടി പ്രാർത്ഥിക്കാൻ ആരാണുള്ളത്? എന്തെങ്കിലും പാരമ്പര്യം എനിക്കുണ്ടോ? ഓ, ഞാനെങ്ങും ജയിക്കാൻ പോകുന്നില്ല, ഇങ്ങനെ എപ്പോഴും അശുഭചിന്താഗതി (pessimistic) വച്ചു പുലർത്തുന്നവരുണ്ട്.

അതു നിഷേധചിന്തയാണ്, നെഗറ്റീവ് ആണ്. ഒരു കാരണവശാലും നാം നെഗറ്റീവ് ആകരുത്. പോസിറ്റീവ് ആയിക്കൊള്ളണം. എന്തുവന്നാലും ശരി, ഞാൻ ജയിക്കും. എന്തുകൊണ്ട്? ഒരു വിശ്വാസിക്കു പറയാൻ വകയുണ്ട്. എന്റെ കർത്താവ് എന്നോടുകൂടെയുണ്ട്. അവൻ അത്യുന്നതനാണ്. അവൻ സർവ്വവല്ലഭനാണ്, സർവ്വശക്തനാണ്. അതുകൊണ്ട് ഞാൻ ജയിക്കും. ഈ ഒരു ഉറപ്പേറിയ നിർണ്ണയം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം. വെറുതെ ഊഹിച്ചാൽ പോരാ. നമ്മുടെ ജീവിതം യേശുക്രിസ്തു കൂടെ നിൽക്കത്തക്കവണ്ണം വിശുദ്ധമാണെങ്കിൽ യേശു നമ്മുടെകൂടെ ഉണ്ടായിരിക്കും. യേശുക്രിസ്തുവിന്റെ രക്തത്തിലാശ്രയിച്ചുള്ള ഒരു വിശുദ്ധജീവിതം നിങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ഭയപ്പെടേണ്ട, യേശു നിങ്ങളെ സഹായിക്കും.

വിശ്വാസികളായ അനേക ദൈവമക്കളുടെ അനുഭവം അതല്ലേ? വിശ്വാസം കിട്ടുക എന്നത് ഒരു കൃപയാണ്, ഒരു ദാനമാണ്. വിശ്വാസം വേണം എന്നു പറഞ്ഞാൽ വിശ്വാസം കിട്ടില്ല. എന്റെ കർത്താവേ, എന്നെ ഒരു വിശ്വാസിയാക്കി തീർക്കണേ. എന്റെ കർത്താവേ, യേശുക്രിസ്തുവിലുള്ള വിശ്വാസം കൊണ്ട് എന്റെ ഹൃദയത്തെ നിറയ്ക്കേണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കൂ. ചിലർക്ക് അന്ധവിശ്വാസമുണ്ട്. ചിലർക്ക് അല്പ വിശ്വാസമുണ്ട്. ചിലർക്ക് അവിശ്വാസമുണ്ട്. ഇതെല്ലാം

മാറണം. നിറഞ്ഞ വിശ്വാസം, കടുകുമണിപോലത്തെ വിശ്വാസം. കടുകുമണിയ്ക്കകത്ത് കാമ്പ് നിറഞ്ഞു നിൽക്കുന്നതുപോലെ നല്ല തിങ്ങിനിൽക്കുന്ന വിശ്വാസം എനിക്കു തരണമേയെന്ന് നിങ്ങൾ പ്രാർത്ഥിക്കൂ.

യിഫ്താഹിന്റെമേൽ ശക്തിയോടെ ആത്മാവ് വന്നപ്പോൾ അവൻ ശത്രുസൈന്യത്തെ ജയിച്ചു. മിദ്യാന്യരെ തോല്പിച്ചു. യഹോവയോട് ഞാൻ പറഞ്ഞുപോയി, എനിക്ക് പിൻമാറിക്കൂടാ എന്ന് യിഫ്താഹ് പറഞ്ഞു.

ദൈവത്തിന്റെ ആത്മാവ് ശക്തിയോടെ ശിംശോന്റെമേൽ വന്നപ്പോൾ ശിംശോന്റെ ബന്ധനങ്ങൾ കത്തിപ്പോയി.

*"അവൻ ലേഹിയിൽ എത്തിയപ്പോൾ ഫെലിസ്ത്യർ അവനെ കണ്ടിട്ട് ആർത്തു. അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെമേൽ വന്ന് അവന്റെ കൈ കെട്ടിയിരുന്ന കയർ തീ കൊണ്ട് കരിഞ്ഞ ചണനൂൽ പോലെ ആയി; അവന്റെ ബന്ധനങ്ങൾ കൈമേൽ നിന്ന് ദ്രവിച്ചുപോയി."*

*ന്യായാധിപന്മാർ 15 : 14*

പരിശുദ്ധാത്മാവ് ശക്തിയോടെ വന്നാൽ ബന്ധനങ്ങൾ ദ്രവിച്ചുപോകും. കെട്ടുകൾ കത്തിപ്പോകും.

ശിംശോനെ ഫെലിസ്ത്യർ ഒരിക്കൽ പിടികൂടി. വലിയ ചണക്കയർകൊണ്ട് ബന്ധിച്ചു. എന്നിട്ട് അവർ അവരുടെ സൈന്യത്തിനരികത്തേക്കു കൊണ്ടുവന്നു. മല്ലനെ ഞങ്ങൾക്കു കിട്ടി എന്നുപറഞ്ഞ് ആർത്തുവിളിച്ചുകൊണ്ടാണ് വരുന്നത്. വലിയ സന്തോഷം ഫെലിസ്ത്യർക്ക്. പക്ഷേ, ശത്രുനിരയുടെ നടുക്കെത്തിയപ്പോൾ ശിംശോൻ, എന്റെ കർത്താവേ എന്നൊന്നു വിളിച്ചു. ഉടനെ ദൈവത്തിന്റെ ആത്മാവ് ശക്തിയോടെ വന്നു. ശിംശോന്റെ കൈകളിലുള്ള ബന്ധനങ്ങൾ, കെട്ടുകൾ, കയറുകൾ എല്ലാം കരിഞ്ഞുപോയി.

ദൈവത്തിന്റെ ആത്മാവ് വരുമ്പോൾ ബന്ധനങ്ങൾ കരിഞ്ഞുപോകും. നമ്മുടെ പലരുടേയും ജീവിതത്തിൽ പല ബന്ധനങ്ങളുണ്ട്. എന്തൊക്കെയാണ് ബന്ധനങ്ങൾ എന്ന് നിങ്ങൾക്കു തന്നെ അറിയാം.

കോപത്തിന്റെ ബന്ധനങ്ങളുള്ള ആളുകളുണ്ട്. ഒരു കാര്യവുമില്ലെങ്കിലും പെട്ടെന്ന് ശുണ്ഠി പിടിക്കും. പെട്ടെന്ന് ദേഷ്യം വരും; പിന്നെ ഓർക്കും എന്തിനാണ് ഞാൻ ദേഷ്യപ്പെട്ടത്? പക്ഷേ, ആദ്യം ദേഷ്യമാണ് വരുന്നത്.

എന്താണ് നിങ്ങളുടെ ബന്ധനം? എന്റെ ഏറ്റവും വലിയ ബന്ധനം എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? ശിംശോന് ഒരു വീക്ക്പോയിന്റുണ്ടായിരുന്നു, ഒരു ബലഹീനവശമുണ്ടായിരുന്നു. ശിംശോൻ ദൈവത്തിന്റെ വ്രതസ്ഥനായിരുന്നു എന്നാൽ തന്റെ ജീവിതത്തിൽ വിശുദ്ധിക്ക് പ്രാധാന്യം കൊടുത്തില്ല. ലൈംഗികമായ കെട്ടുറപ്പുള്ളവനായിരുന്നില്ല.

ശിംശോൻ ലൈംഗികമായ ആസക്തിയിൽ നിബന്ധനയുള്ളവനായിരുന്നില്ല. തീരുമാനങ്ങളൊക്കെ എടുക്കും പക്ഷേ, തീരുമാനങ്ങളെടുത്താലും ലൈംഗികമായ വികാരത്തിന്റെ ചോദന മുതിർന്നു വരുമ്പോൾ, വികാരത്തിന്റെ വേലിയേറ്റം വരുമ്പോൾ ശിംശോൻ താണുപോകും, വീണുപോകും.

ആരോഗ്യമുള്ള ഏതൊരു പുരുഷനും ഏതൊരു സ്ത്രീക്കും ലൈംഗിക വാസനയുണ്ട്. അതു തെറ്റല്ല. പക്ഷേ, അനവസരത്തിലാകുമ്പോഴാണ് പാപമാകുന്നത്. വിവാഹത്തിനുമുമ്പുള്ള ലൈംഗികത പാപമാണ്. വിവാഹത്തിനു ശേഷമുള്ള ഇതര ലൈംഗികത പാപമാണ്. വിവാഹ പൂർവ്വബന്ധം, വിവാഹ ഇതര ബന്ധം. Pre marital sex and extra marital sex, എല്ലാം മഹാപാപങ്ങളാണ്.

വിവാഹത്തിനുമുൻപുള്ള എതൊരു തരത്തിലുള്ള ലൈംഗികവൃത്തിയും പാപമാണ്. ലൈംഗിക വികാരങ്ങൾക്ക് അടിമപ്പെടാൻ പാടില്ല. ലൈംഗികചോദനകൾക്ക് അടിമപ്പെ

ടാൻ പാടില്ല. ലൈംഗികമായ ആസക്തിയ്ക്കു വിധേയപ്പെടാൻ പാടില്ല.

വിവാഹത്തിനുശേഷം സ്വന്തം ഭാര്യയല്ലാതെ, സ്വന്തം ഭർത്താവല്ലാതെ അന്യജഡത്തിലേക്ക് മോഹം പോകാൻ പാടില്ല.

ശിംശോൻ നാസീർ വ്രതമുള്ളവനായിരുന്നു. വ്യക്തമായ ചില തീരുമാനങ്ങളെടുത്തവനായിരുന്നു. വ്രതസ്ഥനായി ദൈവം കണ്ടവൻ പിന്നെ വിവാഹജീവിതത്തെക്കുറിച്ചു പോലും ചിന്തിക്കാൻ പാടില്ല. അവൻ പിന്നെ ലൈംഗികമായ ചിന്താഗതിയിലേക്ക് പോകാൻ പാടില്ല. വ്രതസ്ഥനാകുന്നതിനു മുമ്പ്, ദയറാവാസി ആകുന്നതിനുമുമ്പ് ചിന്തിക്കേണ്ടതാണ്, ഇതെനിക്കു പറ്റുമോ? എന്നെക്കൊണ്ടാകുമോ? പിടിച്ചു നിൽക്കാൻ പറ്റുമേ?

വൈവാഹികബന്ധമില്ല, ലൈംഗികബന്ധമില്ല എന്നെല്ലാം തീരുമാനിച്ചു കഴിഞ്ഞിട്ട് പിന്നെ വീണുപോകുക എന്നുപറ ഞ്ഞാൽ ഭയാനകമായ വീഴ്ചയാണ്.

ശിംശോന്റെ കൈകൾ ബന്ധിച്ച് ശത്രുക്കൾ കെട്ടിക്കൊ ണ്ടുപോയി ശത്രുനിരയുടെ മുന്നിൽ കൊണ്ടിരുത്തി. പക്ഷേ, ദൈവം തന്റെ വ്രതസ്ഥനെ മറന്നില്ല. ദൈവം ശിംശോന്റെ നേരെ കരുണ കാണിച്ചു. ശിംശോനോട് മനസ്സലിഞ്ഞു. ശിംശോന്റെ ഹൃദയത്തിൽ, എന്റെ കർത്താവേ എന്നു വിളി ക്കുമ്പോഴേക്കും ജീവനുള്ള ദൈവം വന്നു കഴിഞ്ഞു. ശിംശോന്റെ കൈയിൽ കെട്ടുകളുണ്ട്, ബന്ധിതനാണ്. പക്ഷേ, ശിംശോൻ ദൈവത്തിന്റെ അളവറ്റകൃപയാൽ പരിശുദ്ധാത്മാ വിന്റെ ശക്തി ലഭിച്ച് ദൈവത്തെ മഹത്വപ്പെടുത്തി.

ശിംശോനെ കിട്ടിയപ്പോഴേക്കും ശത്രുക്കൾ അവനെ കെട്ടിയിട്ടു. അവർക്ക് വലിയ ആർപ്പ്, ശത്രുക്കൾക്ക് വലിയ സന്തോഷം. മല്ലൻ തകർന്നല്ലോ. ഒരു വീരപുരുഷൻ തകർന്ന ല്ലോ. അവൻ ഞങ്ങളുടെ കൈയിലായല്ലോ. അവനെ ബന്ധി ക്കാൻ കഴിഞ്ഞല്ലോ. സന്തോഷിച്ച് ആർത്തു. പക്ഷേ, ശത്രു

ക്കൾ ആർത്തപ്പോൾ ശിംശോൻ എന്റെ ദൈവമേ എന്നോർത്തു. അപ്പോൾ തന്നെ യഹോവയുടെ ആത്മാവ് ശിംശോന്റേമേൽ വന്ന് അവന്റെ കെട്ട് കത്തിച്ചുകളഞ്ഞു.

പ്രിയപ്പെട്ടവരേ, ഏതൊരത്യാവശ്യഘട്ടത്തിലും ഓടി വന്നു താങ്ങുന്നവനാണ് ദൈവം. ദൈവം ആരുടേയും അകൃത്യം ഓർമ്മ വയ്ക്കുന്നില്ല. ആരുടെയും പാപം കണക്കിടുന്നില്ല. “അവന്റെ കോപം ക്ഷണനേരത്തേയ്ക്കേയുള്ളു; അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്.”

തെറ്റുകൾ പറ്റിപ്പോയോ? വീഴ്ച പറ്റിപ്പോയോ? ഏതെങ്കിലും പാപങ്ങൾ വന്നുപോയോ? മാലിന്യങ്ങൾ സംഭവിച്ചുപോയോ? എന്റെ കർത്താവേ, എന്നോട് മനസ്സലിയണമേ എന്ന് നിങ്ങൾ പറയൂ. ഒരിക്കലും സംഭവിക്കരുതാത്തതെന്തെങ്കിലും നിങ്ങളുടെ ജീവിതത്തിൽ സംഭവിച്ചുപോയോ? എന്റെ കർത്താവേ, ക്ഷമിക്കണമേ എന്നു പറയൂ. ഗോഗുൽത്തായിൽ ചിന്തിയ രക്തം, പാപം പോക്കുന്ന രക്തമാണ്. പാപിയെ കഴുകിയെടുക്കുന്ന രക്തമാണ്. ഗോഗുൽത്തായിലെ കുരിശിൽക്കൂടി ഒലിച്ചിറങ്ങിയ രക്തം പരിശുദ്ധന്റെ പുണ്യരക്തമാണ്. പാപിയെ രൂപാന്തരപ്പെടുത്തുകയും അവനെ വിശുദ്ധനാക്കിത്തീർക്കുകയും ചെയ്യുന്ന രക്തമാണ്.

പ്രിയപ്പെട്ടവരേ, വിളിക്കൂ നിങ്ങൾ യേശുവിനെ. കർത്താവേ, തെറ്റുപറ്റിപ്പോയി. കർത്താവേ, എന്റെ ജീവിതത്തിൽ അരുതാത്തതു സംഭവിച്ചുപോയി. ഇനിയില്ല; വന്നതു വന്നുപോയല്ലോ. ഞാനിനി എന്തു ചെയ്യും? വേറൊരു പോക്കിടമില്ലല്ലോ കർത്താവേ. നീ എന്നെ താങ്ങുകയല്ലാതെ ഞാൻ എന്തു ചെയ്യും? നിന്റെ തൃക്കരം നീട്ടിയല്ലാതെ ഞാൻ എന്തു ചെയ്യും?

നിങ്ങൾ ബന്ധനങ്ങൾ കണ്ടു ഭയപ്പെടേണ്ട. എല്ലാ ബന്ധനവും കരിച്ചുകളയുന്ന ശക്തിയാണ് പരിശുദ്ധാത്മാവിന്റെ ശക്തി. അതുല്യമായ, അപ്രമേയമായ, അപരിമേയമായൊരു

ശക്തിയാണത്. അത്യുന്നതന്റെ ശക്തി! പരിശുദ്ധാത്മശക്തി!

The power of the Holy spirit! പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങളിലേക്കും പകരാൻ കർത്താവ് ആഗ്രഹിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങളുടെ സിരകളിലൂടെ ഒഴുക്കുവാൻ കർത്താവ് ആഗ്രഹത്തോടെ നോക്കി നിൽക്കുകയാണ്.

ഇപ്പോൾത്തന്നെ നിങ്ങൾക്ക് പരിശുദ്ധാത്മാവിനായി പ്രാർത്ഥിക്കാം. ആത്മാവേ പറന്നു വരണമേ എന്ന് നിങ്ങൾക്ക് പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവേ, എന്റെമേൽ ഒഴുകി വീഴണമേ. എന്റെ ബന്ധനം കത്തിച്ചുകളയുന്ന ആത്മാവേ, ഇപ്പോൾ എഴുന്നള്ളിവരണമേ. എന്റെ നാഥാ, എന്റെ ജീവിതത്തിൽ അനേകമനേകം ബന്ധനങ്ങളുണ്ട്.

എന്റെ സ്വപ്നങ്ങൾ വിശുദ്ധമല്ല. എന്റെ സ്വപ്നങ്ങൾ ഭയപ്പാടുളവാക്കുന്നതാണ്. ഭീതിയുളവാക്കുന്നവയാണ്. അതെന്റെ ഉപബോധമനസ്സിൽ അടിഞ്ഞു കിടക്കുന്ന പാപത്തിന്റെ പ്രതിഫലനങ്ങളാണ്. കർത്താവേ, എന്റെ ഹൃദയത്തെ നീ വിശുദ്ധീകരിക്കണമേ. എന്റെ ഉപബോധമനസ്സിനെ നീ വിശുദ്ധീകരിക്കണമേ. എന്റെ അബോധതലങ്ങളെ നീ വിശുദ്ധീകരിക്കണമേ. എന്റെ ആളത്വത്തെ നീ വിശുദ്ധീകരിക്കണമേ. എന്നെ മുഴുവനായി രൂപാന്തരപ്പെടുത്തണമേ. നിന്റെ ആത്മാവ് എന്റെമേൽ പറന്നുവരണമേ. എന്റെമേൽ അധിവസിക്കണമേ.

അനേക കുടുംബങ്ങളിൽ ശാപങ്ങളുണ്ട്. ശാപങ്ങളെല്ലാം ബന്ധനമാണ്. ചില രോഗങ്ങൾ തലമുറകളായി പകർന്നു വരുന്നു. പാരമ്പര്യരോഗങ്ങൾ! ചില കുടുംബങ്ങളിൽ ഒന്നു മാറി, ഒന്നുമാറി അത്യാഹിതങ്ങൾ! അത്യാഹിതമരണങ്ങൾ!

ചില കുടുംബങ്ങളിൽ എന്നും സ്വൈര്യക്കേട്. എന്നും വഴക്ക്, വീട്ടിൽ ഒരൈക്യവുമില്ല. അതൊരു ശാപമാണ്. എന്തിനാണ് വഴക്ക് കൂടുന്നത്, ആർക്കറിയാം? രണ്ടുപേർക്കുമറിഞ്ഞുകൂടാ. ഭാര്യയ്ക്കും അറിഞ്ഞുകൂടാ, ഭർത്താവിനും അറിഞ്ഞുകൂടാ, മക്കൾക്കും അറിഞ്ഞുകൂടാ എന്തിനാണ് വഴക്കു

കൂടുന്നതെന്ന്. പ്രത്യേകിച്ച് കാര്യമൊന്നുമില്ല പക്ഷേ, കലഹ മാണ്. എന്നും അസ്വസ്ഥത, എന്നും ശണ്ഠ, എന്നും ഇഷ്ട ക്കേട്, എന്നും മുഷിച്ചിൽ, എന്നും മുഖം വാടിയിരിക്കുക, എന്നും മുഖം വീർത്തിരിക്കുക. മിണ്ടാട്ടമില്ല, തുറന്നു പറയില്ല.

തുറന്നു പറഞ്ഞാൽ പല കാര്യങ്ങളും തീരുമല്ലോ. തുറന്നു പറയുകയില്ല. അകത്ത് സമ്മർദ്ദം കൊണ്ടിട്ട്, അവിടം ഏറ്റവും വികലമാക്കും; വികൃതമാക്കും; വിരൂപമാക്കും. അവിടെ നിന്ന് അത് അഴുക്കായി പുറത്തേക്ക് ബഹിർഗമിക്കും. അത് കൂടുതൽ അപകടം ചെയ്യും. ചിലപ്പോൾ അത് ആത്മഹ ത്യയായിത്തീരും. ചിലപ്പോൾ കൊലപാതകമായിത്തീരും. ചിലപ്പോൾ വലിയ വലിയ കത്തിക്കുത്തുകളോ, അനർത്ഥ ങ്ങളോ ആയിത്തീരും. ഇതെല്ലാം അമർത്തപ്പെട്ടു കിടക്കുന്ന വികാരങ്ങളുടെ ബഹിർഗമനമാണ്. അമർത്തി വച്ചിരിക്കുന്ന വികാരങ്ങൾ പുറത്തേക്ക് തള്ളിത്തിക്കി വരികയാണ്. അനേകം ബന്ധനങ്ങൾ!

ചില ഇഷ്ടക്കേടുകൾ, ചിലരോടുള്ള ചില വൈരാഗ്യ ങ്ങൾ പോകുന്നില്ല. പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ പരിശുദ്ധാത്മാവ് വരുമ്പോൾ ഇതെല്ലാം പോകും. പിന്നെ പിണ ക്കമില്ല, വഴക്കില്ല, divorce-നെക്കുറിച്ചുള്ള ചിന്തയില്ല. എത്രയും വേഗം വിവാഹമോചനം! ആദ്യം വരുന്ന ചിന്ത വിവാഹമോചനം എന്നാണ്. എങ്ങനെ ഒന്നിച്ച് ജീവിക്കാമെന്ന ല്ല, എങ്ങനെ പിരിയാമെന്നാണ് ചിന്ത. പല കുടുംബങ്ങളിലും അങ്ങനെയല്ലേ? ചില കുടുംബങ്ങളിൽ ഒന്നല്ല, രണ്ടല്ല അതി ലേറെ വിവാഹമോചനങ്ങൾ! അതിനെല്ലാം കാരണം, ചില ശാപങ്ങൾ വേട്ടയാടുന്നു. ഈ ശാപങ്ങളെല്ലാം മാറണ്ടേ?

ശാപങ്ങളെല്ലാം മാറും, മാറാരോഗങ്ങളെല്ലാം മാറും. തീരാവ്യാധികളെല്ലാം തീരും. യേശുക്രിസ്തുവിനെ വിളിക്കൂ. യേശു നിങ്ങളുടെ രക്ഷകനായി വരട്ടെ. യേശു നിങ്ങളുടെ ഉടമ സ്ഥനായി വരട്ടെ. യേശു നിങ്ങളുടെ നായകനായി വരട്ടെ. യേശു നിങ്ങളുടെ നാഥനായി വരട്ടെ. യേശുക്രിസ്തുവിന്റെ

തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തം നിങ്ങളെ കഴുകട്ടെ.

ഇന്ന്, ഇപ്പോൾത്തന്നെ ആ തിരുരക്തത്താലുള്ള കഴുകൽ നിങ്ങൾക്കു പ്രാപിക്കാം. ആ സ്നേഹം കൊണ്ടുതുടിക്കുന്ന ഹൃദയത്തിൽ നിന്നൊഴുകിയ രക്തം, സ്നേഹത്താൽ തുടിക്കുന്ന ഹൃദയത്തിൽ നിന്നൊഴുകി വരുന്ന രക്തം, ആപരിശുദ്ധ രക്തം ഇന്ന് നിങ്ങളെ കഴുകട്ടെ.

നാളിതുവരെ വന്നുപോയ സകല പാപങ്ങളും കഴുകട്ടെ. അറിഞ്ഞും അറിയാതെയും നിങ്ങളിൽ വന്നുപോയ സകല പാപങ്ങളും കഴുകിമാറ്റട്ടെ. നിങ്ങളുടെ ജീവിതത്തിൽ സംഭവിച്ചുപോയ സകല തിന്മകളും നിങ്ങളിൽ നിന്നു മാറ്റി, നിങ്ങളുടെ ഹൃദയത്തിന് സമാധാനം തരട്ടെ. നിങ്ങളുടെ കുടുംബത്തിൽ ഐശ്വര്യം വരട്ടെ. കുടുംബത്തിലേക്ക് ഐക്യം വരട്ടെ. കുടുംബത്തിൽ ഒരു മനസ്സ് വരട്ടെ. കുടുംബത്തിൽ സ്നേഹം വരട്ടെ.

## ഒൻപത്

*"ദാവീദ് പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ട് പൂർണ്ണശക്തിയോടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തു. അങ്ങനെ ദാവീദും യിസ്രായേൽ ഗൃഹമൊക്കെയും ആർപ്പോടും കാഹളനാദത്തോടും കൂടെ യഹോവയുടെ പെട്ടകം കൊണ്ടുവന്നു. എന്നാൽ യഹോവയുടെ പെട്ടകം ദാവീദിന്റെ നഗരത്തിൽ കടക്കുമ്പോൾ ശൗലിന്റെ മകളായ മീഖൾ കിളിവാതിലിൽക്കൂടി നോക്കി, ദാവീദ്രാജാവ് യഹോവയുടെ മുമ്പാകെ കുതിച്ചു നൃത്തം ചെയ്യുന്നതുകണ്ടു തന്റെ ഹൃദയത്തിൽ അവനെ നിന്ദിച്ചു."*

*2 ശമുവേൽ 6 : 14 – 16*

പരിശുദ്ധാത്മാവ് ശക്തിയോടെ വന്നപ്പോൾ ദാവീദ് നൃത്തം ചെയ്ത് ദൈവത്തെ സ്തുതിച്ചു. ദൈവത്തെ ആരാധിച്ചു. ആത്മാവ് നമ്മുടെമേൽ ശക്തിയോടെ വരുമ്പോൾ നാം മതിമറന്ന് ദൈവത്തെ സ്തുതിക്കും. മറ്റുള്ളവർ പക്ഷേ നിന്ദിക്കും. ദാവീദിന്റെ ഭാര്യയായ മീഖൾ കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ നിന്നുകൊണ്ട് ഇത് കണ്ടുകൊണ്ടിരിക്കുമ്പോൾ അവൾക്ക് ലജ്ജ തോന്നി. അവൾ മുറിയ്ക്കത്തേക്കു കയറി. എന്നാലും ഒന്നുകൂടി നോക്കണമെന്നു തോന്നി, ജനലിൽക്കൂടി നോക്കി.

ദാവീദ് വെറും സാധാരണക്കാരായ ആളുകളുടെ കൂട്ടത്തിൽ നിന്ന് നൃത്തം ചെയ്യുന്നു. രാജാവിങ്ങനെ താണവനായിപ്പോകേണ്ട ആവശ്യമുണ്ടോ എന്ന് ഭാര്യയ്ക്കു തോന്നിപ്പോയി.

രാജാവ് കുറച്ച് അന്തസ്സോടും ആഭിജാത്യത്തോടുമൊക്കെ നിൽക്കേണ്ടതല്ലേ! മൗനമായി നിൽക്കേണ്ടതല്ലേ! ഈ വെറും നിസ്സാരരായ ആളുകളുടെ ഇടയിൽ നടന്ന് ഇങ്ങനെ നൃത്തം ചെയ്യാൻ പാടുണ്ടോ! സ്തുതിക്കാൻ പാടുണ്ടോ എന്നു മീഖളിനു തോന്നി. മീഖൾ സ്തുതിയെ നിന്ദിച്ചു.

പ്രിയപ്പെട്ടവരേ, ആളുകൾ പക്ഷേ നിന്ദിച്ചു എന്നുവരാം. സ്തുതിയെ പരിഹസിച്ചു എന്നുവരാം. ഇങ്ങനെയൊക്കെയാണോ സ്തുതിക്കുന്നത് എന്നു തോന്നിയെന്നു വരാം. ഇത്ര ബഹളം വേണോ, ഇത്ര ഒച്ചപ്പാടുവേണോ എന്നു തോന്നിയെന്നു വരാം. ദൈവത്തിന്റെ മഹത്വത്തിൽ, ദൈവത്തിന്റെ സ്തുതിയിൽ നാം ലയിച്ചു നിൽക്കുമ്പോൾ മറ്റുള്ളവർക്ക് അത് മനസ്സിലാവുകയില്ല. ആത്മാവിന്റെ സ്തുതി, പരിശുദ്ധാത്മാവിന്റെ നിറവിലുള്ള സ്തുതിയാണ്.

ഒരിക്കൽ ദാവീദിന് ഈ സ്തുതി നഷ്ടപ്പെട്ടുപോയിരുന്നു. സ്തുതി നഷ്ടപ്പെട്ടപ്പോൾ ദാവീദ് നിലവിളിച്ചു: കർത്താവേ, എനിക്ക് എന്റെ അധരങ്ങൾ സ്തുതിക്കുന്ന സൗഭാഗ്യം തരണമേ. എന്റെ അധരങ്ങൾ തുറന്നു തരണമേ. എന്റെ ചുണ്ടടഞ്ഞുപോയല്ലോ, സ്തുതി നിലച്ചുപോയല്ലോ, പരിശുദ്ധാത്മാവ് എന്നിൽനിന്നും വിട്ടുപോയല്ലോ കർത്താവേ. നിന്റെ മഹത്വമുള്ള ആത്മാവ് എന്നെ താങ്ങുന്ന ഒരു നല്ല കാലം തരണമേ. പരിശുദ്ധാത്മാവ് എന്റെ ഉള്ളത്തിലേക്കു വരണമേ. ദാവീദിരുന്നു കരയുകയാണ്.

ആത്മാവിന്റെ സന്തോഷം അനുഭവിച്ചവർക്ക് ആത്മാവിന്റെ സ്തുതി നഷ്ടപ്പെടുമ്പോൾ പിടയുന്ന അനുഭവമാണ്. മീനെപ്പിടിച്ച് കരയ്ക്കിട്ടാൽ എങ്ങനെയായിരിക്കും? ജീവനുള്ള മീനെപ്പിടിച്ച് കരയ്ക്കിടുമ്പോൾ അത് ശ്വാസം കിട്ടാതെ പിടയ്ക്കും. അതുപോലെ ആത്മാവിന്റെ സ്തുതി അനുഭവിച്ച ദൈവപൈതലിന് സ്തുതിക്കാൻ പറ്റാതെ വന്നാൽ, പാപം

ജീവിതത്തിൽ വന്നാൽ ആത്മാവിന്റെ പിടച്ചിലാണ്. ആത്മാവിൽ ശ്വാസംമുട്ടലാണ്.

ദൈവത്തിന്റെ സ്നേഹം നമ്മിൽ നിന്ന് മാറിക്കഴിയുമ്പോൾ, ജീവിതത്തിലേക്ക് ഏതെങ്കിലും പാപം വന്ന് കഴിയുമ്പോൾ നമ്മുടെ സ്തുതി നഷ്ടപ്പെടുന്നു. അതോടുകൂടി ആകെ ഒരസ്ഥാളിപ്പ്. ആകെ ഒരു പരിഭ്രാന്തി. ഏതോ ഒരു വലിയ ശൂന്യത. നിരാശയും മ്ലാനതയും വന്ന് മൂടുന്നു. നമ്മുടെ മനസ്സ് തളർന്നുപോകുന്നു.

ജീവനുള്ള ദൈവത്തിന്റെ കൃപയാൽ ദാവീദ് യഥാസ്ഥാനപ്പെട്ടു. ദാവീദ് ദൈവത്തെ വീണ്ടും സ്തുതിക്കാൻ തുടങ്ങി. ഒരു കാലത്ത് ദാവീദിനു ഭയമുണ്ടായിരുന്നു. ആ ഭയം മാറിക്കിട്ടി. എന്താണ് ഭയം? യഹോവയുടെ പെട്ടകം തന്റെ കൊട്ടാരത്തിലേക്ക്, രാജനഗരത്തിലേക്കു വരുന്നത് നല്ലതാണെന്ന് മനസ്സിലാക്കി യെരൂശലേമിലേയ്ക്ക് പെട്ടകം കൊണ്ടുവരാനായി ദാവീദ് ആളയച്ചു. പെട്ടകം ഒരു വണ്ടിയിൽ കൊണ്ടുവരാൻ ശ്രമിച്ചു.

*“അനന്തരം ദാവീദ് യിസ്രായേലിൽ നിന്നു സകല വിരുതന്മാരുമായി മുപ്പതിനായിരം പേരെ കൂട്ടിവരുത്തി കെരൂബുകളുടെ മീതെ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവ എന്ന നാമത്താൽ വിളിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ പെട്ടകം ബാലേ-യെഹൂദായിൽ നിന്നു കൊണ്ടുവരേണ്ടതിന്നു ദാവീദും കൂടെയുള്ള സകലജനവും അവിടേക്കു പുറപ്പെട്ടുപോയി. അവർ ദൈവത്തിന്റെ പെട്ടകം ഒരു പുതിയ വണ്ടിയിൽ കയറ്റി, കുന്നിന്മേലുള്ള അബീനാദാബിന്റെ വീട്ടിൽ നിന്ന് കൊണ്ടുവന്നു; അബീനാദാബിന്റെ പുത്രന്മാരായ ഉസ്സയും അഹ്യോവും ആ പുതിയ വണ്ടി തെളിച്ചു.”*

*2 ശമുവേൽ 6 : 1 – 3*

പെട്ടകം ഒരു പുതിയ വണ്ടിയിൽ കയറ്റി. വേറൊരു സാധനവും കയറ്റി വച്ചിട്ടില്ലാത്ത ആ വണ്ടിയിൽ പെട്ടകം എടുത്തുവച്ചു.

രണ്ടു ചെറുപ്പക്കാർ, ഉസ്സയും അഹ്യോവും ആ വണ്ടി തെളിച്ചു.

*"കുന്നിന്മേലുള്ള അബീനാദാബിന്റെ വീട്ടിൽനിന്ന് അവർ അതിനെ ദൈവത്തിന്റെ പെട്ടകവുമായി കൊണ്ടുപോരുമ്പോൾ അഹ്യോ പെട്ടകത്തിനു മുമ്പായി നടന്നു. ദാവീദും യിസ്രായേൽഗൃഹമൊക്കെയും സരളമരം കൊണ്ടുള്ള സകലവിധ വാദിത്രങ്ങളോടും കിന്നരം, വീണ, തപ്പ്, മുരജം, കൈത്താളം എന്നിവയോടും കൂടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തു."*

*2 ശമുവേൽ 6 : 4, 5*

നല്ല സന്തോഷത്തോടെ ആനന്ദത്തിമിർപ്പോടുകൂടി അവർ സന്തോഷിച്ച് നൃത്തം ചെയ്യുകയാണ്. ദാവീദും കൂടെയുള്ളവരും നൃത്തം ചെയ്തു.

*"അവർ നാഖോന്റെ കളത്തിങ്കൽ എത്തിയപ്പോൾ കാള വിരണ്ടതുകൊണ്ട് ഉസ്സാ കൈ നീട്ടി ദൈവത്തിന്റെ പെട്ടകം പിടിച്ചു."* *2 ശമുവേൽ 6 : 6*

കാള വിരണ്ടുപോയതുകൊണ്ട് പെട്ടകം ചാഞ്ഞുപോയി. ഒരുപക്ഷേ പെട്ടകം താഴെപ്പോകുമോ എന്നു ഭയന്ന് ഉസ്സ പെട്ടെന്ന് കൈനീട്ടി പെട്ടകത്തിൽ കയറിപ്പിടിച്ചു.

*"അപ്പോൾ യഹോവയുടെ കോപം ഉസ്സയുടെ നേരെ ജ്വലിച്ചു."* *2 ശമുവേൽ 6 :7*

കാരണമുണ്ട്. യഹോവയുടെ പെട്ടകം കൈകൊണ്ട് തൊടാൻ പാടില്ല. തൊടണമെങ്കിൽ അതിനധികാരപ്പെട്ടവർ

വേണം. അതിൽ പൗരോഹിത്യമുള്ളവർ മാത്രമേ തൊടാൻ പാടുള്ളൂ. അതിനുവേണ്ടി നിയോഗിക്കപ്പെട്ടവർ മാത്രമേ തൊടാവൂ. ദൈവത്തിന്റെ പെട്ടകമാണ്. ആർക്കും ഇഷ്ടം പോലെ തൊടാവുന്നതല്ല. വളരെ സൂക്ഷിക്കേണ്ട കാര്യമാണ്. ദിനവൃത്താന്തപുസ്തകവും ആവർത്തനപുസ്തകവും വായിക്കുമ്പോൾ നമുക്ക് കൂടുതൽ കാര്യങ്ങൾ മനസ്സിലാകും.

ദൈവത്തിന്റെ പെട്ടകം വണ്ടിയിലല്ല കൊണ്ടുവരേണ്ടത്. പെട്ടകം ചുമക്കാൻ അതിനുവേണ്ടി അധികാരപ്പെട്ട പുരോഹിതന്മാരുണ്ട്. പെട്ടകം പുരോഹിതന്മാർ ചുമന്നു കൊണ്ടുവരേണ്ടതാണ്. ഇതെല്ലാം ചില വ്യവസ്ഥാപിതമായ ദൈവിക നിയമങ്ങളാണ്. ആ നിയമം തെറ്റിച്ച് പെട്ടകം വണ്ടിയിൽ എടുത്തുവച്ചു. അത് ദാവീദിന് അറിയാൻ വയ്യാതെപോയി. ദൈവത്തിന്റെ വചനത്തിലുള്ള നിഷ്ഠകളും നിയമങ്ങളും ദാവീദ് അറിഞ്ഞില്ല, ദാവീദ് ഗ്രഹിച്ചില്ല, അതിനു പ്രാധാന്യം കൊടുത്തില്ല. അതുകൊണ്ടെന്തുപറ്റി? ഉസ്സ ഛേദിക്കപ്പെട്ടു! ഉസ്സ മരിച്ചു പോയി!

> *"അവന്റെ അവിവേകം നിമിത്തം ദൈവം അവിടെ വച്ച് അവനെ സംഹരിച്ചു."* *2 ശമുവേൽ 6 : 7*

അവിവേകം നിമിത്തം അവനർഹതയില്ലാത്ത ജോലി അവൻ ചെയ്തുപോയി. ബുദ്ധിയിൽ നോക്കിയാൽ പെട്ടകം താഴെ മറിഞ്ഞു പോകാതെ അവൻ പിടിച്ചതാണെന്നു പറയാം. പക്ഷേ, അത് നിയമാനുസൃതമല്ലായിരുന്നു. അതുകൊണ്ട്, അവന്റെ അവിവേകംമൂലം അവൻ ഛേദിക്കപ്പെട്ടു, അവൻ മരിച്ചുപോയി. യഹോവയുടെ കോപം അവന്റെ നേരെ ജ്വലിച്ചു.

> *"അവൻ അവിടെ ദൈവത്തിന്റെ പെട്ടകത്തിന്റെ അടുക്കൽവച്ച് മരിച്ചു. യഹോവ ഉസ്സയെ ഛേദിച്ച ഛേദം നിമിത്തം ദാവീദിനു വ്യസനമായി അവൻ ആ സ്ഥലത്തിനു പേരെസ്-ഉസ്സാ എന്നു പേർ*

*വിളിച്ചു. അത് ഇന്നുവരെയും പറഞ്ഞുവരുന്നു. അന്ന് ദാവീദ് യഹോവയെ ഭയപ്പെട്ടുപോയി.”*

*2 ശമുവേൽ 6 : 7 – 9*

അന്ന് ദാവീദ് ഭയപ്പെട്ടുപോയി. ഈ പെട്ടകം കൊണ്ടുപോകാൻ നിർവ്വാഹമില്ലാതായിപ്പോയല്ലോ. എന്തു ചെയ്യും? ഇത്ര തീക്ഷ്ണതയുള്ള ദൈവത്തിന്റെ പുറകെ എങ്ങനെ പോകും? ഇതുപോലെ നിസ്സാരമെന്ന് എനിക്ക് തോന്നുന്ന കാര്യങ്ങൾ ചെയ്യാൻ പോലും എനിക്ക് അർഹതയില്ല. എനിക്ക് യോഗ്യതയില്ല. ദൈവം എന്നെ അതിനു വിലക്കുന്നല്ലോ എന്നുള്ള ചിന്താഭാരംകൊണ്ട് ദാവീദ് അമ്പരന്നുപോയി. എന്തു ചെയ്യും! ദാവീദ് ഭയപ്പെട്ടുപോയി.

പെട്ടകം കൊണ്ടുവരണമെന്നുണ്ട്. പക്ഷേ, കൊണ്ടുവരേണ്ടത് എങ്ങനെയെന്നു ദാവീദ് ചിന്തിച്ചില്ല. ദാവീദ്, വചനം മറിച്ചു നോക്കിയാൽ മതിയായിരുന്നു. ദൈവത്തിന്റെ ഗ്രന്ഥത്തിലുള്ള നിയമങ്ങൾ നോക്കിയാൽ മാത്രം മതിയായിരുന്നു. ദൈവം നൽകിയ നിയമങ്ങളനുസരിച്ച് പുരോഹിതന്മാർ ചുമന്നുകൊണ്ടുവരേണ്ട പെട്ടകം വണ്ടിയിൽ എടുത്തുവച്ചത് തെറ്റിപ്പോയി. അത് ദാവീദിനപ്പോൾ മനസ്സിലായില്ല. ദാവീദ് അമ്പരപ്പിലായി.

എന്നാൽ ഭാഗ്യം! ദാവീദ് മനസ്സിലാക്കി, എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? ദാവീദ് അതിനെക്കുറിച്ച് ചിന്തിച്ചു, അതിനെക്കുറിച്ച് പഠിച്ചു.

*“ദൈവത്തിന്റെ പെട്ടകം നിമിത്തം യഹോവ ഓബേദ്-ഏദോമിന്റെ കുടുംബത്തെയും അവനുള്ള സകലത്തെയും അനുഗ്രഹിച്ചു എന്നു ദാവീദ്രാജാവിന് അറിവ് കിട്ടിയപ്പോൾ ദാവീദ് പുറപ്പെട്ട് ദൈവത്തിന്റെ പെട്ടകം ഓബേദ്-ഏദോമിന്റെ വീട്ടിൽ നിന്ന് ദാവീദിന്റെ നഗരത്തിലേക്ക്*

*സന്തോഷത്തോടെ കൊണ്ടുവന്നു.”*

*2 ശമുവേൽ 6 : 12*

യഹോവയുടെ പെട്ടകം ചുമന്നവർ ആറ് ചുവട് നടന്നു. പെട്ടകം ചുമന്ന് കൊണ്ടുവരേണ്ടതാണ്. വഹിച്ചുകൊണ്ടുവരേണ്ടതാണ്. അത് എളുപ്പമാർഗ്ഗത്തിൽ കൊണ്ടുവരേണ്ടതല്ല. അത് ചുമന്ന്, ചുമന്ന്, വഹിച്ച് കൊണ്ടുവരേണ്ടതാണ്.

യഹോവയുടെ പെട്ടകം ചുമക്കുന്നവർ ആറ് ചുവടുവച്ചപ്പോൾ ദാവീദ് ഹോമയാഗം കഴിച്ചു. വന്ന തെറ്റെല്ലാം ക്ഷമിക്കണമേ കർത്താവേ എന്നുപറഞ്ഞ് ദാവീദ് യാഗം കഴിച്ചു. എന്നിട്ട് പെട്ടകം ചുമന്നുകൊണ്ടുതന്നെ വന്നു. അങ്ങനെ കൊണ്ടുവരുമ്പോൾ ശാപം മാറി, ദൈവത്തിന്റെ കോപം മാറി. നിയമാനുസൃതമായി കാര്യങ്ങൾ നടന്നപ്പോൾ ദൈവത്തിന്റെ കൃപ വന്നു. അപ്പോൾ ദാവീദ് നൃത്തം ചെയ്യാൻ തുടങ്ങി. ദാവീദ് സ്തുതിച്ചു. ആത്മാവിന്റെ വിവശത തിരികെ വന്നു. നഷ്ടപ്പെട്ടുപോയ ആത്മാവിന്റെ ശക്തി തിരികെ കിട്ടി.

സഹോദരങ്ങളേ ചിന്തിക്കൂ, നിങ്ങൾക്ക് ആത്മാവിന്റെ ചൈതന്യം നഷ്ടപ്പെട്ടിരിക്കുകയാണോ? ആത്മാവിന്റെ ജീവൻ നഷ്ടപ്പെട്ടിരിക്കുകയാണോ? ആത്മാവിന്റെ കൃപ നഷ്ടപ്പെട്ടിരിക്കുകയാണോ? ദൈവശക്തി നഷ്ടപ്പെട്ടിരിക്കുകയാണോ? ആത്മാവിന്റെ ചൈതന്യം നഷ്ടപ്പെട്ടിരിക്കുകയാണോ?

തിരുവചനപ്രകാരം ഓരോ ചുവടും നിങ്ങൾക്ക് വയ്ക്കാമോ? വചനവിരുദ്ധമായി ഒന്നും സംഭവിച്ചുപോകരുത്. ഈ എഴുതപ്പെട്ട വചനം, ഈ വിശുദ്ധ വേദപുസ്തകത്തിലുള്ളതുപോലെയല്ലാതെ അങ്ങോട്ടോ ഇങ്ങോട്ടോ നാം മാറ്ററുത്. ഇത് ദൈവികനിയമമാണ്. ദൈവം തന്നിരിക്കുന്ന വചനമാണ്.

വചനത്തിൽ നിന്ന് വള്ളിയെങ്കിലും പുള്ളിയെങ്കിലും മാറ്റാൻ നമുക്കവകാശമില്ല. നമ്മുടെ ബുദ്ധി അതിൽ കലർത്താൻ

പാടില്ല. ബുദ്ധിയിൽ ചിന്തിക്കാൻ പാടില്ല. ബുദ്ധികൊണ്ട് വിശകലനം ചെയ്യാൻ പാടില്ല. ബുദ്ധികൊണ്ട് മനസ്സിലാക്കാൻ ശ്രമിക്കാൻ പാടില്ല. ഇതാത്മാവിൽ ഗ്രഹിക്കേണ്ടതാണ്. ആത്മാവിൽ മനസ്സിലാക്കേണ്ടതാണ്. ആത്മാവിൽ മനസ്സിലാക്കണമെങ്കിൽ ആത്മനിറവു വേണം.

ആത്മനിറവിലേക്ക് ദാവീദ് മടങ്ങിവന്നു. ഭാഗ്യം! നഷ്ടപ്പെട്ടുപോയ സമാധാനം തിരികെ വന്നു. നഷ്ടപ്പെട്ടുപോയ സന്തോഷം തിരികെ വന്നു. പരിഭ്രമവും ഭയവും മാറിപ്പോയി.

സഹോദരങ്ങളേ, ദൈവത്തിന്റെ പെട്ടകം ചുമക്കാൻ നിങ്ങൾ തയ്യാറാകുമെങ്കിൽ സന്തോഷം മടങ്ങിവരും.

എന്താണ് ദൈവത്തിന്റെ പെട്ടകം? ദൈവത്തിന്റെ പെട്ടകം കർത്താവായ യേശുക്രിസ്തുവാണ്! നമുക്കുവേണ്ടി ഗോഗുൽത്തായിലെ ക്രൂശിൽ തൂക്കപ്പെട്ട കർത്താവായ യേശുക്രിസ്തു! ഈ പെട്ടകം നാം ചുമക്കേണ്ടവരാണ്. ക്രൂശിക്കപ്പെട്ട യേശുവിനെ നാം വഹിക്കേണ്ടവരാണ്. യേശുവിനേയും കൊണ്ടേ ഓരോ ചുവടും നാം വയ്ക്കാവൂ. വേറെ ആരെങ്കിലും ചുമന്നുകൊള്ളട്ടെ എന്നു വിചാരിച്ച് നാം നായകനായി നടന്നാൽ പോരാ, ഈ യേശുവിനെ നാം ചുമക്കണം.

നാമാരും നേതാക്കളായി നടന്നാൽ പോരാ. നാം എല്ലാവരും ഒരുപോലെ യേശുവിനെ വഹിക്കേണ്ടവരാണ്. ഞാൻ നേതാവാണ്, ഞാൻ ലീഡറാണ് എന്നുപറഞ്ഞ് പിറകോട്ടു മാറിനിൽക്കാൻ പാടില്ല. ഇവിടെ ഒരു ലീഡറേയുള്ളൂ. അത് കർത്താവായ യേശുക്രിസ്തുവാണ്. ആ ലീഡറെ നാം വഹിക്കണം. യേശുക്രിസ്തു മാത്രമാണ് നായകൻ. യേശുക്രിസ്തു മാത്രമാണ് നേതാവ്. യേശുക്രിസ്തു മാത്രമാണ് ഇടയൻ. യേശുക്രിസ്തു മാത്രമാണ് സ്വർഗ്ഗീയ രാജാധിരാജൻ. യേശുക്രിസ്തു മാത്രമാണ് പാപിയുടെ രക്ഷകൻ. ക്രിസ്തുവിനെ നാം വഹിക്കുക.

നമ്മുടെ ഓരോ അവയവത്തിലും ക്രിസ്തു നിറഞ്ഞു നിൽക്കട്ടെ. നമ്മുടെ കൈയിൽക്കൂടി ക്രിസ്തുവിന്റെ കരം പ്രവർത്തിക്കട്ടെ. നമ്മുടെ നാവിൽക്കൂടി ക്രിസ്തുവിന്റെ ശബ്ദം മുഴങ്ങട്ടെ. നമ്മുടെ കണ്ണുകളിൽക്കൂടി ക്രിസ്തു നോക്കട്ടെ. നമ്മുടെ തലച്ചോറിൽക്കൂടി ക്രിസ്തു ചിന്തിക്കട്ടെ. നമ്മുടെ ഹൃദയത്തിൽക്കൂടി ക്രിസ്തു ആഗ്രഹിക്കട്ടെ. നമ്മുടെ കാലുകളിൽക്കൂടി ക്രിസ്തു നടക്കട്ടെ. നാം ക്രിസ്തുവിനെ വഹിക്കുന്നവരായിത്തീരട്ടെ.

അപ്പോൾ സന്തോഷംകൊണ്ട് നാം നൃത്തം ചെയ്യും. ഇവിടെയുള്ള കഷ്ടപ്പാടുകൾ സാരമില്ല, ഇവിടെയുള്ള ദുരിതങ്ങൾ സാരമില്ല എന്നു മനസ്സിലാകും. നാം ദൈവത്തെ മഹത്വപ്പെടുത്താൻ തുടങ്ങും. ചിലർ ദുഷിക്കും, ചിലർ പരിഹസിക്കും സാരമില്ല. നമുക്ക് ദൈവത്തെ സ്തുതിക്കാം. ആത്മാവിന്റെ നിറവിലുള്ള സ്തുതി!

നിങ്ങൾക്കിപ്പോൾ സ്തുതിക്കാൻ ആഗ്രഹമുണ്ടോ? ആത്മാവിൽ സ്തുതിക്കാൻ താത്പര്യമുണ്ടോ? കർത്താവേ, നിന്റെ ആത്മാവിനെ എന്റെമേൽ അയക്കണമേയെന്നു പ്രാർത്ഥിപ്പിൻ. മനസ്സറിഞ്ഞ് ഒരു പാപം ഇനി വരില്ല, വചനാനുസൃതമായി മാത്രമേ ഞാൻ ജീവിക്കൂ എന്ന് ദൈവത്തോട് വാക്കു പറയുവിൻ. യേശുനാഥാ, നിന്നെ എന്റെ ഹൃദയത്തിൽ പേറുവാൻ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു.

യേശുവേ, ക്രൂശിൽ മരിച്ച രക്ഷകാ, നീ ഇപ്പോൾ എന്റെ ഹൃദയത്തിലേക്ക് വരണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കൂ. അപ്പോൾ യേശുക്രിസ്തു കടന്നു വരും. അവൻ സ്നേഹം മാത്രമാണ്. അവൻ കടന്നുവരുമ്പോൾ അവിടെ ആത്മാവിന്റെ വിവശതയുണ്ടാകും. അവൻ കടന്നുവരുമ്പോൾ ആത്മാവിന്റെ നിറവുണ്ടാകും. യേശു കടന്നുവരുമ്പോൾ അവിടെ തിരുരക്തത്താലുള്ള പാപമോചനമുണ്ടാകും. തിരുരക്തത്താലുള്ള പാപ

ക്ഷമയുണ്ടാകും.

അവൻ കടന്നുവരുമ്പോൾ നമ്മുടെ ഹൃദയം പൊട്ടിത്തകരുകയും നാം നിലവിളിക്കുകയും ചെയ്യും. എന്റെ യേശുവേ, നിനക്ക് സ്തുതി, ഈ മഹാപാപിയെ നീ സ്നേഹിച്ചല്ലോ എന്നു നാം പറഞ്ഞുപോകും. ഈ അല്പപ്രാണിയെ നീ കരുതിയല്ലോ, ഈ ഘോരപാതകിയെ നീ സ്നേഹത്തോടെ വിളിച്ചല്ലോ എന്നു നാം പറഞ്ഞു പോകും. നാം അറിയാതെ ദൈവത്തെ സ്തുതിക്കും.

സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാൻ നാം യോഗ്യരായിത്തീരും. അങ്ങനെ സ്തുതിയിൽ വളരുക, സ്തുതിയിൽ നിറയുക, സ്തുതിയിൽ ദൈവത്തെ ആഘോഷത്തോടെ മഹത്വപ്പെടുത്തുക.

## പത്ത്

*"ആറാം ആണ്ട് ആറാം മാസം അഞ്ചാം തീയതി, ഞാൻ വീട്ടിൽ ഇരിക്കയും യെഹൂദാമൂപ്പന്മാർ എന്റെ മുമ്പിൽ ഇരിക്കയും ചെയ്തപ്പോൾ അവിടെ യഹോവയായ കർത്താവിന്റെ കൈ എന്റെമേൽ വന്നു. അപ്പോൾ ഞാൻ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപം കണ്ടു; അവന്റെ അരമുതൽ കീഴോട്ടു തീ പോലെയും അരമുതൽ മോലോട്ടു ശുക്ല സ്വർണ്ണത്തിന്റെ പ്രഭപോലെയും ആയിരുന്നു. അവൻ കൈപോലെ ഒന്നു നീട്ടി എന്നെ തലമു ടിക്കു പിടിച്ചു; ആത്മാവ് എന്നെ ഭൂമിയുടേയും ആകാശത്തിന്റേയും മദ്ധ്യേ ഉയർത്തി ദിവ്യദർശന ങ്ങളിൽ യെരൂശലേമിൽ വടക്കോട്ടുള്ള അകത്തെ വാതില്ക്കൽ കൊണ്ടുചെന്നു; അവിടെ തീക്ഷ്ണത ജനിപ്പിക്കുന്ന തീക്ഷ്ണതാബിംബത്തിന്റെ ഇരിപ്പിടം ഉണ്ടായിരുന്നു."* *യെഹസ്ക്കേൽ 8 : 1 – 3*

യഹോവയായ കർത്താവിന്റെ കൈ എന്റെമേൽ വന്നു. ആറാം ആണ്ട്, ആറാം മാസം അഞ്ചാം തീയതി എന്നുള്ളത്, അന്നത്തെ രീതിയിലുള്ള യഹൂദന്മാരുടെ എബ്രായ കണക്കനു സരിച്ചുള്ളതാണ്. ഇന്നത്തെ നമ്മുടെ കലണ്ടർ നോക്കുമ്പോൾ ബി.സി. 592 സെപ്റ്റംബർ മാസം 17-ാം തീയതിയാണത്. യേശു ക്രിസ്തു ജനിക്കുന്നതിന് ഏതാണ്ട് അറുന്നൂറോളം വർഷ ങ്ങൾക്ക് മുമ്പ് ബി.സി. 592 സെപ്റ്റംബർ മാസം 17-ാം തീയതി.

യെഹസ്ക്കേൽ പ്രവാചകൻ ആത്മവിവശനായി. പ്രവാ

ചകൻ നദീതീരത്ത് ഇരിക്കുകയായിരുന്നു. പ്രവാചകന്റെ അടുക്കൽ യെരൂശലേം ദേവാലയത്തിലുള്ള ചില മൂപ്പന്മാർ എല്ലാവരുംകൂടി ഒരുമിച്ചിരിക്കുകയാണ്. അപ്പോൾ ഇത്രയുംപേർ കൂടി ഇരുന്നവരിൽ യെഹസ്ക്കേലിന്റെ മേൽ ദൈവത്തിന്റെ കൈ വന്നു.

യിസ്രായേലിലെ പ്രവാചകന്മാരിൽ മുൻപനാണ് യെഹസ്ക്കേൽ. യെഹസ്ക്കേൽ, പ്രവാചകൻ മാത്രമല്ല പുരോഹിതനുമായിരുന്നു. രണ്ടു ശുശ്രൂഷ ഉണ്ടായിരുന്നു. യെഹസ്ക്കേൽ മറ്റു പുരോഹിതന്മാരുടെ കൂടെ ഇരിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് ശക്തിയോടെ യെഹസ്ക്കേലിന്റെ മേൽ വന്നു. എന്താണെന്ന് യെഹസ്ക്കേലിന് അപ്പോൾ മനസ്സിലായില്ല. പക്ഷേ, യെഹസ്ക്കേൽ അത്ഭുതപ്പെട്ടുപോയി. ആരോ ഒരാൾ, മനുഷ്യസാദൃശ്യത്തിലുള്ള ഒരാൾ തന്റെ തലമുടിയിൽ പിടിച്ച് തന്നെ എടുത്ത് പൊക്കിക്കൊണ്ടുപോകുന്നു.

അവൻ നല്ല തേജസ്സുള്ള സ്വർണ്ണനിറമുള്ളവനാണ്. നല്ല തേജസ്സേറിയ അങ്കി ധരിച്ചവനാണ്. ഈ മനുഷ്യസാദൃശ്യത്തിലുള്ള പുരുഷൻ പ്രവാചകനെ തലമുടിക്ക് പിടിച്ച് മുകളിലേക്ക് പൊക്കിക്കൊണ്ടു പോയിട്ട് യെരൂശലേമിൽ കൊണ്ടുപോയി നിർത്തി. ഇവിടെ ശരീരം കൊണ്ടുപോകുന്നില്ല, ആത്മാവിന് ദിവ്യദർശനം ലഭിക്കുകയാണ്.

ഭൂമിയിൽ ഇരിക്കുമ്പോൾത്തന്നെ നമുക്ക് ദിവ്യമായ ചില ദർശനങ്ങൾ കിട്ടും. ആത്മാവ് നമ്മിൽ പ്രവർത്തിക്കുമ്പോൾ ആത്മീയരഹസ്യങ്ങൾ, ആത്മലോകത്തെ അത്ഭുത രഹസ്യങ്ങൾ ദൈവാത്മാവ് വെളിപ്പെടുത്തിത്തരും.

യെഹസ്ക്കേൽപ്രവാചകനെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശക്തിയോടെ വന്ന് ആത്മാവിൽ ഉയർത്തിക്കൊണ്ടുപോയി ദിവ്യരഹസ്യങ്ങളെ കാണിച്ചുകൊടുത്തു. ദിവ്യമർമ്മങ്ങളെ വെളിപ്പെടുത്തിക്കൊടുത്തു.

1. ആത്മാവിന്റെ വിവശത വന്നപ്പോൾ, യിഫ്താഹിന്

ശത്രുവിന്റെമേൽ ജയം കിട്ടി – 'Victory.'

2. ശിംശോന് ബന്ധനം അഴിഞ്ഞു. 'Liberty' ആത്മാവിന്റെ വിടുതൽ കിട്ടി.

3. ദാവീദിന് സ്തുതിക്കാൻ സാധിച്ചു. ദിവ്യമായ ആരാധന – 'worship' കിട്ടി.

4. യെഹസ്ക്കേലിന് ആത്മാവ് ശക്തിയോടെ വന്നപ്പോൾ ദിവ്യദർശനങ്ങളെ – 'Vision' കിട്ടി.

പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിൽ വരുമ്പോൾ ഏതെങ്കിലും ദർശനം കാണണമെന്നില്ല, പക്ഷേ ആത്മീയമായ ഒരു വെളിവു കിട്ടും. നമ്മുടെ കാഴ്ചപ്പാട് മാറിക്കിട്ടും.

ആത്മീയമായ വെളിവ് എന്നു പറയുന്നത് വലിയൊരു അത്ഭുതമാണ്. നമ്മുടെ അകക്കണ്ണ് തുറന്നു കിട്ടുകയാണ്. അകക്കണ്ണ് തുറന്നു കിട്ടാത്തപ്പോഴും നമ്മൾ പ്രാർത്ഥിക്കും. നമസ്ക്കാരങ്ങൾ ചൊല്ലും. പള്ളിയിൽ പോകും. രണ്ടുനേരവും നമസ്ക്കരിക്കും. കുടുംബപ്രാർത്ഥനയുണ്ട്. വേദപുസ്തകം വായിക്കും. മാത്രമല്ല, നാം സണ്ടേസ്ക്കൂളിൽ പഠിപ്പിച്ചു എന്നു വരും. ഒരുപക്ഷേ, പ്രാർത്ഥനായോഗങ്ങളിൽ പ്രസംഗിച്ചു എന്നും വരും. പക്ഷേ, കണ്ണുകാഴ്ച ഇല്ലായിരിക്കും.

ആത്മീയമായ കാഴ്ചപ്പാട് മാറിയിട്ടുവേണം ദൈവത്തിന്റെ തിരുവചനം പറയാൻ. ആത്മാവിന്റെ അന്ധത മാറണം.

ആത്മീയമായ അന്ധത! ആത്മീയമായൊന്നും പിടികിട്ടുന്നില്ല. പ്രസംഗം കേൾക്കുന്നുണ്ട്, കുറെക്കാര്യങ്ങൾ മനസ്സിലാവുന്നുണ്ട്. പക്ഷേ, എല്ലാം ബുദ്ധിയിൽ ഗ്രഹിക്കുന്നതല്ലാതെ അന്തരാത്മാവിലേക്ക് ഇറങ്ങിച്ചെല്ലുന്നില്ല. മദ്യപാനം ചെയ്യുന്നില്ല; ചീത്തശീലങ്ങൾ – പുകവലിയോ അല്ലെങ്കിൽ കഞ്ചാവോ അങ്ങനെയുള്ളതെല്ലാം – വിട്ടു. വീട്ടിൽ വഴക്കുണ്ടാക്കുന്നില്ല, കോപിക്കുന്നില്ല. ഭാര്യ ഭർത്താവിനെ അനുസരിക്കുന്നു,

കീഴ്പ്പെട്ടിരിക്കുന്നു. ഭർത്താവ് ഭാര്യയെ സ്നേഹിക്കുന്നു. കരുതുന്നു. മക്കൾ മാതാപിതാക്കളെ അനുസരിക്കുന്ന നല്ല disciplined life! അച്ചടക്കമുള്ള ജീവിതം! പക്ഷേ, ഇതെല്ലാമുണ്ടെങ്കിൽപ്പോലും ഉള്ളിൽ ഒരു സുബോധം കിട്ടിയ അനുഭവമില്ല.

അതൊരു വ്യക്തിപരമായ അനുഭവമാണ്. മാനസാന്തരം എന്നുപറയുന്നത് ക്രിസ്തുവിനോട് നേരിട്ടുള്ള ഒരു ബന്ധമാണ്. നാം സഞ്ചരിക്കുമ്പോൾ നമ്മുടെ കൂടെ ക്രിസ്തു ഉണ്ടെന്നുള്ള ഒരു യാഥാർത്ഥ്യബോധം ലഭിക്കുക. നാം ഉറങ്ങിക്കിടക്കുമ്പോൾ ക്രിസ്തു നമ്മുടെ കിടക്കയിൽ ഉണ്ടെന്നുള്ള ഒരു യാഥാർത്ഥ്യബോധം നമുക്കുണ്ടാകുക.

നാം ജോലി ചെയ്യുമ്പോൾ, ധ്രുതഗതിയിൽ നാം എഴുതിക്കൊണ്ടിരിക്കുമ്പോൾ, അദ്ധ്യാപകൻ ക്ലാസ്സിൽ ബോർഡിലെഴുതുമ്പോൾ ക്രിസ്തു കൂടെയുണ്ട് എന്ന് വ്യക്തിപരമായി അനുഭവിക്കുന്ന ഒരു സൗഭാഗ്യം ലഭിക്കുക. ഇതെല്ലാം ആത്മീയമായൊരനുഭൂതിയാണ്. അത് കിട്ടുന്നതാണ് വാസ്തവത്തിൽ മാനസാന്തരം. ആരെല്ലാം വിട്ടുപോയാലും ആരെല്ലാം തെറ്റിദ്ധരിച്ചാലും ഞാൻ മാറുകയില്ല. എന്തുകൊണ്ട്? എനിക്ക് യേശുവിനെ കിട്ടിപ്പോയി. യേശുവിനോട് ബന്ധം വന്നുപോയി.

സാധു സുന്ദർസിംങ് ഒരു സിക്ക് ബ്രാഹ്മണ യുവാവായിരുന്നു. അദ്ദേഹം യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. അതിനുശേഷം കുറെക്കാലം അദ്ദേഹം സുവിശേഷത്തിനുവേണ്ടി വിദേശത്തുനിന്ന് ഇന്ത്യയിൽ വന്നു താമസിക്കുന്ന മിഷനറിമാരുടെ കൂടെ ജീവിച്ചു. അവരുടെ ജീവിതം കണ്ടപ്പോൾ സുന്ദർസിംങ് പറഞ്ഞു: ഞാൻ മിഷനറിമാരുടെ കൂടെ ജീവിച്ചപ്പോൾ എനിക്കു തോന്നി ഞാൻ വിട്ടുപോന്ന ആ പഴയ മതത്തിലേക്ക് തിരികെപ്പോയാലോ എന്ന്. കാരണം, അവരുടെ ജീവിതം കണ്ടപ്പോൾ ക്രിസ്തുവുമായിട്ട് യാതൊരു ബന്ധവുമില്ല.

അവർ മിഷനറിമാരാണ്. സുവിശേഷം പ്രസംഗിക്കാൻ വന്നവരാണ്. സുവിശേഷവേലയ്ക്കുവേണ്ടി സമർപ്പിച്ചവ രാണ്. പക്ഷേ, ക്രിസ്തുവിന്റെ സ്വഭാവവുമായി അവർക്ക് യാതൊരു ബന്ധവുമില്ല. ഇതിനേക്കാൾ ഭേദം പഴയ മതമാണെ ന്നെനിക്കു തോന്നിപ്പോയി. പക്ഷേ, ഞാൻ പോകാത്തതിനു കാരണം, ഞാൻ യേശുവിനെ നേരിട്ടനുഭവിച്ചു. യേശുവിനെ നേരിട്ടു കണ്ടുപോയി. ഈ മിഷനറിമാരാരും ക്രിസ്തുവിനോ ടുകൂടി ജീവിച്ചില്ലെങ്കിലും ശരി, എനിക്ക് യേശുവിനെ വിടാൻ പറ്റില്ല. മിഷനറിമാർ, യേശുവിനോടുകൂടി നിന്നില്ലെങ്കിലും എനിക്ക് യേശുവിനെ വിടാൻ പറ്റില്ല. കാരണം, ഞാൻ യേശു വിനെ അനുഭവിച്ചുപോയി. അത്രമാത്രം ഒരു സജീവബന്ധം എനിക്ക് കിട്ടിപ്പോയി.

സഹോദരങ്ങളേ, അനേകം പേർ വചനം കേൾക്കുന്നു ണ്ടല്ലോ. വ്യക്തിപരമായ ഒരു മാനസാന്തരം നിങ്ങൾക്കുണ്ടോ? എന്നെ ആരും കണ്ടില്ലെങ്കിലും ഞാൻ വചനം പറയുമ്പോൾ ആരും കേൾക്കാനില്ലെങ്കിലും ശരി, എനിക്ക് യേശുവിനെ വിടാൻ പറ്റില്ല. ഇങ്ങനെ ഒരു ചിന്ത നിങ്ങൾക്ക് വരുന്നുണ്ടോ?

ഞാൻ യേശുവുമായി ഒരു ബന്ധത്തിലേക്ക് വന്നു പോയി. എന്റെ ജീവിതത്തിൽ ഏതെല്ലാം തരത്തിലുള്ള പ്രതി സന്ധികൾ വന്നാലും എന്റെ യേശു എന്നെ അക്കരെ എത്തിക്കും തീർച്ചയാണ്. കാരണം, ഞാൻ അവനോട് വാക്ക് പറഞ്ഞു. എന്റെ ദേഹവും ദേഹിയും ആത്മാവും ഞാൻ യേശുവിന് കൈമാറിപ്പോയി. ഞാൻ യേശുവിന്റെ വകയാണ്. ഈ ശരീരത്തിലും മനസ്സിലും ആത്മാവിലും ഈ പ്രാണനിലും മറ്റാർക്കും യാതൊരവകാശവുമില്ല. ഞാൻ യേശുവിന്റെ വക യാണ്. ഈ ഒരു ദൃഢവിശ്വാസം (ardent faith) നിങ്ങളുടെ ജീവി തത്തിലുണ്ടോ?

പ്രിയപ്പെട്ടവരേ, യേശുവിനോട് നേരിട്ട് നിങ്ങൾ ഒരു വാക്ക് പറഞ്ഞിട്ടുണ്ടോ? നിങ്ങൾ മറ്റെല്ലാവരേയും - ദൈവമ ക്കളേയും കൂട്ടായ്മക്കാരേയും - മറന്നിട്ട്, എനിക്കുവേണ്ടി

രക്തം ചിന്തി കുരിശിൽ മരിച്ച, എന്റെ പാപം പോക്കുവാൻ വേണ്ടി രക്തമൊഴുക്കിയ എന്റെ രക്ഷകനോട് എനിക്കു കടപ്പാടുണ്ട്, അവന് ഞാൻ എന്നെത്തന്നെ കൊടുത്തുകഴിഞ്ഞിരിക്കുന്നു എന്ന ഒരനുഭവം നിങ്ങൾ പ്രാപിക്കണം.

പ്രസിദ്ധനായ ഒരു കണ്ണു രോഗവിദഗ്ധനായിരുന്നു ഡോക്ടർ മോഡി. ചരിത്രത്തിൽ ആദ്യമായി കണ്ണു വച്ചുപിടിപ്പിക്കുന്ന ശസ്ത്രക്രിയ അദ്ദേഹം ചെയ്തു. ഏതാനും ദിവസം രോഗിയുടെ കണ്ണ് മൂടികെട്ടി വച്ചു. കെട്ടഴിക്കേണ്ട ദിവസം രോഗിയെ അദ്ദേഹത്തിന്റെ ക്ലിനിക്കിലെത്തിച്ചു. രോഗിയെ അടുത്തു നിർത്തി അദ്ദേഹംതന്നെ കെട്ടഴിച്ചു. കെട്ടഴിച്ചിട്ട് അദ്ദേഹം പറഞ്ഞു: കണ്ണ് തുറക്കൂ:

രോഗി കണ്ണ് തുറന്നു: “അയ്യോ, എന്താണ് ഞാനീ കാണുന്നത്! ഈ പ്രകൃതി മുഴുവൻ ഞാനിപ്പോൾ കാണുന്നു. ഈ മനുഷ്യരെ എല്ലാം ഞാൻ കാണുന്നു. ഇതുവരേയും ഞാൻ കണ്ടിട്ടില്ലായിരുന്നല്ലോ!” ഒരത്ഭുതലോകം തുറന്നു കിട്ടിയതുപോലെയുള്ള അനുഭവം. ജന്മനാ അന്ധനായിരുന്ന മനുഷ്യന് കണ്ണുകാഴ്ച കിട്ടി. സന്തോഷത്തോടെ നൃത്തം ചെയ്യുന്നതുപോലുള്ള അനുഭവം!

പ്രിയപ്പെട്ടവരേ, ക്രിസ്തുവിനെ നമുക്ക് ലഭിച്ചു കഴിയുമ്പോൾ അതുപോലുള്ള സന്തോഷം ലഭിക്കും. ഒരു പ്രത്യേക അനുഭൂതിയാണത്. ഞാൻ ഒറ്റയ്ക്കല്ല എന്നുള്ള ഒരു തോന്നൽ! ഒരിക്കലും നിരാശയില്ല. നഷ്ടം വരട്ടെ, കഷ്ടം വരട്ടെ, ദുരിതങ്ങൾ വരട്ടെ, രോഗം വരട്ടെ, ആപത്തുകൾ വരട്ടെ, വേദന വരട്ടെ, എന്താണെങ്കിലും ശരി, പിന്നെ നിരാശയില്ല. എന്തുകൊണ്ട്? നമുക്ക് കണ്ണുകാഴ്ച കിട്ടി. യേശുക്രിസ്തുവിനെ കിട്ടി.

യെഹസ്ക്കേൽ ദിവ്യദർശനങ്ങളെ കണ്ടു. നമുക്കും ജീവിതത്തിൽ ഒരു പുതിയ അനുഭവം ലഭിക്കട്ടെ. യേശുക്രിസ്തുവിനെ നേരിട്ടു ലഭിക്കുന്ന, യേശുവിനോട് ചേർന്ന് നട

ക്കുന്ന അനുഭവം നമുക്ക് ലഭിക്കട്ടെ. രാവും പകലും യേശുവിന്റെ കൂടെ. ഓരോ നിമിഷവും യേശുവിന്റെ കൂടെ. വേദന കൊണ്ടു പിടയുമ്പോഴും യേശുവിന്റെ കൂടെ. ആശുപത്രി കിടക്കയിൽ കിടക്കുമ്പോഴും യേശുവിന്റെ കൂടെ. മരണം വന്ന് പടിവാതിൽക്കൽ മുട്ടുമ്പോഴും യേശുവിന്റെ കൂടെ. അത്യാഹിതം വരുമ്പോഴും യേശുവിന്റെ കൂടെ.

കർത്താവേ, ഈ ഉന്നതമായ അനുഭവത്തിലേക്ക്, ഈ ഉന്നതമായ അനുഭൂതിയിലേക്ക് എന്നെ നയിക്കണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കുക. ഈ അത്ഭുതകരമായ അനുഭൂതിയിലേക്ക് വരാൻ യേശു നിങ്ങളെ ക്ഷണിക്കുകയാണ്. ഓരോരുത്തരേയും കർത്താവ് മാടി വിളിക്കുകയാണ്. മകളേ, നീ വരൂ. ആനന്ദം അനുഭവിക്കൂ. ഇന്ന് നിന്റെ മുഖം വാടിയിരിക്കുന്നു. നീ വിഷമിച്ചിരിക്കുന്നു. നിരാശപ്പെട്ടിരിക്കുന്നു.

അനേകമനേകം ക്ലേശങ്ങൾകൊണ്ട്, കുടുംബത്തിലെ യാതനകൾകൊണ്ട്, കുടുംബത്തിലെ വേദനാകരമായ അനുഭവംകൊണ്ട് ഒരുപക്ഷേ നിന്റെ ഹൃദയം ഇന്ന് വാടിയിരിക്കുകയാണ്. ഹൃദയം മ്ലാനമായിരിക്കുകയാണ്. എന്തെല്ലാം കേട്ടാലും മുഖം തെളിയുന്നില്ല.

കുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കയാണ്. സമാധാനമില്ല. താങ്ങാൻ വയ്യാത്ത ചുമടുമായി ക്ലേശിച്ചു ജീവിക്കുന്ന മനുഷ്യന് ആശ്വാസം തരാൻ ഒരത്താണിയാണ് കർത്താവായ യേശുക്രിസ്തു! ചുമടെല്ലാം ഇറക്കിവയ്ക്കാം. എല്ലാഭാരവും എല്ലാ ക്ലേശവും എല്ലാ ദുരിതവും എല്ലാ പ്രശ്നവും എല്ലാ യാതനയും എല്ലാ വേദനയും അവന്റെ ചുമലിലേക്ക് വച്ചുകൊടുക്കാം.

> *“അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ.”* *1 പത്രോസ് 5 : 7*

എല്ലാം ഏറ്റുവാങ്ങാൻ യേശുവുണ്ട്. ആ യേശുവുമായി

ബന്ധത്തിലേക്കു വരിക എന്നുള്ളതാണ് ദിവ്യദർശനം! അതാണ് ആത്മീയമായ അനുഭൂതി!

യേശുവുമായുള്ള ബന്ധം യേശുവിന്റെ രക്തത്താൽ ലഭിക്കും. യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനാൽ ലഭിക്കും. പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിലേക്കു വരും. തിരുരക്തം നമ്മെക്കഴുകും. നമ്മുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം ക്ഷമിക്കും.

യെഹസ്ക്കേൽ ചില ദർശനങ്ങൾ കാണുകയാണ്. യെഹസ്ക്കേലിനെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് എടുത്തു കൊണ്ട് മുകളിലേക്കു പോയിട്ട് ചില ദർശനങ്ങൾ കാണിച്ചു കൊടുക്കുന്നു. ദർശനങ്ങളെല്ലാം യെരൂശലേം ദേവാലയത്തെ ക്കുറിച്ചുള്ളതാണ്. ആരാധനാസ്ഥലമായിരിക്കുന്ന യെരൂ ശലേം ദേവാലയം. അന്നതിന്റെ ആന്തരികമായ സ്ഥിതി എന്താണ് എന്ന് യെഹസ്ക്കേൽ പ്രവാചകന് ദൈവം കാണിച്ചു കൊടുക്കുകയാണ്.

ആരാധനാസ്ഥലമാണ്. അവിടെ ആരാധന നടക്കുന്നുണ്ട്. പുരോഹിതരുണ്ട്, മഹാപുരോഹിതന്മാരുമുണ്ട്. പക്ഷേ യെഹ സ്ക്കേൽ പുരോഹിതന് ദൈവം കാണിച്ചുകൊടുത്തത് പ്രധാനമായും നാല് ദർശനങ്ങളാണ്. അത് പുറമെ ആരും കാണുന്നതല്ല. പുറമെ ആർക്കും കാണാൻ സാധിക്കു കയുമില്ല. യെരൂശലേം ദേവാലയത്തിന്റെ അകത്തെ സ്ഥിതി, ആന്തരികമായ അവസ്ഥ ഏറ്റവും ഭയാനകമായി തീർന്നിരി ക്കുന്നു. ബിംബാരാധന നടക്കുന്നു. യിസ്രായേൽജനം ഏക ദൈവവിശ്വാസികളാണ്, വിഗ്രഹാരാധികളല്ല. പക്ഷേ, ആ യഹൂദന്മാരെല്ലാം വിഗ്രഹാരാധികളായിത്തീർന്നിരിക്കുന്നു എന്നുള്ള പരമസത്യം യെഹസ്ക്കേലിന് വെളിപ്പെട്ടു കിട്ടി.

അയ്യോ! ഈ ജനത്തിനു വരാൻപോകുന്ന ശിക്ഷ എന്താണ്! പലതരം വിഗ്രഹങ്ങളെ ആരാധിക്കുന്നു. അവരുടെ വിഗ്രഹാരാധനയെല്ലാം പ്രവാചകനെ ദൈവം കാണിച്ചുകൊ ടുത്തു. പുരോഹിതന്മാരുടെ അവസ്ഥയും കാണിച്ചുകൊ

ടുത്തു. പുരോഹിതന്മാർ ചെയ്യുന്ന കാര്യങ്ങളൊക്കെയും കണ്ട പ്പോൾ യെഹസ്‌ക്കേൽ അമ്പരന്നുപോയി.

*“അപ്പോൾ ഞാൻ മനുഷ്യ സാദൃശ്യത്തിൽ ഒരു രൂപം കണ്ടു; അവന്റെ അര മുതൽ കീഴോട്ട് തീ പോലെയും അര മുതൽ മേലോട്ട് ശുക്ല സ്വർണ്ണത്തിന്റെ പ്രഭ പോലെയും ആയിരുന്നു. അവൻ കൈപോലെ ഒന്നു നീട്ടി എന്നെ തലമു ടിക്കു പിടിച്ചു.” യെഹസ്‌ക്കേൽ 8 : 2*

*“ആത്മാവ് എന്നെ ഭൂമിയുടേയും ആകാശത്തി ന്റേയും മദ്ധ്യേ ഉയർത്തി ദിവ്യദർശനങ്ങളിൽ യെരൂശലേമിൽ വടക്കോട്ടുള്ള അകത്തെ വാതിൽക്കൽ കൊണ്ടുചെന്നു.”*

*യെഹസ്‌ക്കേൽ 8 : 3*

ആത്മാവ് പ്രവാചകനെ ഭൂമിയുടേയും ആകാശത്തി ന്റേയും മദ്ധ്യേ ഉയർത്തി, ദിവ്യദർശനങ്ങൾ കാണിച്ചു കൊടുത്തു. ഓർക്കുക, നാമും ആ ഉൾക്കാഴ്ച ഉള്ളവരായി ത്തീരണം. അതുകൊണ്ട്, ആത്മീയരായവരെല്ലാം ദർശനങ്ങൾ കാണുമെന്നല്ല പറഞ്ഞത്. സ്വപ്നങ്ങൾ കാണുമെന്നോ, ദർശന ങ്ങൾ കാണുമെന്നോ, അല്ലെങ്കിൽ സ്വപ്നങ്ങൾക്ക് അർത്ഥമു ണ്ടെന്നോ അല്ല പറഞ്ഞത്. സ്വപ്നം കണ്ടു എന്നുവരും, ഏതെ ങ്കിലും മായക്കാഴ്ചകൾ കണ്ടു എന്നുവരും. അത് ആത്മികമാ കണമെന്നില്ല.

പക്ഷേ, പരിശുദ്ധാത്മാവ് തരുന്ന ദർശനങ്ങൾ പാപ ബോധം തരുന്നതാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദർശന ങ്ങൾ തരുന്നു എങ്കിൽ നമുക്ക് പാപബോധം ലഭിക്കും.അയ്യോ, തെറ്റുപറ്റിപ്പോയല്ലോ എന്നോർത്ത് ഹൃദയം തകരും. ഞാൻ വിചാരിച്ചതുപോലെയല്ലല്ലോ എന്റെ ആത്മാവിന്റെ അവസ്ഥ. ഇന്നത്തെ സ്ഥിതിയിൽ ഞാൻ കടന്നു പോയാൽ ദൈവരാജ്യ ത്തിൽ എത്തുകയില്ലല്ലോ, ഇങ്ങനെയുള്ള ആത്മീയമായ

കാഴ്ചപ്പാട് ലഭിക്കും. അതാണ് സാക്ഷാത്തായ ദർശനം.

യെഹസ്ക്കേലിന് യഹൂദസഭയുടെ ദയനീയമായ, ശോചനീയമായ അവസ്ഥയാണ് ദൈവം കാണിച്ചുകൊടുത്തത്.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ആത്മീയമായ കാഴ്ചപ്പാട് ലഭിക്കുന്നു എങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ കാണും. അയ്യോ, ഞാനെന്തൊരു പാപിയായ മനുഷ്യൻ! ഞാൻ ധരിച്ചതുപോലെ അല്ലല്ലോ, എന്തെല്ലാം വൈകൃതങ്ങളാണ് എന്റെ അകത്തുള്ളത്? എന്തെല്ലാം അശുദ്ധ വികാരങ്ങളാണ് എന്റെ ഉള്ളിലിരിക്കുന്നത്? ഏതെല്ലാം മലിനമോഹങ്ങളാണ് എന്റെ അകത്തുള്ളത്? എത്ര പ്രാകൃതനായ മനുഷ്യനാണ് ഞാൻ? ഞാൻ പുറമെ മനുഷ്യരുടെ മുമ്പിൽ നല്ലവനായി കാണിക്കുമ്പോഴും എന്റെ ഹൃദയം എത്ര പ്രാകൃതമാണ്? എത്ര വൈകൃതമാണ്? നിന്റെ തിരുമുമ്പാകെ നിൽപ്പാൻ ഞാൻ യോഗ്യനല്ലല്ലോ. യേശുവേ, എന്നു വിളിക്കാൻപോലും എനിക്ക് അർഹതയില്ലല്ലോ.

നിന്റെ വചനം നാവിലെടുക്കാൻ എനിക്ക് യോഗ്യതയില്ലല്ലോ. ഈ നാവ് എന്തെല്ലാം പറഞ്ഞ നാവാണ്. ആരെയെല്ലാം കുറ്റം പറഞ്ഞ നാവാണ്. എന്തെല്ലാം ദോഷം പറഞ്ഞ നാവാണ്. എന്തെല്ലാം അഹങ്കാരം പറഞ്ഞ നാവാണ്. അഹന്തയോടെ തന്നത്താൻ പുകഴ്ത്തുകയും ഉയർത്തുകയും ചെയ്ത നാവാണ്. ഈ നാവ് ദുരഭിമാനംകൊണ്ട വാക്കുകൾ പറഞ്ഞ നാവാണ്. നുണ പറഞ്ഞ നാവാണ്. നാവുകൊണ്ടുതന്നെ എത്ര പാപങ്ങൾ!

എന്റെ കണ്ണ് ഏതെല്ലാം കാഴ്ചകൾ കാണാൻ ആഗ്രഹിച്ച കണ്ണാണ്. ചിന്തിക്കൂ, ഓരോ അവയവംപ്രതി നിങ്ങൾക്കു പാപബോധം കിട്ടും. അപ്പോഴാണ് നാം തകരുന്നത്. അപ്പോഴാണ് പരിശുദ്ധാത്മാവിന്റെ കൃപ നമ്മുടെമേൽ വരുന്നത്. അപ്പോഴാണ് യേശുക്രിസ്തുവിന്റെ രക്തം നമ്മെ കഴുകുന്നത്.പാപ

ബോധം കിട്ടി, പാപത്തെ ഓർത്തു കരയുന്ന മനുഷ്യന്, അയ്യോ, എന്റെ അവസ്ഥ ഭയാനകമാണല്ലോ എന്നോർത്ത് വിനയപ്പെട്ടു കരയുന്ന ഒരാൾക്ക് കർത്താവ് പാപമോചനം തരും. ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം പാപമോചനമാണ്.

എന്റെ എല്ലാ പാപവും കർത്താവ് ക്ഷമിച്ചുതന്നു എന്നുള്ള ഉറപ്പ് നിങ്ങൾക്കു കിട്ടുകയാണെങ്കിൽ എന്തൊരു സന്തോഷ മാണ്! എന്തൊരു ലഹരിയാണ്! പിന്നെ നമുക്ക് ഒന്നും പേടി യില്ല. ആരേയും, ഒന്നിനേയും പേടിയില്ല. എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങൾ കർത്താവ് ക്ഷമിച്ചുതന്നു. യേശുക്രിസ്തു വിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്താൽ എന്നെ വിശുദ്ധീകരിച്ചു. ഞാൻ യേശുവിന്റെ വകയാണ്. ഞാൻ യേശുവിന്റെ സ്വന്തമാണ്.

എന്റെ കാര്യം നടത്താൻ എനിക്കൊരാളുണ്ട്. സ്വർഗ്ഗ ത്തിൽ എനിക്കൊരപ്പനുണ്ട്. യേശു എന്റെ നാഥൻ, എന്റെ നായകൻ, യേശു എന്റെ ഉടയവൻ, എന്റെ ഉടമസ്ഥൻ, യേശു എന്നെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. ഞാനിനി എന്റെയല്ല, യേശുവിന്റേതാണ്. രോഗം വന്നാലും പേടിയില്ല. ആപത്തു വന്നാലും ഭയമില്ല. അനർത്ഥങ്ങൾ വന്നാലും ഭയമില്ല; പ്രതികൂ ലങ്ങൾ വന്നാലും ഭയമില്ല. മനശ്ചാഞ്ചല്യം കൂടാതെ നമുക്ക തിനെ അഭിമുഖീകരിക്കുവാൻ സാധിക്കും.

## പതിനൊന്ന്

*“അവൻ കൈപോലെ ഒന്നു നീട്ടി എന്നെ തലമുടിക്കു പിടിച്ചു; ആത്മാവ് എന്നെ ഭൂമിയുടേയും ആകാശത്തിന്റേയും മദ്ധ്യേ ഉയർത്തി ദിവ്യദർശനങ്ങളിൽ യെരൂശലേമിൽ വടക്കോട്ടുള്ള അകത്തെ വാതിൽക്കൽ കൊണ്ടുചെന്നു; അവിടെ തീക്ഷ്ണത ജനിപ്പിക്കുന്ന, തീക്ഷ്ണതാ ബിംബത്തിന്റെ ഇരിപ്പിടം ഉണ്ടായിരുന്നു. അവിടെ ഞാൻ സമഭൂമിയിൽ കണ്ട ദർശനംപോലെ യിസ്രായേലിന്റെ ദൈവത്തിന്റെ മഹത്വം ഉണ്ടായിരുന്നു. അവൻ എന്നോട്: മനുഷ്യപുത്രാ, തലപൊക്കി വടക്കോട്ടു നോക്കുക എന്നു കല്പിച്ചു; ഞാൻ തലപൊക്കി വടക്കോട്ട് നോക്കി; യാഗപീഠത്തിന്റെ വാതിലിന്നു വടക്കോട്ടു, പ്രവേശനത്തിങ്കൽ തന്നേ, ആ തീക്ഷ്ണതാബിംബത്തെ കണ്ടു. അവൻ എന്നോട്: മനുഷ്യപുത്രാ, അവർ ചെയ്യുന്നത്, ഞാൻ എന്റെ വിശുദ്ധമന്ദിരം വിട്ടുപോകേണ്ടതിന്, യിസ്രായേൽ ഗൃഹം ഇവിടെ ചെയ്യുന്ന മഹാമ്ലേച്ഛതകൾ തന്നെ, നീ കാണുന്നുവോ? ഇതിലും വലിയ മ്ലേച്ഛതകളെ നീ കാണും എന്ന് അരുളിച്ചെയ്തു.”*

*യെഹസ്ക്കേൽ 8 : 3 – 6*

യെഹെസ്കേൽപ്രവാചകന് ദിവ്യദർശനങ്ങൾ ലഭിച്ചു. പരിശുദ്ധാത്മാവ് പ്രവാചകന്റെ തലമുടിയിൽ പിടിച്ച് ഉയർത്തി

ക്കൊണ്ടുപോയി യെരൂശലേം ദേവാലയത്തിന്റെ അകമെല്ലാം കാണിച്ചു കൊടുത്തു. ദൈവാലയത്തിന്റെ ബാഹ്യമായതല്ല, ആന്തരികമായതെല്ലാം പ്രവാചകനെ കാണിച്ചു കൊടുത്തു. യെരൂശലേം ദൈവാലയത്തിന്റെ അകമെല്ലാം അശുദ്ധമായി എന്ന് പ്രവാചകനു മനസ്സിലാക്കി കൊടുത്തു. പ്രവാചകൻ ദർശനങ്ങൾ കണ്ട് അമ്പരന്നു.

യെഹസ്ക്കേൽപ്രവാചകന്റെ പുസ്തകം 8-ാം അദ്ധ്യായം നാം വായിക്കുമ്പോൾ പ്രവാചകനു കിട്ടിയ നാല് ദർശനങ്ങൾ കാണാം. യെരൂശലേം ദേവാലയത്തിൽ അശുദ്ധി തിങ്ങിനിറഞ്ഞിരിക്കുന്നു. ദൈവാലയത്തിലെ പുരോഹിതന്മാർ അശുദ്ധിയുടെ പര്യായമായി മാറിയിരിക്കുന്നു. ദൈവാലയം മുഴുൻ അഴുക്കായി പോയിരിക്കുന്നു. അവിടെ മ്ലേച്ഛ വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്നു.

ദൈവാലയത്തിന്റെ ചുവർ കുത്തിത്തുരന്ന് അതിന്റെ ഉൾഭാഗം കാണുവാൻ ദൈവം പ്രവാചകനോട് പറഞ്ഞു. നോക്കിയപ്പോഴുണ്ട് അവിടെ സ്ത്രീകൾ തമ്മൂസ് ദേവനെ സേവിക്കുന്നു. ജാതീയ ആരാധന, ജാതീയ സമ്പ്രദായങ്ങൾ അവിടെ നടക്കുന്നു. ജാതീയ സമ്പ്രദായങ്ങളിൽപ്പെട്ട് നട്ടം തിരിഞ്ഞുപോകുന്ന മനുഷ്യസമൂഹത്തിന് നേതൃത്വം വഹിച്ചു കൊണ്ട് പുരോഹിതന്മാർ പോകുന്നു. എല്ലാം കണ്ടപ്പോൾ യെഹസ്ക്കേൽ പ്രവാചകന്റെ ഉള്ളെരിഞ്ഞു. യെഹസ്ക്കേൽ ഇത്രയൊന്നും പ്രതീക്ഷിച്ചിരുന്നില്ല. ഇതാണല്ലോ ദൈവാലയത്തിൽ നടക്കുന്നത്! എന്തെല്ലാം വൃത്തികേടുകൾ! Sexual immorality! ലൈംഗികമായ മ്ലേച്ഛത ശക്തമായി നടമാടുന്നു. ദൈവാലയത്തിനുള്ളിൽ ലൈംഗിക അരാജകത്വം! ലൈംഗിക അസ്സാന്മാർഗ്ഗികത്വം! പുറമേയില്ല പക്ഷേ, ദൈവാലയത്തിനകത്ത് അശുദ്ധി നിറഞ്ഞിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ നിറവു വരുമ്പോൾ നമ്മുടെ ഓരോ

രുത്തരുടേയും ഉള്ളിലുള്ള അഴുക്ക് നമുക്കു മനസ്സിലാകും. പരിശുദ്ധാത്മാവിന്റെ പ്രകാശം വരുമ്പോഴാണ് ഞാനെത്ര നീചപാപിയാണെന്നു മനസ്സിലാക്കുന്നത്. പരിശുദ്ധാത്മാവ് എന്നിൽ നിറയുമ്പോഴാണ്, അയ്യോ കർത്താവേ, ഞാൻ യേശുവിന്റെ നാമം ഉച്ചരിക്കാൻ യോഗ്യതയില്ലാത്തവനാണല്ലോ എന്നു മനസ്സിലാക്കുന്നത്. പരിശുദ്ധാത്മാവ് എന്നിൽ വരുമ്പോഴാണ് അന്ധകാരം ഏതെല്ലാം ഭാഗങ്ങളിലാണെന്നു മനസ്സിലാകുന്നത്. ഞാൻ പുറമേ സുബോധമുള്ളവനാണെങ്കിലും അകമേ സുബോധമില്ലാത്തവനാണെന്ന് മനസ്സിലാകുന്നത്. അനേകരും ഇന്ന് സുബോധമില്ലാത്തവരെപ്പോലെയാണ് ജീവിക്കുന്നത്.

കോൾമാൻ എന്ന ചിന്തകൻ പറഞ്ഞു: അനേകരും ഇന്ന് ഭ്രാന്തു ബാധിച്ചവരെപ്പോലെയാണ്. സുബോധമില്ലാത്തവരെപ്പോലെയാണ്. മനുഷ്യന്റെ സുബോധം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

നാം നമ്മെത്തന്നെ മനസ്സിലാക്കുന്നതാണ് ഏറ്റവും വലിയ അറിവ്. എന്റെ ആന്തരിക മനുഷ്യൻ (inner man), ആരാണ്? അതു ഞാൻ അറിയണം. അപ്പോഴാണ് ഞാൻ എളിമപ്പെടുന്നത്.

അകത്തെ മനുഷ്യനെ കാണുക. ഞാൻ ശരിയായി എന്ന് വിചാരിക്കുന്ന കാര്യങ്ങളിൽ പോലും എന്റെ അകത്തെ മനുഷ്യൻ - അവിടെ അഴുക്കുണ്ടെന്നു കണ്ടെത്തുക. അതിന്റെ അടിവേരുകൾ നശിച്ചിട്ടില്ലെന്നു കണ്ടെത്തുക. പാപം പുറമെയില്ല പക്ഷേ, പാപത്തിന്റെ അടിവേരുകൾ അവിടെയുണ്ട്. പാപം വാക്കുകളിൽ വരുന്നില്ല, പ്രവൃത്തിയിൽ വരുന്നില്ല, നോട്ടത്തിൽ വരുന്നില്ല, ചിന്തയിൽ വരുന്നില്ല. പക്ഷേ, അകത്ത് പാപത്തിന്റെ അടിവേരുകളുണ്ട്. ആലയത്തിൽ അശുദ്ധി നിറഞ്ഞിരിക്കുന്നു.

വളരെ രസകരമായ, അല്പം ചിന്തനീയമായ ഒരു സംഭവം ഞാൻ വായിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു - സ്വതന്ത്ര

ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി - ഒരിക്കൽ ഒരു ഭ്രാന്താശുപത്രി സന്ദർശിച്ചു. പലതരത്തിലുള്ള മനോരോഗികൾ. പ്രകടമായ ഭ്രാന്തുള്ളവരുണ്ട്, പ്രകടമായ ഭ്രാന്തില്ലാത്തവരുണ്ട്. അങ്ങനെ അനേകം രോഗികൾ. പണ്ഡിറ്റ് നെഹ്റു എല്ലാം ചുറ്റി നടന്ന് കാണുമ്പോൾ, ഒരാൾ ഒരിടത്ത് ഇരിക്കുന്നു.

മൗനമായിട്ടിരിക്കുന്ന അയാളോട് പണ്ഡിറ്റ് നെഹ്റു ചോദിച്ചു: "എന്താ ഇവിടെ സുഖമാണോ?" "ആണ് സുഖമാണ്." "ഇവിടെ ഭക്ഷണം എങ്ങനെയുണ്ട്?" "നല്ലതുതന്നെ." "ചികിത്സയോ?" "കൊള്ളാം എല്ലാം നല്ലതുതന്നെ." ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ അവൻ ചോദിച്ചു? "അങ്ങ് ആരാണ്?" "ഞാൻ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, കേട്ടിട്ടില്ലേ?" അവൻ പൊട്ടിച്ചിരിച്ചു. എന്നിട്ട് പറഞ്ഞു: "ഇങ്ങനെ പറഞ്ഞതുകൊണ്ടാണ് എനിക്കിവിടെ വരേണ്ടിവന്നത്." നിങ്ങൾക്കു മനസ്സിലായോ?

അവന് താൻ നെഹ്റു ആണെന്നു തോന്നിപ്പോയി. അതുകൊണ്ട് അവൻ പറഞ്ഞു: ഞാനാണ് പണ്ഡിറ്റ് നെഹ്റു. അപ്പോൾ അവന് ഭ്രാന്താണെന്ന് പറഞ്ഞ് ആളുകൾ അവനെ ഭ്രാന്താശുപത്രിയിൽ ആക്കി.

പ്രിയപ്പെട്ടവരേ, ജീവിതത്തിൽ ഇതുപോലെ തന്നെത്താൻ കാണാൻ പറ്റാത്തവരുണ്ട്. സുബോധമില്ലാത്തവർ! അവർ പാപത്തിന്റെ അടിമത്വത്തിൽ കഴിയുന്നു. ദൈവകൃപയാൽ പരിശുദ്ധാത്മാവിന്റെ വചനം കർത്താവ് തരുന്നതുകൊണ്ട് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്ന് വചനം കേൾക്കുന്നവർക്ക് ഒരു സുബോധം കിട്ടുന്നുണ്ട്. വചനത്തിന്റെ വെളിച്ചത്തിൽ അനേകർ അവനവനെത്തന്നെ കാണുന്നുണ്ട്.

അനേകം ദൈവാലയങ്ങളിൽ ഇന്ന് മഹത്വം പോയ്പ്പോയിരിക്കയാണ്. ഞാൻ പുറമേയുള്ള പള്ളികളുടെ കാര്യമല്ല പറയുന്നത്. അതല്ല നമ്മുടെ ചിന്താവിഷയം. പുറമേയുള്ള പള്ളി

കളിൽ വഴക്കുണ്ട്, പിണക്കമുണ്ട്, തമ്മിൽതല്ലുണ്ട്, നാടകങ്ങളുണ്ട്, എല്ലാമുണ്ടല്ലോ! എന്നാൽ നമ്മുടെ ജീവിതമാകുന്ന ആലയം, നമ്മുടെ ഓരോരുത്തരുടേയും ഹൃദയമാകുന്ന ആലയം അശുദ്ധമായിരിക്കുന്നു. മഹത്വം ഉണ്ടായിരുന്നു. തേജസ്സുണ്ടായിരുന്നു. എന്നാൽ ഇന്ന് മഹത്വം നഷ്ടപ്പെട്ടിരിക്കുന്നു.

> *"അനന്തരം ഞാൻ കേൾക്കെ അവൻ അത്യുച്ചത്തിൽ വിളിച്ചു നഗരത്തിന്റെ സന്ദർശനങ്ങളെ അടുത്തു വരുമാറാക്കുവിൻ; ഓരോരുത്തനും നാശകരമായ ആയുധം കൈയിൽ എടുക്കട്ടെ എന്നു കല്പിച്ചു. അപ്പോൾ ആറു പുരുഷന്മാർ, ഓരോരുത്തനും വെൺമഴു കൈയിൽ എടുത്തുകൊണ്ട് വടക്കോട്ടുള്ള മേലത്തെ പടിവാതിലിന്റെ വഴിയായി വന്നു; അവരുടെ നടുവിൽ ശണവസ്ത്രം ധരിച്ച് അരയിൽ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി ഒരുത്തൻ ഉണ്ടായിരുന്നു; അവർ അകത്തു ചെന്ന് താമ്രയാഗപീഠത്തിന്റെ അരികെ നിന്നു. യിസ്രായേലിന്റെ ദൈവത്തിന്റെ മഹത്വം, അത് ഇരുന്നിരുന്ന കെരൂബിന്മേൽനിന്ന് ആലയത്തിന്റെ ഉമ്മരപ്പടിക്കൽ വന്നിരുന്നു."*
>
> *യെഹസ്ക്കേൽ 9 : 1 – 3*

ആലയത്തിനകത്തുണ്ടായിരുന്ന മഹത്വം ആലയത്തിന്റെ ഉമ്മരപ്പടിക്കലേക്ക് പോയി. മഹത്വം മാറിപ്പോയി. തേജസ്സ് മാറിപ്പോവുകയാണ്. വിശുദ്ധിയുടെ തേജസ്സ് ഉണ്ടായിരുന്നു. ഒരു കാലത്ത് തേജസ്സിന്റെ ആരാധന ഉണ്ടായിരുന്നു പക്ഷേ, പോയ്പ്പോയി. മഹത്വം ദൈവാലയത്തിൽനിന്ന് ആലയത്തിന്റെ ഉമ്മരപ്പടിക്കൽ പോയി നിന്നു. മഹത്വം മാറിപ്പോവുകയാണ്.

എന്റെ സഹോദരങ്ങളേ, നിങ്ങൾ ചിന്തിക്കൂ. നിങ്ങളിൽ

ഒരുകാലത്തുണ്ടായിരുന്ന ആത്മീയമായ തീക്ഷ്ണതയുടെ മഹത്വം ഇന്നുണ്ടോ? ആത്മീയമായ തേജസ്സിന്റെ മഹത്വം ഇന്നു പുലർത്തുന്നുണ്ടോ? ഒരു കാലത്തുണ്ടായിരുന്ന തീരുമാനങ്ങൾ അതേപടി പുലർത്തുന്നുണ്ടോ? ഒരു കാലത്ത് എന്തൊരു തീക്ഷ്ണതയായിരുന്നു! എന്തൊരു ദാഹമായിരുന്നു! വചനത്തിനുവേണ്ടിയുള്ള ദാഹം! വചനം കേൾക്കാനുള്ള ആർത്തി! ഇന്ന് അതുണ്ടോ? കൂട്ടായ്മയിൽ വരാനുള്ള ആർത്തിയുണ്ടോ?

എന്റെ ഇടവകപ്പള്ളിയായ വലമ്പൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ കൂട്ടായ്മയുടെ യോഗം നടക്കുന്ന സമയത്ത്, രണ്ടാം ശനിയാഴ്ചകളിൽ, എന്റെ ശരീരം കോരിത്തരിച്ചുകൊണ്ടാണ് പോകുന്നത്. പള്ളിയുടെ സമീപത്തേക്ക് എത്തുമ്പോഴേയ്ക്കും ആത്മാവിലായിക്കഴിഞ്ഞു. പള്ളിയുടെ ഗേറ്റ് കടക്കുമ്പോഴേക്കും ഞാൻ ഈ ഭൂമിയിലല്ല എന്നെനിക്കു തോന്നിയിട്ടുണ്ട്. അന്ന് സ്ക്കൂട്ടറിലാണ് പോകുന്നത്. സ്ക്കൂട്ടർ പള്ളിമുറിയുടെ വരാന്തയിൽ കയറ്റി സ്റ്റാൻഡിൽ വയ്ക്കുമ്പോഴേക്കും ഞാൻ അറിയാതെ സ്തുതിച്ചുപോയിട്ടുണ്ട്.

പള്ളിയകത്ത് സ്തുതിയാണ്. വചനം കേൾക്കാൻ ജനം ആർത്തിപൂണ്ടിരിക്കയാണ്. അന്ന് എന്തൊരു കോരിത്തരിപ്പായിരുന്നു! എന്തൊരു പ്രചോദനമായിരുന്നു! എന്തൊരു ശക്തിയായിരുന്നു! ഒരു പാപവും അടുക്കുന്നില്ല. കോപമില്ല, ഇഷ്ടക്കുറവ് വരുന്നില്ല, മുഷിച്ചിൽ വരുന്നില്ല, പരാതി വരുന്നില്ല, പരിഭവം വരുന്നില്ല. ഉയരണമെന്നുള്ള ചിന്തപോലുമില്ല.

അന്ന് കോളേജിൽ ഞാൻ ജോലി ചെയ്യുന്നുണ്ട്. പക്ഷേ, അന്ന് ഞാൻ ചിന്തിച്ചു: കർത്താവേ, എനിക്ക് നിന്റെ നിർദ്ദേശം കിട്ടിയാൽ കോളേജിലെ ജോലി രാജി വച്ച് ഞാൻ നിന്റെ വേലക്കിറങ്ങാം. വളരെ കൃത്യമായിരുന്നു. ഭംഗി വാക്കുകൾ പറയുകയല്ല. എനിക്ക് പരിശുദ്ധാത്മാവിന്റെ നിർദ്ദേശം കിട്ടിയാൽ

മതി, ജോലി രാജിവച്ച് ഞാൻ നിന്റെ വേലക്കിറങ്ങാം. അത്ര തീക്ഷ്ണതയായിരുന്നു ആ കാലങ്ങളിൽ കർത്താവ് തന്നത്.

അന്ന് ദൈവാലയത്തിലിരിക്കുന്ന ആളുകൾ എല്ലാവരും ശ്രദ്ധയോടെയിരിക്കുന്നു. വചനം പറയാൻ എഴുന്നേറ്റു നിൽക്കുമ്പോൾ തന്നെ പറയുന്ന ആളുടെ കണ്ണു നിറയും, ഹൃദയം തകരും, ജനമെല്ലാം കരഞ്ഞു തുടങ്ങും. ഒരു പുതിയ ആൾ വന്നാൽ തോന്നും, ഈ ആളുകൾ വചനം കേൾക്കുമ്പോൾ എന്തിനാണ് കരയുന്നത്? പ്രസംഗം കേൾക്കുമ്പോൾ കരയുന്നതെന്തിനാണ്? പക്ഷേ ആളുകൾ കരഞ്ഞു തുടങ്ങിയിരിക്കും. ജനം തകർന്നു തുടങ്ങിയിരിക്കും. പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു.

“യഹോവേ, ആണ്ടുകൾ കഴിയും മുമ്പേ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കണമേ.” അന്നുണ്ടായിരുന്ന ആത്മാവിന്റെ ശക്തിയേറിയ പ്രവാഹം ഇന്നൊന്നു കിട്ടിയിരുന്നെങ്കിൽ! ആ ശക്തിയേറിയ പ്രവാഹത്തിൽ മുഴുകി ഒഴുകുവാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ എന്തൊരു ഭാഗ്യമാകുമായിരുന്നു! സഹോദരങ്ങളേ, ആത്മാവിന്റെ ശക്തിയേറിയ പ്രവാഹം! കുത്തൊഴുക്ക്! അത് ഇന്നു കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നു.

ഇന്ന് ജനമെല്ലാം മരവിച്ചിരിക്കുന്നു. കാരണം, ധാരാളം കേട്ടു കഴിഞ്ഞു. എന്നും ഇതല്ലേ കേൾക്കുന്നത് എന്ന ചിന്തയാണ്. ഒന്നും ഉള്ളത്തിൽ ഏശുന്നില്ല. ഉള്ളം മുറിയുന്നില്ല.

മഹത്വം കുറേശ്ശെ കുറേശ്ശെ പോയി. കർത്താവിന്റെ വചനം പറയുന്നു:

> *“നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?”* *1 കൊരിന്ത്യർ 3 : 16*

> *“ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന*

*പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" 1 കൊരിന്ത്യർ 6 : 19*

നിങ്ങളാണ് ദൈവത്തിന്റെ മന്ദിരം. ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും.

ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. ദൈവത്തിന്റെ മന്ദിരം ഇന്ന് അശുദ്ധമായി പോയിരിക്കുന്നു. ദൈവാലയം അശുദ്ധമായിരിക്കുന്നു. നിങ്ങളാണ് ദൈവത്തിന്റെ മന്ദിരം. നിങ്ങളിൽ വ്യാജം വന്നിരിക്കുന്നു. നിങ്ങളിൽ ഇരുവാക്ക് വന്നിരിക്കുന്നു. ദ്വയ ചിന്താഗതി വന്നിരിക്കുന്നു.

ഒരേ സമയത്ത് ഒരേ കാര്യം തന്നെ ഒരാളോട് ഒരുവിധത്തിൽ പറയും, വേറൊരാളോട് വേറൊരു വിധത്തിൽ പറയും. സൂത്രവും കൗശലവും വന്നിരിക്കുന്നു. ഇന്ന് തന്ത്രങ്ങളും ഉപായങ്ങളും മെനഞ്ഞിരിക്കുന്നു. ദ്രവ്യാഗ്രഹങ്ങൾ മുറ്റി വന്നിരിക്കുന്നു. സ്വാർത്ഥത കൂടെപ്പിറപ്പായി മാറിയിരിക്കുന്നു. അഹങ്കാരം നമ്മെ വിട്ടുപോകുന്നില്ല. അഹംഭാവം. ധിക്കാരമനോഭാവം നമ്മിൽ നിന്നു മാറുന്നില്ല. മറ്റുള്ളവരെ പുച്ഛിക്കുന്നു, പരിഹസിക്കുന്നു, ദുഷിക്കുന്നു. ഇതൊന്നും പാപമായിട്ട് ചിന്തിക്കുന്നതേയില്ല. ഞാൻ മദ്യപാനം ചെയ്യുന്നില്ലല്ലോ, വ്യഭിചാരം ചെയ്യുന്നില്ലല്ലോ, കൊലപാതകം ചെയ്യുന്നില്ലല്ലോ, അതുകൊണ്ട് ഞാൻ all right ആണെന്നു വിചാരിച്ച് ജനം പോകുന്നു.

സഹോദരങ്ങളേ, നിങ്ങൾ ഒരു നിമിഷം ചിന്തിക്കൂ. കർത്താവേ, എന്റെ മഹത്വം ആലയത്തിന്റെ മദ്ധ്യത്തിൽനിന്ന് പോയ്പ്പോയോ? നീ എനിക്കു തന്ന മഹത്വം ആലയത്തിൽ നിന്ന് പോയ്പ്പോയോ? ആലയത്തിൽ നിന്ന് ഉമ്മരപ്പടിക്കലേക്ക്

മഹത്വം മാറിപ്പോയോ?

എന്നാൽ ആലയത്തിന്റെ മഹത്വം ഉമ്മരപ്പടിയിലും നിന്നില്ല.

*“പിന്നെ യഹോവയുടെ മഹത്വം ആലയത്തിന്റെ ഉമ്മരപ്പടി വിട്ടു പുറപ്പെട്ടു കെരൂബുകളിൻമീതെ വന്നു നിന്നു.” യെഹെസ്കേൽ 10 : 18*

ആലയത്തെ ചുററി വലയം ചെയ്തിരുന്ന കെരൂബുകൾ ദിവ്യശോഭയുള്ള ദൂതവൃന്ദമാണ്. അവർ ആലയത്തെ പരിപാലിക്കുന്ന ദൈവത്തിന്റെ പ്രിയപ്പെട്ട മാലാഖമാരാണ്. മഹത്വം ഉമ്മരപ്പടിക്കൽ നിന്നും പുറത്ത് കാവൽനിൽക്കുന്നവരുടെ അടുക്കലേക്കു പോയി.

1. ആലയത്തിനുള്ളിലുണ്ടായിരുന്ന മഹത്വം ഉമ്മരപ്പടിക്കലേക്ക് പോയി.
2. ഉമ്മരപ്പടിയിൽ നിന്നും കാവൽ നിൽക്കുന്ന കെരൂബുകളിലേക്കു വന്നു.

കെരൂബുകളിന്മേൽ വന്നു നിന്ന മഹത്വം വീണ്ടും അവിടെനിന്നും മാറിമാറിപ്പോകുന്നു.

*“യഹോവയുടെ മഹത്വം നഗരത്തിന്റെ നടുവിൽനിന്ന് മേലോട്ട് പൊങ്ങി നഗരത്തിനു കിഴക്കു വശത്തുള്ള പർവ്വതത്തിന്മേൽ നിന്നു.”*

*യെഹെസ്കേൽ 11 : 23*

യഹോവയുടെ മഹത്വം യെരൂശലേം നഗരത്തിന്റെ നടുവിൽ നിന്ന് മേലോട്ടു പൊങ്ങി, നഗരത്തിന്റെ കിഴക്കുവശത്തുള്ള പർവ്വതത്തിന്മേൽ വന്നു നിന്നു. മഹത്വം ദൂരെ പോയി. അനേകം കുടുംബങ്ങളിൽ നിന്നും മഹത്വം പോയിരിക്കുന്നു. അനേകം വ്യക്തികളിൽ നിന്നും മഹത്വം പോയി. കുറേശ്ശെ, കുറേശ്ശെയാണ് പോയത്. ഒരുമിച്ചൊരു ദിവസം കൊണ്ടല്ല മഹത്വം പോയത്. അങ്ങു കുന്നിന്മേലേക്ക്, കുന്നിന്റെ മുകളി

ലേക്ക് മഹത്വം പൊയ്പ്പോയി. ദൂരെദൂരെ പോയി.

എന്റെ പ്രിയ സഹോദരങ്ങളേ, മഹത്വം പോയ്ക്കൊണ്ടിരിക്കുന്നവർ ആരെല്ലാമുണ്ട്? തീക്ഷ്ണത നഷ്ടപ്പെട്ടവരാരെല്ലാമുണ്ട്? ഒരു കാലത്തുണ്ടായിരുന്ന സത്യസന്ധത നഷ്ടപ്പെട്ടവരാരെല്ലാമുണ്ട്? ഒരു കാലത്തുണ്ടായിരുന്ന നിഷ്ക്കളങ്കത നഷ്ടപ്പെട്ടവരാരെല്ലാമുണ്ട്, പ്രിയപ്പെട്ടവരേ, മഹത്വം പോയ്പ്പോയിരിക്കുന്നു. ഇപ്പോൾ സങ്കടപ്പെട്ടു ദു:ഖിച്ച് കരയേണ്ടതാണ്.

> *"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും."*
>
> *2 ദിനവൃത്താന്തം 7 : 14*

മഹത്വം പോയ്പ്പോയല്ലോ എന്നോർത്ത് കരയണം. അയ്യോ കർത്താവേ, എന്റെ തേജസ്സ് നഷ്ടപ്പെട്ടുപോയല്ലോ. പുറമേയുള്ള തേജസ്സല്ല, പുറമെയുള്ള സൗന്ദര്യമല്ല. അകത്തൊരു തേജസ്സുണ്ട്, അകത്തൊരു സൗന്ദര്യമുണ്ട്. ദിവ്യമായ തേജസ്സ്! അകത്ത് തിളങ്ങുന്ന തേജസ്സ്! നാം അക്കരെ ചെല്ലുമ്പോൾ അത് വെളിപ്പെട്ടുവരും. സ്വർഗ്ഗകവാടത്തിൽ ചെല്ലുമ്പോൾ ആ തേജസ്സായിരിക്കും നമ്മുടെ മുഖത്ത് പ്രതിബിംബിക്കുന്നത്. അപ്പോഴാണ് മാലാഖമാർ നമ്മെ എതിരേറ്റ് അകത്തേക്ക് കൊണ്ടുപോകുന്നത്. ആ തേജസ്സ് ഇല്ലെങ്കിലോ? മാലാഖമാർ അകത്തേക്ക് കടക്കാൻ അനുവദിക്കയില്ല. ഭയാനകമായ, ഭീകരമായ ഏറ്റവും പേടിപ്പെടുത്തുന്ന, നരകത്തിന്റെ ആ കെടാത്ത തീയിലേക്ക് നാം തള്ളപ്പെട്ടുപോകും.

തേജസ്സില്ലാത്തതിന്റെ നഷ്ടം എന്താണെന്ന് അപ്പോഴാണ് അക്ഷരികമായി മനസ്സിലാകുന്നത്. ഒരു ദിവസം, ഞാനും

നിങ്ങളും മരിക്കും. മരിച്ച് കടന്നു ചെല്ലുമ്പോഴാണ് നമ്മുടെ സാക്ഷാൽ അവസ്ഥ അറിയുന്നത്. അപ്പോഴാണ് അയ്യോ, മഹത്വം പോയ്പ്പോയിരുന്നല്ലോ, വെറുതെ നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ, വിലപ്പെട്ടത് കൈമോശം വന്നുപോയല്ലോ, നഷ്ടപ്പെട്ടുപോയല്ലോ എന്നു മനസ്സിലാകുന്നത്. പിന്നെ കരഞ്ഞിട്ടു കാര്യമില്ല. സമയം കഴിഞ്ഞ് നിലവിളിച്ചിട്ടു കാര്യമില്ല.

ആദ്യം ദൈവാലയത്തിനകത്തുണ്ടായിരുന്ന തേജസ്സ് ദൈവാലയത്തിന്റെ ഉമ്മരപ്പടിക്കലേക്കു പോയി. ഉമ്മരപ്പടിക്കൽനിന്ന് ഗോപുരദ്വാരത്തിലെ കെരൂബുകളിലേക്കുപോയി. അതുകഴിഞ്ഞ് അങ്ങ് പർവ്വതത്തിലേക്കുപോയി.

യെഹസ്ക്കേൽപ്രവാചകന്റെ 9-ാം അദ്ധ്യായത്തിൽ നാം തുടർന്നു കാണുന്നത് വേറൊരു ദർശനമാണ്. അവിടെ കുറേപ്പേർ ഇരുന്ന് യിസ്രായേലിന്റെ മഹത്വം പോയല്ലോ എന്നോർത്തു കരയുന്നു. മാത്രമല്ല യിസ്രായേലിന്റെ മഹത്വപൂർണ്ണമായ ദേവാലയം ഇന്ന് തേജസ്സില്ലാത്തതായിപ്പോയല്ലോ, ദൈവാലയം നഷ്ടപ്പെട്ടുപോയല്ലോ, അത് എല്ലാവിധത്തിലും അഴുക്കായിപ്പോയല്ലോ എന്നോർത്ത്, ദൈവത്തിന്റെ ആലയത്തിൽ നടക്കുന്ന മ്ലേച്ഛതകളോർത്ത് നെടുവീർപ്പിട്ടു കരയുന്നു.

> *"അവനോട് യഹോവ: നീ നഗരത്തിന്റെ നടുവിൽ, യെരൂശലേമിന്റെ നടുവിൽക്കൂടി ചെന്ന്, അതിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്നു കല്പിച്ചു."*
>
> *യെഹസ്ക്കേൽ 9 : 4*

യെരൂശലേമിൽ നടക്കുന്ന സകലമ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക. സഹോദരങ്ങളേ, അടയാളം ലഭിക്കും.

എന്റെ കർത്താവേ, മഹത്വം പോയ്പ്പോയല്ലോ, മ്ലേച്ഛത നടമാടുന്നല്ലോ, യെരൂശലേമിൽ ദൈവത്തിന്റെ ആലയമുള്ള നഗരത്തിൽ മ്ലേച്ഛത നിറഞ്ഞുനിൽക്കുന്നല്ലോ, ദൈവത്തിന്റെ സ്വർഗ്ഗീയമഹത്വം പ്രശോഭിച്ചിരുന്ന ദേശത്ത് ഇന്ന് മഹത്വം പോയ്പ്പോയല്ലോ. അതോർത്ത് പുരുഷന്മാർ നെടുവീർപ്പിട്ടു കരയുകയാണ്. “അവരുടെ നെറ്റിയിൽ അടയാളമിടുക.” ദൈവം ഒരാളെ പറഞ്ഞയയ്ക്കുകയാണ്. ആ ദൂതന്റെ കൈയിൽ ഒരു എഴുത്തുകാരന്റെ മഷിക്കുപ്പിയുണ്ട്. ആ മഷിക്കുപ്പിയിലുള്ള മഷിയെടുക്കുവാൻ ഒരു തൂവലുണ്ട്. അവൻ ശണവസ്ത്രം ധരിച്ച ആറു പുരുഷന്മാരുടെ നടുവിൽക്കൂടി കടന്നുവരികയാണ്. ആറു പുരുഷന്മാർ കൈയിൽ വാളുമായി നടന്നുവരുന്നു.

വെട്ടുവാനുള്ള വാൾ! ഛേദിച്ചുകളയുവാനുള്ള വാൾ! ന്യായവിധി നടത്തുവാനുള്ള വാൾ! ശിക്ഷാവിധി നടത്തുവാനുള്ള വാളുമായി ആറു പുരുഷന്മാർ നടന്നു വരുന്നു. അതാണ് യെഹസ്ക്കേൽ ദർശനത്തിൽ കണ്ടത്.

അപ്പോൾ ശണവസ്ത്രം ധരിച്ച് ഒരു മനുഷ്യൻ കൈയിൽ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി നടന്നുവരുന്നു. അവനോട് ദൈവം പറയുന്നു: നീ ഈ ശിക്ഷ നടത്തുവാൻ പോകുന്നവരുടെ ഇടയിൽ കൂടി കടന്നുചെന്ന് യെരൂശലേമിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ട് കരയുന്ന പുരുഷന്മാരുടെ നെറ്റിയിൽ അടയാളമിടുക. അടയാളമുള്ള ഒരുത്തനേയും തൊട്ടുപോകരുത്. വൃദ്ധന്മാരെ വെട്ടാം, സ്ത്രീകളെ വെട്ടാം. പുരുഷന്മാരെ വെട്ടാം, കുഞ്ഞുങ്ങളെ വെട്ടാം.

എല്ലാവർക്കും ശിക്ഷാവിധി കിട്ടും. ബഹുഭൂരിപക്ഷം പേർക്കും ശിക്ഷാവിധി. പക്ഷേ, അപൂർവ്വം പേർക്ക്, വളരെ കുറച്ചുപേർക്കുമാത്രം ശിക്ഷാവിധിയില്ല. അവരുടെ നെറ്റിയിൽ

അടയാളമുണ്ട്. അവരെ വെട്ടരുത്. അവരെ തൊട്ടുപോകരുത്. ആ ഭാഗം വായിക്കുമ്പോൾ നമ്മുടെ ഹൃദയം രോമാഞ്ചം കൊള്ളും.

> *“അവനോട് യഹോവ: നീ നഗരത്തിന്റെ നടുവിൽ, യെരൂശലേമിന്റെ നടുവിൽക്കൂടി ചെന്നു അതിൽ നടക്കുന്ന സകലമ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്നു കല്പിച്ചു. മറ്റവരോട് ഞാൻ കേൾക്കെ അവൻ: നിങ്ങൾ അവന്റെ പിന്നാലെ നഗരത്തിൽകൂടി ചെന്നു വെട്ടുവിൻ! നിങ്ങളുടെ കണ്ണിന്നു ആദരവു തോന്നരുത്; നിങ്ങൾ കരുണ കാണിക്കയുമരുത്. വൃദ്ധന്മാരെയും യൗവ്വനക്കാരെയും കന്യകമാരെയും പൈതങ്ങളെയും സ്ത്രീകളെയും കൊന്നുകളവിൻ! എന്നാൽ അടയാളമുള്ള ഒരുത്തനെയും തൊടരുത്; എന്റെ വിശുദ്ധമന്ദിരത്തിൽ തന്നേ തുടങ്ങുവിൻ എന്നു കല്പിച്ചു.”*
>
> *യെഹസ്ക്കേൽ 9 : 4 – 6*

എന്റെ വിശുദ്ധമന്ദിരത്തിൽ തന്നേ തുടങ്ങുവിൻ: സഹോദരങ്ങളേ, ഭയപ്പാടോടെ വായിക്കേണ്ട ഒരു വേദഭാഗമാണിത്. ഇന്ന് നിങ്ങൾക്ക് ആലയത്തിൽ നടക്കുന്ന മ്ലേച്ഛതകളെയോർത്ത് നെടുവീർപ്പിട്ട് കരയാൻ സാധിക്കുന്നുണ്ടോ? ഏതാണീ ആലയം? അത് നമ്മെ സംബന്ധിച്ചിടത്തോളം യെരൂശലേം ദേവാലയമല്ല, നിങ്ങളുടെ ശരീരമാണ്.

നിങ്ങൾ ദൈവത്തിന്റെ ആലയമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും.

ദൈവത്തിന്റെ ആലയം വിശുദ്ധമല്ലോ. ഈ ആലയം അശുദ്ധമാക്കരുത്. ഈ ആലയം അശുദ്ധമായി പോയിട്ടുണ്ട്. ശരീരത്തിൽ അശുദ്ധി പറ്റിയിട്ടുണ്ട്. മനസ്സിൽ അശുദ്ധി പറ്റിയിട്ടുണ്ട്. ചിന്തയിൽ അശുദ്ധി പറ്റിയിട്ടുണ്ട്. വികാരത്തിൽ അശുദ്ധി പറ്റിയിട്ടുണ്ട്. ആഗ്രഹത്തിൽ അശുദ്ധി പറ്റിയിട്ടുണ്ട്. മോഹങ്ങളിൽ അശുദ്ധി പറ്റിയിട്ടുണ്ട്. ശരീരത്തിന്റെ അവയവങ്ങളിൽ അശുദ്ധി പറ്റിയിട്ടുണ്ട്.

ആലയത്തിൽ നടക്കുന്ന മ്ലേച്ഛതകളെയോർത്ത് നെടുവീർപ്പിട്ട് കരയുവിൻ.

കരഞ്ഞാൽ അടയാളം കിട്ടും. അടയാളമിട്ട് ഇതാ, ഒരുത്തൻ പോകുന്നു. അവൻ പോകുന്നത് സുവിശേഷത്തിന്റെ അടയാളവുമായിട്ടാണ്. സുവിശേഷത്തിന്റെ മുദ്രയുമായിട്ടാണ്. അതാണ് പരിശുദ്ധാത്മാവിന്റെ മുദ്ര.

സുവിശേഷത്തിന്റെ മുദ്രയുമായിപ്പോകുന്ന, ആ അടയാളവുമായിപ്പോകുന്ന മനുഷ്യൻ നമ്മുടെ നെറ്റിയിൽ അടയാളം ഇടണമെങ്കിൽ നാം സുവിശേഷം വിശ്വസിക്കണം. നമ്മിൽ നടക്കുന്ന മ്ലേച്ഛതകൾ ഓർത്ത് നെടുവീർപ്പിട്ട് കരയണം. അയ്യോ, കർത്താവേ, തെറ്റുപറ്റിപ്പോയല്ലോ, എന്റെ ദൈവമേ, തെറ്റുപറ്റിപ്പോയല്ലോ. തകർന്നു കരയണം, അനുതാപത്തോടെ കരയണം. ഓരോ പാപവും ഏറ്റുപറഞ്ഞ് കരയണം. പാപങ്ങൾ ഏറ്റുപറയുമ്പോൾ നിങ്ങൾ ആ പാപത്തിൽ രസിച്ചുപോകരുത്, നേരെ മറിച്ച് നിങ്ങൾ അറപ്പോടെ ആ പാപത്തെ ഏറ്റു പറഞ്ഞ് കരയുക.

ആലയത്തിൽ നടക്കുന്ന മ്ലേച്ഛതകൾ നിമിത്തം നെടുവീർപ്പിട്ടു കരഞ്ഞാൽ, ഇന്ന് മോചനമുണ്ട്, ഇന്ന് അടയാളമുണ്ട്. ഇന്ന് അടയാളമിട്ടുകൊണ്ട് ഒരു പുരുഷൻ നടന്നു വരുന്നു. പരിശുദ്ധാത്മാവ് ഇന്ന് ഓരോരുത്തരേയും അടയാളമിട്ടു മുദ്രപതിപ്പിച്ചുകൊണ്ട് പോകുന്നു. വചനശുശ്രൂഷകളിലെല്ലാം

നടക്കുന്നത് അതാണ്. പരിശുദ്ധാത്മാവ് സൗജന്യമായി മുദ്രത രുന്നു. അതിനുള്ള മാർഗ്ഗമെന്താണ്?

> *"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നുകേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും."*
>
> *2 ദിനവൃത്താന്തം 7 : 14*

ദേശത്തിന് സൗഖ്യം കിട്ടും. നമുക്ക് സൗഖ്യം കിട്ടും. നമ്മുടെ ഭവനത്തിന് സൗഖ്യം കിട്ടും. നമ്മുടെ ബന്ധുമിത്രാദി കൾക്ക് സൗഖ്യം കിട്ടും. എന്തൊരു ഭാഗ്യം! ദേശത്തിനാകെ സൗഖ്യം! ദേശത്തിനുവേണ്ടി നിൽക്കാൻ നിങ്ങൾക്കു മനസ്സാണോ? അതൊരു ഭാഗ്യപദവിയാണ്.

> *"പർവ്വതത്തിന്റെ മുകളിൽ അതിന്റെ അതിർത്തിക്ക കമെല്ലാം അതിവിശുദ്ധമായിരിക്കേണം; അതേ, ഇതാകുന്നു ആലയത്തെക്കുറിച്ചുള്ള പ്രമാണം."*
>
> *യെഹസ്കേൽ 43 : 12*

ആലയത്തെക്കുറിച്ചുള്ള പ്രമാണം, ആലയത്തിന തിർത്തിക്കകമെല്ലാം വിശുദ്ധമായിരിക്കണം. "അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സു കിഴക്കു വഴിയായി വന്നു." അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ആയിരുന്നു.

ജനങ്ങൾ അനുതപിച്ചപ്പോൾ, ജനങ്ങൾ മാനസാന്തരപ്പെ ട്ടപ്പോൾ, ജനങ്ങൾ വേദനപ്പെട്ട് കരഞ്ഞപ്പോൾ, അയ്യോ, പാപം വന്നുപോയി ദൈവമേ, ക്ഷമിക്കണമേ എന്നു പറഞ്ഞ് കരഞ്ഞ പ്പോൾ യഹോവയുടെ മഹത്വം കിഴക്കു വഴിയായി വന്നു.

ഭൂമി അവന്റെ തേജസ്സുകൊണ്ടു നിറഞ്ഞു, തേജസ്സു കൊണ്ട് പ്രകാശിച്ചു. ഇതു പ്രവാചകൻ കണ്ട ദർശനം പോലെ ആയിരുന്നു. നഗരത്തെ നശിപ്പിപ്പാൻ വന്നപ്പോൾ കണ്ട ദർശനം പോലെതന്നെ.

ശിക്ഷാവിധി നടത്താൻ ദൈവം യെഹസ്ക്കേൽപ്രവാച കനെ നിയോഗിച്ചു. പ്രവാചകൻ വന്നപ്പോൾ അന്ന് കണ്ട ദർശനം പോലെ തന്നെ. ഈ ദർശനങ്ങൾ കെബാർ നദീതീ രത്തു വച്ചു യെഹസ്ക്കേൽപ്രവാചകൻ കണ്ട ദർശനം പോലെ ആയിരുന്നു.

എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ ഇപ്പോൾ തന്നെ കർത്താ വിനോടു പറയണം: കർത്താവേ, തേജസ്സ് പോയ്പ്പോയി. മഹത്വം പോയ്പ്പോയി. ശക്തി നഷ്ടപ്പെട്ടു.

നിന്റെ ആണിപ്പാടുള്ള കരങ്ങൾ കൊണ്ട്, തിരുരക്തം പുരണ്ട കരങ്ങൾ കൊണ്ട് എന്നെ ഒന്നു പിടിച്ച് ഉയർത്തണമേ. നഷ്ടപ്പെട്ടുപോയ വസന്തകാലങ്ങൾ തിരികെ തരണമേ. ആന ന്ദൈശ്വര്യങ്ങളെഴുന്ന മാസങ്ങളും ആണ്ടുകളും തിരികെ തര ണമേ. കർത്താവേ, ഇന്നെന്നോട് മനസ്സലിയണമേ. എന്റെ പാപങ്ങൾ ക്ഷമിക്കണമേ.

## പന്ത്രണ്ട്

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി"*
*വെളിപ്പാട് 1 : 10*

ആത്മാവിന്റെ വൈവശ്യം.ആത്മാവിന്റെ വിവശത. അത് ആത്മാവിന്റെ നിറവാണ്. ആത്മാവിന്റെ അഭിഷേകമാണ്. ആത്മാവിന്റെ ശാക്തീകരണമാണ്. ആത്മാവിന്റെ കൃപാവരമാണ്. ആത്മാവിന്റെ തേജസ്സാണ്. ആത്മാവിന്റെ അഗ്നിയാണ്.

പത്മൊസ് ദ്വീപിൽ അപ്പൊസ്തലനായ യോഹന്നാൻ ഏകാന്തതടവനുഭവിച്ച് ഏകാകിയായി കഴിയുകയാണ്. തന്റെ പ്രിയപ്പെട്ട കൂട്ടുകാർ, കർത്താവിന്റെ മറ്റു ശിഷ്യന്മാർ എല്ലാവരും തന്നെ രക്തസാക്ഷികളായി മരിച്ചു കഴിഞ്ഞു. യോഹന്നാൻശ്ലീഹാ വാർദ്ധക്യമായി, ക്ഷീണിതനായി. തിളച്ച എണ്ണയിൽ തീർന്നുപോയില്ല ജീവിതം. ഒരു പരിക്കും പറ്റിയില്ല. ഒട്ടും പൊള്ളൽ ഏറ്റില്ല. ഒരു ദോഷവും സംഭവിച്ചില്ല.

അപ്പൊസ്തലനായ യോഹന്നാന് ഒരു കേടും സംഭവിച്ചില്ല എന്നു കണ്ടപ്പോൾ, ഡൊമീഷ്യൻ ചക്രവർത്തി ചെയ്ത അടുത്ത പടിയാണ് പത്മൊസിലേക്ക് നാടു കടത്തുക എന്നുള്ളത്. ഏകാകിയായി പത്മൊസിൽ ഇരിക്കുമ്പോൾ അപ്പൊസ്തലൻ പറയുകയാണ്:

"കർത്തൃദിവസത്തിൽ ഞാൻ ആത്മ വിവശനായി." കർത്തൃദിവസത്തിൽ കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് സെഹിയോൻ മാളികയിൽ വാതിലും

ജനലും അടച്ചിരിക്കെ പ്രിയപ്പെട്ട ശിഷ്യന്മാരുടെ അരികിലേക്കു വന്ന്, നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞ് അവരുടെ മേൽ ഊതുകയും, നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്ന് പറയുകയും ചെയ്ത ആ മധുര സ്മരണകളെല്ലാം അയവിറക്കിക്കൊണ്ടാണ് അപ്പൊസ്തലൻ ഇരുന്നത്.

പെട്ടെന്ന് താൻ എവിടെയാണ് ഇരിക്കുന്നതെന്നുപോലും അറിയാത്ത രീതിയിൽ ഒരു വലിയ വിവശത അനുഭവിച്ചു. ആത്മാവിന്റെ വിവശത!

ആത്മാവിന്റെ വിവശത വന്നപ്പോൾ തന്റെ ജീവിതത്തിൽ ഉണ്ടായിരുന്ന വേദനകൾ മറന്നു, കഷ്ടതകൾ മറന്നു, ദുരിതങ്ങൾ മറന്നു, യാതനകൾ മറന്നു, ഒറ്റപ്പെടുത്തലുകൾ മറന്നു, എല്ലാം മറന്നു.

ആത്മാവിന്റെ ശക്തീകരണം നമുക്ക് ലഭിക്കുമ്പോൾ, പരിശുദ്ധാത്മാവ് നമ്മുടെമേൽ വരുമ്പോൾ നാം നമ്മുടെ യാതനകൾ മറക്കും. നമ്മുടെ രോഗത്തിന്റെ വേദനകൾ മറക്കും, നമ്മുടെ ഹൃദയത്തിന്റെ ആകുലങ്ങൾ മറക്കും, മനസ്സിന്റെ ആവലാതികൾ മറക്കും, നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങൾ മറക്കും.

കർത്താവിന്റെ ആത്മാവ് നമ്മുടെ ഉള്ളത്തിൽ നിറയുക എന്നുള്ളത് വലിയ ആത്മീയ അനുഭൂതിയാണ്.

സഹോദരങ്ങളേ, നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, ആത്മാവിന്റെ വിവശത തരണമേ. ആത്മാവിന്റെ ശക്തിയായ നിറവിന്റെ അനുഭവം തരണമേ. ആത്മാവിന്റെ അഭിഷേകത്തിന്റെ ശക്തി എന്റെമേൽ പകരണമേ. പരിശുദ്ധാത്മാവ് എന്നിൽ നിറയണമേ. ഞാൻ ഞാനല്ലാതായിമാറി എന്റെ പഴയ മനുഷ്യൻ മരിച്ചു തീരണമേ.

ആത്മാവിന്റെ വിവശത വന്നപ്പോൾ:

Victory - യിഫ്താഹിന് വിജയം കിട്ടി.

Liberty - ശിംശോന് ബന്ധനം അഴിഞ്ഞു, സ്വാതന്ത്ര്യം കിട്ടി.

Worship - ദാവീദ് രാജാവിന് സ്തുതി ലഭിച്ചു. ആരാധന ലഭിച്ചു.

Prophecy - യെഹസ്ക്കേൽ പ്രവാചകന് പ്രവചനം ലഭിച്ചു.

ആത്മാവിന്റെ വിവശത വരുമ്പോൾ ഈ അനുഭവങ്ങളെല്ലാം കിട്ടും.

സെഖര്യാപ്രവാചകന്റെ പുസ്തകം 4-ാം അദ്ധ്യായത്തിൽ വീണ്ടും ആത്മവിവശതയെക്കുറിച്ച് കാണുന്നുണ്ട്.

*"അവൻ എന്നോട് ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിത്: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായിത്തീരും; അതിനു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലുകയറ്റും. യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: സെരുബ്ബാബേലിന്റ കൈ ഈ ആലയത്തിന് അടിസ്ഥാനം ഇട്ടിരിക്കുന്നു; അവന്റെ കൈ തന്നെ അതു തീർക്കും." സെഖര്യാവ് 4 : 6 – 8*

*"എന്റെ ദാസനായി ശെയല്തീയേലിന്റെ മകനായ സെരുബ്ബാബേലേ, ഞാൻ നിന്നെയെടുത്ത് മുദ്രാമോതിരമാക്കും എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു*

*സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്."*

*ഹഗ്ഗായി 2 : 23*

ഈ മുദ്രാമോതിരത്തിലുള്ള മുദ്ര ചാർത്തിയാണ് രാജാവ് ഒപ്പിടുന്നത്.

നോക്കൂ, ഒരു ദൈവപൈതലിന്റെ പദവി. സെരുബ്ബാബേൽ ഒരു ഗവർണ്ണറായിരുന്നു. യെഹൂദാ ദേശത്തുള്ള സെരുബ്ബാബേൽ, ബാബിലോണിയയിലെ ഗവർണ്ണറായി വാഴുകയായിരുന്നു.

നൂന്റെ മകനായ യോശുവയല്ല, യഹോസാദാക്കിന്റെ മകനായ യോശുവ ആയിരുന്നു അന്നത്തെ മഹാപുരോഹിതൻ. യോശുവ മഹാപുരോഹിതൻ, സെരുബ്ബാബേൽ ഗവർണ്ണർ! ഈ രണ്ടുപേരും കൂടി യോജിച്ചാണ് ആലയം പണിക്കുവേണ്ടി ജനത്തെ ഉത്സാഹിപ്പിക്കുവാൻ യത്നിക്കുന്നത്.

ആലയം ഇടിഞ്ഞുപൊളിഞ്ഞുപോയിരുന്നു. ദൈവാലയം തകർന്നു പോയിരുന്നു, നഷ്ടപ്പെട്ടു പോയിരുന്നു. ഏഴുവർഷംകൊണ്ട്, ശലോമോൻ രാജാവ് പണിത ദൈവാലയം കല്ലിൻമേൽ കല്ലു ശേഷിക്കാതെ എല്ലാം ഇടിഞ്ഞുപോയിരുന്നു. ബാബേൽ ചക്രവർത്തിയായ നെബൂഖദ്നേസർ വന്ന് ദൈവാലയത്തെ ഇടിച്ചു കളഞ്ഞു. ദൈവാലയത്തിലെ ഉപകരണങ്ങൾ ഒക്കെയും ബാബേലിലേക്ക് വിഗ്രഹാരാധികളുടെ ഇടയിലേക്കു കൊണ്ടുപോയി. ദൈവാലയത്തിൽ ഉപയോഗിച്ച വിശുദ്ധ ഉപകരണങ്ങൾ വിഗ്രഹാരാധികളുടെ ഇടയിലേക്കു കൊണ്ടുപോയി. നഷ്ടമായിപ്പോയി.

എല്ലാറ്റിനും ആത്മീയമായ അർത്ഥങ്ങളുണ്ട്. നിത്യനായ ദൈവത്തിന്റെ ആലയത്തിൽ ഉപയോഗിച്ചിരുന്ന വിലപ്പെട്ട പാത്രങ്ങളാണ് നാം ഓരോരുത്തരും. ഈ പാത്രങ്ങൾ വിശുദ്ധി പകരേണ്ട പാത്രങ്ങളാണ്. ഈ പാത്രങ്ങൾ സുവിശേഷ വചനം

പറഞ്ഞ പാത്രങ്ങളാണ്. ഈ പാത്രങ്ങൾ ദുഷ്ടനായ ബാബിലോണിയൻ ചക്രവർത്തിയുടെ അരമനയിലേക്ക് പോകേണ്ടവയല്ല.

സ്നേഹിതരേ, നിങ്ങൾ ആത്മാവിന്റെ സ്തുതിയിൽ ദൈവത്തെ ആരാധിച്ച പാത്രങ്ങളാണ്. ദൈവത്തെ മഹത്വപ്പെടുത്തിയ പാത്രങ്ങളാണ്. ദൈവത്തിന്റെ വേല ചെയ്ത പാത്രങ്ങളാണ്. വചനം നാവിലൂടെ നൃത്തം ചെയ്ത പാത്രങ്ങളാണ്. നാവിൽനിന്ന് തീജ്ജ്വാല ആളിപ്പടർന്ന പാത്രങ്ങളാണ്. നിങ്ങൾ സ്തുതിക്കുമ്പോൾ സ്വർഗ്ഗീയ സേനകൾ ഈ ഭൂമിയിലേക്ക് ഉറ്റു നോക്കത്തക്കവണ്ണം ആത്മാവിന്റെ സ്തുതിയുടെ ആരാധന ഉയർന്ന പാത്രങ്ങളാണ്.

എന്നാൽ ഈ പാത്രങ്ങൾ ബാബിലോണിയൻ ചക്രവർത്തിയുടെ, വിഗ്രഹാരാധികളുടെ മദ്ധ്യത്തിലേക്ക് പോകാൻ പാടില്ല. വിഗ്രഹാരാധികൾ അതെടുത്ത് ഉപയോഗിക്കാൻ പാടില്ല. ഈ പാത്രങ്ങളിൽ മദ്യം പകരാൻ പാടില്ല. ബേൽശസ്സർ രാജാവ് ആ പാത്രങ്ങളിൽ മദ്യം പകർന്നു. യെരൂശലേം ദൈവാലയത്തിൽ ഉപയോഗിച്ചിരുന്ന ബഹുമാന്യമായ പാത്രങ്ങളിൽ, ബാബിലോണിയൻ ചക്രവർത്തിയായ നെബൂഖദ്നേസറിന്റെ കാലശേഷം, ബേൽശസ്സർ രാജാവ് വീഞ്ഞു പകരാൻ ഉപയോഗിച്ചു. അശുദ്ധി പകരാൻ ഉപയോഗിച്ചു. രാജാവിന്റെ മഹത്തുക്കളും രാജാവിന്റെ വെപ്പാട്ടികളും രാജാവിന്റെ കൊട്ടാരത്തിലുള്ള സേനാനായകന്മാരും രാജാവിന്റെ പ്രഭുക്കന്മാരും എല്ലാവരും ചേർന്നുള്ള സദസ്സിൽ വീഞ്ഞുപകർന്ന് കുടിക്കാൻ കൊടുത്തു. കഷ്ടം! ദൈവത്തിന്റെ ആലയത്തിൽ ഉപയോഗിക്കപ്പെട്ടിരുന്ന പാത്രങ്ങൾ!

സഹോദരങ്ങളേ, ദൈവം ഒരു കാലത്ത് നിങ്ങളെ ഉപയോഗിച്ചിരുന്നു. ദൈവം തന്റെ വിശുദ്ധി പകർന്ന പാത്രങ്ങളായിരുന്നു നിങ്ങൾ. നിങ്ങൾ ചിലരോട് ചില വാക്കുകൾ

പറഞ്ഞത് അവർ ദൈവത്തിന്റെ വചനം കേൾക്കാൻ വരുന്നതിന് കാരണമായി. നിങ്ങൾ ചിലരെ ഉപദേശിച്ചത് അവർ മനം തിരിയുന്നതിന് കാരണമായി. നിങ്ങൾ ചിലരോട് സംസാരിച്ചത് അവരുടെ മദ്യപാനം വിടുന്നതിന് കാരണമായി. നിങ്ങൾ ചിലരെ നേർവഴിക്ക് നടത്തിയവരായിരുന്നു. നിങ്ങളുടെ ജീവിതം ചിലരെ ആവേശം കൊള്ളിക്കുന്നതായിരുന്നു. നിങ്ങളുടെ പാപം വിട്ടുള്ള ജീവിതത്തിന്റെ മഹത്വം അനേകർ കണ്ട് ക്രിസ്തുവിലേക്ക് തിരിഞ്ഞതായിരുന്നു.

പലരും അതുകണ്ട് യഹോവയിൽ ആശ്രയിക്കും. അനേകർക്ക് യഹോവയിൽ ആശ്രയിക്കാൻ ഉതകുന്ന സ്തുതി നിങ്ങളുടെ അധരങ്ങളിൽ രസിച്ചിരുന്നു. ഇന്നോ? വഴക്ക്, അഭിപ്രായ വ്യത്യാസം, കലഹം, പിണക്കം, വാഗ്വാദം, തർക്കം, ഭിന്നത, അസൂയ, സ്വാർത്ഥത, പരദൂഷണം, അഹങ്കാരം, സ്വയമഹത്വം അങ്ങനെ എന്തെല്ലാം! ഇന്ന് പാത്രം ഏറ്റവും ഹീനമായിപ്പോയി.

ഏതെങ്കിലും കാരണവശാൽ പാത്രം ഹീനമായിപ്പോയി എന്ന് ബോദ്ധ്യമുള്ളവർ നെടുവീർപ്പിട്ട് കരഞ്ഞുകൊള്ളുക: എന്റെ കർത്താവേ, നീ വിശുദ്ധി പകർന്ന പാത്രം അശുദ്ധിക്ക് വിട്ടുകൊടുത്തുപോയി, ഈ ശരീരം പാപത്തിനു വിട്ടുകൊടുത്തുപോയി, ഈ ശരീരം അന്യൻ തൊടാനും അന്യൻ കാണാനും വിട്ടുകൊടുത്തുപോയി എന്റെ കരുണയുള്ള കർത്താവേ, ജീവിതത്തിൽ അരുതായ്കകൾ ചിലത് സംഭവിച്ചുപോയി, എന്നോട് ക്ഷമിക്കണമേ. യേശുനാഥാ, നിന്റെ അനന്തസ്നേഹത്താൽ എന്റെ പാപക്കറകൾ കഴുകുകയും എന്നെ വിശുദ്ധീകരിക്കയും ചെയ്യണമേ. പ്രാർത്ഥിക്കൂ പ്രിയപ്പെട്ടവരേ. വിശുദ്ധപാത്രമായി നിങ്ങളെ മാറ്റിയെടുക്കൂ.

ബേൽശസ്സർ രാജാവും കൂട്ടരും അതിൽ മദ്യം പകർന്ന് രസിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടെന്നൊരമ്പരപ്പ്. എല്ലാവരുടേയും മുഖത്ത് ഒരു വെപ്രാളം, ഒരു പരിഭ്രമം. എന്താണാവോ?

രാജാവിന്റെ വിശാലമായ ശാലയിൽ എല്ലാ മഹത്തുക്കളും വെപ്പാട്ടികളും ചിരിച്ചുകളിച്ച്, രസിച്ച്, മദിച്ച് കൂത്താടിക്കൊണ്ട് മദ്യം കുടിച്ചുകൊണ്ടിരിക്കുമ്പോൾ, അപ്പോഴാണ് ചുവരിൽ ഒരു വെളിച്ചം കണ്ടത്. ഒരു പ്രത്യേക ഭാഗത്ത് ഒരു വെളിച്ചം തെളിഞ്ഞുകാണുന്നു.

ദാനിയേൽ പ്രവചനം അഞ്ചാം അദ്ധ്യായം വായിക്കുമ്പോൾ കാണാം: അപ്പോൾ ഒരു കൈപ്പത്തി വന്ന് എന്തോ എഴുതുന്നു. വായിക്കാൻ പറ്റുന്നില്ല. ഇത് ഏതു ഭാഷയാണാവോ? മനുഷ്യർക്കത് വായിക്കാൻ പറ്റുകയില്ല. കാരണം മനുഷ്യഭാഷയല്ല. ദൈവദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന് ഒരു ദൂതെഴുതിയിരിക്കുന്നു. രാജാവിന്റെ കാൽമുട്ടുകൾ ആടി. ശരീരം ആസകലം വിറച്ചു. മഹത്തുക്കളെല്ലാം വെപ്രാളത്തിലായി. കുടിച്ചു മദിച്ച് പുളച്ചു മേളിച്ചുകൊണ്ടിരുന്നവർ പരിഭ്രാന്തിയിലായി. എല്ലാവരും ഈ എഴുത്തിലേക്ക് നോക്കുകയാണ്. എന്താണെഴുതുന്നത്? മനസ്സിലാകുന്നില്ല. ആർക്കും വായിക്കാൻ പറ്റുന്നില്ല.

ജ്ഞാനികളാരുണ്ട്? പലരേയും വിളിച്ചു വരുത്തി. അയ്യോ, എനിക്കറിയാൻ പാടില്ല. വിദ്വാന്മാരെ വിളിച്ചു വരുത്തി. ആർക്കും അറിയാൻ പാടില്ല. അപ്പോഴാണ് ദാനിയേലിന്റെ കാര്യം ഓർമ്മവന്നത്. നാട്ടിൽ ദിവ്യാത്മാവിന്റെ വിജ്ഞാനമുള്ള ഒരു പുരുഷനുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രകാശമുള്ള ഒരു പുരുഷനുണ്ട്. അവനെയൊന്നു വിളിച്ചു വരുത്താം.

ദാനിയേൽ വന്നു പറഞ്ഞു: തിരുമേനീ, ഞാൻ എഴുത്ത് വായിച്ച് അർത്ഥം പറയാം. അത് നിത്യനായ ദൈവത്തിന്റെ, അങ്ങയോടുള്ള അരുളപ്പാടാണ്. മെനേ, മെനേ, തെക്കേൽ, ഊഫർസീൻ. ദിവ്യാത്മാവുള്ള, സ്വർഗ്ഗീയ നൽവരമുള്ള, പരിശുദ്ധാത്മ നിറവുള്ള ദാനീയേൽ വായിച്ചു.

അർത്ഥമോ, രാജാവേ, ദൈവം തുലാസിൽ നിന്നെ

തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. യഹോവയായ ദൈവം അരുളിച്ചെയ്യുന്നു: "അതുകൊണ്ട് ഞാൻ നിന്റെ രാജ്യം വിഭജിച്ച് മേദ്യ, പാർസ്യ ജാതികൾക്കു കൊടുക്കും."

രാജാവ് പരിഭ്രാന്തനായി ഏതാണ്ട് ബോധം ക്ഷയിച്ചതു പോലെ കിടന്നു. എല്ലാവരും അമ്പരപ്പിലായി. ഇതാ കേൾക്കാം ഒരു ശബ്ദം. എന്താണ്? പടയോട്ടം! സൈന്യസന്നാഹത്തോടെ മേദ്യ, പാർസ്യ സൈന്യം വന്ന് സാമ്രാജ്യം കൈയേറുന്നു. പേർഷ്യൻ സാമ്രാജ്യത്തിലെ ഡേരിയസ് ചക്രവർത്തിയുടെ സൈന്യം വന്ന് ബാബിലോണിയൻ സാമ്രാജ്യം കീഴടക്കി. ഒറ്റരാത്രികൊണ്ട് ബേൽശസ്സർ രാജാവ് വധിക്കപ്പെട്ടു. ദൈവത്തിന്റെ ആലയത്തിലെ വിശുദ്ധ പാത്രത്തിൽ അശുദ്ധി പകർന്ന ദുഷ്ടനായ ബേൽശസ്സർ രാജാവ് വധിക്കപ്പെട്ടു, രാജ്യം അന്യന്റെ കൈവശത്തിലായിപ്പോയി.

സഹോദരങ്ങളേ, കാലത്തിന്റെ ചുവരെഴുത്ത് വായിപ്പിൻ, മറക്കരുത്. ദൈവത്തിന്റെ വചനം വ്യക്തമായി പറയുന്നു: മകനേ, നീ അതിവേഗം മനം തിരിഞ്ഞുകൊള്ളുക. നിനക്ക് തിരിയാൻ അവസരം കിട്ടുന്നതിനുമുമ്പ് ശത്രു നിന്നെ വെട്ടിവീഴിക്കും. അതുകൊണ്ട് ഇനി ഒരു നിമിഷം വൈകാതെ നീ മനം തിരിഞ്ഞുകൊള്ളുക. മകളേ, നീ അതിവേഗം മനം തിരിഞ്ഞുകൊള്ളുക.

നിന്റെ ജീവിതത്തിലെ പാപത്തോട് നീ യാത്ര പറഞ്ഞുകൊള്ളുക. പാപങ്ങളെ ഓർത്ത് നീ നെടുവീർപ്പിട്ടുകൊള്ളുക. ആലയത്തിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരഞ്ഞുകൊൾക. ഒട്ടും വൈകരുതേ. അതിവേഗം മനം തിരിയുക. പൊയ്പ്പോയ മഹത്വം തിരികെ വരട്ടെ. ദൈവതേജസ്സ് മടങ്ങിവരട്ടെ. ദൈവത്തിന്റെ ആത്മാവ് നിങ്ങളിലേക്കു മടങ്ങിവരട്ടെ. ദൈവത്തിന്റെ കൃപ നിങ്ങളിലേക്ക് ഒഴുകിവരട്ടെ. ദൈവത്തിന്റെ ശക്തി നിങ്ങൾക്ക് വീണ്ടും ലഭിക്കട്ടെ.

പരിശുദ്ധാത്മനിറവ് നിങ്ങൾക്കു ലഭിക്കട്ടെ. നഷ്ടപ്പെട്ടുപോയ അനുഗ്രഹത്തിലേക്കു നിങ്ങൾ മടങ്ങി വരട്ടെ. നഷ്ടപ്പെട്ടു പോയ പറുദീസ തിരികെ കിട്ടട്ടെ. സ്വർഗ്ഗീയമഹത്വം നിങ്ങളിലേക്ക് ഒഴുകി വരട്ടെ.

യേശുക്രിസ്തുവിന്റെ രക്തം നിങ്ങളെ കഴുകട്ടെ. പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങളുടെ മേൽ പരിലസിക്കട്ടെ. ദൈവത്തിന്റെ ആത്മാവ് നിങ്ങളിലേക്കാവസിക്കട്ടെ. ഇന്ന്, ഇപ്പോൾ തന്നെ നിങ്ങളോരോരുത്തരും നിങ്ങളുടെ ഹൃദയത്തിൽ ദൈവത്തോട് പറയുവിൻ: കർത്താവേ, ഞാനിനി ഒരു നിമിഷം വൈകുകയില്ല. ഞാനിതാ മടങ്ങിവരുന്നു. ഞാനിതാ തിരികെ വരുന്നു. എന്നോട് കരുണചെയ്യണമേ. എന്നോട് മനസ്സലിയണമേ. എന്റെ പാപങ്ങൾ ഓർക്കരുതേ, പാപങ്ങൾ കണക്കിടല്ലേ. നാഥാ, നീ അകൃത്യങ്ങളെ ഓർമ്മവച്ചാൽ ആരു നിലനിൽക്കും. യേശുവേ, എന്നോട് മനസ്സലിയണമേ.

# പതിമൂന്ന്

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി."*

*വെളിപ്പാട് 1 : 10*

ആത്മാവിന്റെ വിവശത! ആത്മാവിന്റെ വിവശത വരുമ്പോൾ നമുക്കുള്ള നഷ്ടങ്ങൾ സാരമില്ല, രോഗങ്ങൾ സാരമില്ല എന്ന് തോന്നും. നമ്മുടെ വേദനകൾ സാരമില്ല എന്ന് തോന്നും.

അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ്ശ്ലീഹാ പറഞ്ഞത്: "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു."

മലയാളത്തിലെ ഒരു മഹാകവിയാണ് വള്ളത്തോൾ നാരായണമേനോൻ. ഒരു നല്ല അനുഗൃഹീതനായ കവിവര്യൻ! അനുഗൃഹീതനായ കവിശ്രേഷ്ഠൻ! വള്ളത്തോൾ എഴുതിയ കൃതികളെല്ലാം വളരെ ആസ്വാദ്യമായിരുന്നു. കാവ്യസൗഭഗം തുളുമ്പുന്ന, മധുര കോമളകാന്ത പദാവലികൾ നിറഞ്ഞ സുന്ദരമായ ശീലുകളായിരുന്നു. വള്ളത്തോൾ ഒരു പുസ്തകമെഴുതി, ഒരു വിലാപകാവ്യം. ആ വിലാപകാവ്യത്തിന്റെ പേര് 'ബധിര വിലാപം' എന്നാണ്.

വള്ളത്തോളിന് ഒരു സമയമായപ്പോൾ ചെവിയുടെ കേൾവി കുറഞ്ഞു കുറഞ്ഞ് ഒടുക്കം ചെവികേൾക്കാതായി. അതിനെ ഓർത്തുകൊണ്ട് അല്പം സങ്കടപ്പെട്ടുകൊണ്ട് എഴുതിയ കാവ്യമാണ് 'ബധിര വിലാപം.' ചെവികേൾക്കാൻ വയ്യാത്ത

ഒരാളുടെ കരച്ചിൽ.

"ഗദകബലിതമെന്റെ കർണ്ണയുഗ്മം
വദന വിഭൂഷണ മാത്രമായ് ചമഞ്ഞു."

ഗദം - രോഗം. രോഗം പിടികൂടിയ എന്റെ ഈ രണ്ടു ചെവികളും മുഖത്തിനു ഭംഗി വരുത്താൻ കൊള്ളാം. ചെവി ഇല്ലാതായാൽ മുഖം കണ്ടാൽ വൃത്തികേടാവില്ലേ. അതു കൊണ്ട് എന്റെ ചെവികൾ രണ്ടും മുഖത്തിന് ആഭരണം പോലിരിക്കുന്നതേയുള്ളൂ, പ്രയോജനമൊന്നുമില്ല.

വള്ളത്തോൾ ആ സാഹചര്യത്തെ സുധീരം നേരിട്ടു. ചെവികേൾക്കാൻ വയ്യ എന്നുള്ളതിൽ നിരാശപ്പെട്ടില്ല. എനിക്കിങ്ങനെ ഒരു വലിയ കെടുതി വന്നല്ലോ എന്നോർത്ത് തളർന്നിരുന്നില്ല. അദ്ദേഹം പുഞ്ചിരിയോടെ ആ സാഹചര്യത്തെ നേരിട്ടു. തൽഫലമായി പിന്നെയും മനോഹരമായ കാവ്യതല്ലജങ്ങൾ കൈരളിക്ക് ലഭിച്ചു, മലയാള സാഹിത്യത്തിന് ലഭിച്ചു.

വേറൊരു വ്യക്തിയുണ്ട്, ബീഥോവൻ. ബീഥോവൻ വലിയൊരു ഗായകനായിരുന്നു. പിയാനോ വായിക്കും; സുന്ദരമായി, ശ്രുതിമധുരമായി, മനോഹരമായി പാടും. ലോകത്തിലെ വിശ്വശ്രേഷ്ഠരായ ഗാനകോകിലന്മാരിൽ മുമ്പനായിരുന്നു ബീഥോവൻ. ബീഥോവന് ചെവി കേൾക്കാതെ വന്നപ്പോൾ ദൈവത്തിങ്കലേക്ക് കണ്ണുയർത്തി. എനിക്കീ സാഹചര്യം വന്നല്ലോ, ഞാൻ നിരാശപ്പെടുന്നില്ല. ഞാനിനിയും പാടും. ബീഥോവൻ ചെവി കേൾക്കാതായതിനുശേഷം സംഗീതത്തിന്റെ സിംഫണികൾ, സുന്ദരമായ ശീലുകൾ, ഗാനതാളലയ മുഗ്ദ്ധമായ ശീലുകൾ സുന്ദരമായി അവതരിപ്പിച്ചു! അദ്ദേഹം തളർന്നില്ല.

ജീവിതത്തിലെ ഏതു സാഹചര്യത്തിലും തളരരുത്. പറയാനെളുപ്പമാണ്. ഞാനും ഭയത്തോടെയാണ് പറയുന്നത്. പ്രതിസന്ധികൾ വരുമ്പോൾ നാം തളർന്നു പോവില്ലേ? പ്രശ്ന

ങ്ങൾ വരുമ്പോൾ നാം വാടിപ്പോവില്ലേ? പോകാം. പക്ഷേ, ഒരു സെക്കന്റുകൊണ്ടു നാം ചാടി എഴുന്നേൽക്കണം. ഏതു പ്രശ്നം വന്നാലും ഏതു പ്രതിസന്ധി വന്നാലും ഒരു പക്ഷേ തളർന്നാലും അത് അധികനേരം നിൽക്കരുത്. ചാടി എഴുന്നേറ്റു കൊള്ളണം.

> *"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." റോമർ 8 : 28*

ദൈവത്തെ സ്നേഹിക്കുന്നുണ്ടോ, എങ്കിൽ എന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നന്മയ്ക്ക്. ഇന്നുവരുന്ന നഷ്ടങ്ങൾ, ഇന്നുവരുന്ന കഷ്ടങ്ങൾ, ഇന്നു വരുന്ന വറുതികൾ, ഇന്നു ചിലർ നമ്മുടെ എതിരാളികളായി മാറുന്നത്, ഒരു കാരണവുമില്ലാതെ ചിലർ നമ്മുടെ ശത്രുക്കളായി തീരുന്നത്, പലരും നമ്മെ തെറ്റിദ്ധരിക്കുന്നത്, എല്ലാം നന്മയ്ക്കായി ദൈവം മാറ്റിത്തരും.

ജീവിതത്തിൽ നഷ്ടപ്പെട്ടുപോയ തേജസ്സിനെ ഓർത്ത് നാം ദൈവത്തോട് അപേക്ഷിക്കണം: കർത്താവേ, നഷ്ടപ്പെട്ടുപോയ തേജസ്സ് മടക്കിത്തരണമേ. നഷ്ടപ്പെട്ടുപോയ സൗഭാഗ്യം മടക്കിത്തരണമേ. നഷ്ടപ്പെട്ടുപോയ ആയുസ്സ് മടക്കിത്തരണമേ. നല്ല ആയുഷ്ക്കാലം, നല്ല ആരോഗ്യത്തിമിർപ്പോടെ, ഊർജ്ജസ്വലതയോടെ ജോലി ചെയ്യാമായിരുന്ന കാലങ്ങൾ, എല്ലാം നഷ്ടപ്പെടുത്തിക്കളഞ്ഞു.

പാപത്തിനുവേണ്ടി നഷ്ടപ്പെടുത്തി. ഉള്ള രൂപ മുഴുവൻ മദ്യപാനത്തിനുവേണ്ടി കളഞ്ഞു. സുബോധം നശിച്ചു. കഞ്ചാവുകൊണ്ടും മയക്കുമരുന്ന് കുത്തിവച്ചതുകൊണ്ടും കിറുങ്ങി നടന്നു. കൂട്ടുകാർ കൂടി രസിച്ചു. അപ്പോഴൊന്നും പാവം കൊച്ചൻ ഇതപകടമാണെന്നറിഞ്ഞില്ല, ദോഷമാണെന്നറിഞ്ഞില്ല. ചീത്ത കൂട്ടുകെട്ടിൽപ്പെട്ടു നടന്നു.

കോളേജിൽ പഠിക്കാൻ പോയി. പക്ഷേ, കോളേജിൽ നിന്നിറങ്ങി ഊരുചുറ്റുകയായിരുന്നു. അപ്പൻ കാറു വാങ്ങിച്ചു കൊടുത്തു, അല്ലെങ്കിൽ ബൈക്കു വാങ്ങിച്ചു കൊടുത്തു, എല്ലാം കൂട്ടുകാരുമൊത്ത് മേളിക്കാൻ. സുബോധമില്ലാത്തതു പോലെ നടന്നു. കൂട്ടുകെട്ട് കൂടിക്കൂടി വന്ന് ചില പെൺകുട്ടികളെ വശപ്പെടുത്തി അപകടത്തിലേക്കു നയിക്കാനും അതു കാരണമായിത്തീർന്നു.

ചില പെൺകുട്ടികൾ ഹോസ്റ്റലിൽനിന്ന് തന്ത്രപൂർവ്വം ഇറങ്ങി ചെറുപ്പക്കാരുടെ കൂടെപ്പോയി ശരീരത്തിന്റെ ആരോഗ്യവും വിശുദ്ധിയും എല്ലാം പങ്കുവച്ച കാലങ്ങൾ! എല്ലാം നഷ്ടപ്പെടുത്തിയ കാലങ്ങൾ! അനേകം സ്ത്രീ പുരുഷന്മാർ ജീവിതം താറുമാറാക്കിക്കളഞ്ഞു.

കുട്ടികളുടെ കാര്യം മാത്രമല്ല, പ്രായമായവർക്കും ചിന്തിക്കാം. നഷ്ടത്തിന്റെ കണക്കുകൾ! നഷ്ടപ്പെട്ടുപോയ കാലങ്ങൾ ഒന്നെണ്ണി നോക്കൂ. എവിടെയെല്ലാമാണ് കൈമോശം വന്നത്? എന്തെല്ലാമാണ് നഷ്ടപ്പെട്ടത്?

പൈസ നഷ്ടപ്പെട്ടു. വിശുദ്ധി നഷ്ടപ്പെട്ടു. പാരമ്പര്യം നഷ്ടപ്പെട്ടു. ആഭിജാത്യം നഷ്ടപ്പെട്ടു. തറവാടിത്തം മുടിച്ചു കളഞ്ഞു. കുടുംബമഹിമ കളഞ്ഞു. കുലീനത്വം കളഞ്ഞു. അപ്പന്റെ സൽപ്പേരു കളഞ്ഞു. എന്തെല്ലാം നഷ്ടപ്പെടുത്തി? ആരോഗ്യം നഷ്ടപ്പെടുത്തി.

> *"തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു; വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു; വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു. മദ്യപന്മാരേ, ഉണർന്നു കരവിൻ."*
> *യോവേൽ 1 : 4, 5*

തുള്ളൻ ക്ഷുദ്രപ്രാണിയാണ്. മനോഹരമായ നെൽവയലോ, ഗോതമ്പുവയലോ, അതിൽ ഉടമസ്ഥൻ ഓമനിച്ചു വളർത്തുന്ന നെൽച്ചെടികൾ! വളമിട്ടു കഴിഞ്ഞ് നല്ല താരും തളിരുമായി നിൽക്കുകയാണ്. സുന്ദരമായി ഇലകൾ വളർന്ന്

കൊഴുത്ത് പച്ചിലകൾ കാറ്റത്ത് ചാഞ്ചാടി നിൽക്കുന്നത് കാണാൻ തന്നെ കൗതുകമാണ്. പക്ഷേ, ഉടമസ്ഥൻ വന്നപ്പോൾ ഇതാ, തുള്ളൻ എന്നു പറയുന്ന ദുഷ്ടപ്രാണികൾ വന്ന് അതിന്റെ ഇലകളെല്ലാം മുറിച്ചുകളഞ്ഞു. കഷ്ടം! കഴിഞ്ഞ പ്രാവശ്യം വന്നപ്പോൾ നല്ല സുന്ദരമായ ഇലകളായിരുന്നു. എല്ലാം മുറിഞ്ഞു പോയി. സാരമില്ല, ഇലയുടെ അറ്റമല്ലേ മുറിഞ്ഞുള്ളൂ. അടുത്ത കൂമ്പ് വരുമ്പോൾ ശരിയാകും. അല്പം ആശ്വസിച്ചു.

പക്ഷേ, രണ്ടാമത്തെ പ്രാവശ്യം വന്നപ്പോൾ, തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു. അത് വേറൊരു ക്ഷുദ്രപ്രാണിയാണ്. പച്ചയായതൊക്കെ തിന്നുകയാണ്. ഇലകളെല്ലാം തന്നെ തിന്നു കളഞ്ഞിരിക്കുന്നു. അദ്ദേഹത്തിന് സങ്കടമായി. പരിഭവമായി. അയ്യോ കഷ്ടം, നഷ്ടപ്പെട്ടുപോയല്ലോ. സാരമില്ല, തണ്ടുണ്ടല്ലോ. ഇലയല്ലേ പോയുള്ളൂ. പുതിയ കൂമ്പില വരും.

അടുത്ത പ്രാവശ്യം വന്നപ്പോൾ വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ എന്നു പറയുന്ന ക്ഷുദ്രപ്രാണി വന്ന് തിന്നു. ഇനി അതിന്റെ കടയുണ്ട്. സാരമില്ല, വലിയ വിളവ് കിട്ടില്ലായിരിക്കും. എന്നാലും ചുവട്ടിൽനിന്ന് വേറെ പുതിയ മുളപൊട്ടും. അതു മതി എന്ന് വയ്ക്കുകയല്ലാതെ വേറെ പോംവഴിയില്ലല്ലോ.

അടുത്ത പ്രാവശ്യം വന്നപ്പോൾ വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു. പച്ചയായതെല്ലാം തീർത്തിരിക്കുന്നു! ചങ്കലച്ചുപോയി. കഷ്ടം! അയ്യോ, എന്റെ കൃഷിയെല്ലാം പോയല്ലോ. ഞാൻ കഷ്ടപ്പെട്ടു വളർത്തിക്കൊണ്ടു വന്നതെല്ലാം പോയല്ലോ. എത്രകാലമായി ഞാൻ വളർത്തിക്കൊണ്ടുവന്നതായിരുന്നു.

സ്നേഹിതരേ, വളർത്തിക്കൊണ്ടു വന്ന വിശുദ്ധി നഷ്ടപ്പെട്ടവരില്ലേ? വളരെ കരുതലോടെ കൂട്ടിക്കൂട്ടി കൊണ്ടുവന്ന സ്നേഹം നഷ്ടപ്പെട്ടുപോയി. എന്തൊരു ഐക്യമായിരുന്നു ഭാര്യയും ഭർത്താവും തമ്മിൽ! ഇന്നിതാ, വിഘടിച്ച് കഴിഞ്ഞിരി

ക്കുന്നു. നിസ്സാര കാര്യത്തിനാണ്. ചെറിയൊരു വാശി. അത്രയേ ഉള്ളൂ.എത്ര കാലമായി സ്വരുക്കൂട്ടി കൊണ്ടുവന്ന രൂപയാണ്. മദ്യത്തിനുവേണ്ടി അല്ലെങ്കിൽ കഞ്ചാവിനു വേണ്ടി, അല്ലെങ്കിൽ മയക്കു മരുന്നിനുവേണ്ടി, ചീത്ത കൂട്ടുകെട്ടിനു വേണ്ടി, അല്ലെങ്കിൽ ചീട്ടുകളിക്കുവേണ്ടി, വെറിക്കൂത്തു കൾക്കുവേണ്ടി എല്ലാം മുടിച്ചു കളഞ്ഞില്ലേ?

ഉണർന്ന് കരയുവിൻ എന്നാണ് പ്രവാചകൻ പറയുന്നത്. ഇപ്പോഴെങ്കിലും നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങളെയല്ല ഹൃദയ ങ്ങളെ തന്നെ കീറി എങ്കലേക്ക് തിരിയുവിൻ. അനുതപിച്ച് കര യുവിൻ.

> *"ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാ സൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നൽകും."* *യോവേൽ 2 : 25*

ഞാൻ നിങ്ങൾക്ക് നഷ്ടപ്പെട്ടതിനെ പകരം തരാം. മഹാ സൈന്യമായ വിട്ടിലും വെട്ടുക്കിളിയും തുള്ളനും പച്ചപ്പു ഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി, ഞാൻ നിങ്ങൾക്ക് പകരം നൽകാം. യഹോവയുടെ അരുളപ്പാട്. എന്തൊരാശ്വാസം!

സഹോദരങ്ങളേ, കർത്താവ് വീണ്ടും അവസരങ്ങൾ തരുന്നവനാണ്. ദൈവത്തിന്റ അനന്തമോഹനമായ സ്നേഹം! നിത്യസ്നേഹം! നിസ്തുല സ്നേഹം!

> *"എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയ ത്തോടും ഉപവാസത്തോടും കരച്ചലോടും വിലാ പത്തോടുംകൂടെ എങ്കലേക്കു തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെതന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ."*
>
> *യോവേൽ 2 : 12, 13*

It is late. Late ആയി. പക്ഷേ, ഇപ്പോഴെങ്കിലും തിരിയുവിൻ.

സഹോദരങ്ങളേ, ആത്മാവിൽ വിവശത നേടാൻ ഇനി വൈകരുത്. പരിശുദ്ധാത്മ നൽവരം പ്രാപിക്കാൻ ഇനി വൈകരുത്. പരിശുദ്ധാത്മനിറവു പ്രാപിക്കാൻ ഇനി വൈകരുത്.

കർത്താവേ, എന്റെ ജീവിതത്തിലേക്ക് അരിച്ചരിച്ചു കയറിവന്ന പാപങ്ങൾ ഞാൻ കാണുന്നുണ്ട്. ഞാനറിയാതെ എന്റെ ജീവിതത്തിൽ ദുഷ്ടപ്പിശാച് അവകാശം പറയുന്ന കാര്യങ്ങൾ ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നുണ്ട്. എന്റെ ഹൃദയത്തിൽ വന്ന ചില ദുശ്ശാഠ്യങ്ങൾ, ചില ദുർവ്വാശികൾ ഇപ്പോൾ എന്റെ ഓർമ്മയിലേക്ക് തെളിഞ്ഞു വരുന്നുണ്ട്. ചില ഈർഷ്യകൾ ചില മുഷിച്ചിലുകൾ എന്റെ ഹൃദയത്തിലുള്ളത് ഇപ്പോൾ ഞാൻ ഓർക്കുന്നുണ്ട്. കർത്താവേ, തെറ്റുകൾ ഏറെ സംഭവിച്ചുപോയി. നഷ്ടപ്പെട്ട കാലങ്ങൾ അനുതാപത്തോടെ ഓർത്തുകൊണ്ട് ഞാൻ തിരുമുമ്പിൽ വരികയാണ്. നാഥാ, നീ എനിക്കു മടക്കിത്തരണമേ.

ആത്മവിവശത! അതാണ് സെഖര്യാപ്രവാചകന്റെ പുസ്തകം 4–ാം അദ്ധ്യായത്തിന്റെ 6–ാം വാക്യം മുതൽ വായിക്കുമ്പോൾ കാണുന്നത്.

> *"അവൻ എന്നോട് ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിത്: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു." സെഖര്യാവ് 4 : 6*

ദൈവത്തിന്റെ ആത്മാവിനാൽ ദുർഘടങ്ങൾ മാറിപ്പോകും, വിഘ്നങ്ങൾ നീങ്ങിപ്പോകും, എല്ലാ തടസ്സങ്ങളും മാറിപ്പോകും.

ഇന്ന് സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതം

ഉയർന്നു നിൽക്കുകയാണ്. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആര്? മഹാപർവ്വതം പോലെ മുന്നിൽ വിഘ്നങ്ങൾ, തടസ്സങ്ങൾ ഉയർന്നു നിൽക്കുന്നു. മുന്നോട്ട് ഒരു ചുവടുവയ്ക്കാൻ പറ്റുന്നില്ല. സ്നേഹിതരേ, നിങ്ങളിൽ പലരും അങ്ങനെയല്ലേ? എങ്ങനെ ഇനി മുന്നോട്ടു ജീവിക്കും? ഈ കടം എങ്ങനെ കൊടുത്തു തീർക്കും? ഈ പ്രശ്നം എങ്ങനെ പരിഹരിച്ചു കിട്ടും?

എങ്ങനെ ഈ കാര്യത്തിനൊരു പരിഹാരം കിട്ടും? എന്റെ ദൈവമേ, എന്റെ കുടുംബത്തിൽ എങ്ങനെ സമാധാനം വരും? ഇന്ന് പിണങ്ങിയിരിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ എന്നാണ് ഐക്യം വരിക? നഷ്ടപ്പെട്ടുപോയ പൈസ ഇനി തിരികെ ഉണ്ടാക്കാൻ പറ്റുമോ? എന്റെ കാലത്ത് സാധിക്കുമോ? എല്ലാം കളഞ്ഞു കുളിച്ചില്ലേ?

ഒരു പുഴക്കര. വെള്ളം നല്ലതുപോലെ മെത്തി മേതാളിച്ച് ഒഴുകുകയാണ്. അവിടെ വൃദ്ധനായ ഒരു മനുഷ്യൻ കുളിക്കുവാനായി വന്നു. അദ്ദേഹം കൊണ്ടുവന്ന സഞ്ചി ഒരു കല്ലിന്റെ ചുവടെ ചേർത്തു വച്ചിട്ട് അദ്ദേഹം കുളിക്കാനിറങ്ങി. അപ്പോൾ പത്തു പതിനഞ്ചു വയസ്സുള്ള ഒരു പയ്യൻ അവിടെ വന്ന് ആ കല്ലിന്മേൽ ഇരുന്നു. അവന്റെ കാലിൽ എന്തോ തടയുന്നു. നോക്കിയപ്പോൾ ഒരു സഞ്ചി. അവൻ അതെടുത്ത് വിടർത്തി നോക്കി. അതിനകത്ത് കുറെ കല്ലുകൾ! എന്തിനാണാവോ ഈ മനുഷ്യൻ കല്ലു ചുമന്നുകൊണ്ടു നടക്കുന്നത്?

ചെറിയ ചരൽ കല്ലുകൾ! അവൻ ആ കല്ലുകൾ ഓരോന്നെടുത്ത് പുഴയിലേക്കെറിഞ്ഞു. എറിഞ്ഞെറിഞ്ഞ് മിക്കവാറും എല്ലാം തീർന്നു. ഇനി ഒരു കല്ലു മാത്രമുണ്ട് ബാക്കി. അപ്പോഴേക്കുമാണ് വൃദ്ധൻ കുളികഴിഞ്ഞ് വന്നത്. നോക്കിയപ്പോൾ സഞ്ചി അവന്റെ കൈയിലുണ്ട്. അയ്യോ! അതെന്റെ സഞ്ചിയാണല്ലോ. അതിനകത്തുണ്ടായിരുന്ന കല്ലെന്തിയേ? “അതു ഞാൻ പുഴയിലേക്ക് എറിഞ്ഞു.”

“അയ്യോ, എന്റെ മോനേ, നീ ചതിച്ചോ? കഷ്ടം! അതെന്തായിരുന്നെന്നറിയാമോ നിനക്ക്? എനിക്ക് രാജാവ് തന്ന ഒരു Gift ആയിരുന്നു അത്. നിറയെ രത്നങ്ങളാണ്! വില തീരാത്ത രത്നങ്ങൾ! രാജാവിന് എന്നോട് കരുണതോന്നി എനിക്ക് സൗജന്യമായി തന്നതാണ്. വിലപ്പെട്ട രത്നങ്ങളാണ്! അയ്യോ, നീ അത് കളഞ്ഞല്ലോ. ഇനിയുണ്ടോ കിട്ടാൻ പോകുന്നു? നദിയിലേക്ക് എറിഞ്ഞു കളഞ്ഞില്ലേ? ഈ പെരുവെള്ളത്തി ലേക്ക് ഇനി ആര് എടുത്തു ചാടും? ചാടിയാൽ കിട്ടുമോ? ചെളിയിൽ പൂണ്ടുകാണില്ലേ? കഷ്ടം.” ആ മനുഷ്യൻ നെഞ്ച ത്തടിച്ച് കരയാൻ തുടങ്ങി. പക്ഷേ, ഫലമുണ്ടോ? പോയതു പോയി.

പ്രിയപ്പെട്ടവരേ, നമ്മിൽ ചിലർ ഇതുപോലെ വിലപ്പെട്ട രത്നങ്ങൾ എറിഞ്ഞു കളഞ്ഞവരാണ്. വിലപ്പെട്ട ദിവസങ്ങൾ, വിലപ്പെട്ട സമയങ്ങൾ, വിലപ്പെട്ടകാലങ്ങൾ എറിഞ്ഞു കളഞ്ഞു. നഷ്ടപ്പെടുത്തിക്കളഞ്ഞു. എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്യാ മായിരുന്നു? ആർക്കെല്ലാം ഉപകാരം ചെയ്യാമായിരുന്നു? ആരോടെല്ലാം ദൈവത്തിന്റെ വചനം പറയാമായിരുന്നു? നിന്ദ സഹിച്ചും ആക്ഷേപം സഹിച്ചും എവിടെയെല്ലാം പോകാമായി രുന്നു? എന്റെ കർത്താവേ, ഞാൻ നിന്ദ വഹിച്ചില്ല. ഞാൻ ഓടി നടന്നില്ല.

എനിക്ക് ചെയ്യാമായിരുന്ന കാര്യങ്ങൾ ഞാൻ ചെയ്തില്ല. എനിക്കു തന്ന അനേകം ദിനരാത്രങ്ങൾ ഞാൻ പാഴാക്കിക്കള ഞ്ഞു. എനിക്കു നീ തന്ന രൂപയുണ്ട്, നീ തന്ന വരുമാനമുണ്ട്, നീ തന്ന ആയുസ്സുണ്ട്, നീ തന്ന ആരോഗ്യമുണ്ട്, നീ തന്ന കൃപാവരങ്ങളുണ്ട്, അനുഗ്രഹങ്ങളുണ്ട്, നീ തന്ന വചനങ്ങ ളുണ്ട്; എല്ലാം കളഞ്ഞുപോയല്ലോ. നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ!

വലിയ മഹാപർവ്വതം പോലെ തടസ്സങ്ങൾ മുമ്പിൽ വന്നു നിൽക്കുന്നു. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആര്? നീ സമഭൂമിയായിത്തീരും. ഇന്ന് എല്ലാം നഷ്ടപ്പെടു ത്തിക്കളഞ്ഞെങ്കിലും എല്ലാം നിരപ്പാക്കിത്തരാം. ഏത് വിഘ്ന

ത്തേയും അടിച്ച് തകർത്തുതരാം. ഏതു തടസ്സത്തേയും മാറ്റി ത്തരാം. എങ്ങനെയാണത്? അതിന് കൃപ കൃപ എന്ന് ആർപ്പോ ടുകൂടി ആണിക്കല്ല് കയറ്റും.

കൃപ, ദൈവത്തിന്റെ കൃപ! കർത്താവിന് കൃപതോന്നി. അതുകൊണ്ടാണ് ഈ അവസരം തന്നത്. യേശുക്രിസ്തുവിന് നമ്മോട് കൃപതോന്നി നമുക്ക് ആയുസ്സ് തന്നു.

എത്രപ്രാവശ്യം ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടേണ്ടതായി രുന്നു? ഓർത്തുനോക്കൂ. എത്ര പ്രാവശ്യം മരണം വന്ന് പടിവാ തിൽക്കൽ മുട്ടിയതാണ്? എത്ര പ്രാവശ്യം ആത്മഹത്യ ചെയ്താൽ മതി എന്നു വിചാരിച്ചതാണ്? മരിച്ചാൽ മതി എന്ന് ഓർത്തതല്ലേ? ആ കാലങ്ങളെല്ലാം കഴിഞ്ഞില്ലേ? പല അത്യാ ഹിതത്തിൽനിന്നും ദൈവം രക്ഷപ്പെടുത്തിയില്ലേ? തല പിളർന്നു പോയ അത്യാഹിതം വന്നതല്ലേ? നിന്റെ നട്ടെല്ല് ഒടിഞ്ഞു പോകുന്ന രീതിയിലുള്ള അത്യാഹിതങ്ങൾ വന്നതല്ലേ? ദൈവം രക്ഷിച്ചില്ലേ? ദൈവം ഇതുവരെയും കാത്തില്ലേ!

നീ ഈ ഭൂമിയിൽ ജനിച്ചു വീഴുന്നതിനു മുമ്പുതന്നേ തീർന്നു എന്ന് ഡോക്ടർമാർ വിധിയെഴുതിയതല്ലേ? തീർന്നു എന്ന് കരുതിയപ്പോഴല്ലേ അമ്മ ആരോഗ്യമുള്ള ഒരു കുഞ്ഞിനെ പ്രസവിച്ചത്! ബാലാരിഷ്ടതകൾ ഉണ്ടായിരുന്നെങ്കിലും അതെല്ലാം കഴിഞ്ഞ് നീ രക്ഷപ്പെട്ടുവന്നല്ലോ! ചിന്തിച്ചു നോക്കൂ. ഏതെല്ലാം അപകടങ്ങളിൽക്കൂടിയാണ് കടന്നു വന്നത്?

ഒരു പക്ഷേ, ഓപ്പറേഷൻ ടേബിളിൽ എത്തിയതാണ്. അപ്പോൾ നീ എല്ലാവരുടേയും മുഖത്തേക്ക് മാറി മാറി നോക്കി. ഇനി കാണുമോ? ഇനി ബോധം തെളിയുമോ? സംശ യിച്ചു. പക്ഷേ, ഏതാനും മണിക്കൂറുകൾക്കുശേഷം നീ ഓപ്പ റേഷൻ ടേബിളിൽ നിന്ന് തിരികെ വന്നു. അപ്പോൾ നിന്റെ മുഖം പ്രസന്നമാണ്. നീ എല്ലാവരേയും മാറി മാറി വീണ്ടും കണ്ടു, തിരിച്ചറിഞ്ഞു. ജീവനുള്ള ദൈവം നിനക്ക് ആയുസ്സ് ശേഷിപ്പിച്ചതല്ലേ!

ദൈവം അവസരങ്ങൾ തന്നില്ലേ? അനുഗ്രഹങ്ങൾ തന്നില്ലേ? ഇന്ന് ആരോഗ്യത്തോടെ ഇരിക്കുന്നില്ലേ? ആരോഗ്യത്തോടെ യാത്ര ചെയ്യുന്നില്ലേ? ദൈവത്തെ വിളിക്കുവാൻ സാധിക്കുന്നു ണ്ടല്ലോ. ഇന്ന് വേദപുസ്തകം വായിക്കുവാൻ സാധിക്കുന്നു ണ്ടല്ലോ. കണ്ണിന്റെ കാഴ്ച പോകാൻ തുടങ്ങിയതല്ലേ? കർത്താ വല്ലേ കണ്ണിന്റെ കാഴ്ച തിരിച്ചു തന്നത്! ആയുസ്സ് നീട്ടിത്തന്നു. കണ്ണിന്റെ കാഴ്ച നീട്ടിത്തന്നു. ഇന്ന് നിനക്ക് ഇത്രയും കഴിവു കൾ തന്നില്ലേ? ഇത്രയും അനുഗ്രഹങ്ങൾ തന്നില്ലേ? ചിന്തിച്ചു നോക്കൂ. ദൈവപൈതലേ നീ ഓർത്തു നോക്കൂ.

*"എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വ അന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്."*

*സങ്കീർത്തനങ്ങൾ 103 : 1, 2*

*"അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളേയും സൗഖ്യമാക്കുന്നു."*

*സങ്കീർത്തനങ്ങൾ 103 : 3*

*"ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതു പോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട് അകറ്റിയിരിക്കുന്നു."* *സങ്കീർത്തനങ്ങൾ 103 :12*

*"അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു. അവൻ നമ്മുടെ പ്രകൃതി അറിയു ന്നുവല്ലോ; നാം പൊടി എന്ന് അവൻ ഓർക്കുന്നു."*

*സങ്കീർത്തനങ്ങൾ 103 : 13, 14*

സങ്കീർത്തനക്കാരൻ പറഞ്ഞു: "യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാനവന് എന്ത് പകരം കൊടുക്കും. ഞാൻ രക്ഷയുടെ പാനപാത്രമെടുത്ത് യഹോവ യുടെ നാമം വിളിച്ചപേക്ഷിക്കും."

തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയ താകുന്നു. അവൻ ആയുസ്സ് നീട്ടിത്തന്നു. ഞാൻ രക്ഷയുടെ പാനപാത്രമെടുത്ത് അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കും.

*"മരണ പാശങ്ങൾ എന്നെ ചുറ്റി; അഗാധ പ്രവാഹ ങ്ങൾ എന്നെ ഭ്രമിപ്പിച്ചു. പാതാളപാശങ്ങൾ എന്നെ വളഞ്ഞു. മരണത്തിന്റെ കെണികളും എന്നെ തുടർന്നു പിടിച്ചു. എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ച് അപേക്ഷിച്ചു, എന്റെ ദൈവ ത്തോട് നിലവിളിച്ചു; അവൻ തന്റെ മന്ദിരത്തിൽ നിന്ന് എന്റെ അപേക്ഷ കേട്ടു; തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി. ഭൂമി ഞെട്ടിവിറച്ചു; മലകളുടെ അടിസ്ഥാനങ്ങൾ ഇളകി." സങ്കീർത്തനങ്ങൾ 18 : 4 – 7*

എന്റെ ദൈവമേ, മരണപാശങ്ങൾ ചുറ്റിയതല്ലേ? പാതാള വേദനകൾ പിടിച്ചതല്ലേ? തീർന്നു എന്നു വിചാരിച്ചതല്ലേ? ഇന്നു നീ ജീവനോടെയുണ്ടല്ലോ. സുബോധം തന്നില്ലേ? ബുദ്ധി തുറന്നു തന്നില്ലേ? മകനേ, നിത്യനായ ദൈവം നിന്നോട് സ്നേഹത്തോടെ സംസാരിക്കുന്നു.

മഹത്വം തിരികെ വാങ്ങാം. അനുഗ്രഹം തിരികെ വാങ്ങാം. കൃപ തിരികെ വാങ്ങാം. ഇപ്പോൾത്തന്നെ നീ താഴുക, വീഴുക. നിങ്ങൾ പ്രർത്ഥിക്കൂ: യേശുവേ, എന്നോട് കരുണ തോന്ന ണമേ. യേശുനാഥാ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്താൽ എന്റെ പാപക്കറകളെല്ലാം കഴുകി എന്നെ വിശുദ്ധീകരിക്കണമേ. ഇപ്പോൾ തന്നെ എന്റെമേൽ നിന്റെ തിരുരക്തം തളിക്കണമേ. എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം, കാരുണ്യവാനേ, മഹാപരിശുദ്ധ നായ ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഈ മനോഹരമായ സമ

യത്തിനായി സ്തോത്രം. അവിടുത്തെ പ്രിയമക്കളോട് കരുണയോടെ ഇടപെടുന്നതിനായി സ്തോത്രം. അടിയങ്ങളെ സ്നേഹിക്കുന്നതിനായി സ്തോത്രം. നാഥാ, നിന്റെ അത്യന്തം ശോഭനമായ വാത്സല്യം ഞങ്ങളുടെമേൽ പകരാൻ തിരുമനസ്സായതിനായി സ്തോത്രം. രണ്ടാമത്തെ വരവിനുവേണ്ടി ഞങ്ങളെയെല്ലാം ഒരുക്കണമേ. തിരുസന്നിധിയിലേക്ക് പറന്നുയരാൻ ഞങ്ങളെ ഓരോരുത്തരേയും യോഗ്യരാക്കിത്തീർക്കണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ രാജകീയ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണമേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള | |
| രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും | 6.00pm - 8.30pm |
| (ബൈബിൾ ക്ലാസ്സ്) | |
| ഒന്നാം ചൊവ്വാഴ്ച | 9.00am - 12.45pm |
| (വനിതകളുടെ യോഗം) | |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച | 6.30pm - 9.00pm |
| യുവാക്കന്മാരുടെ യോഗം | |
| (15 വയസ് മുതൽ 35 വരെ) | |